

ജനകീയ ആസൂത്രണം

മെഴുവേലി ഗ്രാമ പഞ്ചായത്ത്




സമഗ്ര വികസന രേഖ



എന്റെ ജീവിതമാണ്
എന്റെ സന്ദേശം


M.K. Gandhi


തെന്മല
പത്തനംതിട്ട

34-3

ജനകീയ ആസൂത്രണം

മെഴുവേലി ഗ്രാമ പഞ്ചായത്ത്



സമഗ്രവികസന രേഖ


വികസന സെമിനാർ

1996 ഡിസംബർ 1 ഞായർ

പത്മനാഭോദയം ഹൈസ്കൂൾ

മെഴുവേലി

മെഴുവേലി ഗ്രാമപഞ്ചായത്ത്
ഭരണസമിതി



മാന്താനത്ത് നന്ദകുമാർ
(പ്രസിഡന്റ്)



സി.വി. ഓമനക്കുഞ്ഞമ്മ
(വൈസ് പ്രസിഡന്റ്)



രാധാചന്ദ്രൻ
(സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)



ഗീതാസോമൻ




ഉമ്മൻ തോമസ്



എം.കെ. ഷാജി



ഉഷാ റോയി



സി.എ. ഗംഗാധരൻ

ഉള്ളടക്കം

			പേജ്
1.	ആമുഖം		1
2.	പൊതുവിജ്ഞാനം		5
3.	സാമൂഹിക സാംസ്കാരിക ചരിത്രം		9
4.	ഭൂപ്രകൃതിയും വിഭവങ്ങളും		15
5.	വികസനമേഖലകൾ		
	5.1	കൃഷിയും ജലസേചനവും	25
	5.2	മൃഗസംരക്ഷണം	37
	5.3	വ്യവസായം	43
	5.4	വിദ്യാഭ്യാസം	47
	5.5	കുടിവെള്ളവും പൊതുജനാരോഗ്യവും	55
	5.6	ഗതാഗതം ഊർജ്ജം, മാർക്കറ്റ്	59
	5.7	ഭവനനിർമ്മാണം	67
	5.8	സംസ്കാരം	73
	5.9	വനിതാക്ഷേമം	81
	5.10	സഹകരണ മേഖല	85
	5.11	പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം	95
	5.12	വിഭവസമാഹാരണം	103
6.	സഹായിച്ചവരോടു സസ്നേഹം.....		111


വികസന രേഖ തയ്യാറാക്കിയ കോർഗ്രൂപ്പുകൾ

ടി.പി. കലാധരൻ	എസ്. മധു
പി. ആർ. ശ്രീകുമാർ	പി.വി. മുരളീധരൻ
ജെ. അജി	കെ.കെ. രാജൻ
അജിത	എൻ.കെ. രാമകൃഷ്ണൻ
പി.കെ. ഗീതാദേവി	കെ.കെ. രാമൻ
എം.കെ. ചന്ദ്രശേഖരൻ	പി.പി. ലൈല
വി.കെ. ജയചന്ദ്രൻ	ജി. വിശ്വനാഥൻ
പി.കെ നടേശൻ	പി.എൻ. ശശിധരൻ
പി.എസ്സ്. ജയചന്ദ്രൻ	കെ.എൻ. ശിവരാമൻ
പി.ജെ. ജോൺ	പി.ടി. സക്കറിയ
കെ.കെ. ജയിൻ	എം.കെ. സത്യവ്രതൻ
എം.ജി. തങ്കമണി	പി.കെ. സഹദേവൻ
പി.കെ. ത്യാഗരാജപ്പണിക്കർ	പി.കെ. സഹോദരൻ
കെ.വി. ധർമ്മാംഗദൻ	പി.കെ. സരോജിനി
സി. പ്രകാശ്	കെ. സുരേഷ്കുമാർ
കെ.ജി. പുഷ്പലത	വി.ആർ. റോയി



ഡി.ടി.പി.
ചിലക, പന്തളം. ഫോൺ: 452781

ലേഔട്ട് & പ്രിന്റിംഗ്
എസ്ക്കാല, പന്തളം.
ഫോൺ: 452781, 450120



1

ആമുഖം

ഏട്ട് പഞ്ചവത്സരവ പദ്ധതികളിലൂടെ നമ്മുടെ നാട് കടന്നുപോയി. ഈ പദ്ധതികൾ ഒട്ടേറെ നേട്ടങ്ങൾക്കിടയാക്കിയെങ്കിലും അതിനു പോരായ്മകളുമുണ്ടായിരുന്നു. വിവിധവകുപ്പുകളുടെ പരസ്പര ബന്ധമില്ലാത്ത സ്കീമുകളായി ആസൂത്രണം മാറി.

സ്ഥലജലവിഭവങ്ങളുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനു പകരം അതു ഡിപ്പാർട്ടുമെന്റലിസമായിത്തീർന്നു. നാളിതുവരെ തുടർന്നു വന്ന കേന്ദ്രീകൃതമായിരുന്നു എന്നുമാത്രമല്ല ഉദ്യോഗസ്ഥ മേധാവിത്വപരവുമായിരുന്നു. തന്മൂലം ജനങ്ങളുടെ വികസനാവശ്യങ്ങൾ വേണ്ടത്ര പരിഗണിക്കപ്പെട്ടില്ല.

പ്രാദേശിക ഭേദങ്ങളെ വിസ്മരിക്കുകയും വികസനകാര്യങ്ങൾ തീരുമാനിക്കുന്നതിൽ നിന്നും അതു നടപ്പിലാക്കുന്നതിൽ നിന്നും ജനങ്ങളെ അകറ്റിനിറുത്തുകയും ചെയ്തു.

ഈ പശ്ചാത്തലത്തിലാണ് ഒമ്പതാം പദ്ധതി ജനകീയപദ്ധതിയാക്കാനുള്ള ജനകീയ ആസൂത്രണ പ്രസ്ഥാനം കേരളത്തിൽ ആരംഭിക്കുന്നത്. ആസൂത്രണം അടിത്തട്ടിൽ നിന്ന് ആരംഭിക്കുന്നതിനുള്ള ചരിത്രാപരമായ ദൗത്യമാണ് പ്രസ്ഥാനം ഏറ്റെടുത്തിട്ടുള്ളത്.

വികസനമെന്നത് ജനങ്ങളുടെ ഭൗതികജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന സാമൂഹിക പ്രക്രിയയാണ്. ഭൗതിക ജീവിതനിലവാരം ഉയരണമെങ്കിൽ അതിനുള്ള ജീവിതോപാധികളുടെ ഉല്പാദനം ഗണ്യമായി ഉയരണം. വികസനഫലമായി ഉണ്ടാകുന്ന സാമ്പത്തിക വളർച്ച സ്ഥായിയും നീതിപൂർവകവമായിരിക്കണം. ഇങ്ങനെയാകണമെങ്കിൽ ഇതു സംബന്ധിച്ച തീരുമാനങ്ങൾ ഒറ്റപ്പെട്ട വ്യക്തികളുടെ തന്നിഷ്ടത്തിനു വിട്ടുകൊടുത്താൽ പോര. സാമൂഹികമായ ഇടപെടൽ ഉണ്ടാവണം. സമൂഹം മൊത്തത്തിൽ വളർച്ചയുടെ മുൻഗണനാക്രമം തീരുമാനിക്കണം. പരിമിതമായ വിഭവങ്ങൾ ഏറ്റവും കാര്യക്ഷമമായി, ഏറ്റവും കൂടുതൽ പേർക്ക് ഏറ്റവും കൂടുതൽ കാലത്തേക്ക് പ്രയോജനപ്രദമാകുന്ന തരത്തിൽ വിനിയോഗിക്കണം. ഇതാണ് ആസൂത്രണം. ആസൂത്രണം ജനങ്ങൾക്കു വേണ്ടി ആരെങ്കിലും നടത്തിയാൽപ്പോരാ. അതു ജനപങ്കാളിത്തത്തോടെ ആകണം. അതിന് അധികാര വികേന്ദ്രീകരണം അനിവാര്യമാണ്.

അധികാരം വികേന്ദ്രീകരിച്ചതു കൊണ്ടുമാത്രമായില്ല അതു ഫലപ്രദമായി കൈയാളുന്നതിന് ജനങ്ങളെ പ്രാപ്തരാക്കുകയും വേണം.

പ്രാദേശിക ആസൂത്രണത്തിന് ജനങ്ങളെ സജ്ജരാക്കണമെങ്കിൽ പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥല-

ജല-വിഭവങ്ങളുടെ വിനിയോഗത്തെക്കുറിച്ചുള്ള സ്ഥിതിവിവര ധാരണകൾ ആവശ്യമാണ്.

പ്രാദേശിക ആസൂത്രണത്തിന് ഈ സാങ്കേതിക വിവരങ്ങൾ മാത്രം പോര.

സാമൂഹിക സാമ്പത്തിക സ്ഥിതിവിവരങ്ങൾ കൂടി വേണം. ഇതിനുപുറമേ ഈ വിവരങ്ങളെ അടിസ്ഥാനമാക്കി ജനങ്ങളുടെ ആഗ്രഹക്കൾക്കനുസൃതമായി അവരെകൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള വികസന പദ്ധതികൾക്ക് പ്രാദേശികതലത്തിൽ രൂപം നൽകാൻ കഴിയുന്ന വിദഗ്ധരുടെ ചെറു സംഘങ്ങളും ഉണ്ടാവണം.

ഇങ്ങനെ പ്രാദേശിക തലത്തിൽ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ അതിന്റെ നിർവഹണത്തിന് ധനപരമായ അധികാര വികേന്ദ്രീകരണവും നടക്കേണ്ടതുണ്ട്.

കേരളത്തിന്റെ സാമൂഹികമായ വികസനം മറ്റു സംസ്ഥാനങ്ങളെയും വികസ്വരരാഷ്ട്രങ്ങളെയും താരതമ്യപ്പെടുത്തുമ്പോൾ എടുത്തുപറയേണ്ടതാണ്. സമ്പൂർണ്ണ സാക്ഷരത, കുറഞ്ഞ ജനനനിരക്ക്, കുറഞ്ഞ മരണനിരക്ക്, കുറഞ്ഞ ശിശുമരണനിരക്ക്, കൂടിയ ആയുർദൈർഘ്യം, കുറഞ്ഞ ഗ്രാമ-നഗര വ്യത്യാസവും, സ്ത്രീ പുരുഷ വ്യത്യാസവും എല്ലാ ഗ്രാമങ്ങളിലും മെറ്റലിട്ട റോഡുകൾ, ബസ്സ്റ്റോപ്പുകൾ, പോസ്റ്റോഫീസുകൾ, പ്രൈമറിസ്കൂളുകൾ, ഹെൽത്ത് കെയർ സെന്ററുകൾ, ന്യായവിലഷോപ്പുകൾ, കൃഷിഭവനുകൾ, ഒട്ടേറെ സാമൂഹിക സുരക്ഷിതത്വപരിപാടികൾ.....

ഈ സാമൂഹ്യവികസനത്തിന്റെ ഫലമായി ഉണ്ടായ നേട്ടങ്ങളെ നിലനിറുത്താൻ ഇത്തരം സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ സാമ്പത്തിക വികസനത്തിന്റെ നിശ്ചലാവസ്ഥ ഭഞ്ജിക്കേണ്ടതുണ്ട്.

ഉല്പാദനമേഖലകളിലെ മുരടിപ്പിന്റെയും സാമ്പത്തിക വളർച്ചയിലെ പിന്നോക്കാവസ്ഥയുടെയും പശ്ചാത്തലത്തിൽ ആരംഭിച്ചതാണ് കേരളത്തിന്റെ വികസനരംഗത്ത് ദിശമാറ്റത്തിനിടയാക്കുന്ന ജനകീയ ആസൂത്രണപ്രസ്ഥാനം.


സംസ്ഥാന ആസൂത്രണബോർഡ് ജനകീയ ആസൂത്രണപ്രസ്ഥാനം ആരംഭിക്കുന്നതിനു മുമ്പ് ജനകീയ ആസൂത്രണ പരിപാടി മെഴുവേലിയിൽ ആരംഭിച്ചിരുന്നു.

1991-ൽ മെഴുവേലിയിൽ വിഭവ ഭൂപട നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. കേരള ഭൂവിനിയോഗ ബോർഡ്, ഭൂമിശാസ്ത്രപഠന കേന്ദ്രം ശാസ്ത്രസാഹിത്യപരിഷത്ത് എന്നിവയുടെ സംയുക്ത സംരഭമായി കേരളത്തിലെ 25 പഞ്ചായത്തുകളിൽ പഞ്ചായത്ത് റിസോഴ്സ് മാപ്പിംഗ് ആരംഭിച്ചപ്പോൾ നമ്മുടെ പഞ്ചായത്തും അതിന്റെ ഭാഗമായി. വമ്പിച്ച ജനപങ്കാളിത്തത്തോടെയാണ് ഈ പ്രവർത്തനം നടത്തിയത്. നൂറ് സന്നദ്ധ പ്രവർത്തകർ പത്തുദിവസം കൊണ്ട് ശാസ്ത്രജ്ഞന്മാരുടെ നേതൃത്വത്തിൽ ഭൂപടനിർമ്മാണം പൂർത്തിയാക്കി. ജില്ലാകളക്ടർ കെ.ബി. വത്സലകുമാരി ഭൂപടം പഞ്ചായത്തിനു കൈമാറി.

1992-ലാണ് സമഗ്രസാമൂഹികസാമ്പത്തിക സർവ്വേ ആരംഭിക്കുന്നത്. 80 പ്രവർത്തകർ 5 ദിവസം കൊണ്ട് സർവ്വേ പൂർത്തിയാക്കി. ശാസ്ത്രസാഹിത്യപരിഷത്താണ് സർവ്വേ ക്രോഡീകരിച്ചത്. തുടർന്ന് പഞ്ചായത്തിൽ വികസനസമിതിയും അയൽകൂട്ടങ്ങളും (കുടുംബസമിതികൾ) രൂപീകരിച്ചു.

95 ഫെബ്രുവരിയിൽ സ്കൂൾ കോംപ്ലക്സ് പ്രവർത്തനം ആരംഭിച്ചു. ജില്ലയിലെ ആദ്യത്തെ സ്കൂൾ കോംപ്ലക്സ് ജില്ലാകളക്ടർ ഉദ്ഘാടനം ചെയ്തു. 96-ൽ ജൂണിൽ ജനകീയ ആസൂത്രണ പരിപാടി (PLDP) സെന്റർഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസ്, KSSP, IRTC-എന്നിവയുടെ നേതൃത്വത്തിൽ മാസത്തിൽ നീരൊഴുക്കു ഭൂപടനിർമ്മാണം കടമ്മനിട്ടരാമകൃഷ്ണൻ MLA ഉദ്ഘാടനം ചെയ്തു. പൂർണ്ണമായും സന്നദ്ധപ്രവർത്തനമായിട്ടാണ് ഇത് പൂർത്തീകരിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നീർമറിപ്രദേശവികസനത്തിനായുള്ള പ്രൊജക്ട് ഡൽഹിയിൽ സമർപ്പിച്ചിരിക്കുകയാണ്.

നമ്മുടെ പഞ്ചായത്തിൽ ജനകീയാസൂത്രം പരിപാടി പുരോഗമിക്കുമ്പോഴാണ് സംസ്ഥാന സർക്കാർ ജനകീയ ആസൂത്രണ പ്രസ്ഥാനം ആരംഭിച്ചത് ഈ രണ്ടു പരിപാടികളും സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് നാം ഇപ്പോൾ നടത്തുന്നത്. പഞ്ചായത്തിൽ സന്നദ്ധ വികസനസംസ്കാരം വളർന്നു വന്നിട്ടുണ്ട്. സന്നദ്ധപ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു.



സന്നദ്ധ പ്രവർത്തനം	പ്രവർത്തകർ	കാലയളവ് ദിവസം	അധ്വാനത്തിന്റെ മൂല്യം (രൂപ)
വിഭവഭൂപടനിർമ്മാണം	100	10	50000 രൂപയുടെ മനുഷ്യാധ്വാനവും 20000 രൂപയുടെ വിഭവ സമാഹരണവും
സാമൂഹികസാമ്പത്തിക സർവ്വേ	80	5	20000
സർവ്വേ ക്രോഡീകരണം	10	45	23000
നീരൊഴുക്കു മൂപട നിർമ്മാണം	40	5	3000
പുനരർപ്പണദിന പ്രവർത്തനങ്ങൾ			
IV-ാം വാർഡ് റോഡ്	80	1	7000
V-ാം വാർഡ് റോഡ്	35	1	3500
VI-ാം വാർഡ് റോഡ്	30	1	3000
VII-ാം വാർഡ് ചന്ത	35	1	2500
ദ്വിതീയ വിവരശേഖരണം	40	15	4000
ആകെ	410	64	167000

വിദ്യാഭ്യാസരംഗത്ത് ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. SNV LPS ന്റെ കെട്ടിടനിർമ്മാണം പൂർത്തിയാക്കി, ചന്ദനക്കുന്ന് UPS-ന്റെ കെട്ടിട പൂർത്തീകരണം, മോഡൽ എൽ.പി. സ്കൂളിന് ശുദ്ധജലം ലഭ്യമാക്കൽ, വൃക്ഷവത്ക്കരണം, അധ്യാപകരെ ആദരിക്കൽ, സ്കൂൾ ഡയറി വിതരണം, ജനകീയ മോണിറ്റിംഗ്, ഏകദിനപരിശീലനം ഇവയൊക്കെ നടത്തുവാൻ കഴിഞ്ഞു.

പഞ്ചായത്ത് പ്രസിഡന്റിന്റെ പേരിലുള്ള ക്ഷേമനിധി, ഉള്ളന്നൂർ PHCക്ക് കെട്ടിടനിർമ്മാണം, സമഗ്രപോളിയോ നിർമ്മാർജ്ജന പരിപാടി ഇവയൊക്കെ ഏറ്റെടുത്ത ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ്.

ജനകീയ ആസൂത്രണപരിപാടിയുടെ ഭാഗമായി ദ്വിതീയ വിവരണശേഖരണം സെപ്തംബർ 12-ാം തീയതി ആരംഭിച്ചു.

ഗ്രാമസഭകൾ സെപ്തം. 7ന് ആരംഭിച്ചു. സംസ്ഥാനതല ഔപചാരിക ഉദ്ഘാടനം സെപ്തം. 14നായിരുന്നു. അതിലും മുന്നേ നമ്മുടെ പഞ്ചായത്തിൽ ഗ്രാമസഭകൾ ആരംഭിക്കുകയുണ്ടായി.


ഗ്രാമസഭ പങ്കാളിത്തം


വാർഡ്	തീയതി	പങ്കെടുത്തവർ			ഉദ്ഘാടനം
		ആൺ	പെൺ	ആകെ	
VIII	7.9.96	89	43	132	ഇന്ദർജിത്ത് സിംഗ് ജില്ലാകളക്ടർ
VI	14.9.96	134	93	227	പന്തളംശിവൻകുട്ടി ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ജില്ലാപഞ്ചായത്ത്
IV	15.9.96	140	77	217	ലൗലി ഗോപാലൻ ബ്ലോക്ക് പഞ്ചാ: പ്രസിഡന്റ്
V	22.9.96	146	91	237	ഡോ. ശിവരാമകൃഷ്ണൻ നായർ പ്രിൻസിപ്പൽ, പന്തളം N.S.S. കോളേജ്
VII	22.9.96	104	51	155	"
III	28.9.96	180	52	232	മലയിൽ നാരായണൻ
II	28.9.96	135	78	213	കെ.കെ. ജാനകി
I	29.9.96	146	75	221	Dr. ഇക്ബാൽ

മിക്ക വാർഡുകളിലും 50% കുടുംബങ്ങളുടെ പങ്കാളിത്തം ഗ്രാമസഭയിൽ ഉണ്ടായി. രണ്ടു മണിക്കു തുടങ്ങിയ ഗ്രാമസഭകൾ രാത്രി 10 മണിവരെ നീണ്ടത് ആവേശകരമായ അനുഭവമായി. ഗ്രാമസഭകളെത്തുടർന്ന് ഒക്ടോബർ 2 സ്വാശ്രയദിനമായും നവം. 1ന് പുനരർപ്പണദിനമായും ആചരിച്ചു. ഈ ദിനാചരണങ്ങളുടെ ഭാഗമായി സന്നദ്ധപ്രവർത്തനങ്ങൾ നടത്തുകയാണുണ്ടായത്.

ഗ്രാമസഭകളിലെ നിർദ്ദേശങ്ങളും ദ്വിതീയവിവരശേഖരത്തിലൂടെ ശേഖരിച്ച വിവരങ്ങളും വിഭവഭൂപടം, സാമൂഹികസാമ്പത്തിക സർവ്വേ എന്നിവയിൽ നിന്നും ലഭിച്ച പ്രാഥമിക വിവരങ്ങളും വിശകലനം ചെയ്താണ് ഈ റിപ്പോർട്ടു തയ്യാറാക്കിയിരുന്നത്.

നമ്മുടെ ഗ്രാമത്തെ സമ്പൽസമൃദ്ധിയിലേക്കു നയിക്കാൻ പുതിയ വികസനത്തിനും സംസ്കാരത്തിന്റെ മാതൃക സൃഷ്ടിക്കാൻ ഒരുകുന്ന ഈ വികസന സെമിനാറിൽ പഞ്ചായത്തിലെ സമസ്ത വികസനമേഖലകളും സമഗ്രമായി ചർച്ചചെയ്യുമെന്നു ജനകീയമായ ഒരു പദ്ധതി നമുക്ക് രൂപീകരിക്കുവാൻ കഴിയുമെന്നുമുള്ള പ്രത്യാശയാണുള്ളത്. മെഴുവേലി പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് ജനങ്ങൾക്കു മുമ്പാകെ സമർപ്പിക്കുന്നു.


കോഴഞ്ചേരി
ചെങ്ങന്നൂർ
പത്തനംതിട്ട
പത്തനംതിട്ട
മാവേലിക്കര




2

പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	മെഴുവേലി ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ആഫീസ് ആസ്ഥാനം	:	നെടിയകാലാ ജംഗ്ഷൻ
ഉൾപ്പെടുന്ന വില്ലേജുകൾ	:	മെഴുവേലി, കുളനട
ബ്ലോക്ക് പഞ്ചായത്ത്	:	കുളനട
അസംബ്ലി മണ്ഡലം	:	ആറന്മുള
ലോക്സഭാ മണ്ഡലം	:	മാവേലിക്കര
വിസ്തീർണ്ണം	:	14.44 ച. കി.മീ
വാർഡ്	:	8
അതിരുകൾ	:	വടക്ക്: മല്ലപ്പുഴശ്ശേരി, ആറന്മുള പഞ്ചായത്ത് കിഴക്ക്: ചെന്നീർക്കര, ഇലന്തൂർ പഞ്ചായത്ത് തെക്ക്: കുളനട പഞ്ചായത്ത് പടിഞ്ഞാറ്: മുളക്കുഴ പഞ്ചായത്ത്
ജനസംഖ്യ	:	14121
പുരുഷന്മാർ	:	6722
സ്ത്രീകൾ	:	7399
ജനസാന്ദ്രത	:	978
അക്ഷരജ്ഞാനമുള്ളവർ	:	12145
പ്രസിഡന്റിന്റെ പേര്	:	ബി. നന്ദകുമാർ
വൈസ് പ്രസിഡന്റിന്റെ പേര്	:	സി.വി. ഓമനക്കുഞ്ഞമ്മ
സ്റ്റാൻഡിംഗ് കമ്മിറ്റിചെയർമാൻ	:	കെ.എൻ. രാധാചന്ദ്രൻ

നിലവിലുള്ള പ്രധാന സ്ഥാപനങ്ങൾ

ക്രമനം.	സ്ഥാപനം	വാർഡ്	സ്ഥലം
1	പഞ്ചായത്ത് ആഫീസ്	6	നെടിയകാല
2	കൃഷിഭവൻ	3	ആലക്കോട്
3	മൃഗാശുപത്രി	1	മുണ്ടോക്കുളഞ്ഞി
4	ക്ഷീര വികസന ആഫീസ്	7	ഇലവുംതിട്ട
5	ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ്	7	ഇലവുംതിട്ട
6	സർവ്വീസ് സഹകരണബാങ്ക്	2	കുറിയാനിപ്പള്ളി
7	ക്ഷീരസംഘങ്ങൾ	1	പറയങ്കര
		3	കോങ്കുളഞ്ഞി
		6	നെടിയകാല
		7	ഇലവുംതിട്ട
8	വിപണന സഹകരണസംഘം	7	ഇലവുംതിട്ട
9	ചന്ദനക്കുന്ന് പട്ടികജാതി വെനീർ നിർമ്മാണ സകരണ സംഘം	8	ചന്ദനക്കുന്ന് ഇലവുംതിട്ട
10	വനിതാ വ്യവസായ സഹകരണസംഘം	1	പറയങ്കര
11	വില്ലേജാഫീസ്	6	നെടിയകാല
12	വില്ലേജ് എക്സ്ടെൻഷൻ ആഫീസുകൾ	4	മെഴുവേലി
		6	നെടിയകാല
13	പോസ്റ്റ് ആഫീസ്	2	കാരിത്തോട്ട
		3	ആലക്കോട്ട്
		7	ഇലവുംതിട്ട
14	ടെലിഫോൺ എക്സ്ചെയ്ഞ്ച്	7	ഇലവുംതിട്ട
15	മാവേലിസ്റ്റോർ	7	ഇലവുംതിട്ട




16	വിദ്യാലയങ്ങൾ	1	പ്രൈമറിസ്കൂൾ, മുണ്ടോക്കുളഞ്ഞി
		2	പ്രൈമറിസ്കൂൾ, കൂടുവെട്ടിക്കൽ
		3	പ്രൈമറിസ്കൂൾ, യു.പി. സ്കൂൾ, കോങ്കുളഞ്ഞി
		4	പ്രൈമറിസ്കൂൾ, യു.പി. സ്കൂൾ, ഹൈസ്കൂൾ, പി.റ്റി.റ്റി.ഐ, മെഴുവേലി
		5	പ്രൈമറിസ്കൂൾ, യു.പി. സ്കൂൾ, ചന്ദനക്കുന്ന്
		6	പ്രൈമറിസ്കൂൾ, വാലുകാട്ടിൽ
		7	പ്രൈമറിസ്കൂൾ, ഇലവുംതിട്ട കൈയ്യന്തടം
	സാങ്കേതിക വിദ്യാലയം	6	ഐ.റ്റി.ഐ. നെടിയകാല
17	അങ്കണവാടികൾ	1	ഉള്ളന്നൂർ വടക്കേക്കരപടി പറയങ്കര, കുഴിയിൽ ഭാഗം
		2	തവിട്ടപ്പൊയ്ക, കാരിത്തോട്ട, കൂടുവെട്ടിക്കൽ
		3	തുണ്ടുകാട്, വലിയപറമ്പിൽ
		4	പാറപ്പാട്ട്, തടത്തുകാല, മെഴുവേലി
		5	നെടിയകാല, മൂലൂർ, മേലേപ്പുറത്ത്, മുടവനാൽ
		6	നെടിയകാല, മണിപ്പുഴ, ഇലവുംതിട്ട അമ്പലത്തിനു സമീപം
		7	വാണിപ്പറമ്പ്, ഇലവുംതിട്ട
		8	മണത്തറ
18	മൂലൂർ സ്മാരകം	5	അയത്തിൽ (മൂലൂർ)
19	സാംസ്കാരിക കേന്ദ്രം	1	ഉള്ളന്നൂർ പറയങ്കര
20	ആശുപത്രികൾ		
	1. പ്രാഥമികാരോഗ്യ കേന്ദ്രം	1	ഉള്ളന്നൂർ പറയങ്കര
	2. ആയുർവേദാശുപത്രി	5	നെടിയകാല
	3. ഹോമിയോ ആശുപത്രി	4	മെഴുവേലി ഹൈസ്കൂൾ ജംഗ്ഷൻ
21	ബാങ്കുകൾ		
	1.കോർപറേഷൻ ബാങ്ക്	3	കോങ്കുളഞ്ഞി
	2 സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ,	7	ഇലവുംതിട്ട
	3. ജില്ലാസഹകരണ ബാങ്ക്.	7	ഇലവുംതിട്ട



ഒരു തൈ നടൂ.....

രാജ്യസമ്പത്തിൽ

ഒരു കൈ സഹായിക്കൂ !



3

സാമൂഹിക സാംസ്കാരിക ചരിത്രം

മെഴുവേലിയുടെ ഇന്നലെകൾ

പന്തളം രാജവംശത്തിന്റെ അധീനതയിൽപ്പെട്ട ഒരു ഭൂപ്രദേശമായിരുന്നു മെഴുവേലി. പതിനൊന്നാം നൂറ്റാണ്ടിൽ പാണ്ഡ്യരാജ്യത്തു നിന്നു വന്നു നാടുവാഴികളായവരാണ് പന്തളം രാജവംശം എന്നു വിശ്വസിക്കപ്പെടുന്നു.

ടിപ്പുവിന്റെ ആക്രമണകാലത്തു യുദ്ധച്ചെലവിന്റെ വിഹിതം നൽകുന്നതുമായി ബന്ധപ്പെട്ട കടം വീട്ടായ്കയാൽ 1820–21ൽ മെഴുവേലിയുൾപ്പെട്ട പന്തളം രാജ്യം തിരുവിതാംകൂർ കൈവശപ്പെടുത്തുകയുണ്ടായി.

ഒരിക്കൽ വഴിതെറ്റി ഇലവുംതിട്ട വനത്തിൽ അലഞ്ഞ പന്തളരാജാവിനെ അയത്തിൽ കുടുംബത്തിലെ ഒരു കാരണവർ രക്ഷിച്ചതായി കഥയുണ്ട്. (ശംഖനാദം മാസിക. 1975 മാർച്ചു ലക്കം പി.എൻ. രാമചന്ദ്രപ്പണിക്കർ) "പന്തള ക്ഷേമപാലന്മാരാൽ പ്രതിഷ്ഠാപിതമിദമിലവും തിട്ട ഗൗരീനികേതം" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിൽ നിന്ന് ഇലവുംതിട്ട ദേവീക്ഷേത്ര പ്രതിഷ്ഠ നടത്തിയത് പന്തളം രാജാക്കന്മാരാണെന്നു മനസ്സിലാക്കാം.

മെഴുവേലിയുടെ അഭിമാനഭാജനമായ സരസകവി മുലൂർ എസ്. പത്മനാഭപണിക്കരുടെ ജീവിതം നമ്മുടെ നാടിന്റെ മാത്രമല്ല പഴയതിരുവിതാംകൂറിന്റെ മദ്ധ്യമേഖലയുടെ തന്നെ വികസന സാംസ്കാരിക ചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അദ്ദേഹം നാട്ടുകാരുടെ ശക്തി സംഭരിച്ച് നിരവധി ഗ്രാമോദ്ധാരണ പ്രവർത്തനങ്ങൾ നടത്തി. അവശജനവിഭാഗങ്ങൾക്ക് വേണ്ടത്ര വിദ്യഭ്യാസ സൗകര്യം ലഭിക്കാൻ സാഹചര്യമില്ലാതിരുന്ന കാലത്ത് മധ്യതിരുവിതാംകൂറിന്റെ വിവിധഭാഗങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിച്ചു. കുമ്പഴ, റാന്നി–വൈക്കം, പുതുശ്ശേരിമല, കുറിയന്നൂർ, വലിയകുളം, മെഴുവേലി, പത്തനംതിട്ട, നാരങ്ങാനം, കാരയ്ക്കാട് തുടങ്ങിയ പ്രദേശങ്ങളിൽ പതിനഞ്ചിൽപ്പരം വിദ്യാലയങ്ങൾ സ്ഥാപിക്കുകയും 40ൽപ്പരം വിദ്യാലയങ്ങളുടെ സ്ഥാപനത്തിന് പ്രോത്സാഹന ശക്തിയായി പ്രവർത്തിക്കുകയും ചെയ്തു. പത്തനംതിട്ട ജില്ലയിൽ വിജ്ഞാനത്തിന്റെ വെള്ളിവെളിച്ചം പരത്താൻ മെഴുവേലി നേതൃത്വപരമായ പങ്കാണ് വഹിച്ചത്.

വിദ്യാഭ്യാസരംഗത്തു മാത്രമായിരുന്നില്ല മെഴുവേലിയുടെ സാഭാവന. ''ജില്ലയുടെ പല പ്രദേശങ്ങളുടെയും സമഗ്രവും സർവാംഗീണവുമായ സമുദ്ധാരണത്തിന് സരസകവിയുടെ സേവനം പ്രയോജനപ്പെട്ടുവെന്ന് ജീവചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. മുളക്കുഴ – കിടങ്ങന്നൂർ, തുമ്പമൺ–ഇലന്തൂർ, തുമ്പമൺ–കോഴഞ്ചേരി, കുളനട–ഇലവുംതിട്ട, മുളക്കുഴ–ആറന്മുള, കുറിയാനിപ്പള്ളി–മെഴുവെലി, അരീക്കര–തലച്ചിറ തുടങ്ങിയ റോഡുകൾ ജനപങ്കാളിത്തത്തോടെ പൂർത്തീകരിക്കാൻ ശ്രീ. പത്മനാഭപ്പണിക്കർ നേതൃത്വം നൽകി. ഓരോ റോഡു പൂർത്തിയാകുമ്പോഴും അതു ജനങ്ങളുടെ ഉത്സവമാക്കിമാറ്റുവാൻ പറ്റുന്ന വിധത്തിൽ സമ്മേളനങ്ങൾ സംഘടിപ്പിച്ചിരുന്നത് ശ്രദ്ധേയമാണ്. റോഡു നിർമ്മാണത്തിന് ആവേശം പകരുവാൻ റോഡിനെപ്പറ്റി രചിക്കുന്ന വഞ്ചിപ്പാട്ടുകൾക്കു കഴിഞ്ഞിരുന്നു. സ്വാശ്രയത്തിലധിഷ്ഠിതമായ ഒരു വികസന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് മുലൂർ പ്രവർത്തിച്ചിരുന്നത്. ഈ വരികൾ തന്നെ ഉദാഹരണം:–

''നല്ല വെള്ളം നല്ല വൈദ്യൻ നല്ല സന്മാർഗോപദേശി
നല്ല ചന്തയെന്നിതുകൾ നാലുമില്ലാതെ
വല്ലായ്മകൊണ്ടുഴലുന്ന ദിക്കിൽ നിന്നും കാലേകൂട്ടി
വല്ല ദിക്കിലും കടന്നുകൊള്ളണമാരും
നമ്മുടെ തകർപ്പന്മാരാം നിർമലശീലന്മാർ പണ്ടേ
നമ്മളോടിങ്ങനെയല്ലേ ഉപദേശിപ്പൂ
പോകയല്ലുചിതം നമ്മൾക്കാവകയെല്ലാമൊരുക്കി
ചാകുവോളം സ്വദേശത്തു കിടന്നിടേണം.''

പ്രാദേശികാസൂത്രണ രംഗത്ത് തന്റേതായ രീതി മൂലൂർ സംഭാവന ചെയ്യുകയുണ്ടായി. ചന്തകൾ, ആശുപത്രികൾ, നെയ്ത്തു ശാലകൾ, അഞ്ചലാഫീസുകൾ എന്നിവ അദ്ദേഹം കഴിയാവുന്നിടത്തൊക്കെ സ്ഥാപിക്കുന്നതിന് ജാഗ്രത കാട്ടി എന്നു മാത്രമല്ല കവിതയിലൂടെ ഒരു വികസന സംസ്കാരം പ്രചരിപ്പിക്കാനും ശ്രമിച്ചു.

മുലൂരിന്റെ ദേശോദ്ധാരണ പ്രവർത്തനങ്ങൾക്ക് ശക്തിപകരാനും ആരംഭിച്ച കർമ്മ പരിപാടികൾ ഏറ്റെടുത്തു നടത്തുവാനും പ്രാപ്തരായ ചില സഹപ്രവർത്തകർ അദ്ദേഹത്തിനുണ്ടായിരുന്നു. യശ:ശ്ശരീരനായ ശ്രീ ആലക്കോട് കേശവൻ അവരിൽ മുൻപന്തിയിൽ നിൽക്കുന്നു. സാമൂഹ്യസമത്വത്തിനും സഞ്ചാര സ്വാതന്ത്ര്യത്തിനും വേണ്ടി അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന ''കോട്ടലഹള'' പ്രസിദ്ധമാണ്. (1918 ഏപ്രിൽ മാസത്തിലെ മിതവാദിപുസ്തകം 6 ലക്കം 8) കർമ്മകുശലനായിരുന്ന ശ്രീ. ഇ.കെ. കുഞ്ഞുരാമൻ, Ex. M.L.A.-യായിരുന്നു സരസകവിയുടെ വികസന യത്നങ്ങൾ പൂർത്തീകരിച്ചത്. പത്മനാഭോദയം മിഡിൽ സ്കൂൾ സ്ഥാപിച്ചതും ഇദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്.


സരസകവിയുടെ വികസന പ്രവർത്തനശൈലിയിൽ തന്നെ നാട്ടുകാരെ സംഘടിപ്പിച്ച് പൊതുപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത വൈദിക ശ്രേഷ്ഠനായിരുന്നു തെക്കേമൂത്തേരിൽ ചെറിയാൻ സ്ക്കറിയാ കത്തനാർ. അദ്ദേഹം പ്രസിഡന്റായിരുന്ന മെഴുവേലി ഗ്രാമോദ്ധാരണ ഐക്യസംഘം സ്ഥാപിച്ച മെഴുവേലി G.I.U.P. സ്കൂൾ, ബാപ്പുജി ഗ്രന്ഥശാല, അഞ്ചലാപ്പീസ് ഇവ നാടിന്റെ വികസനത്തിലെ പ്രധാന ഏടുകളാണ്.

മെഴുവേലിയുടെ ചരിത്രത്തിൽ സാമുദായികപ്രസ്ഥാനങ്ങളുടെ പങ്ക് വളരെ വലുതാണ്. രേഖപ്പെടുത്തിയിട്ടുള്ള ആദ്യത്തെ സംഘടന കൊല്ലവർഷം 1079–ൽ രൂപീകൃതമായ മെഴുവേലി ഈഴവസമാജമാണ്. ഇതാകട്ടെ സവർണാധിപത്യത്തിനെതിരെയുള്ള തദ്ദേശീയരുടെ ചെറുത്തു നിൽപ്പിന്റെ ഫലമായി ഉണ്ടായതാണ്. മെഴുവേലിക്കാർക്ക് കിടങ്ങന്നൂർ പള്ളിമുക്കം ഭഗവതിക്ഷേത്രത്തിൽ ആരാധനാ സ്വാതന്ത്ര്യം നിഷേധിച്ചപ്പോൾ അതിനെതിരെ ശക്തമായി പ്രതികരിച്ചത് മെഴുവേലിയിൽത്തന്നെ ഒരാരാധനാലയം പടുത്തുയർത്തിക്കൊണ്ടായിരുന്നു. ഇല്ലായ്മകളെ ദൗർബല്യമായികാണുന്നതിനു പകരം ശക്തി സംഭരിച്ച് സാധ്യതകൾ അന്വേഷിക്കുന്ന ക്രിയാത്മകമായ ഒരു സാംസ്കാരികധാര മെഴുവേലിയുടെ ചരിത്രത്തിലുടനീളം ദൃശ്യമാണ്. 1085–ൽ ഈഴവസമാജം സ്ഥാപിച്ച ആനന്ദഭൂതേശ്വരം ക്ഷേത്രം അതിന്റെ മകുടോദാഹരണമാണ്.

1936ലെ ക്ഷേത്രപ്രവേശന വിളംബരത്തിന് എത്രയോ മുമ്പുതന്നെ അധ:സ്ഥിതർക്ക് ക്ഷേത്രപ്രവേശന സൗകര്യം ചെയ്തുകൊടുത്ത നാടാണ് മെഴുവേലി. കൊല്ലവർഷം 1090–ൽ ശ്രീ നാരായണ ഗുരുവിന്റെ നേതൃത്വത്തിൽ മെഴുവേലി ക്ഷേത്രത്തിൽ അവർക്ക് ആരാധനയ്ക്ക് അവസരം ലഭിച്ചത് ചരിത്രസംഭവമായി.

തന്റെ ജീവിതത്തിലാദ്യമായി ഒരു ക്ഷേത്രസങ്കേതത്തിൽ നിന്ന് പ്രസംഗിക്കുവാൻ ഭാഗ്യമുണ്ടായത് മെഴുവേലിയിൽ വച്ചാണെന്ന് അയ്യങ്കാളിയുടെ ജാമാതാവും തിരുവിതാംകൂർ നിയമസഭാ ഡെപ്യൂട്ടി പ്രസിഡന്റ് സ്ഥാനം അലങ്കരിച്ച അധ:കൃതരുടെ നേതാവുമായ ടി.ടി. കേശവൻ ശാസ്ത്രി വികാരാവേശത്തോടെ പ്രസംഗിച്ചിരുന്നതായി രേഖകളുണ്ട്.

ശ്രീ.കുഞ്ചുനാഥനാശാൻ പ്രധാനാധ്യാപകനായി മെഴുവേലിയിൽ നടത്തിയിരുന്ന പാഠശാലയിൽ അവശജനവിഭാഗങ്ങളെ ചേർത്തു പഠിപ്പിച്ചിരുന്നു. ഇടയാറ



മുളയിൽ നിന്നും ആധ:സ്ഥിത വിഭാഗത്തിൽപ്പെട്ട കുട്ടികൾ മെഴുവേലിയിൽ പഠനാർഥം എത്തിയിരുന്നു.

1917-ൽ ശ്രീമൂലം പ്രജാസഭാംഗമായ കുറുമ്പൻ ദൈവത്താന് വിദ്യയും പ്രോത്സാഹനവും ലഭിച്ചത് മെഴുവേലിയിലെ കേരളവർമ്മസൗധത്തിൽ നിന്നായിരുന്നു.

വിശ്വകർമ്മ മഹാസഭയുടെ സ്ഥാപക പ്രസിഡന്റായിരുന്ന ശ്രീ. കെ.കെ. വാസുദേവൻ ആചാരി Ex. M.L.A. മെഴുവേലിയിൽ കാൽ നൂറ്റാണ്ടു കാലം സ്ഥിരതാമസമാക്കിയിരുന്നു. മെഴുവേലി P.H.S. ഹെഡ്മാസ്റ്റർ, തിരുവനന്തപുരം യൂണിവേഴ്സിറ്റി സെനറ്റ്, സിൻഡിക്കേറ്റ് അംഗം എന്നീ നിലകളിൽ അദ്ദേഹം സേവനം അനുഷ്ഠിച്ചിരുന്നു.

1102-ൽ പ്രബുദ്ധസിംഹളൻ എന്ന മാസിക മെഴുവേലിയിൽ നിന്നാരംഭിക്കുകയുണ്ടായി. ജില്ലയിലെ ആദ്യകാല ഗ്രന്ഥശാലകളിലൊന്ന് മെഴുവേലിയിൽ ആയിരുന്നു. ശ്രീനാരായണ ഗുരുവിന്റെ ഷഷ്ടിപൂർത്തി സ്മാരകമായി 1914-ൽ ശ്രീനാരായണ വൈജയന്തി ഗ്രന്ഥശാല സ്ഥാപിക്കപ്പെട്ടു. പിന്നോക്ക സമുദായങ്ങളിലെ കലാകാരന്മാരെ സംഘടിപ്പിച്ച് മെഴുവേലിയിൽ കഥകളിക്കളരി നടത്തിയിരുന്നു. മൂലൂരിന്റെ നേതൃത്വത്തിൽ മധ്യതിരുവിതാംകൂറിന്റെ പലസ്ഥലത്തും കഥകളി നടത്താൻ പോയിരുന്നു. (അവലംബം: മഹത്ചരിതമാല, കേരളസാഹിത്യ ചരിത്രം ഉള്ളൂർ, മൂലൂർ സ്മരണിക)

കൊ.വ. 1093-ൽ മെഴുവേലി കേന്ദ്രീകരിച്ച് നാടക്കളരി നടത്തിയിരുന്നു. കാരംവേലികല്ലുംപുറത്ത് കൊച്ചുകുഞ്ഞാശാനായിരുന്നു നാടകം അഭ്യസിപ്പിച്ചത്. സുഭദ്രാഹരണം സംഗീതനാടകം, പല വേദികളിലും അവതരിപ്പിക്കുകയുണ്ടായി. പിൽക്കാലത്തേ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ. ആർ.കെ. ദിവാകരന്റെ വസതിയിലും കഥകളി അഭ്യസിപ്പിച്ചിരുന്നു. ശ്രീ. ഗംഗാധരൻ തണ്ടാരായിരുന്നു പ്രധാന നടൻ.

1914-ൽ ശ്രീമൂലം പ്രജാസഭാംഗമായി മൂലൂരിനെ ഗവണ്മെന്റ് നാമനിർദ്ദേശം ചെയ്യപ്പെട്ടതോടെ പ്രജാസഭയിൽ മെഴുവേലിക്ക് പ്രാതിനിധ്യമുണ്ടായി. തുടർന്ന 14 വർഷക്കാലം മെഴുവേലിയുടെ വികസനാവശ്യങ്ങൾ പ്രജാസഭയിൽ ശക്തിയുക്തം അവതരിപ്പിക്കപ്പെട്ടു. 1103 കർക്കിടകം 19ന് ഇലവുംതിട്ട ചന്തയിൽ മതിലിന് 1310 ഉറുപ്പികയും ചന്തയിലെ കിണറിന് 300 ഉറുപ്പികയും അനുവദിക്കപ്പെട്ടു. ഇലവുംതിട്ട ശ്രീ കൃഷ്ണൻ വൈദ്യന്റെ വൈദ്യശാലക്ക് ഗ്രാന്റ് അനുവദിക്കാൻ ദിവാൻജി തീരുമാനിച്ചത് മൂലൂരിന്റെ നിവേദനത്തെ തുടർന്നാണ്.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനത്തിൽ മൂന്നു നാലു ക്ലാസ്സ് മലയാളം പഠിച്ചതിനു ശേഷം തദ്ദേശിയർ സംസ്കൃതം പഠിക്കുകയായിരുന്നു പതിവ്. തുടർന്ന് ജ്യോതിഷപഠനവും വൈദ്യപഠനവും നടത്തിയിരുന്നു. കേരളത്തിന്റെ നാനാ ഭാഗത്തുനിന്നുമുള്ളവർ സംസ്കൃതം പഠിക്കുവാൻ ഇലവുംതിട്ടയിലെ കളരിവീട്ടിൽ എത്തിയിരുന്നു. മെഴുവേലിയിൽ ഹൈസ്കൂൾ ഇല്ലാതിരുന്നതിനാൽ പലരും കോഴഞ്ചേരി, ചെങ്ങന്നൂർ ഹൈസ്കൂളുകളിലാണ് പോയി പഠിച്ചിരുന്നത്. 1903-ൽ രക്ഷാസൈന്യം ഇലവുംതിട്ടയിൽ സ്ഥാപിച്ച വിദ്യാലയമാണ് മെഴുവേലിയിലെ ആദ്യത്തെ പ്രൈമറി സ്കൂൾ.

1906-ൽ ഗംഗാധരവിദ്യാശാലയും 1910-ൽ ചന്ദനക്കുന്ന് സ്കൂളും 1914- ൽ ഇന്നത്തെ മോഡൽ എൽ.പി. സ്കൂളായ പള്ളിവക സ്കൂളും സ്ഥാപിതമായി. ഇന്നുള്ള സ്കൂളുകളിൽ ഒരെണ്ണമൊഴികെ എല്ലാം തന്നെ സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പ് സ്ഥാപിച്ചവയാണ്.

കേരളത്തിൽ ആദ്യമായി ശ്രീനാരായണ കൺവൻഷൻ ദിവാകരപ്പണിക്കരുടെ നേതൃത്വത്തിൽ ഇലവുംതിട്ടയിലാണ് ആരംഭിച്ചത്. (അവലംബം: ശിവഗിരി തീർത്ഥാടന കനകജൂബിലി സ്മരണിക).

ഇന്ന് ലക്ഷക്കണക്കിന് ആളുകൾ പങ്കെടുക്കുന്ന ഒരു മഹാപ്രസ്ഥാനമായി മാറിയ ശിവഗിരിതീർത്ഥയാത്രയ്ക്ക് തുടക്കം കുറിച്ചത് മെഴുവേലിക്കാരാണ്. 1108 ധനുമാസത്തിൽ പിൽക്കാലത്ത് 'മഞ്ഞക്കിളികൾ' എന്ന പേരിലറിയപ്പെട്ട ദിവാകരപ്പണിക്കർ, പി.കെ. കേശവൻ, കെ.എസ്സ്. ശങ്കുണ്ണി, എം.കെ. കേശവൻ, പി.വി. രാഘവൻ എന്നിവർ സ്വാതന്ത്ര്യ ഗാഥ ഗുരുദേവകീർത്തനങ്ങൾ എന്നിവ പാടി യാത്രതിരിച്ചത് ശിവഗിരിതീർത്ഥാടനത്തിന്റെ ഉദ്ഘാടനമായി മാറി. അവരിൽ ശ്രീ. പി.വി. രാഘവൻ ഇന്നും പൂർണ്ണ ആരോഗ്യവാനായി ഇലവുംതിട്ടയിൽ ജീവിക്കുന്നു.

AD 1500 മുതൽ ക്രിസ്തുമത വിശ്വാസികൾ മെഴുവേലിയിൽ കുടിയേറി പാർത്തുതുടങ്ങി. 18-ാം നൂറ്റാണ്ടിലാണ് കൂടുതൽ കുടുംബക്കാർ എത്തിയത്.

കൊല്ലവർഷം 1036 ധനു 27ന് സ്ഥാപിതമായ ഹോളി ഇന്നസെന്റ് ഓർത്തഡോക്സ് പള്ളിയാണ് മെഴുവേലിയിലെ ആദ്യത്തെ ക്രിസ്തീയ ദേവാലയം. അന്ന്

ശിലാസ്ഥാപനം നിർവഹിക്കാനെത്തിയ മലങ്കരമേത്രാപ്പോലീത്ത പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയെ ജാതിമതഭേദമന്യേ എല്ലാ ആളുകളും സ്വീകരിച്ചു. നായർ പ്രമാണിമാർ പഞ്ചവാദ്യം, തപ്പ്, ചെണ്ട മുതലായ വാദ്യമേളങ്ങളോടെ എതിരേറ്റത് മതമൈത്രിയുടെ ധന്യനിമിഷങ്ങളായി മാറി. (അവലംബം മെഴുവേലി ശാലോംപള്ളി സുവർണ ജൂബിലി പ്പതിപ്പ്)

1937 ൽ തെക്കേമുത്തേരിൽ ചെറിയാൻ സ്ക്കറിയ കത്തനാരുടെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ച ഗ്രാമോദ്ധാരണ ഐക്യസംഘം ബാപ്പുജിസ്മാരക ഗ്രന്ഥശാല സ്ഥാപിച്ചുകൊണ്ട് മെഴുവേലിയും, സാംസ്കാരിക രംഗത്ത് സ്ഥാനം പിടിച്ചു.

മലങ്കര സിറിയൻ കാത്തലിക്ക് സഭയുടെ, അധ്യക്ഷനായ തിരുവനന്തപുരം ആർച്ച്ബിഷപ്പ് സിറിൽ മാർബസ്സേലിയോസ് മെഴുവേലി ഹൈസ്കൂളിലെ പൂർവ്വവിദ്യാർത്ഥിയാണ്.

ഗുരുനിത്യചൈതന്യയതിയുടെ ശൈശവകാലം മെഴുവേലിയിലായിരുന്നു. അയത്തിൽ രാഘവപ്പണിക്കരുടെയും വാമാക്ഷിയമ്മയുടെയും പുത്രനായി ജനിച്ച ജയചന്ദ്രനാണ് പിന്നീട് വിശ്വപ്രസിദ്ധ ദാർശനികനായിത്തീർന്ന ഗുരു നിത്യചൈതന്യയതി.

1962-ൽ ഇൻഡ്യാ ചൈനയുദ്ധത്തിൽ പങ്കെടുത്ത് രണ്ടു കാലുകളും നഷ്ടപ്പെട്ട ധീര ജവാൻ ശ്രീ. പി.കെ. സഹദേവൻ ഇലവുംതിട്ട ആസാദ് ആർട്ട്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങളുമായും ഈ നാടിന്റെ കലാ സാമൂഹ്യ രംഗങ്ങളിൽ ഇന്നും നിറഞ്ഞു നിൽക്കുന്നു.

ഹാരപ്പ ലിപികളുടെ പൊരുൾ അന്വേഷിക്കുന്ന ചരിത്രഗവേഷകനായ ഇലവുംതിട്ട ശ്രീ കെ. കെ. രാമൻ, ദേശീയോദ്ഗ്രഥനത്തിന് പ്രചോദനം നൽകുന്നതിന് ഭാഷകൾ തമ്മിലുള്ള അതിർവരമ്പുകൾ മാറ്റിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ മുഴുകി മെഴുവേലിയിൽ ജീവിക്കുന്നു.

1939 ൽ ജയിൽ മോചിതരായി എത്തിയ കോൺഗ്രസ്സ് നേതാക്കളായ ടി.എം. വർഗീസ്, സി. കേശവൻ, പട്ടം താണുപിള്ള എന്നിവർക്ക് പൂവണ്ണുംമൂടിനടുത്തുള്ള പാങ്കണ്ടത്തിൽവച്ച് എൻ.പി. കുട്ടിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ സ്വീകരണം കൊടുക്കുകയുണ്ടായി.

കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരായ തോപ്പിൽ ഭാസി, പി.കെ. ചന്ദ്രാനന്ദൻ, പനത്താഴ രാഘവൻ, സുഭദ്രാമ്മതങ്കച്ചി, എം.എൻ. ഗോവിന്ദൻ നായർ എന്നിവർ ഇന്നാട്ടുകാരനായ കാമ്പിശ്ശേരി കരുണാകരനോടൊപ്പം മെഴുവേലിയിൽ ഒളിവിൽ പാർത്തിട്ടുണ്ട്.


തിരുവല്ല താലൂക്കിലെ പന്തളം വടക്കേക്കര പകുതിയിൽപ്പെട്ട ഇലവുംതിട്ട, മെഴുവേലി ഗ്രാമങ്ങളും, പുത്തൻകാവ് പകുതിയിൽപ്പെട്ട ഉള്ളന്നൂർ ഗ്രാമവും സംയോജിപ്പിച്ചതാണ് ഇന്നത്തെ മെഴുവേലി. (1955 ലാണ് ഉള്ളന്നൂർ മെഴുവേലിയിൽ ഉൾപ്പെടുത്തിയത്. 1959 വരെ മെഴുവേലിയുടെ ഭാഗമായിരുന്നു മാന്തുക) 1947-ൽ മെഴുവേലി വില്ലേജ് യൂണിയൻ നിലവിൽ വന്നു. 1953 ലാണ് മെഴുവേലി പഞ്ചായത്തായത്. പഞ്ചായത്തിന്റെ പ്രഥമപ്രസിഡന്റ് ആർ.കെ. ദിവാകരൻ, വൈസ് പ്രസിഡന്റ് എം.എസ്. നീലകണ്ഠൻ. അംഗങ്ങൾ :- സി. തോമസ് ചാണാശ്ശേരി, ഇ.കെ. കുഞ്ഞുരാമൻ, കെ. രാമക്കുറുപ്പ്, എൻ.പി. കുട്ടി, കെ. പ്രഭാകരപ്പണിക്കർ. അന്ന് പട്ടികജാതിക്കാർ മത്സരിക്കുന്ന മണ്ഡലം ദ്വയാംഗമണ്ഡലമായിരുന്നു. ആദ്യഭരണസമിതി 1962 വരെ ഭരണം നടത്തി.

പി.എൻ. ശങ്കരൻ വൈദ്യന്റെ നേതൃത്വത്തിലുള്ളതായിരുന്നു അടുത്ത ഭരണസമിതി, വൈസ് പ്രസിഡന്റ് കെ. മാധവൻ (1966-1979) അംഗങ്ങൾ പി.എൻ. ചന്ദ്രസേനൻ, പി. വാസുപ്പണിക്കർ, ടി.വി. രാഘവൻ, സി. തോമസ്, പി.കെ. സരസമ്മ, ടി.കെ. കുട്ടി.

പി.എൻ. ചന്ദ്രസേനനായിരുന്നു അടുത്ത പഞ്ചായത്ത് പ്രസിഡന്റ് (1979- 1984) വൈസ് പ്രസിഡന്റ് കെ.സി. രാജഗോപാലൻ. അംഗങ്ങൾ : പി.ജി. ശാമുവേൽ, വി.ടി. പൊടിയൻ, സി.കെ. പൊന്നമ്മ, ഷാജി കാമ്പിശ്ശേരിൽ ടി.കെ. ഏബ്രഹാം, പി.സി. ശാമുവേൽ

1988 മുതൽ 1995 വരെ കെ.സി. രാജഗോപാലന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയായിരുന്നു ഭരണ സാരഥ്യമേറ്റെടുത്തത് ടി.വി. രാഘവൻ വൈസ്പ്രസിഡന്റായിരുന്നു. എസ്. സുഭഗ, പി. രാജേന്ദ്രൻ, വാസന്തീദേവി, അലക്സ് ജോസഫ്, എ.കെ. തങ്കപ്പൻ, പി.ജി. ശാമുവേൽ എന്നിവരായിരുന്നു കമ്മിറ്റിയംഗങ്ങൾ.

പഞ്ചായത്ത് രാജ് ഭരണഘടനാഭേദഗതിക്കുശേഷം നടന്ന തെരഞ്ഞെടുപ്പിനെത്തുടർന്ന് 1995 ഒക്ടോബർ 2ന് മാന്താനത്ത് നന്ദകുമാർ പഞ്ചായത്ത് പ്രസിഡന്റായി സത്യപ്രതിജ്ഞചെയ്തു. സി.വി. ഓമനക്കു



ഞ്ഞമ്മ (വൈസ്പ്രസിഡന്റ്) കെ.എൻ. രാധാചന്ദ്രൻ (ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ) ഉഷാ റോയി, ഗീതാസോമൻ, ഉമ്മൻ തോമസ്, സി.എ. ഗംഗാധരൻ, എം.കെ. ഷാജി എന്നിവരാണ് ഇപ്പോഴത്തെ ജനപ്രതിനിധികൾ.

പുതുതായി ജില്ലകൾ രൂപീകരിക്കുമ്പോൾ മെഴുവേലിക്ക് ജില്ല മാറേണ്ടിവന്നിട്ടുണ്ട്. തന്മൂലം പലജില്ലകളിലും താലൂക്കുകളിലും മെഴുവേലി ഉൾപ്പെട്ടിരുന്നു. 1957 ആഗസ്റ്റ് 17ന് ആലപ്പുഴ ജില്ല രൂപീകരിക്കപ്പെട്ടപ്പോൾ മെഴുവേലി ആലപ്പുഴയുടെ ഭാഗമായ ചെങ്ങന്നൂർ താലൂക്കിലും, അതിനു മുമ്പ് കൊല്ലം ജില്ലയിലെ തിരുവല്ല താലൂക്കിലുമായിരുന്നു മെഴുവേലി. 1982 നവംബർ ഒന്നു മുതൽ പുതിയ ജില്ലയായ പത്തനംതിട്ടയിലെ കോഴഞ്ചേരി താലൂക്കിലാണ് മെഴുവേലി.

നിസ്വാർഥ സേവനത്തിന്റെ ഉദാത്തമായ തലങ്ങളിൽ വിഹരിച്ചവർ മെഴുവേലിയുടെ സമ്പന്നരമായ ഭൂതകാലത്തിൽ നിറഞ്ഞു നിൽക്കുന്നു.

14 വർഷക്കാലം പ്രജാസഭാംഗമായിരുന്ന സരസ്സകവി മൂലൂർ അയക്കോട്ട കേശവൻ 1108 മുതൽ 1112 വരെ പ്രജാസഭാംഗമായി സവനമനുഷ്ഠിക്കുകയും മെഴുവേലിയിൽ ആധുനിക വിദ്യാഭ്യാസത്തിന് അടിത്തറയിടുകയും ചെയ്ത ഇ.കെ. കുഞ്ഞുരാമൻ, 1947 മുതൽ 49 വരെ സ്റ്റുഡൻസ് കോൺഗ്രസ്സ് ആലപ്പുഴ യൂണിയൻ പ്രസിഡന്റ്, ആൾ കേരളാ ബേസിക് ടെയിൻസ് ടീച്ചേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, സെൻട്രൽ ട്രാവൻകൂർ കർഷകത്തൊഴിലാളി യൂണിയൻ പ്രസിഡന്റ്, മെഴുവേലി പഞ്ചായത്ത് പ്രസിഡന്റ് 1967 ലും 1970ലും ആറന്മുള നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച എം.എൽ.എ, നിയമസഭാ ലൈബ്രറി അഡ്വൈസറി കമ്മിറ്റി ചെയർമാൻ, മെഴുവേലി ഈസ്റ്റ് LPS സ്ഥാപകൻ, KSRTC ബസ്സ് സർവ്വീസുകൾ മെഴുവേലിയിലെത്തിച്ച ജനസേവകൻ എന്നീ നിലകളിൽ പ്രവർത്തിച്ച ശ്രീ. പി.എൻ. ചന്ദ്രസേനൻ Ex. M.L.A., ഗാന്ധിസ്മാരക ഗ്രന്ഥ ശാലാസ്ഥാപനം, വിളയാടിശ്ശേരിൽ റോഡു നിർമ്മാണം എന്നിവയ്ക്കു നേതൃത്വം നൽകുകയും പ്രൈമറിഹെൽത്ത് സെന്ററിനു ഭൂമി നൽകുകയും ചെയ്ത ശ്രീ. പി. വാസുപണിക്കർ, കാരിത്തോട്ട അന്തിച്ചന്തയുടെ സ്ഥാപകനും ഉള്ളന്നൂർ വടക്ക് ക്രയവിക്രയ സഹകരണസംഘത്തിന്റെ പ്രസിഡന്റുമായിരുന്ന കെ. എൻ. കേശവൻ വൈദ്യർ, രണ്ടു തവണ സർവ്വീസ് സഹകരണബാങ്കിന്റെ പ്രസിഡന്റും പഞ്ചായത്ത് മെമ്പറുമായി സേവനമനുഷ്ഠിച്ച ശ്രീ. പി.ജി. ശാമുവേൽ, കർഷകസംഘത്തിന്റെ ആദ്യകാലപ്രവർത്തകനും വിദ്യാഭ്യാസ സാമുദായിക പ്രവർത്തകനുമായിരുന്ന ശ്രീ. വി.കെ. നാണു, 1946-ൽ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിനു തുടക്കം കുറിച്ച മാരാമൺ വടക്ക് ക്രയവിക്രയ സംഘത്തിന്റെ സ്ഥാപകൻ ശ്രീ. കൃഷ്ണൻവൈദ്യർ, കയ്യന്തടം-ആറനോട്ട്, മുക്കട-മുക്കൂട്ടിൽ റോഡുകൾ നിർമ്മിക്കാനും ഇലവുംതിട്ട ആൽത്തറ പണിയുന്നതിനും നേതൃത്വം നൽകിയ ശ്രീ. എം.എസ് നീലകണ്ഠൻ, ഹെൽത്ത് സബ്സെന്ററിനു ഭൂമിനൽകിയ താഴേത്തോപ്പിൽ ശ്രീ. മുത്തപിള്ള, ഗ്രാമോദ്ധാരണ ഐക്യസംഘത്തിന് നാലുസെന്റ് സ്ഥലം സംഭാവന ചെയ്ത പെരുങ്കുന്നിൽ ശ്രീ. സ്ക്കറിയ, ഐക്യസംഘത്തിന്റെ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ച പെരുങ്കുന്നിൽ ശ്രീ. പി.എസ്. ചെറിയാൻ, സാമൂഹിക പ്രവർത്തനത്തിൽ വ്യക്തിമുദ്രപതിപ്പിച്ച ശ്രീ. കൊച്ചുകൃഷ്ണൻ, ശ്രീ. വി.ആർ. ഗോപിനാഥൻ നായർ, കുഴിവിളയിൽ ശ്രീ. മാധവൻ...

ഇവർ ഉയർത്തിപ്പിടിച്ച വികസന സംസ്കൃതിയുടെ പിന്മുറക്കാരെന്ന നിലയിൽ അഭിമാനത്തോടെ ആവേശത്തോടെ പുതിയപാതകൾ തീർക്കാൻ പുതുലോകം പണിയാൻ യത്നിക്കാം.

സമ്പൂർണ്ണ സാക്ഷരതാ പരിപാടി മികവാർന്ന രീതിയിൽ സംഘടിപ്പിച്ചതിന് ജില്ലാതല പുരസ്കാരം നേടിയ നാം എന്നും മുന്നിലായിരുന്നു.


ആദ്യമായി വിഭവഭൂപടവും സമഗ്രമായ സാമൂഹിക സാമ്പത്തിക സർവ്വേയും നീരൊഴുക്കു ഭൂപടവും തയ്യാറാക്കി പ്രാദേശിക വികസനത്തിന്റെ ശരിയായ പാത തെരഞ്ഞെടുത്തവരാണ് മെഴുവേലിക്കാർ സ്കൂൾ കോംപ്ലക്സ് പ്രവർത്തനത്തിന്റെ പ്രായോഗികത തെളിയിച്ചവർ. ജനകീയ ആസൂത്രണ പരിപാടി (Participatory Local Development Programme) നടപ്പിലാക്കി ജനപങ്കാളിത്ത വികസനത്തിനു തുടക്കം കുറിച്ചവർ നാം. നമുക്ക് നന്മയുടെയും സമൃദ്ധിയുടെയും കൂട്ടായ്മയുടെയും ചൈതന്യവും ശക്തിയും സ്വാംശീകരിച്ചുകൊണ്ട് മുന്നോട്ടു കുതിക്കാം....

വികസനരംഗത്ത് ഇന്നു നിലവിലുള്ള വെല്ലുവിളികളെ സുധീരം നേരിടാം.

❑

കൂട്ടായ പരിശ്രമം

ഞങ്ങളുടെ എല്ലാ നേട്ടങ്ങൾക്കും
പിന്നിലുള്ള രഹസ്യം
അതു തന്നെ.



4

ഭൂപ്രകൃതിയും വിഭവങ്ങളും

പത്തനംതിട്ട ജില്ലയുടെ പടിഞ്ഞാറുഭാഗത്തായി അക്ഷാംശം വടക്ക് 9°15' നും 9° 18' യ്ക്കും രേഖാംശം കിഴക്ക് 76° 40' നും 76 43 ഇടയിൽ മെഴുവേലി പഞ്ചായത്ത് സ്ഥിതിചെയ്യുന്നു. കാലാവസ്ഥാടിസ്ഥാനത്തിലുള്ള വിവിധ കാർഷികമേഖലകളായി കേരളത്തെ തരം തിരിച്ചിട്ടുള്ളതിൽ ആർദ്രതകൂടിയ ഉഷ്ണകാലാവസ്ഥയുള്ള തെക്കൻ ഇടദേശമെന്ന വിഭാഗത്തിലാണ് മെഴുവേലി പഞ്ചായത്ത് പെടുന്നത്.

മെഴുവേലിയുടെ വടക്കുഭാഗത്തുള്ള ആറന്മുള പഞ്ചായത്തിലൂടെ പമ്പാനദിയും തെക്കുഭാഗത്തുള്ള പന്തളം, കുളനട പഞ്ചായത്തിലൂടെ അച്ചൻകോവിലാറും കടന്നു പോകുന്നു. പൊതുവായ ചരിവ് വടക്കോട്ടാണ്. പഞ്ചായത്തിലെ ഭൂരിഭാഗം തോടുകളും വടക്കോട്ട് പമ്പാനദിയിൽ ചേരുവാൻ ഒഴുകുന്നു. മറ്റു ചിലതോടുകൾ തെക്കോട്ട് അച്ചൻകോവിലാറിൽ ചേരുവാനായി ഒഴുകുന്നു. പമ്പാ ജലസേചനപദ്ധതി കനാൽ പഞ്ചായത്തിന്റെ വടക്കുഭാഗത്തു കൂടി കിഴക്ക് അയത്തിൽ നിന്നും പടിഞ്ഞാറ് കിടങ്ങന്നൂരോട്ട് ഒഴുകുന്നു.

4.1 ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് മെഴുവേലിയെ പ്രധാനമായും മൂന്നായി തിരിക്കാം.

i) ഉയർന്ന പ്രദേശങ്ങൾ
ii) ചരിവ് പ്രദേശങ്ങൾ
iii) താഴ്വാരങ്ങൾ

അവയുടെ വിവരണവും വിസ്തൃതിയും ചുവടെ പട്ടിക 4:1 കൊടുക്കുന്നു.

പട്ടിക 4.1:

ഭൂപ്രകൃതി വിവരണവും അവയുടെ വിസ്തൃതിയും

ക്രമ നമ്പർ	ഭൂപ്രകൃതി	വിസ്തീർണ്ണം (ഹെക്ടർ)	ആകെ (ഹെക്ടർ)	ശതമാനം
1.	ഉയർന്ന പ്രദേശങ്ങൾ			
	a) നീണ്ടമലനിരകളുടെ മുകൾതട്ട് (<5°)	99	186	12.88
	b) കുന്നുകളുടെ മുകൾതട്ട് (<5°)	87		
2.	ചരിവ് പ്രദേശങ്ങൾ			
	a) കുത്തനെയുള്ള ചരിവ് (19–27°)	37		
	b) സാമാന്യം കുത്തനെയുള്ള ചരിവ് (10–18°)	498		
	c) ഇടത്തരം ചരിവ് (5–10°)	223	860	59.56
	d) ചെറുചരിവ് (<5°)	30		
	e) അടിവാരത്തുള്ള ചരിവ് (<5°)	72		
3.	താഴ്വാരങ്ങൾ	398	398	27.56
	ആകെ	1444	1444	100.00

അവലംബം : വിഭവഭൂപടങ്ങൾ

ഉയർന്ന പ്രദേശങ്ങൾ

സമുദ്രനിരപ്പിൽനിന്നും 60 തൊട്ട് 100 മീറ്റർ വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ പ്രദേശത്തിന്റെ വിസ്തൃതി 186 ഹെക്ടർ വരുന്നു. സമുദ്രനിരപ്പിൽ നിന്നും 132 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന മലന്തേവർകുന്നാണ് ഈ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം. ഉയർന്ന പ്രദേശത്തെ നീണ്ടമലനിരകളായും കുന്നുകളായും രണ്ടായി തിരിക്കാം. ഈ പ്രദേശങ്ങളിലെ ചരിവ് 5 ഡിഗ്രിക്കും താഴെയാണ്. ലാറ്ററൈറ്റ് (ചെങ്കൽ) മണ്ണാണ് ഈ പ്രദേശത്ത് കാണപ്പെടുന്നത്. മണ്ണൊലിപ്പ് കൂടുതൽ ആണ്. ഉയർന്ന പ്രദേശത്തെ ജലലഭ്യത പൊതുവെ കുറവാണെങ്കിലും ജലലഭ്യത കൂടിയ ഒറ്റപ്പെട്ട പ്രദേശങ്ങളും കാണപ്പെടുന്നു. റബ്ബർ, തെങ്ങ്, മരച്ചീനി മുതലായവയാണ് ഇവിടെ വളരുന്ന പ്രധാനവിളകൾ.

ചരിവുകൾ

ഈ പ്രദേശം ഉയർന്ന പ്രദേശത്തെ താഴ്വരകളുമായി ബന്ധിക്കുന്നു. ചെങ്കൽകുന്നുകളിൽ വിവിധ തോതിലുള്ള ചരിവുകളിലായി സ്ഥിതിചെയ്യുന്ന ഈ പ്രദേശങ്ങളിൽ ചെങ്കൽ മണ്ണുതന്നെയാണ് പൊതുവെ കാണപ്പെടുന്നത്. 5 ഡിഗ്രി മുതൽ 18ഡിഗ്രി വരെയുള്ള ചരിവ് പ്രദേശങ്ങളിലായി 823 ഹെക്ടർഭൂമിയും 19 ഡിഗ്രി മുതൽ 27ഡിഗ്രി വരെയുള്ള ചരിവുകളിലായി 37 ഹെക്ടർ ഭൂമിയും കാണപ്പെടുന്നു. റബ്ബർ, തെങ്ങ്, കവുങ്ങ് തുടങ്ങിയവയാണ് പ്രധാന കൃഷികൾ.

താഴ്വാരങ്ങൾ

സമുദ്രനിരപ്പിൽ നിന്നു 40 മീറ്റർവരെ ഉയരത്തിൽ നിരപ്പായി കാണപ്പെടുന്നതാണ് ഈ പ്രദേശങ്ങൾ. എക്കൽ കലർന്ന കളിമണ്ണ് ആണ് പ്രധാനമായും ഇവിടെ കാണുന്നത്. മഴവെള്ളം ശേഖരിക്കുന്ന ഭൂവിഭാഗമായതിനാൽ ജലലഭ്യത കൂടുതലാണ്, മണ്ണൊലിപ്പ് കുറവും. പ്രധാനകൃഷി നെല്ല്, വാഴ, മരച്ചീനി, പച്ചക്കറികൾ, വെറ്റില തുടങ്ങിയവയാണ്.

നിമ്നോന്നത മേഖലകൾ

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരത്തിന്റെ അടിസ്ഥാനത്തിൽ മെഴുവേലിയെ പൊതുവേ നാലായി വിഭജിക്കാം. അവയുടെ വിവരണം പട്ടിക 4.2 ൽ കൊടുക്കുന്നു.

പട്ടിക. 4.2

നിമ്നോന്നതമേഖലകളുടെ വിസ്തൃതികൾ

ക്രമ നമ്പർ	സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം	വിസ്തീർണ്ണം	ശതമാനം
.1	20 മീറ്ററിനു താഴെ	546.60	37.85
2.	20 നും 60 മീറ്ററിനും ഇടയ്ക്കു	815.00	56.45
3.	60 നും 100 മീറ്ററിനും ഇടയ്ക്കു	81.10	5.61
4.	100 മീറ്ററിനു മുകളിൽ	1.30	.09
ആകെ		1444.00	100.00

സമുദ്രനിരപ്പിൽ നിന്നും 20നും 60 മീറ്ററിനും ഇടയ്ക്കു ഉയരമുള്ള പ്രദേശം കൂടുതൽ കാണപ്പെടുന്നു.

4.4 കാലാവസ്ഥ

പഞ്ചായത്തിൽ അനുഭവപ്പെടുന്ന കാലാവസ്ഥാമാറ്റവും കാലയളവും പട്ടിക. 4.6 ൽ കൊടുക്കുന്നു.


പട്ടിക 4.6


കാലാവസ്ഥമാറ്റവും കാലയളവും

കാലം/വർഷം	കാലയളവ്	ലഭിക്കുന്ന മഴയുടെ അളവ് (മി.മി.)
കാലവർഷം	ജൂൺ-ആഗസ്റ്റ്	1465.0
തുലാവർഷം	സെപ്തം. - നവം.	791.9
വരണ്ടകാലം	ഡിസം.- ഫെബ്രു.	151.9
ഉഷ്ണകാലം	മാർച്ച് - മെയ്	384.9

കാറ്റ്

കാലവർഷത്തിൽ അനുഭവപ്പെടുന്ന കാറ്റ് അല്ലാതെ പൊതുവെ കാറ്റിന്റെ പ്രകടമായ സാന്നിദ്ധ്യം കുറവാണ്. കാലവർഷത്തെ കാറ്റുമൂലം കൃഷികാർക്ക് നാശനഷ്ടങ്ങൾ ചെറിയ തോതിൽ ഉണ്ടാകാറുണ്ട്. 1994-95ൽ കാറ്റുമൂലം 5 ഹെക്ടർ ഭൂമിയിൽ നാശനഷ്ടം ഉണ്ടായിട്ടുണ്ട്.


MEZHUVELI PANCHAYAT
WATER AVILABILITY
(മലമ്പുഴ)
Aranmmula Panchayat
N
Mallapuzhassery Panchayat
Mulakkuzha Panchayat
Alakkode
Elamthoor Panchayat
Kuriyanippally
Meshuveli
Thirumakkunji
Nediyakala
Kulanada panchayat
Elavumthitta
LEGEND
Low potential
Moderate potential
High potential



വർഷപാതം


വർഷത്തിൽ ശരാശരി 2793.6 മി.മി. മഴ ലഭിക്കുന്നു. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ആണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഏറ്റവും കുറഞ്ഞ മഴ ലഭിക്കുന്നു. കഴിഞ്ഞ 15 വർഷത്തെ പ്രതിമാസ വർഷപാതം പട്ടിക 4.7 യിൽ കൊടുക്കുന്നു.

പട്ടിക. 4.7


മഴയുടെ അളവ് (മി.മി)

വർഷം	Jan	Feb	Mar	Apr	May	Jun	Jul	Aug	Sep	Oct	Nov	Dec	ആകെ
1981	15.0	5.2	11.2	45.6	192.2	866	461.6	432.2	484.8	287.8	268.4	16.2	3086.2
1982	–	–	74.0	54.4	149.7	638.6	388.2	380.6	46.0	232.0	218.0	34.0	2215.5
1983	–	–	–	61.0	159.7	205.6	438.6	551.2	309.5	75.4	129.2	78.4	2008.3
1984	127.4	86.2	88.6	257	169.4	461.2	410.4	163.8	290.6	153.2	199.0	7.8	2414.6
1985	169.4	6.2	61	78	353.2	842.0	369.6	184.0	176.2	142.8	138.2	157	2677.6
1986	–	8.2	24.8	151.2	97.6	407.4	234.4	301.6	211	294	206.4	411	2347.6
1987	9	–	2	70.2	247.8	574.4	111.6	368.8	155.4	379.2	146.4	408	2472.8
1988	–	29.0	123.0	182.0	153	496	522	590	633.2	89	362	28	3207.2
1989	12.6	–	14.6	208.2	155	662	236.9	157	309	263	156.8	45	2220.0
1990	–	–	11.0	13.0	536.6	408	464	592	121	293	581.6	12	3032.3
1991	–	–	56.0	146.0	96.0	1191	388	498	–	142	12.0	2	2531.0
1992	–	–	–	2	416	633.0	810	494.8	303	486.0	307.0	–	3531.8
1993	–	7.0	3.0	76.0	146.0	927.0	749.0	250.0	140.0	514.4	415.0	53.0	3280.4
1994	125.0	49.0	31.0	98.0	264.0	536.0	668.0	453.0	226.0	390.0	479.1	365.0	3684.9
1995	–	11.5	–	238.0	455.0	562.0	472.0	422.0	430.0	217.0	385.7	–	3193.9
ശരാശരി	30.56	13.52	33.36	112.1	239.4	627.4	448.3	389.3	255.7	263.9	272.3	107.8	2793.6

അവലംബം : ജില്ലാ കൃഷിത്തോട്ടം



താപനിലയുടെയും മഴയുടെയും വ്യതിയാനങ്ങൾ കാണിക്കുന്ന ഓമ്പ്രോതെർമിക് ചിത്രം.



താപനില

പൊതുവെ താപനില ഉയർന്ന പ്രദേശമാണ് മെഴുവേലി. 1990–94 വരെയുള്ള ശരാശരി താപനിലയുടെ വിവരങ്ങൾ പട്ടിക 4.8 ൽ കൊടുക്കുന്നു.

പട്ടിക 4.8

1990–94 ലെ ശരാശരി താപനില

വർഷം	താപനില	Jan	Feb	Mar	Apr	May	Jun	Jul	Aug	Sep	Oct	Nov	Dec
1990	ഉയർന്നത് °C	32.2	35.4	36.5	36.7	32.5	31.1	30.1	30.8	32.9	32.6	32.3	33.1
	താഴ്ന്നത്°C	19.8	22.8	23.3	25.9	23.3	24.2	23.6	23.3	23.6	24.2	21.8	20.2
1991	ഉയർന്നത് °C	34.0	36.1	36.6	36.4	35.8	29.7	30.4	30.2	33.7	30.8	32.4	32.9
	താഴ്ന്നത്°C	x	x	x	x	x	x	x	x	x	x	x	x
1992	ഉയർന്നത് °C	33.7	36.4	38.5	37.5	33.6	30.5	29.7	30.1	31.3	31.7	31.5	32.5
	താഴ്ന്നത്°C	19.8	21.4	21.6	24.2	23.8	23.3	22.5	22.9	22.8	22.5	31.3	20.6
1993	ഉയർന്നത് °C	33.9	35.8	36.6	36.7	33.9	30.7	29.4	30.6	321.1	31.3	31.5	31.6
	താഴ്ന്നത്°C	19.6	20.4	22.0	23.7	23.4	22.3	22.3	23.1	22.9	22.8	22.5	21.6
1994	ഉയർന്നത് °C	34.0	35.9	37.1	35.4	33.6	30.7	30.3	30.6	32.7	31.9	32.4	34.2
	താഴ്ന്നത്°C	x	x	x	x	x	x	x	x	x	x	x	x

x ലഭിച്ചിട്ടില്ല *അവലംബം : ലാന്റ് റിസോർസസ് ഓഫ് കേരള*


പഞ്ചായത്തിൽ അനുഭവപ്പെടുന്ന പ്രതിമാസ ശരാശരി താപനിലയുടെ വിവരങ്ങൾ പട്ടിക. 4.8ൽ കൊടുക്കുന്നു.

പട്ടിക. 4.8


പ്രതിമാസ ശരാശരി താപനില (1990 – 94)

ക്രമ നമ്പർ	മാസം	ഉയർന്ന താപനില °C	താഴ്ന്ന താപനില °C	ശരാശരി താപനില °C
1	ജനുവരി	33.6	19.7	26.7
2	ഫെബ്രുവരി	35.9	21.5	28.7
3	മാർച്ച്	37.1	22.3	29.7
4	ഏപ്രിൽ	36.5	24.6	30.55
5	മെയ്	33.9	23.6	28.75
6	ജൂൺ	30.5	23.6	27.1
7	ജൂലായ്	29.9	23.6	26.8
8	ആഗസ്റ്റ്	30.5	23.1	26.8
9	സെപ്റ്റംബർ	32.5	23.1	27.8
10	ഒക്ടോബർ	31.7	23.1	27.4
11	നവംബർ	32.0	25.2	28.6
12	ഡിസംബർ	32.9	20.8	26.9

ഏറ്റവും ഉയർന്ന താപനില മാർച്ച്, ഏപ്രിൽ മാസങ്ങളിൽ അനുഭവപ്പെടുന്നു.



പ്രതിമാസ താപനിലയുണ്ടാവുന്ന വ്യതിയാനങ്ങൾ കാണിക്കുന്ന ചിത്രം.



4.3 ജലസമ്പത്ത്

കഴിഞ്ഞ പതിനഞ്ചുവർഷത്തെ ലഭ്യമായ കണക്കിന്റെ അടിസ്ഥാനത്തിൽ ശരാശരി വാർഷിക വർഷപാതമായ 2793.6 മി.മി. അനുസരിച്ച് ഒരു വർഷത്തിൽ മെഴുവേലിയിൽ ലഭിക്കുന്ന ജലത്തിന്റെ അളവ് 40339 ഹെക്ടർ – മീറ്റർ ആണ്. ഈ ജലം നേരിട്ടും ഭൂഗർഭജലമായിട്ടും തോടുകൾ, അരുവികൾ, കുളങ്ങൾ, നീരുറവകൾ, കിണറുകൾ എന്നിവയിലൂടെ ഉപയോഗിക്കപ്പെടുന്നു.

ഭൂഗർഭ ജലലഭ്യത

വിഭവഭൂപട സർവേയുടെ ഭാഗമായി തയ്യാറാക്കിയ പഞ്ചായത്തിന്റെ ഭൂപ്രകൃതി വിവരങ്ങൾ, ചരിവിന്റെ തോത്, നിമ്നോന്നത അവസ്ഥ, മണ്ണിന്റെ തരം എന്നിവയെ സംയോജിപ്പിച്ച് അപഗ്രഥനം ചെയ്ത ഭൂഗർഭ ജലലഭ്യത മാപ്പിൽ നിന്നും ലഭ്യമായ വിവരങ്ങൾ പട്ടിക 4:3ൽ കൊടുക്കുന്നു.

പട്ടിക. 4.3

ഭൂഗർഭജലലഭ്യതയും വിസ്തൃതിയും

ക്രമ നമ്പർ	ഇനം	വിസ്തീർണ്ണം (ഹെക്ടർ)	ശതമാനം
1	വരണ്ടപ്രദേശം	54.60	3.78
2.	കുറഞ്ഞ ജലലഭ്യതയുള്ള പ്രദേശം	162.50	11.25
3.	ഇടത്തരം ജലലഭ്യതയുള്ള പ്രദേശം	914.40	63.32
4	ഉയർന്ന ജലലഭ്യതയുള്ള പ്രദേശം	312.50	21.65
	ആകെ	1444.00	100.00

മൊത്തം വിസ്തൃതിയുടെ 63.32 ശതമാനവും ഇടത്തരം ജലലഭ്യതയുള്ള പ്രദേശങ്ങളാണ്.

മഴക്കാലത്ത് കുളങ്ങളിലും കിണറുകളിലും ജലലഭ്യത കൂടുതലാണെങ്കിലും ഉഷ്ണകാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നു. ജലവുമായി ബന്ധപ്പെട്ട ആസ്തികളുടെ വിവരങ്ങൾ പട്ടിക 4.4ൽ കൊടുക്കുന്നു.

പട്ടിക. 4.4

ജലവുമായി ബന്ധപ്പെട്ട ആസ്തികൾ

ക്രമ നമ്പർ	ആസ്തികൾ	കി.മി/എണ്ണം
1	കുളങ്ങൾ	475 എണ്ണം
2	കിണറുകൾ (സ്വകാര്യസ്വത്ത്)	2469 എണ്ണം
3	കുഴൽ കിണറുകൾ	16 എണ്ണം
4	നീരുറവകൾ	21 എണ്ണം
5	തോട്/അരുവി	15.10 കി.മി.
6	കനാൽ (പമ്പ ജലസേചനപദ്ധതി)	3.20 കി.മി.

പ്രധാനതോടുകൾ

പമ്പയാറിനും അച്ചൻകോവിലാറിനും മദ്ധ്യേയാണ് മെഴുവേലി പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. വല്യപറമ്പിൽ തോട്, മുക്കുഴിതോട് എന്നിവയാണ് പ്രധാനമായും പമ്പാനദിയിലേക്ക് ഒഴുകുന്നത്. ഇതിൽ വല്യപറമ്പിൽ തോട് മെഴുവേലി ജംഗ്ഷന്റെ വടക്കുഭാഗത്തുനിന്നും ഉത്ഭവിച്ച് അതിർത്തി പഞ്ചായത്തായ ആറന്മുളയിലെ കിടങ്ങന്നൂർ പുഞ്ചയിൽ എത്തുന്നു. കാരിത്തോട്ട ഗാത്രക്കോട്ട് ഭാഗത്തുനിന്നുമുള്ള മുളങ്കുഴിതോട് ചിറയത്ത് മുളങ്കുഴി വഴി മുളയക്കാല പടശേഖരത്തിൽകൂടി കിടങ്ങന്നൂർ പുഞ്ചയിൽ എത്തുന്നു. മുക്കുഴിതോട് കുളക്കടയിൽ നിന്നും നെടിയകാലക്കു വടക്കുനിന്നും രണ്ട് കൈവഴികളായി ഉത്ഭവിച്ച് പമ്പ ഇറിഗേഷൻ കനാലിന്റെ വടക്ക് മുക്കുഴിയിൽ ചേർന്ന് ഒന്നായി ഒഴുകുകയും മെഴുവേലി ജംഗ്ഷന്റെ തെക്കുനിന്നും ഉത്ഭവിക്കുന്ന കുറുമുട്ടംതോട് കനാൽ കടന്നു മുക്കുഴി തോടുമായി ഒന്നുചേർന്ന് കോങ്കൊളഞ്ഞിയിലെത്തി പമ്പയിലേക്ക് ഒഴുകുന്നു.

വിളയാടിശ്ശേരിൽ തോട് കുറിയാനിപ്പള്ളിയിൽ നിന്നുത്ഭവിച്ച് മുടപ്പനേത്തുപടിയിൽ എത്തി കുളനട പഞ്ചായത്തിലൂടെ അച്ചൻകോവിലാറിലേക്ക് ഒഴുകുന്നു. ഇലവുംതിട്ടയിൽ നിന്നും നെടിയകാലയുടെ കിഴക്കും പടിഞ്ഞാറു നിന്നും ഉത്ഭവിക്കുന്ന മൂന്നു കൈവഴികൾ തേവരം കുളം തോടായി രാമൻചിറയിൽ എത്തി കു

ളനട പഞ്ചായത്തിലൂടെ അച്ചൻകോവിലാറിലേക്ക് ഒഴുകുന്നു.

കുളങ്ങളും നീരുറവകളും

മെഴുവേലി പഞ്ചായത്തിലെ കുളങ്ങളുടെയും നീരുറവകളുടെയും വാർഡുതല വിവരണം പട്ടിക 4.5ൽ കൊടുക്കുന്നു.

പട്ടിക 4.9

കുളങ്ങളുടെയും നീരുറവകളുടെയും വാർഡുതല വിവരണം

വാർഡ്		I	II	III	IV	V	VI	VII	VIII
കുളങ്ങൾ	വറ്റാത്തത്	5	3	2	2	4	3	4	4
	വറ്റുന്നത്	4	2	2	3	1	0	3	4
നീരുറവകൾ		8	2	1	0	3	1	5	1

4.4 മണ്ണ്

പഞ്ചായത്തിൽ ലാറ്ററൈറ്റ് (ചെങ്കൽ) മണ്ണാണ് കൂടുതൽ കാണുന്നത്. മണ്ണിന് അമ്ലഗുണമാണുള്ളത് (pH value: 4.5 - 6.1) ഉപരിതലമണ്ണിന്റെ ഇനവും വിസ്തൃതിയും പട്ടിക 4.10ൽ കൊടുക്കുന്നു.

പട്ടിക 4.10.

ഉപരിതലമണ്ണിന്റെ ഇനവും വിസ്തൃതിയും

മണ്ണിന്റെ ഇനം	വിസ്തൃതി (ഹെക്ടർ)	ശതമാനം
ലാറ്ററൈറ്റ് (ചെങ്കൽ)	1046	72.43
എക്കൽ (ആലുവിയൽ)	398	27.57
ആകെ	1444	100.00

അവലംബം: വിഭവഭൂപടങ്ങൾ

വ്യത്യസ്ത ഭൂപ്രകൃതിമേഖലകളിൽ കാണപ്പെടുന്ന മണ്ണിന്റെ സ്വഭാവങ്ങൾ ചുവടെ പട്ടിക. 4.11ൽ കൊടുക്കുന്നു.


പട്ടിക 4.11.


വിവിധ ഭൂപ്രകൃതിമേഖലകളിലെ മണ്ണിന്റെ സ്വഭാവങ്ങൾ

ഭൂപ്രകൃതി	വിവരണം	മണ്ണിന്റെ ആഴം	ജലനിർഗ്ഗമനശേഷി	മണ്ണൊലിപ്പ്
നീണ്ടമലനിരകളും കുന്നിൻപുറങ്ങളും (<5°)	സാന്ദ്രതകൂടിയ ചെങ്കല്ലിനു മുകളിൽ 50 സെ.മീ. താഴെ കട്ടിയുള്ള ചരൽ നിറഞ്ഞ ചളികലർന്ന പൊടിമണ്ണ്, ചുവപ്പു കലർന്ന തവിട്ട് നിറം, അമ്ലഗുണം	കുറവ്	കൂടുതൽ	കൂടുതൽ
കുത്തനെയുള്ള ചരിവ് (15° - 27°)	ചെങ്കല്ലിനു മുകളിൽ 50-100 സെ.മീ. വരെ ആഴമുള്ള ചരൽ നിറഞ്ഞ ചെളി കലർന്ന പൊടിമണ്ണ്, ചുവപ്പു കലർന്ന തവിട്ടു നിറം, അമ്ലസ്വഭാവം	ഇടത്തരം	കൂടുതൽ	കൂടുതൽ
ഇടത്തരം മുതൽ സാമാന്യം കുത്തനെയുള്ള ചരിവ് (5°- 15°)	ചെങ്കല്ലിനു മുകളിൽ 75-100 സെ.മീ വരെ ആഴമുള്ള ചരൽ നിറഞ്ഞ ചെളികലർന്ന പൊടിമണ്ണ്, ചുവപ്പുകലർന്ന തവിട്ടുനിറം, അമ്ലസ്വഭാവം	കൂടുതൽ	കൂടുതൽ	ഇടത്തരം
ചെറുചരിവുകളും അടിവാരത്തുള്ള ചരിവുകളും (<5°)	ചെങ്കല്ലിനു മുകളിൽ 100-150 സെ.മീ വരെ ആഴമുള്ള ചരൽ നിറഞ്ഞ ചെളികലർന്ന പൊടിമണ്ണ്, ചുവപ്പു കലർന്ന തവിട്ട് നിറം, അമ്ലസ്വഭാവം.	കൂടുതൽ	ഇടത്തരം	കുറവ്
താഴ്വരകൾ	നദീതട എക്കലിനു മുകളിൽ 150 സെ.മീ മുകളിൽ കട്ടിയുള്ള മണൽ കലർന്നതും കലാംശത്തോടുകൂടിയതുമായ ചെളിമണ്ണ്, തവിട്ടുകലർന്ന മഞ്ഞനിറം, അമ്ലസ്വഭാവം	വളരെ കൂടുതൽ	കുറവ്	വളരെക്കുറവ്

MEZHUVELI PANCHAYAT

LAND FORM





4.5 ഭൂവിനിയോഗം

പഞ്ചായത്തിന്റെ മൊത്തെ വിസ്തൃതി 1444 ഹെക്ടർ ആണ്. കേരളത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 0.037 ശതമാനം മാത്രമാണിത്. കാർഷിക വിളകളും കാർഷികേതരഭൂമിയും ഇതിൽ എങ്ങനെ വിന്യസിച്ചിരിക്കുന്നു എന്ന് പട്ടിക. 4.12ൽ കാണിക്കുന്നു.

കൃഷിചെയ്യാൻ പറ്റാത്ത തരിശ്ഭൂമിയിൽ കാവുകൾ, മൈതാനങ്ങൾ തുടങ്ങിയവപെടുന്നു. കർഷകരുടെ വീടുകളും മറ്റ് കെട്ടിടങ്ങളും കൃഷിഭൂമിയോട് ചേർന്നുകിടക്കുന്നതിനാൽ പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന 64 ഹെക്ടർ ഭൂമികൂടി ഉൾപ്പെട്ടതാണ് കാർഷിക വിളകളുടെ ഭൂവിനിയോഗത്തിന്റെ കണക്ക്.

പട്ടിക 4.12

ഭൂവിനിയോഗം

ക്രമ നമ്പർ	വിനിയോഗം	വിസ്തീർണ്ണം (ഹെക്ടർ)
1	നെല്ല് (ഒരു വിള)	66.00
2	നെല്ല് (രണ്ടു വിള)	105.00
3	നെല്ല് (മൂന്നു വിള)	1.40
4	തരിശ് കൃഷിചെയ്യാൻ പറ്റാത്തത്	6.60
5	തരിശ് കൃഷിയോഗ്യം	2.70
6	റബ്ബർ	709.00
7	മിശ്രവിളകൾ (തെങ്ങുൾപ്പടെ)	470.00
8	തെങ്ങ്	17.00
9	മരച്ചീനി	38.00
10	കശുമാവ്	19.00
11	വെറ്റില	3.90
12	കമുക്	1.40
13	വാഴ	2.70
14	പച്ചക്കറി	1.30
	ആകെ	1444.00

അവലംബം: വിഭവഭൂപടങ്ങൾ

4.6 മനുഷ്യവിഭവം

1991ലെ സെൻസസ് കണക്കുപ്രകാരം മെഴുവേലിയുടെ ജനസംഖ്യ 14121 ആണ്. അതിൽ 6722 പുരുഷന്മാരും 7399 സ്ത്രീകളും ഉണ്ട്. ആയിരം പുരുഷന്മാർക്കു 1101 സ്ത്രീകളാണുള്ളത്. ആകെ വീടുകളുടെ എണ്ണം 3305 ആണ്. വീടൊന്നിന് 4.27 ആൾക്കാർ വീതമുണ്ട്. ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 978 ആണ്. മെഴുവേലി പഞ്ചായത്തിന്റെ വാർഡുതല ജനസംഖ്യ വിവരങ്ങൾ പട്ടിക 4.13ൽ കൊടുക്കുന്നു.

പട്ടിക 4.13

വാർഡുതല ജനസംഖ്യവിവരണം

വാർഡ്	പുരുഷന്മാർ	സ്ത്രീകൾ	ആകെ	6 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ	പട്ടിക ജാതി	പട്ടിക വർഗ്ഗം
I	923	962	1885	205	407	-
II	1089	1266	443	262	443	-
III	726	826	1554	156	248	-
IV	985	1085	2070	208	423	1
V	997	1070	2067	213	432	-
VI	902	985	1887	219	448-	
VII	637	673	1310	124	430	-
VIII	463	530	993	86	202-	
ആകെ	6722	7399	14121	1473	3033	1

അവലംബം, സെൻസസ് റിപ്പോർട്ട് 1991

തൊഴിൽ മേഖല


പഞ്ചായത്തിൽ വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം 7800 ആണ്. തൊഴിൽ പങ്കാളിത്ത ശതമാനം 55.2 ശതമാനമാണ്. തൊഴിലില്ലായ്മ 44.8 ശതമാനമാണ്. കാർഷികമേഖലയിൽ 2536 ആളുകൾ പണിയെടുക്കുന്നു. വ്യവസായ മേഖലയിലെ ജനസംഖ്യ 5 ശതമാനം മാത്രമാണ്. മെഴുവേലി പഞ്ചായത്തിൽ വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നവരുടെ വിവരങ്ങൾ പട്ടിക 4.14ൽ കൊടുക്കുന്നു.

പട്ടിക 4.14


തൊഴിൽ മേഖല

ക്രമ നമ്പർ	മേഖല	പുരുഷന്മാർ	സ്ത്രീകൾ	ആകെ
1	കൃഷി	1364	96	1460
2	കർഷകത്തൊഴിലാളികൾ	778	298	1076
3	മൃഗപരിപാലനം	65	9	74
4	ഖനനം, പാറപൊട്ടിക്കൽ	6	1	7
5	കുടിൽ വ്യവസായം	67	3	70
6	ചെറുകിട വ്യവസായം	128	14	142
7	കെട്ടിട നിർമ്മാണം	121	1	122
8	ഗതാഗതം വാർത്താവിനിമയം	111	3	114
9	കച്ചവടം	230	30	260
10	മറ്റുതൊഴിലുകൾ	284	291	575
11	സ്വകാര്യസർക്കാർ സ്ഥാപനത്തിലും മറ്റ് സേവന മേഖലയിലും	3154	746	3900

അവലംബം, സെൻസസ് റിപ്പോർട്ട് 1991



മെഴുവേലി പഞ്ചായത്ത്
ഉപരിതല മണ്ണ്



5.1

കൃഷിയും ജലസേചനവും

മുമ്പ് മെഴുവേലി പഞ്ചായത്ത് ഒരു കാലത്ത് കൃഷിക്കാരുടെ നാടായിരുന്നു. ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ എല്ലാം തന്നെ ഇവിടെ ഉല്പാദിപ്പിച്ചിരുന്നു. കരയിലെ പ്രധാനകൃഷി തെങ്ങും ഏത്തവാഴയും, നെല്ലും ആയിരുന്നു. അതിനോടൊപ്പം മരച്ചീനി, ചേമ്പ്, ചേന, പയറുവർഗ്ഗങ്ങൾ എന്നിവയും കൃഷി ചെയ്തിരുന്നു. നിലത്തിൽ നെല്ല് മാത്രമായിരുന്നു ആദ്യകാലത്ത് കൃഷി. ആദ്യകാലത്ത് 365 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നു. നിലത്തിൽ വാഴക്കൃഷി ആരംഭിച്ചിട്ട് 50 വർഷക്കാലമേ ആയിട്ടുള്ളു.

പച്ചിലകൾ, ചാരം, ചാണകം തുടങ്ങിയ ജൈവവള പ്രയോഗമേ പണ്ട് ഉണ്ടായിരുന്നുള്ളു. പ്രധാന കീടനാശിനി ചാരം ആയിരുന്നു. മുൻകാലങ്ങളിൽ റാന്നി, വടശ്ശേരിക്കര, പെരിയനാട്, തിരുവൻവണ്ടൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നു ചാരം വള്ളത്തിൽ ആറന്മുളയിൽ എത്തിച്ച് മെഴുവേലിയിൽ തലച്ചുമടായും കാളവണ്ടിയിലുമായി കൊണ്ടുവരുമായിരുന്നു. ആദ്യകാലത്ത് ശാസ്ത്രീയമായ കൃഷിരീതികളോ ആധുനിക യന്ത്രോപകരണങ്ങളോ കർഷകർ ഉപയോഗിച്ചിരുന്നില്ല. ജലസേചന സൗകര്യത്തിനായി തോടുകളേയും കുളങ്ങളേയും മാത്രമാണ് കർഷകർ ആശ്രയിച്ചിരുന്നത്.

കരയിലെ പ്രധാനവിളയായിരുന്നു തെങ്ങ്. തെങ്ങിനുണ്ടാകുന്ന രോഗങ്ങൾ, നാളികേരത്തിന്റെ വിലക്കുറവ് എന്നീ കാരണങ്ങളാൽ തെങ്ങുകൃഷി ഇന്നു കുറവാണ്. റബ്ബർകൃഷി ആദായകരമായതിനാൽ പഞ്ചായത്തിന്റെ ഇപ്പോഴത്തെ പ്രധാന നാണ്യവിള റബ്ബർ ആണ്.

കഴിഞ്ഞ നാല്പത് വർഷക്കാലത്ത് (19521–1991) മെഴുവേലി പഞ്ചായത്തിലെ കാർഷിക ഭൂവിഭാഗത്തിനു വന്ന മാറ്റങ്ങൾ താഴെ പട്ടിക 1 ൽ കൊടുക്കുന്നു.

പട്ടിക 1

1951–1991 വർഷത്തിൽ കാർഷികഭൂവിഭാഗങ്ങൾക്ക് വന്ന മാറ്റങ്ങൾ

ഭൂവിഭാഗം	1951 ലെ സെൻസസ് പ്രകാരം (ഹെക്ടർ)	1991 ലെ സെൻസസ് പ്രകാരം (ഹെക്ടർ)	ശതമാനം വർദ്ധന/കുറവ്
നിലം	303.0	179.00	40.9
കര	1037.0	1258.40	21.3
തരിശ്	100.00	6.60	93.4

1951നും 1991നും ഇടയ്ക്കുള്ള 40 വർഷക്കാലത്ത് 124 ഹെക്ടർ നിലം കരയായി മാറി. നിലത്തിലെ പ്രധാന കൃഷിയായ നെല്ലിനെ ബാധിക്കുന്ന കീടശല്യം, രോഗങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ, അത്യാധുനിക വിത്തുകളുടെ ലഭ്യതക്കുറവ്, കീടനാശിനികളുടെയും വളങ്ങളുടെയും വിലവർദ്ധന, തൊഴിലാളികളുടെ കുറവ്, അമിതമായ കൂലി, നെല്ലിന്റെ വിലക്കുറവ് തുടങ്ങിയ പ്രശ്നങ്ങൾ ആണ് ഇതിനു കാരണങ്ങളായി തീർന്നത്.

നിലം നികത്തലിന്റെയും തരിശുഭൂമിയെ വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തിയതിന്റെയും ഫലമായി കരഭൂമിയുടെ വിസ്തൃതി 21.3 ശതമാനം വർദ്ധിച്ചു.

1951 മുതൽ 1991 വരെയുള്ള വർഷങ്ങളിലെ കണക്കുകൾ പരിശോധിക്കുമ്പോൾ കൃഷി മുഖ്യതൊഴിലാക്കിയ കർഷകരുടെ എണ്ണത്തിൽ ഗണ്യമായ വ്യത്യാസം കാണുന്നു. അതിന്റെ വിവരങ്ങൾ പട്ടിക 2ൽ കൊടുക്കുന്നു.

പട്ടിക 2

1951–1991 വർഷത്തിൽ കൃഷിക്കാരുടെ എണ്ണത്തിൽ വന്ന മാറ്റങ്ങൾ

		1951ലെ സെൻസസ് പ്രകാരം	1991 ലെ സെൻസ്സസ് പ്രകാരം	കുറവ് ശതമാനം
കൃഷി മുഖ്യതൊഴിലാക്കിയവർ	പുരുഷന്മാർ	3601	1364	62.12
	സ്ത്രീകൾ	3607	96	97.33
	ആകെ	7208	1460	79.74

നാൽപത് വർഷം കൊണ്ട് കൃഷിക്കാരുടെ എണ്ണത്തിൽ 79.74 ശതമാനം കുറവ് ഉണ്ടായി. കാർഷികരംഗത്തുള്ള സ്ത്രീകളുടെ പങ്കാളിത്തം അന്ന് പുരുഷന്മാരുടേതിനൊപ്പമായിരുന്നു. എന്നാൽ ഇന്ന് സ്ത്രീ പങ്കാളിത്തം വലിയതോതിൽ (97.33%) കുറഞ്ഞിക്കുന്നു.

പ്രധാനകൃഷിക്കാരുടെ എണ്ണത്തിൽ കണ്ട ഈ അന്തരത്തിനു കാരണം പുതിയ തലമുറയിലെ വിദ്യാസമ്പന്നരായ ആളുകൾ മുൻകാലങ്ങളിലുള്ളവരെപ്പോലെ കൃഷിപ്പണി ചെയ്യുവാൻ താല്പര്യം കാണിക്കുന്നില്ല എന്നതാണ്. റബ്ബർ അല്ലാത്ത മറ്റുവിളകൾ ലാഭകരമല്ല എന്നുള്ള തോന്നൽ കർഷകരിൽ ഉണ്ടായതും മറ്റ് കാരണങ്ങളിൽ ഒന്നാണ്.

5.1 വിളചേരുവ


പഞ്ചായത്തിൽ കൃഷിചെയ്യപ്പെടുന്ന മുഖ്യവിളകളും അവയുടെ വിസ്തൃതിയും ചുവടെ പട്ടിക 5.3 കൊടുക്കുന്നു.


പട്ടിക 3
വിളകളും വിസ്തൃതിയും

ക്രമ നമ്പർ	വിളകൾ	വിസ്തൃതി (ഹെക്ടർ)	ശതമാനം
1	നെല്ല് (ഒരുവിള)	66.00	4.60
2	നെല്ല് (രണ്ടു വിള)	105.00	7.32
3	നെല്ല് (മൂന്നു വിള)	1.40	0.10
4	റബ്ബർ	709.00	49.42
5	മിശ്രവിളകൾ	470.00	32.76
6	തെങ്ങ്	17.00	1.18
7	മരച്ചീനി	38.00	2.65
8	കശുമാവ്	19.00	1.32
9	വെറ്റില	3.90	0.27
10	കമുക്	1.40	0.10
11	വാഴ	2.70	0.19
12	പച്ചക്കറി	1.30	0.09
	ആകെ	1434.70	100.00

അവംലംബം : വിഭവഭൂപടങ്ങൾ

പഞ്ചായത്തിലെ പ്രധാനകൃഷി റബ്ബർ ആണ്. മൊത്തം കൃഷിഭൂമിയുടെ 49.42 ശതമാനവും റബ്ബർ കൃഷിയുള്ള ഭൂമിയാണ്. അനുകൂലമായ കാലാവസ്ഥയും ഭൂപ്രകൃതിയും വിപണനത്തിനുള്ള സൗകര്യങ്ങൾ, ന്യായമായ വില എന്നിവ റബ്ബറിനെ മുഖ്യ നണ്യ വിളയാക്കുന്നതിനു സഹായിച്ചു.




10,000
9,000
8,000
7,000
6,000
5,000
4,000
3,000
2,000
1000
നെല്ല്
റബ്ബർ
തെങ്ങ്
ഇഞ്ചി
വാഴ
കുരുമുളക്

5.2 വിളകളുടെ രോഗങ്ങൽ

പഞ്ചായത്തിലെ പ്രധാനവിളകൾക്ക് അനുഭവപ്പെടുന്ന രോഗങ്ങളെപ്പറ്റി താഴെ പട്ടിക 4 ൽ കൊടുക്കുന്നു.

പട്ടിക 4

വിളകളും അവയുടെ രോഗങ്ങളും

ക്രമ നമ്പർ	വിള	രോഗങ്ങൾ
1	നെല്ല്	പോളചീയൽ, ഓലകരിച്ചിൽ, ചാഴിശല്ല്യം
2	തെങ്ങ്	മണ്ടചീയൽ, ചെന്നീരൊലിപ്പ്, ഓലകരിച്ചിൽ, കാറ്റ് വീഴ്ച, ഓലമഞ്ഞളിപ്പ്
3	ഇഞ്ചി	മൂട് ചീയൽ
4	വാഴ	മണ്ടയടപ്പ്, കോക്കാൻ
5	മരച്ചീനി	മുരടിപ്പ്
6	റബ്ബർ	പട്ടമരവിപ്പ്, ചീക്ക, പൊടിക്കുമിൾ രോഗം

തെങ്ങിന്റെ കാറ്റ് വീഴ്ചയും റബ്ബറിന്റെ പട്ടമരവിപ്പും വ്യാപകമായി കണ്ടുവരുന്ന രോഗങ്ങൾ ആണ്.

5.3 ഉല്പാദനക്ഷമത

പഞ്ചായത്തിലെ പ്രധാന വിളകളുടെ ഒരു ഹെക്ടറിൽ ഉള്ള ഉല്പാദനം സംസ്ഥാനത്തേതിന്റേതുമായി താരതമ്യം ചെയ്തു താഴെ പട്ടിക 5ൽ കൊടുക്കുന്നു.

പട്ടിക 5

വിളകളും അവയുടെ ഉല്പാദനക്ഷമതയും

ക്രമ നമ്പർ	വിള	മെഴുവേലി പഞ്ചായത്തിന്റെ ഉല്പാദനക്ഷമത കി.ഗ്രാം/ഹെക്ടർ	സംസ്ഥാനത്തിന്റെ ഉല്പാദനക്ഷമത കി.ഗ്രാം/ഹെക്ടർ
1	നെല്ല്	2425	1973
2	റബ്ബർ	1250	794
3	മരച്ചീനി	10000	19112
4	കശുമാവ്	1000	899
5	വാഴ	2000	7592
6	കുരുമുളക്	500	277
7	ഇഞ്ചി	1500	3341
8	തെങ്ങ്	1750 എണ്ണം	5362 എണ്ണം

അവലംബം : കൃഷിഭവൻ, ലാന്റ് റിസോർസസ് ഓഫ് കേരള


ഇതിൽ തെങ്ങിന്റെയും വാഴയുടെയും ഉല്പാദനക്ഷമത സംസ്ഥാനത്തിന്റേതിനേക്കാൾ വളരെക്കുറവാണ്. ശാസ്ത്രീയമായി തെങ്ങിനെ സംരക്ഷിക്കാത്തതും ശരിയായ ജലസേചനസൗകര്യം ഇല്ലാത്തതും മണ്ടചീയൽ കാറ്റുവീഴ്ച തുടങ്ങിയ രോഗങ്ങളാൽ തെങ്ങ് നശിക്കുന്നതും ഉല്പാദനക്ഷമതയുടെ ഈ വലിയ അന്തരത്തിനു കാരണമാകുന്നു.

പ്രകൃതിക്ഷോഭങ്ങളും ശാസ്ത്രീയകൃഷിരീതികളുടെ അഭാവവുമാണ് വാഴയുടെ ഉല്പാദനക്ഷമത കുറയുവാൻ കാരണം.

5.4 മണ്ണിന്റെ ഫലഭൂയിഷ്ടത

മണ്ണിന്റെ ഫലഭൂയിഷ്ടത അതിൽ അടങ്ങിയിരിക്കുന്ന ധാതുക്കളുടെയും ലവണങ്ങളുടെയും മണ്ണിന്റെ അമ്ല/ക്ഷാര സ്വഭാവത്തെയും ആശ്രയിച്ചിരിക്കുന്നു. പഞ്ചായത്തിൽ വിവിധഭാഗങ്ങളിൽ നടത്തിയ മണ്ണു പരിശോധനയുടെ ഫലത്തിന്റെ വാർഡുതല വിവരണം താഴെ പട്ടിക 6 കൊടുക്കുന്നു.

വൃക്ഷങ്ങൾ നാടിന്റെ സമ്പത്ത്



പട്ടിക 6


മണ്ണുപരിശോധനയുടെ വാർഡുതല വിവരണം


വാർഡ്	മണ്ണിന്റെ അമ്ല/ക്ഷാര സ്വഭാവം	ലയിച്ചു ചേർന്നിട്ടുള്ള ലവണങ്ങളുടെ അളവ് മി.മോസ്/സെ.മി	ഓർഗാനിക് കാർബണിന്റെ ശതമാനം നൈട്രജന്റെ മാനദണ്ഡം	പൊട്ടാസ്യം കി. ഗ്രാം/ഹെക്ടർ	ഫോസ്ഫറസ് കി.ഗ്രാം/ഹെക്ടർ
I	5.43	0.06	0.76	216	15
II	5.03	0.06	0.76	218	11.6
III	5.10	0.03	0.80	232	10.0
IV	5.3	0.03	0.80	168	21.6
V	4.96	0.01	0.80	200	18.33
VI	5.3	0.03	0.86	232	10.0
VII	5.0	0.06	0.76	240	11.6
VIII	5.16	0.03	0.76	216	24.1


അവലംബം: മണ്ണു പരിശോധന റിപ്പോർട്ട് കൃഷിഭവൻ

5.5 ജലസേചന സൗകര്യങ്ങൾ

മെഴുവേലിയിലെ കർഷകർ ജലസേചനത്തിനായി തോടുകളെയും കുളങ്ങളെയും ആണ് പ്രധാനമായും ആശ്രയിക്കുന്നത്. തോടുകളുടെ മൊത്തം നീളം 15.10 കി.മീറ്റർ വരും. പമ്പാ ജലസേചനപദ്ധതി കനാൽ പഞ്ചായത്തിലൂടെ ഒഴുകുന്നുവെങ്കിലും ജലസേചനത്തിനു ഉതകുന്നില്ല. ജലസേചനത്തിനായി ഉപോയഗിക്കുന്ന തോടുകളുടെ വിവരണം ചുവടെ പട്ടിക 5.7 കൊടുക്കുന്നു.


1400
1200
1000
800
600
400
200
1951
1991
നിലം
തരിശ്


3600
3200
2800
2400
2000
1600
1200
800
400
1951
1991
പുരുഷൻ
സ്ത്രീകൾ



പട്ടിക 7

തോടുകളുടെ വാർഡുതലവിവരണം

വാർഡ്	തോടുകൾ
I	പാണ്ടിശ്ശേരിപ്പടി–ചരിവിൻപടി, കുറിയാനിപ്പള്ളി–മുടിശ്ശേരിൽ, കുഴിയിൽ ഭാഗം–പുന്നക്കുളഞ്ഞി, മേലേക്കോട്ടയിൽ–പുളിമൂട്ടിൽ പടി, മ്ലാന്തടം – മുമ്മൂല
II	കൂടോട്ടിക്കൽ–റാത്രക്കോട്ട് കാവുംപടി, മുളംകുഴി, വേലംപടി–കൊല്ലന്റയ്യത്ത്, കിടങ്ങന്നൂർ പുഞ്ച, കൂടോട്ടിക്കൽ–തവിട്ടപൊയ്ക, പുതുശ്ശേരി–തോണ്ടിയാമോടി
III	കുര്യൻചിറതോട്, കോട്ടാമഠം–കരിങ്കുറ്റിപ്പടി, കോട്ടശ്ശേരിപ്പടി – കരിങ്കുറ്റിപ്പടി, കാവുപുറത്ത്–മുക്കുഴി, മുളന്തടം–കിടങ്ങന്നൂർ ചാൽ
IV	മീൻ ചിറയ്ക്കൽ മടത്തിൽപടി–മണ്ണൻകുളഞ്ഞി–വലിയപറമ്പുതോട്, മാരാമൺ–വടക്കേക്കര –കാവുംപുറം–കുറുമുട്ടം തോട്, വെട്ടുഴം – ഞാറമൂട്–മഠത്തിൽ പടി
V	ഒടിയുഴത്തിൽ–കുളക്കട, കോട്ടാമഠം, തുണ്ടപ്ലാവ്, വടക്കേമറ്റം, തലമണ്ണിൽ പടി–കുറുമുട്ടം, കൂടത്തിനാൽ–തുണ്ടൻപ്ലാവ്, കുറവൻ പ്രാക്കൽ–ഒടിയുഴം
VI	മാമ്പ്ര–മുള്ളൻവാതുക്കൽ, പൂക്കൈത–ആണർകോട്, പുലക്കുളഞ്ഞി–തേവരംകുളം, കണ്ണൻകുളഞ്ഞി–തേവരംകുളം, വെട്ടിയിൽപ്പടി– തേവരംകുളം, എരമത്തിൽ–തേവരംകുളം, മുള്ളൻവാതുക്കൽ– തേവരംകുളം
VII	ഇരമത്തിൽ തോട്, താഴെപ്പടി തോട്, പൂക്കൈത തോട്, പട്ടിരേത്തു പടിത്തോട്, നെപ്പിക്കൽ തോട്
VIII	കൊച്ചക്കര–തൊഴുക്കോട്, പുത്തൻവീട്ടിൽ പടിതോട്

കാർഷികാവശ്യത്തിനായി ഉപയോഗപ്പെടുത്തുന്ന കുളങ്ങളുടെ വിവരണം ചുവടെ പട്ടിക 8 ൽ കൊടുക്കുന്നു.

പട്ടിക 8

കുളങ്ങളുടെ വാർഡുതല വിവരണം

വാർഡ്	കുളങ്ങൾ
I	തവിട്ടപൊയ്ക, പാണ്ടിശ്ശേരിതടം, വല്ല്യയ്യത്ത് കുളം, പറയങ്കര കുളം, കുറിയാനിപ്പള്ളിക്കുളം, മലന്തേവർകുളം, പന്നിക്കുഴികുളം, കോട്ടിയേൽ കല്ലുകുളം, വിളയാടിശ്ശേരിക്കുളം
II	കാരിത്തോട്ട വടക്കേക്കരെപ്പടികുളം
III	മേലേമണ്ണിൽ കുളം, പുല്ലേലിൽ കുളം, പാറലിൽ കുളം, മണ്ണംകുളഞ്ഞിക്കുളം
IV	മുമ്മൂലയിൽ കുളം, തെങ്ങിടയിൽ കുളം, വടക്കേക്കരെപ്പടി കുളം, ഞാമക്കുഴി കുളം, കൊല്ലന്റെ പ്പടി കുളം
V	ഓവിൽ കുളം, ചന്ദനക്കുന്നു കുളം, ഇടത്തിനാൽ കുളം, വട്ടമുരുപ്പേൽ കുളം, തലമണ്ണിൽ കുളം
VI	തേവരം കുളം
VII	ഞാറൻമല കുളം, പ്ലാവുനിൽക്കുന്നതിൽ കുളം, പൂക്കൈതകുളം
VIII	കൊച്ചക്കരെപ്പടികുളം, പുത്തൻവീട്ടിൽ പടികുളം, തറയിൽ പടിക്കുളം

മഴക്കാലത്ത് കുളങ്ങളിലൂടെയും തോടുകളിലൂടെയും ധാരാളം ജലംലഭിക്കുന്നുവെങ്കിലും ഉഷ്ണകാലത്ത് അവ പൊതുവെ വരണ്ടാണ് കാണുന്നത്.

5.5 ജലസേചന പദ്ധതികൾ

മെഴുവേലിയിൽ പണിതീർന്നതും പണിനടന്നുകൊണ്ടിരിക്കുന്നതിമായ ചെറുകിട ജലസേചന പദ്ധതികളുടെ വിവരങ്ങൾ ചുവടെ പട്ടിക 9 ൽ ചേർക്കുന്നു.

പട്ടിക 9

ജലസേചനപദ്ധതികൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ആരംഭിച്ച വർഷം	അവസാനിച്ച വർഷം	ചിലവായ തുക (Rs.)
1	നെപ്പിക്കൽ കോളനിഭാഗത്തുള്ള ഭൂമിയുടെ സംരക്ഷണ ജോലികൾ	1993-94	1994	1,48,407
2	ഇരമത്തിൽ ഭാഗത്തെ ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ	1996	-	1,56,548
3	പുന്നക്കുളഞ്ഞിയിലെ ചാരുവേലിപടി ബണ്ടിന്റെ സംരക്ഷണം	1993-94	1994	42,352

5.6 ഉല്പന്നങ്ങളുടെ വിപണനം


കാർഷികോല്പന്നങ്ങളുടെ വിപണനത്തിനായി പഞ്ചായത്തിൽ ഇലവുംതിട്ടയിൽ ഒരു ചന്തമാത്രമേ ഉള്ളു. ഈ കാരണത്താൽ കർഷകർ അതിർത്തി പഞ്ചായത്തുകളിലെ ചന്തകളിൽ വിപണനത്തിനായി പോകുന്നു. പഞ്ചായത്തിൽ ഒരു മാർക്കറ്റിംഗ് സൊസൈറ്റി ഉണ്ടെങ്കിലും മുഖ്യവിളയായ റബ്ബറിന്റെ വിപണനം മാത്രമേ ഇവിടെ നടക്കുന്നുള്ളു.

നേഴ്സറികൾ

കാർഷിക വിത്തുകളുടെ വിതരണത്തിനായി പഞ്ചായത്തിൽ 6 നേഴ്സറികൾ പ്രവർത്തിച്ചു വരുന്നു. ഇതിൽ ഭൂരിഭാഗവും റബ്ബർതൈകളുടെ വിതരണമാണ് നടത്തുന്നത്.

5.7 പാടശേഖര സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ''റൈസ്ഗ്രൂപ്പ് ഫാമിംഗ് പ്രോഗ്രാമി''ന്റെ ഭാഗമായി രൂപീകരിച്ചിട്ടുള്ള പാടശേഖരസമിതികളുടെ വിവരണങ്ങൾ ചുവടെ പട്ടികയിൽ 10 കൊടുക്കുന്നു.



പട്ടിക 10

പാടശേഖരസമിതിയുടെ വിശദവിവരങ്ങൾ

പാടശേഖരസമിതിയുടെ പേര്	കർഷകരുടെ എണ്ണം	വാർഡും ഉൾപ്പെട്ട പ്രദേശവും	വിളയുടെ ഇനങ്ങൾ	വിതയുടെ അളവ് കി.ഗ്രം/ഹെക്ടർ
പുന്നക്കുളഞ്ഞി ചാരുവേലിപ്പടി Reg. No. P 1217/91	51	ഒന്നാം വാർഡ് പുന്നക്കുളഞ്ഞി	ജ്യോതി	80
ഇരമത്തിൽ-പേര Reg. No. P1790/90	45	IVഉം VIIഉം വാർഡ്, ഇലവുംതിട്ട	ജ്യോതി പവിഴം	80
നെപ്പിക്കൽ-തേവരം കുളം Reg. No, p.48/92	32	VII-ാം വാർഡ് മെഴുവേലി	പവിഴം	80
കുറുമുട്ടം Reg. No. P 21/92	35	III ഉം Vഉം വാർഡ്	ജ്യോതി	80
റാത്രകോട്-പീടികപ്പടി Reg. No. p.166/91	28	II-ാം വാർഡ് കാരിത്തോട്ട	ജ്യോതി	80

പാടശേഖരസമിതികളുടെ പ്രവർത്തനം കൂടുതൽ വികസിപ്പിച്ച് കർഷകർക്ക് കൂടുതൽ പ്രയോജനം ലഭിക്കത്തക്ക വിധം മാറ്റേണ്ടതാണ്.

കേരകർഷകരുടെ ഉന്നമനത്തിനായി കൃഷിഭവന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന ഒരു കേരകർഷകസമിതിയും പഞ്ചായത്തിലുണ്ട്.

5.8 കാർഷികബന്ധങ്ങൾ

മെഴുവേലി പഞ്ചായത്തിൽ കൃഷി മുഖ്യതൊഴിലാക്കിയവരും കാർഷിക മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളും ഉൾപ്പെട്ട കാർഷിക ജനസംഖ്യ 2536 ആണ്. കാർഷിക ജനസംഖ്യയിൽ കർഷകതൊഴിലാളികൾ 1076 ആണ്. (42.43 ശതമാനം) ഇതിൽ രജിസ്റ്റർചെയ്ത കർഷകതൊഴിലാളികൾ 869 ആണ്.

കൈവശമുള്ള ഭൂവിസ്തൃതിയുടെ പരിധി അടിസ്ഥാനത്തിൽ കൃഷിക്കാരെ മുന്നായി തരംതിരിക്കാം. അവയുടെ വിവരണം താഴെ പട്ടിക 11 കൊടുക്കുന്നു.

പട്ടിക 1

1 ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിൽ കർഷകരുടെ വിവരങ്ങൾ

ക്രമ നമ്പർ	ഭൂപരിധി	എണ്ണം	ശതമാനം
1	നാമമാത്ര കർഷകർ (1 ഹെക്ടറിനു താഴെ)	3455	95.71
2	ചെറുകിട കർഷകർ (1 മുതൽ 2 ഹെക്ടർ വരെ)	137	3.79
3	വൻകിട കർഷകർ 2 ഹെക്ടറിനു മുകളിൽ)	18	0.50
	ആകെ	3610	100.00

കൃഷിഭൂമി കൈവശം ഉണ്ടെങ്കിലും കൃഷി മുഖ്യ തൊഴിലായി എടുക്കാത്തവർ പട്ടികയിൽ ഉൾപ്പെട്ടതി നാൽ കർഷകരുടെ എണ്ണത്തിൽ വ്യത്യാസം വന്നി ട്ടുണ്ട്. മൊത്തം കൃഷിക്കാരിൽ 95.71 ശതമാനവും നാ മമാത്രകർഷകരാണ്. വൻകിട കർഷകർ വെറും 0.5 ശതമാനമാണ്.

ആളോഹരി കൃഷിഭൂമി പഞ്ചായത്തിന്റെത് 25 സെന്റ് ആണെങ്കിൽ സംസ്ഥാനത്തിന്റെത് 17.22 സെന്റ് ആണ്.

കൂലി വ്യവസ്ഥകൾ

പഞ്ചായത്തിലെ പ്രധാന കൃഷിതൊഴിലിന്റെ നി ലവിലുള്ള കൂലി നിരക്കിനെപ്പറ്റി താഴെ പട്ടിക 12ൽ കൊടുക്കുന്നു.


പട്ടിക 12

കൂലിനിരക്കുകൾ

തൊഴിൽ	കൂലി നിരക്ക് (രൂപാ)	
	ആൺ	പെൺ
കിളക്കൽ	80.00	50.00
കളപറിക്കൽ	80.00	50.00
ഞാറുനടീൽ	80.00	50.00
റബ്ബർവെട്ട് (മരം ഒന്നിന്)	0.25	
തേങ്ങയിടൽ (മരം ഒന്നിന്)	2.00	
കൊയ്ത്തും മെതിയും	വിളവിന്റെ 1/7 ഭാഗം	

പ്രശ്നങ്ങൾ

1. അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നില്ല, കൃഷിപ്പണി ചെയ്യു ന്നില്ല.
2. കർഷകത്തൊഴിലാളികളുടെ എണ്ണത്തിൽ കാ ണുന്ന കുറവ്
3. നെൽകൃഷിയെ ബാധിക്കുന്ന രോഗങ്ങൾ, കീട നാശിനികളുടെ വിലവർദ്ധന, പ്രകൃതിക്ഷോഭ ങ്ങൾ, നെല്ലിന്റെ വിലക്കുറവ്
4. റബ്ബർകൃഷിയുടെ വർദ്ധിച്ചു വരുന്ന തോത്
5. കരയിലുള്ള തോടുകളിൽ നിന്നും വെള്ളം നില ത്തിൽ പതിച്ച് വെള്ളക്കെട്ട് ഉണ്ടാക്കുന്നു.
6. പാടങ്ങളുടെ കരയിലുള്ള വൃക്ഷങ്ങൾ പടർന്നു പന്തലിച്ച് നെൽകൃഷി മോശമാക്കുന്നു.
7. എലിയുടെ ശല്യം മരച്ചീനിയുടെ ഉല്പാദനത്തെ ബാധിക്കുന്നു.
8. തുണ്ടുതുണ്ടായിട്ടുള്ള ഭൂമിയും സാമ്പത്തിക ബു ദ്ധിമുട്ടും യന്ത്രവൽക്കരണത്തെ ബാധിക്കുന്നു.
9. പമ്പ ജലസേചനപദ്ധതി കനാൽ ചോർച്ച മൂലം വെള്ളക്കെട്ട് ഉണ്ടാകുന്നു.
10. പാഴ്വൃക്ഷങ്ങളുടെ അതിക്രമിച്ചുകയറ്റം
11. ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ചുള്ള അറി വിന്റെ അഭാവം
12. കാലാകാലങ്ങളിൽ മണ്ണുപരിശോധന നടത്തു ന്നില്ല.
13. കാറ്റ് വീഴ്ച, മണ്ടയടപ്പ് രോഗങ്ങൾ, ചെല്ലി യുടെ ശല്യം തെങ്ങിനെ വ്യാപകമായി ബാധി ക്കുന്നു.





സാധ്യതകൾ


1. അത്യുല്പാദനശേഷിയുള്ള വിത്തും കൃഷി രീതികളും നടപ്പിലാക്കുക.
2. കൂട്ടുകൃഷി സമ്പ്രദായം നടപ്പാക്കുക
3. നിലങ്ങളുടെ കരത്തോടുകൾ ആഴവും വീതിയും കൂട്ടി കൂടുതൽ വെള്ളം ഒഴുകാൻ സൗകര്യം ഉണ്ടാക്കുക.
4. കാലാകാലങ്ങളിൽ മണ്ണുപരിശോധന നടത്തുക.
5. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ കാർഷികരംഗത്തേക്ക് കടന്നുവരിക.
6. ജൈവവളങ്ങൾ, കീടനാശിനികൾ എന്നിവ ഉല്പാദിപ്പിക്കാനും ഇപയോഗിക്കാനും കർഷകരെ പരിശീലിപ്പിക്കുക.
7. നിലവിലുള്ള ജലസ്രോതസ്സുകൾ വികസിപ്പിച്ചെടുക്കുക.
8. കാർഷികമേഖലയിൽ യന്ത്രവൽക്കരണം പ്രാവർത്തികമാക്കുക
9. പച്ചക്കറികൃഷി വ്യാപകമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.
10. മഴക്കാലത്ത് തോട്ടിലൂടെ ഒഴുകിപ്പോകുന്ന ജലം ലിഫ്റ്റ് ചെയ്തു സംഭരിക്കുക.
11. വിപണനത്തിനു പഞ്ചായത്തിൽ ഒരു മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കുക.
12. പമ്പ ജലസേചന പദ്ധതികനാൽ ചോർച്ച ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

നിർദ്ദേശങ്ങൾ

1. മതിരിക്കാ മണ്ണിൽപടി മുതൽ കരിങ്കുറ്റിക്കൽ പടിവരെ വളഞ്ഞുകിടക്കുന്ന പാടത്തെതോട് പാടത്തിന്റെ പടിഞ്ഞാറെ കരയോട് ചേർത്ത് നിവർത്തിവെട്ടുക.
2. വയ്യാനത്ത് പടവിനെയും കൈതക്കാട്ടുപടവിനെയും വേർതിരിക്കുന്ന കൽക്കെട്ട് ബലപ്പെടുത്തി 12 ഏക്കർ സ്ഥലം കൃഷിചെയ്യാൻ ഉപയോഗപ്പെടുത്തുക.
3. കൃഷിഭവൻ സ്വന്തമായ സ്ഥലത്ത് നിർമ്മിച്ച് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.
4. മലയിൽ പടിഞ്ഞാറ്റേതിൽ പടിമുതൽ മഞ്ഞത്തറവരെയുള്ള പുതിയ റോഡിൽ നിന്നുള്ള വെള്ളം കണ്ടത്തിലേക്ക് മറിയുന്നത് തടയുക.
5. വയ്യാനത്തു പടിയിൽ ഏപ്രിൽ–മെയ് മാസങ്ങളിൽ വിത്തു പാകുന്നതിന് ആവശ്യമായ ജലത്തിനുവേണ്ടി അവിടെ ഒരു കുളം കുഴിക്കുക.







5.2

മൃഗസംരക്ഷണം മത്സ്യബന്ധനം

ഒഴുവേലി പഞ്ചായത്തിൽ പാലിനും, ഉഴവിനു വണ്ടിവലിക്കുന്നതിനും ജൈവവളത്തിനുമായി ധാരാളം കന്നുകാലികളെ മുൻകാലങ്ങളിൽ വളർത്തിയിരുന്നു. കുന്നുകളും താഴ്വാരങ്ങളും പാടങ്ങളും നിറഞ്ഞ ഈ പ്രദേശത്തെ സമ്പദ്ഘടനയെ കൃഷിയും അതിന്റെ അനുബന്ധമായ കാലിവളർത്തലും വലുതായി സ്വാധീനിച്ചിരുന്നു.

കാലികളെ മേയ്ക്കുവാനായി പൊതുസ്ഥലം ഇല്ലായിരുന്നെങ്കിലും പുറംപോക്കു ഭൂമിയിലും മാറി മാറി തരിശിടുന്ന വിസ്തൃതമായ സ്വകാര്യഭൂമികളിലും മേയ്ക്കാൻ സൗകര്യമുണ്ടായിരുന്നു. കാലികളേയും ആടിനേയും കൂട്ടമായി വളർത്തിയിരുന്നു. 50 വർഷം മുമ്പ് ആടുകളെ കൂട്ടമായി വളർത്തുന്ന 'ആട്ടിൻകിട'കൾ രീതി പ്രാബല്യത്തിൽ ഉണ്ടായിരുന്നു.

വയലുകളെല്ലാം അന്ന് നെൽ കൃഷി ചെയ്തിരുന്നതിനാൽ ധാരാളം വൈക്കോൽ ലഭിച്ചിരുന്നു.

ജനസംഖ്യ വർദ്ധനവോടെ പാർപ്പിടങ്ങൾ വർദ്ധിച്ചു. കാർഷികരീതി മാറി. നെൽകൃഷി ആദായകരമല്ലാതായപ്പോൾ വയലുകളിൽ മറ്റു കൃഷികൾ ആരംഭിച്ചു. കാർഷികവ്യവസ്ഥയും കന്നുകാലിക്കൃഷിയും തമ്മിലുള്ള ബന്ധം അയഞ്ഞു. കാർഷികാവശ്യത്തിനായി കാലിവളം ലഭിക്കാതെയായി. കാലികൾക്കാവശ്യമായ വൈക്കോലിനും തീറ്റപ്പുല്ലിനും ദൗർലഭ്യമനുഭവപ്പെട്ടു. പമ്പാ ഇറിഗേഷൻ കനാലിന്റെ ചോർച്ച മൂലമുണ്ടായ വെള്ളക്കെട്ടുകാരണം വയലുകൾ കൃഷിചെയ്യാനാവാതെ വന്നത് സ്ഥിതി രൂക്ഷമാക്കി.

പശു, കാള, എരുമ, ആട് എന്നിവയായിരുന്നു ഇവിടുത്തെ പ്രധാന വളർത്തു മൃഗങ്ങൾ. അര നൂറ്റാണ്ടുകാലത്തിനിടയ്ക്ക് ഇവയുടെ എണ്ണം വളരെയേറെ കുറഞ്ഞു. കാളകളുടെ എണ്ണത്തിൽ ഗണ്യമായ കുറവാണു സംഭവിച്ചത്. ഓരോ ഇനത്തിലുമുണ്ടായ വ്യതിയാനം പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക – 1

മൃഗസംരക്ഷണം വിവരങ്ങൾ

മൃഗങ്ങൾ പക്ഷികൾ	1987ലെ സെൻസസ്	1992ലെ സാമൂഹ്യസാമ്പത്തിക സർവ്വെ	1996ലെ കണക്ക്
പശു	2929	2088	2041
കാള	484	26	–
എരുമ	15	7	2
പോത്ത്	28	–	–
ചെമ്മരി	2	–	–
ആട്	1147	772	1086
പന്നി	1	–	–
പട്ടി	907	ലഭ്യമല്ല	1140
കോഴി	11114	8588	8064
താറാവ്	252	418	542

അവലംബം : സെൻസസ് റിപ്പോർട്ട് 87,
സാമൂഹിക സാമ്പത്തിക സർവ്വേ, സെക്കന്ററി ഡേറ്റാ.

വളർത്തുന്ന മൃഗങ്ങളിലധികവും അത്യുല്പാദനശേഷിയുള്ള സങ്കരയിനം പശുക്കളാണ്.

പട്ടിക – 2

കന്നുകാലികളുടെ വിവരം

വിഭാഗം	നാടൻ	സങ്കരയിനം	ആകെ
കാള	280	204	484
പശു	1149	1780	2929


അവലംബം : കന്നു കാലിസെൻസസ് 1987

പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന (വാർഡ് ഒന്നിൽ) ഒരു വെറ്റിനറി ഡിസ്പെൻസറിയും ആറാം വാർഡിൽ ഒരു ICDP സബ്സെന്ററുമാണ് ആകെയുള്ള മൃഗസംരക്ഷണ സംവിധാനം.

ക്ഷീര വിപണന സംഘങ്ങൾ എല്ലാ വാർഡുകളിലുമില്ല. 2,3,6,7 വാർഡുകളിൽ മിൽമാ സഹകരണ സംഘത്തിന്റെ ഓരോ പാൽസംഭരണ കേന്ദ്രങ്ങൾ നിലവിലുണ്ട്.

2,5 വാർഡികളിൽ കോഴിവളർത്തൽ കേന്ദ്രങ്ങളുണ്ട്. അവ ലാഭകരമായിട്ടല്ല പ്രവർത്തിക്കുന്നത്.

പഞ്ചായത്തിൽ കശാപ്പുശാലകൾ ഇല്ല. ഇറച്ചി



വില്പനയ്ക്കുള്ള അനുവാദം മാത്രം ലേല അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്.

ഈ പഞ്ചായത്തിലേക്കാവശ്യമായ മുട്ട ഇവിടെ ഉല്പാദിപ്പിക്കുന്നില്ല. അന്യജില്ലകളിൽ നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന മുട്ടയും ഇവിടെ ഉപയോഗിക്കുന്നു. ഇറച്ചിക്കോഴിവളർത്തൽ ഒരു സ്ഥിരരംതൊഴിലായി പത്തിൽ താഴെ പേർ മാത്രമേ ഏറ്റെടുത്തിട്ടുള്ളു. യൂണിറ്റുകൾ പരിമിതമാണ്.

പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധന, പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന വൈക്കോലിന്റെ കുറവ്, ഇറക്കുമതിചെയ്യുന്ന വൈക്കോലിന്റെ ഗുണനിലവാരക്കുറവ് വിലവർദ്ധനവ്, തീറ്റപ്പുല്ലിന്റെ ദൗർലഭ്യം ഇവ.
2. നല്ല പശുക്കളെ വാങ്ങുവാനുള്ള സാമ്പത്തിക ശേഷി സാധാരണക്കാർക്കില്ല.
3. മെച്ചപ്പെട്ട കാലിത്തൊഴുത്തിന്റെ അപര്യാപ്തത.
4. ക്ഷീരവിപണത്തിനുള്ള സൗകര്യങ്ങൾ പല വാർഡുകളിലുമില്ല.
5. മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനങ്ങളുടെ സേവനം എല്ലാ വാർഡുകൾക്കും ലഭ്യമല്ല.
6. നല്ലയിനം മുട്ടക്കോഴികളുടെ ദൗർലഭ്യം.

പട്ടിയെ വളർത്തുന്ന വീടുകളിൽ അവയെ കെട്ടിയിട്ടു വളർത്തുകയോ പ്രതിരോധകുത്തിവയ്പുകൾ എടുക്കുകയോ ചെയ്യാത്തത് പേപ്പട്ടി ശല്യത്തിന് ഇടയാക്കുന്നു.

പട്ടിക – 3

മൃഗസംരക്ഷണം

വാർഡ്	പശു	കൂട്ടി	കാള	ആട്		കോഴി		താറാവ്		എരുമ
				ആകെ	കറക്കുന്നത്	ആകെ	മുട്ടയിടുന്നത്	ആകെ	മുട്ടയിടുന്നത്	
1	347	112	1	136	16	975	542	–	–	–
2	294	107	6	125	9	1452	777	8	–	1
3	229	87	–	56	8	1054	606	3	–	1
4	364	4	–	100	–	1273	26	26	–	–
5	301	96	3	127	10	1517	879	3	3	–
6	274	38	1	120	4	997	172	4	–	4
7	166	60	2	59	9	711	270	354	–	1
8	113	51	13	49	2	609	334	20	2	–
ആകെ	2088	555	26	772	58	8588	3606	418	5	7

അവലംബം : 1992 സാമൂഹിക സാമ്പത്തിക സർവ്വേ

പട്ടിക - 4

വില

വർഷം	വൈക്കോൽ 1 തിരിക്ക്	പാൽ ലിറ്ററിന്	മുട്ട കോഴി	മുട്ട താറാവ്
1992	2.00	7.00	0.80	1.40
1993	2.50–3.00	8.00	0.80	1.60
1994	4.00	8.50	0.90	1.75
1995	5.50	9.00	1.00	2.00
1996	7.00	10.50	1.50	2.25

നിർദ്ദേശങ്ങൾ/സാധ്യതകൾ

1. നിലവിലുള്ള മൃഗാശുപത്രിയുടെ സേവനം പഞ്ചായത്തിലെ ഭൂരിപക്ഷം കന്നുകാലികൾക്കും ലഭ്യമാകത്തക്കവിധത്തിൽ എല്ലാവാർഡുകളിലും I.C.D.P സബ്സെന്ററുകൾ സ്ഥാപിക്കുക. സഞ്ചരിക്കുന്ന മൃഗചികിത്സാ സംവിധാനം ഏർപ്പെടുത്തുക.

2. കാലിത്തീറ്റ പ്രദേശികമായി ഉൽപാദിപ്പിക്കുക. തീറ്റപ്പുൽ കൃഷിക്കുവേണ്ടി പഞ്ചായത്തു പുറമ്പോക്കുകൾ ഉപോയഗിക്കുക. സുബാബുൾ, ശീമക്കൊന്ന മുതലായവ വച്ചുപിടിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുക.

3. എല്ലാവാർഡിലും ക്ഷീരസഹകരണസംഘങ്ങൾ സ്ഥാപിക്കുക. സംഘത്തിന്റെ നേതൃത്വത്തിൽ ധാതു സംപുഷ്ടമായ കാലിത്തീറ്റ ഉല്പാദിപ്പിച്ച് ന്യായവിലക്ക് കർഷകർക്കു നൽകുക.

4. പഞ്ചായത്തിൽ ക്ഷീരസംസ്കരണ പ്ലാന്റ് സ്ഥാപിക്കുക.

5. കാലിത്തൊഴുത്തു നിർമ്മിക്കാൻ കർഷകർക്കു സഹായം നൽകുക.

6. പാലുല്പന്നങ്ങൾ ഉണ്ടാക്കുന്നതിനു പരിശീലനവും വിപണന സൗകര്യവും ഏർപ്പെടുത്തുക.

7. കന്നുകാലികളെ വാങ്ങുന്നതിന് ധനസഹായം, വായപ്കൾ ലഭ്യമാക്കുക.

8. ഇറച്ചിക്കോഴി വളർത്തുന്നതിന് പ്രോത്സാഹനം നൽകുക.

9. പഞ്ചായത്തിലേക്കാവശ്യമായ മുട്ട ഇവിടെത്തന്നെ ഉല്പാദിപ്പിക്കുന്നതിന് സംവിധാനമുണ്ടാക്കുക.

10. കന്നുകാലികൾക്ക് സൗജന്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുക. മാസ്ത്രർ പോളിസി എടുക്കുന്നതിനെപ്പറ്റി ആലോചിക്കുക.

11. പേപ്പട്ടി നിവാരണത്തിന് സ്ഥിരസംവിധാനം ഏർപ്പെടുത്തുക. നായ്ക്കൾക്ക് വാക്സിനേഷൻ, ലൈസൻസിംഗ് കർശനമായി നടപ്പാക്കുക. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക.

12. എഗ്ഗർനേഴ്സറികൾ മൃഗസംരക്ഷണവകുപ്പിന്റെ സഹകരണത്തോടു കൂടി ആരംഭിക്കുക.

13. സ്കൂൾ പാർട്ടി ക്ലബ്ബുകൾ സ്ഥാപിക്കുക.

14. ഹോട്ടൽ വേയ്സ്റ്റ് ധാരാളമായുള്ള ഇലവുംതിട്ട പ്രദേശത്ത് പന്നി വളർത്തൽ ആദായകരമായിരിക്കും.


15. കറവമാടുകൾക്ക് ഉണ്ടാകുന്ന അകിടുവീക്കത്തിന് ചികിത്സയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കണം.

16. കുളമ്പുരോഗം, കുരലടപ്പൻ, തുടങ്ങിയ മാരകരോഗങ്ങൾക്കെതിരെ പ്രതിരോധകുത്തിവയ്പിന് പ്രത്യേക സെല്ലുകൾ വേണം.

17. പക്ഷി-മൃഗാദികൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുക.

18. പഞ്ചായത്തിൽ അംഗീകൃത അറവുശാലസ്ഥാപിക്കുക.

19. ഇവിടെ ആവശ്യമുള്ള മാംസം ഇവിടെത്തന്നെ ഉല്പാദിപ്പിക്കുക.



20. മാംസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുക.

21. ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുക.

22. രണ്ടും മൂന്നും ആടുകൾ വീതമുള്ള ചെറിയ യൂണിറ്റുകൾക്ക് ധനസഹായം നൽകുക.

23. ആടുക്കളമുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക.

24. കന്നുകാലികളുടെ വളർത്തലിനോടൊപ്പം ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക.

25. കർഷക പരിശീലനത്തിനുള്ള സൗകര്യം ലഭ്യമാക്കണം.

മത്സ്യബന്ധനം

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലൂടെ ഒഴുകുന്ന 15 കി.മീറ്ററോളം വരുന്ന തോടുകളും കുന്നുകളുടെ താഴ്വാരങ്ങളിൽ ഒരിക്കലും വറ്റാത്ത ചെറിയ കുളങ്ങളുമാണ് പഞ്ചായത്തിലെ പ്രധാനപ്പെട്ട ഉപരിതല ജലസ്ത്രോസ്സുകൾ. മത്സ്യബന്ധനം തൊഴിലായോ ഉപതൊഴിലായോ ചെയ്യുന്നവർ ആരും തന്നെ ഇവിടെയില്ല.

ആറ്റുവരാൽ, മുശി, മറ്റു ചെറുതരം മത്സ്യങ്ങൾ മുതലായവയാണ് ഇവിടെ കാണാറുള്ള മത്സ്യ ഇനങ്ങൾ. മഴക്കാലത്ത് ചുരുക്കം ചിലർ മടവല ഉപയോഗിച്ച് മത്സ്യങ്ങളെ പിടിക്കാറുണ്ട്.


പുറത്തുനിന്നുമുള്ള മത്സ്യമാണ് പ്രധാനമായും ഇവിടെ വിപണനം ചെയ്യുന്നത്. ഇലവുംതിട്ട ചന്തയിൽ എല്ലാദിവസവും വൈകിട്ടും, ചന്തദിവസം (ആഴ്ചയിൽ 2 ദിവസം) കടൽമത്സ്യം വാങ്ങുവാൻ കിട്ടും. സൈക്കിളിലും തലച്ചുമടായും വില്പനക്കാർ പഞ്ചായത്തിലുടനീളം മത്സ്യം വില്ക്കാറുണ്ട്.

മത്സ്യക്കൃഷിക്കാവശ്യമായ പരിശീലനങ്ങളോ പ്രവർത്തനങ്ങളോ പഞ്ചായത്തിൽ നടക്കാറില്ല.


നിർദ്ദേശങ്ങൾ/സാധ്യതകൾ

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമുള്ള വറ്റാത്ത കുളങ്ങൾ വലുതാക്കി ശുദ്ധജല മത്സ്യക്കൃഷി ചെയ്യാവുന്നതാണ്.

2. പമ്പാ ഇറിഗേഷൻ കനാലിന്റെ അടിഭാഗത്തുള്ള 100 ഏക്കറോളം നിലം കൃഷിക്കനുയോജ്യമല്ലാതായിട്ടുണ്ട്. വെള്ളക്കെട്ടുള്ള ഈ പ്രദേശം ശുദ്ധജല മത്സ്യകൃഷിക്ക് വേണ്ടി പുനസംവീധാനം ചെയ്യുക. ചെമ്മീൻകൃഷിക്കും സാധ്യതയുണ്ട്.







5.3

വ്യവസായം

വ്യാവസായികമായി കാര്യമായ വളർച്ചയൊന്നും നേടിയിട്ടില്ലാത്ത ഒരു പഞ്ചായത്താണ് മെഴുവേലി കാർഷികമേഖലയിൽ മാത്രം പ്രവർത്തിച്ചു പരിചയിച്ചവർക്ക് മറ്റു മേഖലകളിലേക്ക് കടന്നുവരാനുള്ള വൈമുഖ്യവും ആവശ്യമായ പ്രചോദനവും പ്രോത്സാഹനവും നൽകാൻ ശ്രമം നടക്കാത്തതും ഇതിനു കാരണങ്ങളാണ്. 1957 കാലഘട്ടത്തിൽ ഇലവുംതിട്ട നെടിയകാലായിൽ വയൽവാരം ഇൻഡസ്ട്രീസ് എന്നപേരിൽ ഒരു സോപ്പു ഫാക്ടറി പ്രവർത്തിച്ചിരുന്നതാണ് ആദ്യത്തെ വ്യവസായ സംരംഭം. ഇലന്തൂർ ഖാദികേന്ദ്രത്തിന്റെ ഉപകേന്ദ്രമായി ഇലവുംതിട്ടയിൽ പ്രവർത്തിച്ചിരുന്ന നൂൽനൂൽപ്പു കേന്ദ്രവും നെടിയകാലായ്ക്കു സമീപം പ്രവർത്തിച്ചിരുന്ന നെയ്ത്തുശാലയും എടുത്തു പറയേണ്ട സ്ഥാപനങ്ങളായിരുന്നു. കയർ നിർമ്മാണവും ചില വീടുകളിൽ നടത്തിയിരുന്നു. ഒന്നാംവാർഡിൽ പ്രവർത്തിക്കുന്ന മെഴുകുതിരി നിർമ്മാണത്തിനുള്ള വനിതാവ്യവസായ സഹകരണസംഘം, ഇലവുംതിട്ട, നെടിയകാലാ പത്തിശേരി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന തടിമില്ലുകൾ, കാലിത്തീറ്റ ഫാക്ടറി, എഞ്ചിനിയറിംഗ് വർക്കുഷോപ്പുകൾ പ്രിന്റിംഗ് പ്രസ്സ്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റുകൾ, പർപ്പടക നിർമ്മാണം, സോപ്പുനിർമ്മാണം എന്നിവ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ചെറുകിട വ്യവസായ യൂണിറ്റുകളിലെല്ലാം കൂടി 164പേർ പണിയെടുക്കുന്നുണ്ട്. വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തൊട്ടാകെ 200 ഓളം S.S.I രജിസ്ട്രേഷൻ നടന്നിട്ടുണ്ടെങ്കിലും 38 യൂണിറ്റുകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളു. വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പാക്കിവരുന്ന H.D.S സ്കീമിൽ മുപ്പതോളം പേർക്ക് വ്യാവസായികലോൺ ലഭിച്ചിട്ടുണ്ടെങ്കിലും ഒന്നുപോലും തുടങ്ങിയതായി അറിയുന്നില്ല.

മെഴുകുതിരി നിർമ്മാണം നടത്തുന്ന ഉള്ളന്നൂർ വനിതാ വ്യവസായ സഹകരണസംഘം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. റബ്ബർ തടിയിൽ നിന്നും പ്ലൈവുഡ് നിർമ്മാണത്തിനാവശ്യമായ കോർവെനീർ, ബ്ലോക്ക്ബോർഡ്, സൈഡ്പ്രെയിം തുടങ്ങിയവ നിർമ്മി

ക്കുന്നതിനുള്ള ചന്ദനക്കുന്നു പട്ടികജാതി വെനീർ നിർമ്മാണവ്യവസായ സഹകരണ സംഘത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നു, ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നതും ക്ഷീരവികസന വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നതുമായ മൂന്നു പാലുല്പന്ന നിർമ്മാണ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. D.W.R.C.A. യൂണിറ്റായി പ്രവർത്തിക്കുന്ന മുലൂർ രാഗം സോപ്പ് യൂണിറ്റ് നന്നായി പ്രവർത്തിക്കുന്നുണ്ട്. ഖാദി ബോർഡിന്റെ ധനസഹായത്താൽ ഉള്ളന്നൂരിൽ ഒരു ഈറ്റ ഉല്പന്നനിർമ്മാണ യൂണിറ്റ് പട്ടികജാതി സഹകരണ സംഘമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള വ്യവസായങ്ങൾ ഒന്നുംതന്നെയില്ല. ചന്ദനക്കുന്ന് വെനീർ നിർമ്മാണയൂണിറ്റ്, തടിമില്ല് വാടകയ്ക്കെടുത്ത് പ്രവർത്തനം തുടങ്ങുന്നതിന് ആലോചിച്ചുവരുന്നു.

പരമ്പരാഗത വ്യവസായരംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് 35 രൂപാമുതൽ 50 രൂപ വരെ വേതനം ലഭിക്കുന്നുണ്ട്. ചെറുകിട വ്യവസായങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് 70 രൂപ മുതൽ 125 രൂപ വരെ കൂലി ലഭിക്കുന്നുണ്ട്.

പട്ടിക-1

നിലവിലുള്ള വ്യവസായങ്ങൾ

പേര്	എണ്ണം	തൊഴിലാളികളുടെ എണ്ണം
തടിമിൽ	3	15
വസ്ത്രനിർമ്മാണം	9	55
മഴുകുതിരി	1	5
എഞ്ചിനീയറിംഗ്	5	20
എഡിബിൾ ഓയിൽ	3	6
ഫ്ളവർ മിൽ	5	10
പ്രിന്റിംഗ്	1	5
കറിപൗഡർ	1	2
ക്യാവിറ്റിബ്ലോക്ക്	2	8
കാപ്പിപ്പൊടി	1	2
സോപ്പ്	1	6
പാലുല്പന്നങ്ങൾ	3	15
കാലിത്തീറ്റ	2	8
പർപ്പടകം	1	7
ആകെ	38	164

പ്രശ്നങ്ങൾ

1. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും വിപണന സൗകര്യങ്ങളുടെ അപര്യാപ്തതയും

2. റെഡിമെയ്ഡ് വസ്ത്രനിർമ്മാണരംഗത്ത് പല യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും ന്യായവിലയ്ക്ക് തുണിയും വിദഗ്ധോപദേശവും തക്കസമയത്ത് ലഭിക്കാത്തതുമൂലം അവ ലാഭകരമായി പ്രവർത്തിക്കുന്നില്ല.

3. കറിപൗഡർ നിർമ്മാണ യൂണിറ്റ് ഇലവുംതിട്ടയിൽ പ്രവർത്തിക്കുന്നത് മൂലധനത്തിന്റെ അഭാവത്താൽ പുരോഗമിക്കുന്നില്ല.


4. കാപ്പിപ്പൊടി നിർമ്മാണയൂണിറ്റ് പ്രതിസന്ധിയിലാണ്.

5. എണ്ണയാട്ടു മില്ലുകൾ അസംസ്കൃതസാധനങ്ങളുടെ ദൗർലഭ്യം കാരണം വ്യവസായികാടിസ്ഥാനത്തിൽ എണ്ണയുല്പാദിപ്പിക്കുകയോ വിപണനം നടത്തുകയോ ചെയ്യുന്നില്ല.

6. ഉദ്യോഗസ്ഥന്മാരുടെ നോട്ടക്കുറവു മൂലം വ്യവസായയൂണിറ്റുകൾക്കനുവദിക്കുന്ന തുക പലപ്പോഴും ഗുണഭോക്താക്കൾ ഉപയോഗപ്പെടുത്തുന്നില്ല.

7. വ്യാവസായമേഖലയിലേതിനേക്കാൾ കൂടുതൽ വേതനം മറ്റു മേഖലകളിൽ ഉള്ളതുകൊണ്ട് തൊഴിലാളികളെ വേണ്ടത്ര ലഭിക്കാറില്ല.

8. വൻകിടവ്യവസായികളുടെ പരസ്യങ്ങളിൽ ആകൃഷ്ടരായി ഉല്പന്നങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾ, വിപണനത്തിനായി ബുദ്ധിമുട്ടനുഭവിക്കുന്ന ചെറുകിടക്കാരെ പലപ്പോഴും ശ്രദ്ധിക്കാറില്ല.



പട്ടിക 2

സാദ്ധ്യതകളുള്ള വ്യവസായങ്ങൾ

1	കോൺക്രീറ്റ് കെട്ടിട നിർമ്മാണസാമഗ്രികൾ
2	ചിപ്പ്സ് നിർമ്മാണം (നേന്ത്രക്ക, കപ്പ, ഉരുളൻകിഴങ്ങ് ചക്ക)
3	ജാമുകൾ (നേന്ത്രപ്പഴം, ചക്ക, മാമ്പഴം, കൈതച്ചക്ക)
4	പേപ്പർപൾപ്പുകൊണ്ടുള്ള കരകൗശലവസ്തുക്കൾ
5	ശാസ്ത്രീയമായ കോഴിവളർത്തൽ
6	ആയുർവ്വേദമരുന്നു നിർമ്മാണം
7	ഹവായ് ചെരുപ്പ്
8	മരംകൊണ്ടുള്ള വീട്ടുപകരണങ്ങൾ
9	ഇലക്ട്രോണിക് ചോക്ക് നിർമ്മാണം
10	എമർജൻസി ലാമ്പ് നിർമ്മാണം
11	റെഡിമെയ്ഡ് വസ്ത്രങ്ങൾ
12	അലക്കു സോപ്പ്
13	സോപ്പുപൊടി നിർമ്മാണം
14	സോളാർലൈറ്റുകളും, പ്ലേറ്റുകളും
15	കളർ, Black & White T.V.
16	പാലും, പാലുല്പന്നങ്ങളും
17	കോളാ, സോഡാനിർമ്മാണം
18	റബ്ബർ നേഴ്സറി

സാധ്യതകൾ

1. സംരഭകരെ കണ്ടെത്തുകയും അവർക്ക് പ്രോത്സാഹനം നൽകുകയും ചെയ്ത് വ്യാവസായികരംഗത്ത് പുരോഗതിയുണ്ടാക്കുക.

2. വ്യവസായ സെമിനാറുകൾ നടത്തി ബോധവൽക്കരണവും അതുവഴി ജനങ്ങളിൽ ഒരു വ്യവസായ സംസ്കാരവും വളർത്തിയെടുക്കുക.

3. പഞ്ചായത്തു വക പുറമ്പോക്കു ഭൂമികളിൽ ഇൻഡസ്ട്രിയിൽ എസ്റ്റേറ്റു മാതൃകയിൽ വർക്ക് ഷെഡുകൾ നിർമ്മിച്ച് കുറഞ്ഞ വാടകയ്ക്ക് നൽകുകയും ആവശ്യമായ പ്രോത്സാഹനം നൽകുക.

4. പരമ്പരാഗത കൈത്തൊഴിലുകൾ ചെയ്യുന്നവരെ കണ്ടെത്തി അസംസ്കൃത വസ്തുക്കൾ കുറഞ്ഞ വിലക്ക് വിതരണം ചെയ്യുകയും അവരുടെ ഉല്പന്നങ്ങൾ മേളകളും മറ്റും സംഘടിപ്പിച്ച് വിറ്റഴിക്കുകയും ചെയ്യുക. തൊഴിൽ ചെയ്യുന്നതിന് ഇത്തരം പ്രവർത്തനം വഴി പ്രോത്സാഹനം നൽകാവുന്നതും ഈറ്റ, ചൂരൽ തുടങ്ങിയവ കൊണ്ടു നിർമ്മിക്കുന്ന വീട്ടുപകരണങ്ങളും അലങ്കാരവസ്തുക്കളും നിർമ്മിക്കാവുന്നതുമാണ്.

5. സർക്കാർ ഏജൻസി വഴി അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കിയാൽ ലാഭകരമായി ഇത്തരം വ്യവസായങ്ങൾ നടത്തുക.

6. പാലുല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് ആവശ്യമായ സാങ്കേതികവിദ്യയും ബാങ്ക് ധനസഹായങ്ങളും ലഭ്യമാക്കുക. മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കുക.

ആധുനികവൽക്കരണം

റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ ആധുനിക രീതിയിലുള്ള എംബ്രോയിഡറി, ബട്ടൻ ഹോളിംഗ്, സ്റ്റിച്ചിംഗ് മെഷിനുകൾ എന്നിവ സ്ഥാപിക്കുകയും നവീനഫാഷൻ വസ്ത്രങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുകയും വേണം. വസ്ത്രങ്ങൾ കയറ്റുമതി ചെയ്യുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അനുബന്ധ വ്യവസായസ്ഥാപനങ്ങളായി പ്രവർത്തിച്ചാൽ വിപണനരംഗത്തുണ്ടാകാനിടയുള്ള മത്സരങ്ങളിൽ നിന്ന് മോചനം ലഭിക്കും. ഈ രീതിയിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ സംസ്ഥാനത്തിനകത്തും പുറത്തും പ്രവർത്തിക്കുന്നുണ്ട്. ക്യാവിറ്റിബ്ലോക്കുകൾ നിർമ്മി

ക്കുന്ന സിംഗിൾ മെഷീൻ യൂണിറ്റിനു പകരം ഹൈ ഡ്രോളിക് മെഷീൻ സ്ഥാപിച്ച് കൂടുതൽ ഉറപ്പുള്ള ആധുനിക കെട്ടിടനർമ്മാണ വസ്തുക്കൾ നിർമ്മിക്കാവുന്നതാണ്. പാലുല്പന്ന യൂണിറ്റുകളിലും ആധുനിക വൽക്കരണം നടപ്പിലാക്കി ഗുണനിലവാരമുള്ള മധുര പലഹാരങ്ങളും മറ്റും നിർമ്മിക്കാൻ സാധിക്കും.

വിപുലീകരണം

വനിതാ മെഴുകുതിരി നിർമ്മാണയൂണിറ്റിനോടു ചേർന്ന് ബാർസോപ്പ്, ടോയിലറ്റ് സോപ്പ്, ചന്ദത്തിരി തുടങ്ങിയവ കൂടി നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

മുല്ലൂർരാഗം സോപ്പ് നിർമ്മാണയൂണിറ്റിൽ ഉല്പാദനം വൈവിദ്ധ്യവൽക്കരിച്ച് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

നിലവിലുള്ള റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റുകൾ പ്രവർത്തനം ഏകോപിപ്പിച്ച് ഒരു സംയുക്ത സംരഭമായി വില്പനശാലകൾ കൂടി പ്രവർത്തിപ്പിക്കണം.

എണ്ണയാട്ടുമില്ലുകളിൽ ഡബിൾഫിൽറ്റർ സംവിധാനം ഏർപ്പെടുത്തി പ്രവർത്തനം മെച്ചപ്പെടുത്താവുന്നതാണ്.

കറിപൗഡർ, കാപ്പിപ്പൊടിയൂണിറ്റുകളിൽ ഗുണമേന്മയുള്ള ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം മെച്ചപ്പെടുത്താവുന്നതാണ്.

പുതിയ യൂണിറ്റുകൾ


അടിസ്ഥാന സൗകര്യങ്ങളായ ഷെഡുകൾ, മൂലധനം, വൈദ്യുതി, വിദഗ്ദ്ധ തൊഴിലാളികൾ, വിപണന ശ്രംഖല എന്നിവ ലഭിച്ചാൽ വ്യവസായ സംരഭകർ മുന്നോട്ടു വരുന്നതാണ്. ഇതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടുകൂടി സെമിനാറുകളും മറ്റും നടത്തി ഒരു വ്യാവസായിക അന്തരീക്ഷം ഉണ്ടാക്കുകയും ഒരു സ്ഥിരം വ്യവസായസമിതി രൂപവൽക്കരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്.

വ്യക്തികൾ ഈ മേഖലയിൽ മുതൽ മുടക്കാത്ത സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ രീഫീകരിച്ച് നമ്മുടെ പ്രദേശത്ത് സുലഭമായി ലഭിക്കുന്ന റബ്ബർ, റബ്ബർ തടി എന്നിവയിലധിഷ്ഠിതമായ വ്യവസായങ്ങൾ ആരംഭിക്കേണ്ടതാണ്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള I.T.C.-യുമായി ബന്ധപ്പെടുത്തി കാർഷിക ഉപകരണങ്ങളും, ഫർണീച്ചറും നിർമ്മിക്കുന്ന ഒരു പ്രൊഡക്ഷൻ യൂണിറ്റ് സ്ഥാപിക്കാവുന്നതാണ്. ഒരു ഭക്ഷ്യ സംസ്കരണ യൂണിറ്റ്, കമ്പ്യൂട്ടർ സോഫ്റ്റ് വെയർ പ്രൊസ്സസിംഗും, ട്രെയിനിംഗും നടത്തുന്ന ഒരു യൂണിറ്റ്, ഇലക്ട്രോണിക് ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ, അലങ്കാരവസ്തുക്കൾ, എമർജൻസി ലാമ്പുകൾ, സോളാർ വിളക്കുകൾ, പാനലുകൾ തുടങ്ങിയവയും ആരംഭിക്കാവുന്നതാണ്.

വിപണനം ഒരു കാലത്തും പ്രശ്നമായിട്ടില്ലാത്തതും എക്കാലവും ആവശ്യം നിലനില്ക്കുന്നതുമായ ഒരു ഉത്പന്നമാണ് പാൽ. ലാഭകരമായി നടത്താവുന്ന ഈ വ്യവസായം ഗ്രാമപ്രദേശങ്ങളിൽ ഒരു സ്ഥിരവരുമാനമാർഗ്ഗമാക്കി നടത്താവുന്നതാണ്. അത്യുത്പാദനശേഷിയുള്ള പശുക്കളെ വളർത്തുകയും അവയ്ക്കാവശ്യമായ മൂലധനവും, തൊഴുത്തുനിർമ്മാണത്തിനാവശ്യമായ വായ്പയും ലഭ്യമാക്കുന്നതിന് ഡെയറി എക്സ്റ്റെൻഷൻ ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാവുന്നതാണ്. ക്ഷീരോല്പാദന സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ടു വിപണനം നടത്താവുന്നതും ഗ്രാമീണജനതയുടെ സാമ്പത്തികോന്നമനത്തിന് ആവശ്യമായ പ്രചരണം നടത്തേണ്ടതുമാണ്.

വിപണന സൗകര്യം

വിപണനരംഗത്തെ മത്സരങ്ങളിൽ നിന്നും രക്ഷനേടുവാൻ വ്യാവസായിക യൂണിറ്റുകൾ സംഘടിക്കുകയും അവരവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സംയുക്തമായി ഷോറൂമുകൾ സ്ഥാപിക്കുകയും മൊബൈൽ വില്പനശാലകൾ ഏർപ്പെടുത്തുകയും ചെയ്താവുന്നതാണ്. കൺസ്യൂമർ സഹകരണസംഘങ്ങൾ സ്ഥാപിച്ച് മെമ്പറന്മാരായ വ്യവസായസംഘങ്ങൾ തുല്യമായി മുതൽ മുടക്കു നടത്തുകയും ചെയ്യേണ്ടതാണ്. കാർഷിക മേഖലയിലെ മാന്ദ്യം വ്യാവസായിക വളർച്ചയിലൂടെ പരിഹരിക്കുകയും ഗ്രാമീണ ജനതയുടെ സാമ്പത്തിക വളർച്ചക്ക് ആക്കം കൂട്ടുകയും ചെയ്യുന്നതിന് ഒത്തൊരുമിച്ചുള്ളൊരു മുന്നേറ്റം നടത്തുകയും ചെയ്യാം.



5.4

വിദ്യാഭ്യാസം

മെഴുവേലിയിലെ ആദ്യകാല വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, കേരളത്തിൽ സാമൂഹ്യസമത്വത്തിനുവേണ്ടി നടന പരിശ്രമങ്ങളുടെ ഭാഗമായിരുന്നു. വിദ്യാഭ്യാസത്തിനവകാശം നിഷേധിക്കപ്പെട്ട അവശജനവിഭാഗത്തിൽപ്പെട്ട ഇവിടുത്തെ ഭൂരിപക്ഷത്തിനു വിദ്യനൽകേണ്ടത് അനുപേക്ഷണീയമായ ഒരു സാമൂഹ്യാവശ്യമാണെന്ന് ചിന്തിച്ച ഏതാനും സാമൂഹ്യപരിഷ്കർത്താക്കളുടെ നാടായിരുന്നു ഈ ഗ്രാമം. സരസകവി മൂലൂർ എസ്. പത്മനാഭപണിക്കരായിരുന്ന ഈ രംഗത്തെ ആദ്യവഴികാട്ടി. തുടർന്ന് ക്രൈസ്തവ പുരോഹിതന്മാരുടെ നിസ്തുലമായ സേവനവും ഇവിടെ സദ്ഫലം വിജയിച്ചു.

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് സരസകവിയുടെ ഭവനമായ കളരിവീട് ഒരു പ്രധാന കേന്ദ്രമായിരുന്നു. കവിതയും, കഥകളിയും, ആയുർവേദവും, സംസ്കൃതവും പഠിക്കാൻ ഇവിടെ ആളുകൾ എത്തി. ഗുരുകുല സമ്പ്രദായത്തിൽ കവി ഏവർക്കും പ്രോത്സാഹനം നൽകി. കുറുമ്പൻ ദൈവത്താൻ, ടി.ടി. കേശവശാസ്ത്രി എന്നിവരെ വളർത്തുന്നതിൽ കളരിവീട് നിർണ്ണായക പങ്കാണ് വഹിച്ചത്. ചെറിയാൻ സ്കറിയാ കത്തനാർ സ്ഥാപിച്ച ബാപ്പുജി സ്മാരകവായനശാല, ഇലവുംതിട്ട മേനോൻ സ്മാരക വായനശാല, ഉള്ളന്നൂർ ദേശീയ ഗ്രന്ഥശാല, മെഴുവേലി പ്രോഗ്രസീവ് ലൈബ്രറി മുതലായവയാണ്, ശ്രീനാരായണ വൈജയന്തി വായനശാലക്കു ശേഷം അനൗപചാരിക വിദ്യാഭ്യാസ മേഖലയിലേക്കു കടന്നു വന്നത്. അക്ഷര കേരളം സമ്പൂർണ്ണ സാക്ഷരതാ പരിപാടിയിൽ ബഹു ജനപങ്കാളിത്തത്തിനുള്ള ജില്ലാതല അവാർഡ് നമ്മുടെ പഞ്ചായത്തിന് ലഭിക്കുകയുണ്ടായി.

1903-ൽ സാൽവേഷൻ ആർമി സ്ഥാപിച്ച വിദ്യാലയവും 1906-ൽ മൂലൂർ സ്ഥാപിച്ച ഗംഗാധര വിദ്യാശാലയുമാണ് മെഴുവേലിയിലെ ആദ്യ വിദ്യാലയങ്ങൾ. കൊല്ലവർഷം 1080ൽ (AD 1904) മെഴുവേലി വലിയപള്ളിയുടെ തെക്കുവശത്ത് രണ്ടാംക്ലാസ്സ് വരെയുള്ള ഒരു സ്കൂൾ പള്ളിക്ക് അനുവദിച്ചുകൊടുക്കുകയുണ്ടായി. പിന്നീട് അത് സർക്കാരിനു വിട്ടുകൊടുത്തു അതാണ് ഇന്നു കാണുന്ന ഗവ. പ്രൈമറി സ്കൂൾ (അവലംബം: പള്ളി ജൂബിലി സുവനീർ) തെക്കേമൂത്തേരിൽ ചെറിയാൻ സ്കറിയാ കത്തനാർ നേതൃത്വം നൽകിയ ഗ്രാമോദ്ധാരണ ഐക്യസംഘമാണ് 1936-ൽ GISUPS സ്ഥാപിച്ചത്.

1915-ൽ മെഴുവേലി സന്ദർശിച്ച ശ്രീ നാരായണഗുരു നിർദ്ദേശിച്ച സ്ഥലത്ത് നാട്ടുകാർ 1928-ൽ സ്ഥാ

പിച്ച വിദ്യാലയമാണ് 1942-ൽ ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ട പത്മനാഭോദയം ഹൈസ്കൂൾ.

പട്ടിക - 1

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	സ്ഥാപിച്ച വർഷം
1	SA LPS	1903
2	Govt. GVLPS	1906
3	SMS UPS	1910
4	Govt. Model LPS	1914
5	MSCLPS ഉള്ളന്നൂർ	1928
6	PHS മെഴുവേലി	1928
7	GSNV LPS	1930
8	GISUPS	1936
9	സെന്റ് ജോൺസ് MSC LPS	1957
10	PTTI	1949

മെഴുവേലി പഞ്ചായത്തിൽ ആകെ 9 വിദ്യാലയങ്ങളാണുള്ളത്. 4 സർക്കാർ സ്കൂളുകളും 5 സ്വകാര്യ സ്കൂളുകളും. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി ശരാശരി 3 കി.മി.യിൽ കൂടുതൽ സഞ്ചരിക്കേണ്ടതില്ല. ശരാശരി 2.3 കി.മി ചുറ്റളവിനുള്ളിൽ യു.പി. വിഭാഗം സ്കൂളും 1.5 കി.മി ചുറ്റളവിനുള്ളിൽ എൽ.പി. വിഭാഗം സ്കൂളും മെഴുവേലിലുണ്ട്. ഇത് മെച്ചപ്പെട്ട വിദ്യാലയ സൗകര്യത്തിന്റെ സൂചികയാണ്.

ഏകദേശം എണ്ണൂറോളം വിദ്യാർത്ഥികൾ തൊട്ടയൽ പഞ്ചായത്തുകളിലെ വിദ്യാലയങ്ങളിൽ പഠിക്കുന്നു. ഉള്ളന്നൂർ RRUPS, നല്ലാനിക്കുന്ന് CMSUPS, കുഴിക്കാല CMSHS, മുട്ടത്തുകോണം SNDPHS, വല്ലന TKMRM HS, കാരയ്ക്കാട് SNVHS, കുളനട പഞ്ചായത്ത് HS എന്നീ വിദ്യാലയങ്ങളിലാണ് അവയോടു ചേർന്ന വാർഡുകളിൽപ്പെട്ട വിദ്യാർത്ഥികൾ പോയി പഠിക്കുന്നത്.


200-300 കുട്ടികൾ കോഴഞ്ചേരി, ചെങ്ങന്നൂർ, പന്തളം, കാരയ്ക്കാട്, കിടങ്ങന്നൂർ, ഊന്നുകൽ, ചെന്നീർക്കര തുടങ്ങിയ സ്ഥലങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിൽ വാഹനങ്ങളിൽ പോയി പഠിക്കുന്നുണ്ട്. ഈ പ്രവണത അടുത്തകാലത്തായി വർദ്ധിച്ചുവരികയാണ്. ഫ്രീ സ്കൂൾ വിദ്യാഭ്യാസത്തിന് മെച്ചപ്പെട്ട സംവിധാനങ്ങൾ ഈ പഞ്ചായത്തിലില്ലാത്തതും ഇംഗ്ലീഷ് മീഡിയത്തോടുള്ള അമിതമായ അഭിനിവേശവും പൊതുവിദ്യാലയങ്ങളുടെ നിലവാരത്തെപ്പറ്റിയുള്ള വിലയിരുത്തലുകളുമാവാം ഇതിനു കാരണം.

നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ 96-97 അധ്യയനവർഷത്തിൽ ആകെ 1603 വിദ്യാർത്ഥികളാണു പഠിക്കുന്നത്. ഇവരിൽ 746 പേർ (46.53%) പെൺകുട്ടികളാണ്. പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾ 425 (26.51%).

ആകെയുള്ളതിൽ 111 (6.92%) പേർ തോറ്റുപഠിക്കുന്നവരാണ്. ഇവരിൽ 58.56% പട്ടികജാതിയിൽപ്പെട്ടവരാണ്. അതേപോലെ തോറ്റുപഠിക്കുന്നവരിൽ കൂടുതലും ആൺകുട്ടികളാണ് 64.86%

കഴിഞ്ഞ 5 വർഷത്തിനിടയ്ക്കു പഠനം നിർത്തിയ 18 പേരുണ്ട്. അവരിൽ ഭൂരിഭാഗവും (72.22%) SC വിഭാഗത്തിൽപ്പെട്ടവരാണ്. 8,9, ക്ലാസ്സുകളിൽ വച്ചാണ് കൂടുതൽ കുട്ടികളും പഠനം നിർത്തുന്നത്. പഠനം നിർത്തുന്നവരുടെ 83.33% ഇങ്ങനെയുള്ളവരാണ്.

25 മുതൽ 34 ശതമാനം വരെയാണ് പത്താം ക്ലാസ്സ് ഒഴികെയുള്ള ക്ലാസ്സുകളിൽ പട്ടികജാതി വിദ്യാർത്ഥികളുടെ പങ്കാളിത്തം. പത്താം ക്ലാസ്സിലാവട്ടെ 15.97% SC കുട്ടികളെയുള്ളു. കഴിഞ്ഞ ഏതാനും വർഷങ്ങളായി പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ മിക്കതിലും കുട്ടികളുടെ എണ്ണം കുറഞ്ഞുവരികയാണ്. (പട്ടിക - 2 നോക്കുക)



പട്ടിക – 2

മെഴുവേലി പഞ്ചായത്ത് വിദ്യാർത്ഥികളുടെ എണ്ണം

	വിദ്യാലയത്തിന്റെ പേര്	89–90	90–91	91–92	92–93	93–94	94–95	95–96	96–97
1	സെന്റ്ജോൺസ് MSC LPS	91	95	94	107	106	106		82
2	മോഡൽ LPS	180	179	171	150	140	141		121
3	SALPS	109	103	100	101	91	83		65
4	Govt. GVLPS	232	233	228	234	230	207		171
5	GISUPS	94	95	96	104	103	125		127
6	SMS UPS	277	269	225	226	193	196		201
7	Govt. SNV LPS	147	134	130	119	117	115		102
8	PHS മെഴുവേലി	867	842	844	834	800	736		675
	Total	1997	1950	1888	1875	1780	1709		1603

കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ കുട്ടികളുടെ എണ്ണം 20 ശതമാനം കുറയുകയുണ്ടായി കുട്ടികളില്ല എന്നകാരണം പറഞ്ഞ് മെഴുവേലി ഈസ്റ്റ് എൽ.പി. സ്കൂൾ സർക്കാർ അടച്ചുപൂട്ടുകയുണ്ടായി. 3 വിദ്യാലയങ്ങളിൽ 100–ൽ താഴെ വിദ്യാർത്ഥികളാണുള്ളത്. ഏറ്റവും കുറവ് വിദ്യാർത്ഥികൾ ഉള്ളന്നൂർ MSC LPS ലാണുള്ളത്. ഈ മൂന്നു വിദ്യാലയങ്ങളും എയ്ഡഡ് വിദ്യാലയങ്ങളാണ്. ഇതിൽ രണ്ട് വിദ്യാലയങ്ങളിൽ ആവശ്യത്തിന് അധ്യാപകരില്ല. ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന പ്രൈമറി സ്കൂൾ ജി.വി.എൽ.പി എസാണ്. ഈ സ്കൂളിലും അടുത്തകാലത്ത് 2 ഡിവിഷൻ നഷ്ടപ്പെടുകയുണ്ടായി. പൊതുവിദ്യാലയങ്ങളിൽ കുട്ടികളെ ചേർക്കുന്നതിന് രക്ഷാകർത്തൃസമൂഹം പ്രകടിപ്പിക്കുന്ന വൈമുഖ്യം മാറ്റിയെടുക്കാൻ പ്രാദേശികതലത്തിൽ എന്തുചെയ്യാൻ കഴിയുമെന്നാലോചിക്കേണ്ടതുണ്ട്.

സാധ്യായദിനങ്ങളുടെ ലഭ്യത: 95–96ൽ ശരാശരി 193 അധ്യയന ദിനങ്ങൾ പ്രൈമറിസ്കൂൾക്കു ലഭിച്ചു. ഹൈസ്കൂളിൽ 185.5 ദിവസവും. സമരമൂലം നഷ്ടപ്പെട്ടദിനങ്ങൾ പ്രൈമറി സ്കൂളുകളിൽ (ഒരു സ്കൂളിലൊഴികെ) ഇല്ലെന്നു തന്നെ പറയാം. ഹൈസ്കൂളിലാകട്ടെ 4.5 ദിവസം സമരത്താൽ നഷ്ടപ്പെടുകയുണ്ടായി. എന്നാൽ പ്രത്യേക പൊതു അവധികളിലൂടെ നഷ്ടപ്പെട്ട ദിനങ്ങൾ ഇതിലും കൂടുതലാണ്. ഈ ഇനത്തിൽ എല്ലാ വിദ്യാലയങ്ങളിലും ആറുദിവസം നഷ്ടപ്പെടുകയുണ്ടായി. ഈ കണക്കുകൾ വ്യക്തമാക്കുന്നത് പഠനനിലവാരത്തെ സ്വാധീനിക്കുന്ന പ്രധാനഘടകങ്ങളിലൊന്നായി പരിഗണിക്കുന്ന സാധ്യായദിനങ്ങൾ 'വൻതോതിൽ' ഈ പഞ്ചായത്തിൽ നഷ്ടപ്പെടുന്നില്ല എന്നാണ്. 95–96ൽ കൂടുതൽ സാധ്യായദിനങ്ങൾ ലഭിച്ചിട്ടും അതു വിജയശതമാനത്തിൽ പ്രതിഫലിക്കുകയുണ്ടായില്ല. കൂടുതൽ സാധ്യായദിനങ്ങൾ ലഭിച്ചതുകൊണ്ടു മാത്രം പഠനനിലവാരം ഉയരില്ല എന്നും മറ്റൊട്ടേറെ ഘടകങ്ങൾ കൂടി പ്രാദേശികതലത്തിൽ മെച്ചപ്പെടുത്തേണ്ടതുണ്ടെന്നുമാണ് ഇതു സൂചിപ്പിക്കുന്നത്.

മെഴുവേലിയിൽ ട്യൂഷൻ സമ്പ്രദായം വർദ്ധിച്ചുവരികയാണ്. രക്ഷിതാക്കൾ പോഷണ വിദ്യാഭ്യാസ

ത്തിന് സൗകര്യമൊരുക്കുന്നുവെങ്കിലും അത് വിജയ ശതമാനത്തെ കാര്യമായി വർദ്ധിപ്പിക്കുന്നില്ല.

പട്ടിക – 3

PHS. S.S.L.C വിജയശതമാനം

വർഷം	ശതമാനം
86–87	22.27%
87–88	28.47%
88–89	40.52%
89–90	22.16%
90–91	43.91%
91–92	38.62%
92–93	46.82%
93–94	46.45%
94–95	49.31%
95–96	35.62%

കഴിഞ്ഞ 10 വർഷത്തെ SSLC വിജയശതമാനം പരിശോധിക്കുകയുണ്ടായി. 94–95 ലാണ് ഏറ്റവും കൂടുതൽ വിജയശതമാനം രേഖപ്പെടുത്തിയിട്ടുള്ളത് 49.31%. 95–96 ലാവട്ടെ വിജയശതമാനം വളരെ താഴ്ന്നു 35.62% കഴിഞ്ഞ ഏതാനും വർഷങ്ങളായി വർദ്ധിച്ചുവന്ന നിരക്ക് പൊടുന്നനെ താഴുകയാണുണ്ടായത്. ഇത് 92ലെ നിരക്കിനേക്കാൾ കുറവാണ്. പത്താംക്ലാസ്സ് പരീക്ഷക്കിരിക്കുന്നവരിൽ 65 ശതമാനം പേരും തോൽക്കുന്നു. ഭൂരിപക്ഷം പേരും തോറ്റ സർട്ടിഫിക്കറ്റും പേറി സ്കൂളിൽ നിന്നും സമൂഹത്തിലേക്കു വരികയാണ്. നാടിന്റെ നാളകളെ രൂപപ്പെടുത്തേണ്ടവർ ഇങ്ങനെയാകുന്നത് ഒരു സമൂഹത്തിനും ഭൂഷണമല്ല.

ഈ വർഷത്തെ പാദവാർഷിക പരീക്ഷയുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ പൊതുനിലവാരം പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക – 4

സ്റ്റാൻഡേർഡ് X PHS


ആകെ കുട്ടികൾ	30% ൽ താഴെ മാർക്കു വാങ്ങിയവർ	30–40% മാർക്കു ലഭിച്ചവർ	40–50 മാർക്കു ലഭിച്ചവർ	50–60% മാർക്കു ലഭിച്ചവർ	60% മുകളിൽ മാർക്കു ലഭിച്ചവർ
118	53	20	18	14	13
ശതമാനം	44.92%	16.95%	15.25%	11.86%	11.02%

മുപ്പതു ശതമാനത്തിൽ താഴെ മാർക്കുവാങ്ങുന്ന 44.92% കുട്ടികളാണുള്ളത്. ഇവർക്ക് അടിസ്ഥാന കാര്യങ്ങൾ ഉറച്ചിട്ടുണ്ടാവില്ലഎന്നുവേണം അനുമാനിക്കാൻ. 30–40% മാർക്കു വാങ്ങുന്ന 16.95 ശതമാനം കുട്ടികളുണ്ട് അവരെ പ്രത്യേകം ശ്രദ്ധിക്കുകയും പ്രയാസമുള്ള വിഷയങ്ങളിൽ പ്രത്യേക പോഷണ ക്ലാസ്സുകൾ നൽകുകയും സ്കൂളിലേക്കും വീട്ടിലേക്കും പഠനാന്തരീക്ഷം മെച്ചപ്പെടുത്തുകയും ചെയ്താൽ ഈ വർഷം മെച്ചപ്പെട്ട റിസൽട്ടു പ്രതീക്ഷിക്കാം.

ആകെ 71 അദ്ധ്യാപകരാണ് പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ സേവനമനുഷ്ഠിക്കുന്നത്. 3 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. അദ്ധ്യാപകരിൽ 85% വും സ്ത്രീകളാണ്. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കേരളത്തിന്റേതിനേക്കാൾ കുറവാണ്. 1:23 എന്നതാണ് നമ്മുടെ പഞ്ചായത്തിലെ കണക്ക്.

സ്കോളർഷിപ്പു പരീക്ഷയ്ക്കു വിദ്യാർത്ഥികൾ എഴുതാറുണ്ടെങ്കിലും വിജയിക്കുന്നവരുടെ എണ്ണം നാമമാത്രമാണ്. 1995–96 വർഷത്തിൽ സ്കൂൾ കോംപ്ലക്സിന്റെ ഭാഗമായി നടത്തിയ സർവ്വേപ്രകാരം 3 വർഷത്തിനിടയ്ക്ക് സ്കോളർഷിപ്പിനർഹരായവർ 20 പേരാണ്.

ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ എല്ലാ വിദ്യാലയങ്ങളും മെച്ചപ്പെട്ട അവസ്ഥയിലല്ല. ഒരു വിദ്യാലയമൊഴികെ എല്ലാ സ്കൂളുകളിലും കുടിവെള്ള സൗകര്യം ഉണ്ട്. 3 വിദ്യാലയങ്ങളിൽ മാത്രമാണ് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മൂത്രപ്പുരകൾ ഉള്ളത്. 5 വിദ്യാലയങ്ങൾക്കു മാത്രമേ കക്കൂസ്സുള്ളു.



വൈദ്യുതീകരിച്ച നാലു വിദ്യാലയങ്ങളാണുള്ളത്. ഏഴു വിദ്യാലയങ്ങളിൽ ആവശ്യത്തിനു ബഞ്ചുകളില്ല. 3 വിദ്യാലയങ്ങളിൽ ആവശ്യത്തിനു ബോർഡുകളില്ല. ചുറ്റുമതിൽ ഉള്ള വിദ്യലയങ്ങളുടെ എണ്ണം 3.

ലൈബ്രറി എല്ലാ സ്കൂളുകളിലുമുണ്ട്. ഏറ്റവും കൂടുതൽ പുസ്തകങ്ങൾ ഉള്ള പ്രൈമറി സ്കൂൾ ഗവ. മോഡൽ LPS ആണ്. 604 എണ്ണം. 3 വിദ്യാലയങ്ങളിൽ റേഡിയോ ഉള്ളപ്പോൾ 5 വിദ്യാലയങ്ങളിൽ ടേപ്പ്റിക്കാർഡർ ഉണ്ട്. മെഴുവേലി PHS-ൽ കമ്പ്യൂട്ടർ ഉണ്ട്. രണ്ടു സ്കൂളുകളിൽ ഉച്ചഭാഷിണിയുമുണ്ട്.

SMS UPS, MSCLPS, സെന്റ് ജോൺസ് LPS, PHS എന്നിവയ്ക്കാണ് കളിസ്ഥലം ഉള്ളത്. സ്കൗട്ട് & ഗൈഡ് ഒരു വിദ്യാലയത്തിലും പ്രവർത്തിക്കുന്നില്ല. ലബോറട്ടറി സയൻസ് കോർണർ എല്ലാ വിദ്യാലയങ്ങളിലുമുണ്ട്. സാഹിത്യസമാജങ്ങളും എല്ലായിടത്തും പ്രവർത്തിക്കുന്നു. 4 വിദ്യാലയങ്ങളിൽ ഹെൽത്തു ക്ലബ്ബും അഞ്ചിടത്ത് സയൻസ് ക്ലബ്ബും ഒരിടത്ത് റിഡേഴ്സ് ക്ലബ്ബും പ്രവർത്തിക്കുന്നുണ്ട്. (95–96ലെ കണക്ക്). പച്ചക്കറിത്തോട്ടമുള്ള വിദ്യാലയങ്ങളില്ല.

എല്ലാ സ്കൂളുകളും യൂണിഫോം ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ വാർഷികം നടത്താറുണ്ട്. മാതൃസമിതികൾ പ്രവർത്തിക്കുന്നു.

പട്ടിക – 5

	വിദ്യലയത്തിന്റെ പേര്	ഉടമ സ്ഥത	ക്ലാസ്സ്	കുട്ടികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം			നിയമനം ഒഴിവു കളുടെ എണ്ണം	വേണ്ടഅധ്യാപക വിദ്യാർത്ഥി അനുപാതം
				ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ		
1	SA LPS	സ്വകാര്യം എയ്ഡഡ്	1–4	45	20	65	1	2	3	1	21.66
2	GV LPS	സർക്കാർ	1–4	97	74	171	–	6	6	–	28.5
3	SNV LPS	സർക്കാർ	1–4	56	46	102	–	5	5	–	20.4
4	MSC LPS Ullannoor	സ്വകാര്യം എയ്ഡഡ്	1–4	36	23	59	1	2	3	1	19.66
5	SMS UPS	സർക്കാർ	1–7	106	95	201	1	9	10	–	20.1
6	Model LPS	സർക്കാർ	1–4	71	50	121	–	4	4	1	30.25
7	GIS UPS	സ്വകാര്യം എയ്ഡഡ്	5–7	66	61	127	1	5	6	–	21.16
8	St. Johns LPS	സ്വകാര്യം എയ്ഡഡ്	1–4	38	44	82	–	4	4	–	20.5
9	PHS	സ്വകാര്യം എയ്ഡഡ്	5–10	342	333	675			30	–	22.5
	ആകെ		857	746	1603			71	3	22.58	

പത്തനംതിട്ട ജില്ലയിലെ ആദ്യത്തെ സ്കൂൾ കോംപ്ലക്സ് മെഴുവേലിയിൽ 1995 ഫെബ്രുവരിയിലാ രംഭിച്ചു. പ്രവർത്തനങ്ങൾ പടിപടിയായി പുരോഗമി ക്കുകയാണ്. അക്കാദമികേതര രംഗത്താണ് പ്രധാന മായും പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചത്. ഒരു തവണ ജനകീയ മോണറ്ററിംഗ് നടത്തുകയുണ്ടായി. അക്കാ ദമിക കാര്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകണം. LP, UP, HS ന് പ്രത്യേകം സബ്കമ്മിറ്റികൾ രൂപീക രിച്ചു പ്രവർത്തിക്കാൻ കഴിയണം. കോംപ്ലക്സിന്റെ പ്ര വർത്തനങ്ങളിൽ അധ്യാപകരുടെ നേതൃത്വപരമായ പങ്ക് വർദ്ധിപ്പിക്കേണ്ടതുണ്ട്. രൂപീകരിച്ചിട്ടുള്ള അക്കാദമിക് കമ്മിറ്റി, മോണിറ്ററിംഗ് കമ്മിറ്റി സ്കൂൾതല കമ്മിറ്റി കൾ പഞ്ചായത്ത് പി.ടി.എ. ഇവയുടെ പ്രവർത്തനം കാ ര്യക്ഷമമാക്കണം.

പട്ടിക – 6


ഭൗതിക സൗകര്യങ്ങൾ

	വിദ്യാലയത്തിന്റെ പേര്	ഭൂമി	കളിസ്ഥലം വിസ്തീർണ്ണം	മൂത്രപ്പുര എണ്ണം	ഇനി ആവശ്യമുള്ള മൂത്രപ്പുര	കക്കൂസ്സുകൾ	കുടിവെള്ള സംവിധാനം	നിലവിലുള്ള ഫർണീച്ചറുകൾ	ഇനി ആവശ്യമുള്ളവ				
									ബോർഡ്	ഡസ്ക്	ബഞ്ച്	മേശ	കസേര
1	SA LPS	14 സെന്റ്	ഇല്ല	ഇല്ല	2	ഇല്ല	ഉണ്ട്	ഇല്ല	-	20	10	1	-
2	Govt. GV LPS	1 ഏക്കർ 2 സെന്റ്	ഇല്ല	1	1	ഇല്ല	ഉണ്ട്	ഇല്ല	-	34	10	1	-
3	G. SNV LPS	60 സെന്റ്	ഇല്ല	2	-	2	ഉണ്ട്	ഇല്ല	2	10	18	3	7
4	MSC LPS	35 സെന്റ്	25 സെന്റ്	1	1	1	ഉണ്ട്	മതിയാകും	-	16	4	-	1
5	G. SMS LPS	1 ഏക്കർ 12 സെന്റ്	40 സെന്റ്	ഇല്ല	3	ഇല്ല	ഉണ്ട്	ഇല്ല	3	15	15	4	10
6	G. Model LPS	60 സെന്റ്	ഇല്ല	2	-	1	ഉണ്ട്	ഇല്ല	-	5	-	3	10
7	GIS UPS	1 ഏക്കർ 25 സെന്റ്	ഇല്ല	1	1	ഇല്ല	ഇല്ല	ഇല്ല	1	10	10	3	6
8	St. Johns MSCLPS	1 ഏക്കർ	15 സെന്റ്	2	-	1	ഉണ്ട്	ഇല്ല	-	16	-	-	-
9	PHS	12 ഏക്കർ	2 ഏക്കർ	1	4	2	ഉണ്ട്	ഇല്ല	1	50	50	20	20

ജനകീയ ആസൂത്രണ പരിരാടിയുടെ ഭാഗമായി ചേർന്ന ഗ്രാമസഭകൾ വിദ്യാഭ്യാസ മേഖലയിലെ പ്ര ശ്നങ്ങൾ വിശദമായി ചർച്ചചെയ്തു. പ്രീപ്രൈമറി, തു ടർസാക്ഷരത ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വി ദ്യാഭ്യാസം, പി,ടി.എ കമ്മിറ്റികളുടെ പ്രവർത്തനം, വി ദ്യാഭ്യാസനിലവാരം, ഭൗതിക സൗകര്യങ്ങൾ, പാഠപു സ്തകങ്ങൾ ലഭിക്കാത്തത്, സ്കൂൾ കോംപ്ലക്സ് തുട ങ്ങിയവയാണ് പ്രധാനമായും ചർച്ചചെയ്ത്.

ഗ്രാമസഭാ ചർച്ചകളുടെയും ദ്വതീയ വിരങ്ങളു ടെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസരംഗത്തെ പ്ര ശ്നങ്ങൾ ഇങ്ങനെ ക്രോഡീകരിക്കാം.

- പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം തൃ പ്തികരമല്ല.
- SSLC വിജയശതമാനം കുറഞ്ഞു വരുന്നു.
- തോറ്റുപഠിക്കുന്നവരിലും പഠനം നിറുത്തുന്നവ രിലും പട്ടിക ജാതിവിഭാഗത്തിലുള്ള കുട്ടിക ളാണു കൂടുതൽ. പഠനകാര്യത്തിൽ പിന്നോക്ക വുമാണ്. ഇതാരും ശ്രദ്ധിക്കുന്നില്ല.
- പാഠപുസ്തകങ്ങൾ യഥാസമയം ലഭിക്കുന്നില്ല.
- സ്കൂളിൽ ആവശ്യമായ പഠനോപകരണമില്ല
- എല്ലാ രക്ഷാകർത്താക്കളുടെയും ഭൗതിക സൗ കര്യങ്ങൾ മെച്ചമല്ല.
- അങ്കണവാടി ബാലവാടികൾക്ക് ആവശ്യമായ സൗകര്യങ്ങളില്ല.
- SSLC കഴിയുന്നവർക്കു തുടർ പഠനത്തിനായി 10 കി.മീറ്ററിൽ കൂടുതൽ സഞ്ചരിക്കേണ്ടി വരുന്നു.
- ITC-യിൽ മാത്രമെ തോഴിൽസാധ്യതയുള്ള കോ ഴ്സുകൾ ഉള്ളു.
- തുടർ വിദ്യാഭ്യാസ പരിപാടികൾ നടക്കുന്നില്ല.



നിർദ്ദേശങ്ങൾ / സാധ്യതകൾ

1. പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ വിദ്യാഭ്യാസഗുണനിലവാരം വർദ്ധിപ്പിക്കണം ഇതിനായി:-

- സ്കൂൾ കോംപ്ലക്സ് പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുക.
- അക്കാദമിക കാര്യങ്ങൾ പ്രതിമാസം വിലയിരുത്തുക.
- അദ്ധ്യാപകർക്ക് പുന:പരിശീലനം നൽകുക.
- പഠനത്തിൽ പിന്നോക്കം നൽകുന്നവർക്കായി പ്രത്യേകം കോച്ചിംഗ് ക്ലാസ്സുകൾ നടത്തുക.
- SSLC റിസൽട്ട് പടിപടിയായി ഉയർത്താനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക.
- പാഠപുസ്തകങ്ങൾ ജൂൺ ആദ്യം തന്നെ വിദ്യാർത്ഥികൾക്കു ലഭ്യമാക്കുക.
- പഠനോപകരണങ്ങൾ ഉറപ്പാക്കുക.
- അധ്യാപകനിയമനം / ട്രാൻസ്ഫർ ഇവയിലെ കാലതാമസം ഒഴിവാക്കുക.
- പിന്നോക്ക വിഭാഗത്തിൽപ്പെട്ട കുട്ടികളും പഠന നിലവാരം ഉയർത്താനുള്ള പരിപാടികൾ ആവിഷ്കരിക്കുക.
- ലബോറട്ടറിയുടെ സൗകര്യം പ്രയോജനപ്പെടുത്തി ശാസ്ത്രവിഷയങ്ങൾ പഠിപ്പിക്കാൻ ശ്രമിക്കുക.
- 7 മുതൽ ഇംഗ്ലീഷ് വിദ്യാഭ്യാസം കാര്യക്ഷമമാക്കുക.
- ഹൈസ്കൂളിലെ കമ്പ്യൂട്ടർ വിദ്യാഭ്യാസം കാലക്ഷമമാക്കുക.
- ഭൗതിക സൗകര്യങ്ങൾ ആവശ്യം വേണ്ടത് അടിയന്തിരമായി ഒരുക്കിക്കൊടുക്കുക.
- SMS UPS, SNV LPS എന്നിവയുടെ മേൽക്കൂര ഓല മേഞ്ഞതാണ്. പകരം ഓട്/ഷീറ്റ് ഇവയാക്കുക.
- അറ്റകുറ്റപ്പണികൾ സ്കൂൾ തുറക്കുന്നതിനു മുമ്പു പൂർത്തിയാക്കുക.
- അങ്കണവാടികൾക്ക് സ്വന്തമായികെട്ടിടം കളിസ്ഥലം കളിപ്പാടങ്ങൾ മുതലായവ ഉറപ്പാക്കുക.
- കളിസ്ഥലം നിർമ്മിക്കാൻ സ്ഥലമുള്ള സ്കൂളുകളിൽ സന്നദ്ധപ്രവർത്തനത്തിലൂടെ കളിസ്ഥലം നിർമ്മിക്കു.
- അങ്കണവാടി ബാലവാടി പ്രീസ്കൂൾ പ്രവർത്തനങ്ങൾ ആകർഷമാക്കുന്നതിന് പഞ്ചായത്ത് തലത്തിലും വാർഡുതലത്തിലും ജനകീയ കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തിക്കുക.

3 തുടർ വിദ്യാഭ്യാസപരിപാടി ബഹുജനങ്ങൾക്കായി ക്ലബ്ബുകൾ മുഖേന സംഘടിപ്പിക്കുക.

- SSLC തോറ്റു നിൽക്കുന്നവർക്ക് തുടർപഠനത്തിന് സാമ്പത്തിക സഹായവും പ്രോത്സാഹനവും നൽകുക.
- SALPS, SMS UPS എന്നിവിടങ്ങളെ ഷിഫ്റ്റ് സമ്പ്രദായം നിറുത്തുക.
- PTA യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ പഞ്ചായത്തടിസ്ഥാനത്തിൽ നടത്തുക.
- തൊഴിൽ സാധ്യത കൂടുതലുള്ള സാങ്കേതിക വിദ്യാഭ്യാസം നൽകുക. ഇതിനായി ITC-യിലുള്ള റോഡുകളുടെ എണ്ണം വർദ്ധിപ്പിക്കുക.
- ഉന്നതവിദ്യാഭ്യാസത്തിനായി ഒരു കോളേജ് (സഹകരണം/സ്വകാര്യം/സർക്കാർ) സ്ഥാപിക്കുക. (തൊഴിൽസാധ്യതകളുള്ള കോഴ്സുകൾ ആവണം നടത്തേണ്ടത്).
- പത്മനാഭോദയം ഹൈസ്കൂളിനെ വൊക്കേഷണൽ ഹയർ സെക്കൻഡറി ആയി ഉയർത്തുക.
- മൂലൂർ സ്മാരകം ഒരു നാടൻ കലാഗവേഷണ കേന്ദ്രമാക്കുക.






വിദ്യാഭ്യാസ നിലവാരം

പട്ടിക - 7

(1192 ലെ സാമൂഹിക സാമ്പത്തിക സർവ്വെ) മെഴുവേലി ഗ്രാമപഞ്ചായത്ത്

വാർഡ് നമ്പർ	നിരക്ഷരർ	സ്കൂളിൽ പോകാത്ത സാക്ഷരർ	പ്രൈമറി പൂർത്തിയാക്കാത്തവർ	പ്രൈമറി വിദ്യാഭ്യാസം	അപ്പർ പ്രൈമറി	സെക്കൻഡറി	പ്രീഡിഗ്രി	ബിരുദം	ബിരുദാനന്തര ബിരുദം	പ്രൊഫഷണൽ	ഐ.ടി.ഐ/ ഐ.ടി.സി	ഡിപ്ലോമ	മറ്റുള്ളവ	റിമാർക്ക്
	1	2	3	4	5	6	7	8	9	10	11	12	13	14
1	62	85	134	322	611	388	78	54	14	19	40	14	3	
2	60	54	348	422	788	432	97	92	19	6	22	23	1	
3	40	64	149	247	455	410	114	98	22	31	32	13	1	
4	52	34	207	270	682	435	110	69	26	16	44	17		
5	24	86	292	334	733	365	65	52	26	7	28	15		
6	44	47	312	437	606	299	57	35	8	10	9	5		
7	18	38	126	164	237	270	60	47	17	7	16	6		
8	55	52	174	225	448	368	84	87	15	14	49	12	2	
ആകെ	355	460	1742	2421	4560	2967	665	534	147	110	240	105	7	
%	2.48	3.21	12.17	16.91	31.86	20.73	4.65	3.73	1.03	0.77	1.68	0.73	0.05	



5.5

കുടിവെള്ളവും പൊതുജനാരോഗ്യവും

ഴുവേലി പഞ്ചായത്തിലെ ജനങ്ങൾ കുടിക്കുവാനും കുളിക്കുവാനും മുഖ്യമായും കിണറുകളെയാണ് ആശ്രയിക്കുന്നത്. ആകെ 3307 വീടുകൾ ഉള്ളതിൽ 2423 വീടുകൾക്കുമാത്രമാണ് സ്വന്തമായി കിണറുകളുള്ളത്. കൂടാതെ 175 പൊതു കിണറുകളും. അതായത് 73.27% വീടുകൾക്ക് കിണറുകൾ സ്വന്തമായുണ്ട്. 26.73% വീടുകൾ അന്യവീട്ടിലെ കിണറുകളേയും പൊതുകിണറുകളേയും ആശ്രയിക്കുന്നു. കുടിവെള്ളത്തിനായി കുളങ്ങളെ ആശ്രയിക്കുന്ന വീടുകൾ ഒന്നുംതന്നെ ഇല്ല. എന്നാൽ വേനൽക്കാലത്ത് കുടിനീരിനായി കുളങ്ങളെയും ആശ്രയിക്കുന്നുണ്ട്. കോളനിവാസികൾ പൊതുകിണറുകളെയാണ് ആശ്രയിക്കുന്നത്. മെഴുവേലി ഹരിജൻ കോളനിക്കു മാത്രം ശുദ്ധജലവിതരണ സംവിധാനം ഉണ്ട്. പൊതുജലവിതരണ സംവിധാനങ്ങൾ നാമമാത്രമാണ്. ചെന്നീർക്കര, മെഴുവേലി വാട്ടർസപ്ലൈ സ്കീമിൽ നിന്നുള്ള പൈപ്പ്ലൈൻ മെഴുവേലി ഹൈസ്കൂൾ ജംഗ്ഷൻവരെ എത്തുന്നുണ്ട് എങ്കിലും പൂർണ്ണമായ പ്രയോജനം കിട്ടുന്നില്ല. പഞ്ചായത്തിലെ 5% ആളുകൾക്കേ ഇതിന്റെ ഭാഗികമായ പ്രയോജനം കിട്ടുന്നുള്ളു. പബ്ലിക്ടാപ്പുകൾ 30, ഹൗസ്കണക്ഷൻ 71. ഈ സ്കീമിൽ നിന്നും ഇനി കൂടുതൽ നീളത്തിൽ പൈപ്പ് സ്ഥാപിക്കാൻ കഴിയാത്ത അവസ്ഥയാണ്. ഓവർ ഹെഡ്ടാങ്കിനേക്കാൾ ഉയർന്ന നിരപ്പിലാണ് പഞ്ചായത്തിലെ ഭൂരിപക്ഷം പ്രദേശങ്ങളും.

പട്ടിക 1

വേനൽക്കാലത്ത് കുടിവെള്ള ക്ഷാമമനുഭവപ്പെടുന്ന പ്രദേശങ്ങൾ

വാർഡ് I	കരിങ്ങാലിമോടി, പൊടിമണ്ണ്, ആര്യാട്ടുമോടി
വാർഡ് II	കല്ലോരത്തുമോടി, പുതുശ്ശേരിമല ഭാഗം, തോണ്ടിയാമോടി
വാർഡ് III	കുര്യൻചിറ, തുണ്ടുകാട് സ്കൂൾഭാഗം, കരിംകുറ്റിയിൽ ഭാഗം, മലങ്കാവ് പള്ളിഭാഗം, മുളംതടം
വാർഡ് IV	മീഞ്ചിറയ്ക്കൽമോടി, ആലിന്റെകിഴക്കേതിൽ, പള്ളപ്പാശ്ശേരി, പാറപ്പാട്ടുമോടി
വാർഡ് V	ചന്ദനക്കുന്ന്, കുറവം പ്രാക്കൽ തെക്കേമുറിഭാഗം, കല്ലുകാലാ, ഒടിയൂഴം, നെല്ലിക്കാട്ടിൽ, നാരങ്ങാട്ടുമുരുപ്പ്, തുണ്ടംപ്ലാവ്, കാവുംപുറം
വാർഡ് VI	മിക്കപ്രദേശങ്ങളിലും
വാർഡ് VII	പൂക്കൈത, വാത്തിപ്പറമ്പ്, പെണ്ണുക്കര, നെപ്പിക്കൽ
വാർഡ് VIII	നാമക്കുഴി, മഞ്ഞത്തറ, ഇടക്കുന്ന്, മക്കോളിക്കൽ

മുകളിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ സ്ഥലങ്ങളും ഉയർന്ന സ്ഥലങ്ങളാണ്. കുഴൽക്കിണറുകളോ പൊതു ജലവിതരണ സംവിധാനമോ ആണ് ഉപയുക്തം.

പഞ്ചായത്തിലെ 45.39% വീടുകൾക്ക് സ്വന്തമായി കക്കൂസുകൾ ഇല്ല. സാമ്പത്തിക പരാധീനതയാണ് കക്കൂസുകൾ ഉണ്ടാക്കാതിരിക്കുന്നതിനുള്ള കാരണം. മലിനജലം കെട്ടികിടക്കുന്ന സ്ഥലങ്ങൾ പഞ്ചായത്തിൽ ഇല്ല എന്നു പറയാം. നീരൊഴുക്കു തോടുകൾ എല്ലാം വേനൽക്കാലത്തു വറ്റി വരളുന്നവയാണ്. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ സ്ഥിതി ഇ.എസ്സ്.പി കക്കൂസുകൾക്ക് അനുകൂലമാണ്. ചപ്പുചവറുകൾ നീക്കം ചെയ്യാനുള്ള സംവിധാനം സ്ഥിരമായി നിലവിലില്ല. പഞ്ചായത്തിൽ ഒരു സ്ലോട്ടർ ഹൗസ് ഇല്ലാത്തതിനാൽ ഇറച്ചിക്കായി ഉപയോഗിക്കുന്ന കന്നുകാലികളുടെ അവശിഷ്ടങ്ങൾ അലക്ഷ്യമായി വലിച്ചെറിയുകയാണ്. ഇത് പരിസര മലിനീകരണത്തിന് ഇടയാകുന്നു. ഇലവുംതിട്ട മാർക്കറ്റിൽ ആണ് ഇതിന്റെ രൂക്ഷത ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത്. കൊതുകു നിവാരണത്തിനുള്ള ഒരു സംവിധാനവും ഇപ്പോൾ നിലവിലില്ല. വർദ്ധിച്ച തോതിലുള്ള റബ്ബർകൃഷി കാരണം പഞ്ചായത്തിലെ എല്ലാ പ്രദേശത്തും കൊതുകുശല്യം വർദ്ധിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ

1. ചെന്നീർക്കര മെഴുവേലി വാട്ടർ സപ്ലൈസ്കീമിൽ നിന്നുള്ള പൈപ്പുകൾ മെഴുവേലി H.S. Jn. വരെ എത്തുന്നുണ്ടെങ്കിലും അത് പൂർണ്ണമായും പ്രയോജനമല്ല.


2. എല്ലാ വാർഡുകളിലും വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളുണ്ട്.

നിർദ്ദേശങ്ങൾ

1. വാട്ടർ സപ്ലൈസ്കീം പൂർണ്ണമായും പ്രയോജനപ്രദമാക്കുക.
2. പഞ്ചായത്തിനുമൊത്തം പ്രയോജനപ്പെടുന്നവിധത്തിൽ ഒരു വാട്ടർ സപ്ലൈസ്കീം നടപ്പിലാക്കുക.
3. മെഴുവേലി, കുളനട വില്ലേജുകൾക്കുള്ള റൂറൽ വാട്ടർ സപ്ലൈസ്കീം എത്രയും വേഗം നടപ്പിലാക്കുക.
4. പൊതുകിണറുകളുടെയും കുളങ്ങളുടെയും അറ്റ കുറ്റപ്പണികൾ പൂർത്തിയാക്കുക.
5. പ്രധാനപ്പെട്ട സ്ഥലങ്ങളിലും, ജലദൗർലഭ്യമുള്ള ഭാഗങ്ങളിലും ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലും പൊതു പൈപ്പുകൾ സ്ഥാപിക്കുക.
6. കാലാകാലങ്ങളിൽ വീടുകളിലെ കിണറുകളിലും പൊതു കിണറുകളിലും ക്ലോറിനേഷൻ നടത്താൻ പഞ്ചായത്തിൽ നിന്നും വേണ്ട നടപടിസ്വീകരിക്കണം.
7. ഭൂഗർഭ ജലസമ്പത്ത് വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ ജലക്കുഴികൾ തടയണകൾ മഴക്കാലത്ത് പഞ്ചായത്ത് സബ്സിഡിയോടെ നിർമ്മിക്കുക. കുളങ്ങളുടെ ആഴവും വിസ്തൃതിയും വർദ്ധിപ്പിക്കുക.
8. അശാസ്ത്രീയമായ കുഴൽക്കിണർ നിർമ്മാണം. കുടിവെള്ള സ്രോതസുകളെ ബാധിക്കുന്നതിനാൽ ഇക്കാര്യത്തിൽ ശാസ്ത്രീയ സമീപനം സ്വീകരിക്കുക.

ആരോഗ്യം

മെഴുവേലി പഞ്ചായത്തിലെ ജനസംഖ്യ 16762 ആണ്. ഇതിൽ 7872 പുരുഷന്മാരും 8890 സ്ത്രീകളുമാണുള്ളത്. ഒരു വയസ്സിനുതാഴെ പ്രായമുള്ള 95 കുട്ടികളും 1 മുതൽ 3വരെ പ്രായമുള്ള 417 കുട്ടികളും 3–6 വരെ പ്രായക്കാർ 522 ഉം ഉണ്ട്. 107 ഗർഭിണികളായ സ്ത്രീകളും 143 മുലയൂട്ടുന്ന അമ്മമാരും ഉണ്ട്. മുൻവർഷത്തെ ജനനനിരക്ക് 6.5% ആണ്. (സംസ്ഥാന ശരാശരി 17% ആണ്). ഇത് പഞ്ചായത്തിലെ മെച്ചപ്പെട്ട കുടുംബക്ഷേമപ്രവർത്തനത്തെ സൂചിപ്പിക്കുന്നു. പഞ്ചായത്തിലെ മരണനിരക്ക് 2.1% ആണ്. (സംസ്ഥാന ശരാശരി 5.9%). പഞ്ചായത്തിലെ വൈകല്യനിരക്ക് 0.13%



ആണ്. അതായത് അന്ധരായവർ 4, ബധിരർ 5, ചലന വൈകല്യമുള്ളവർ 12. (അവലംബം: ICDS, 1995)

രോഗാതുരത:- ആകെയുള്ള ജനസംഖ്യയുടെ 0.51% (86പേർ) സ്ഥായിയായ രോഗബാധിതരാണ്. രക്ത സമ്മർദ്ദം, പ്രമേഹം, കാൻസർ,ക്ഷയരോഗം, ഹൃദ്രോഗം എന്നിവയാണ് രോഗങ്ങൾ. പഞ്ചായത്തിലെ 7-ാം വാർഡിൽപ്പെട്ട പൂക്കൈത ഭാഗത്ത് എല്ലാവർഷവും മഞ്ഞപ്പിത്തരോഗബാധ ഉണ്ടാകാറുണ്ട്. കുട്ടികളിൽ 40%ത്തിനും ദന്തരോഗം കാണപ്പെടുന്നു. പഞ്ചായത്ത് പൊതുവേ പകർച്ചവ്യാധികളിൽ നിന്നും മോചിതമാണ്.

കുട്ടികളുടെ പോഷണ നിലവാരം

1 വയസ്സിൽ താഴെയുള്ള കുട്ടികളിൽ 193 പേർ നോർമലായവരും 56 പേർ ലഘുവായ പോഷകക്കുറവുള്ളവരും 7 പേർ മിതമായ പോഷകക്കുറവുള്ളവരുമാണ്. ഗുരുതരമായ പോഷകക്കുറവുള്ളവർ ആരുംതന്നെയില്ല. 1 മുതൽ 3 വരെ പ്രായക്കാരിൽ നോർമലായവർ 234 പേരും ലഘുവായ പോഷകക്കുറവുള്ളവർ 79 പേരും മിതമായ പോഷകക്കുറവുള്ളവർ 14 പേരും ഉണ്ട്. 3-6 വയസ്സുകാരിൽ 299 പേർ നോർമലായവരും ലഘുവായ പോഷകക്കുറവുള്ളവർ 101 പേരും മിതമായക്കുറവുള്ളവർ 11 പേരും ഉണ്ട്. ഗുരുതരമായ പോഷകക്കുറവുള്ള കുട്ടികൾ ഇവിടെ ഇല്ല.

ഒരു കുട്ടിമാത്രമുള്ള 482 അമ്മമാരും 2-3 വരെ കുട്ടികളുള്ളവർ1026 പേരും 3ൽ കൂടുതലുള്ളവർ 185 പേരും ഉണ്ട്. കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച 1 കുട്ടിയുള്ള അമ്മമാർ 122 പേരും 2 മുതൽ 3 വരെയുള്ളവർ 1029 പേരും 3ൽ കൂടുതലുള്ളവർ 193 പേരും ഉണ്ട്.

പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ഉച്ചക്കഞ്ഞി വിതരണം ഉണ്ട്. പഞ്ചായത്തിൽ ഇപ്പോൾ എല്ലാ വാർഡുകളിലും അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ അങ്കണവാടികളിൽ നിന്നും പോഷകാഹാരം വിതരണം ചെയ്യപ്പെടുന്നുണ്ട്.

സ്ഥാപനങ്ങൾ

മെഴുവേലി പഞ്ചായത്തിലെ PHC ഒന്നാംവാർഡിലാണ് സ്ഥിതിചെയ്യുന്നത്. മെഴുവേലി, അയത്തിൽ മഞ്ഞിപ്പുഴ എന്നിവിടങ്ങളിൽ (4,5,6 എന്നീ വാർഡുകളിൽ) സബ്സെന്ററുകളും പ്രവർത്തിക്കുന്നു. PHC യിൽ ഒരു മെഡിക്കൽ ഓഫീസറും, 1 ഫാർമസിസ്റ്റ്, 2ഹെൽത്ത് ഇൻസ്പെക്ടർമാർ, 3 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ഒരു ലേഡി ഹെൽത്ത് ഇൻസ്പെക്ടർ, 4 പബ്ലിക് ഹെൽത്ത് നേഴ്സ്, ഒരു നേഴ്സിംഗ് അസിസ്റ്റന്റ് തുടങ്ങിയവർ ഉൾപ്പെടെ 17 പേർ ഉണ്ട്. ജൂനിയർ H.I മാരുടെ 2 തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. മെഴുവേലി നാലാം വാർഡിൽ ഒരു സർക്കാർ ഹോമിയോ ആശുപത്രിയും നെടിയകാലായിൽ (വാർഡ് VI) ഒരു സർക്കാർ ആയുർവേദ ഡിസ്പെൻസറിയും പ്രവർത്തിക്കുന്നു. ഇവയ്ക്കു സ്വന്തമായി കെട്ടിടം ഇല്ല. ഇതു കൂടാതെ സ്വകാര്യമേഖലയിൽ നാമമാത്രമായ സൗകര്യമുള്ള 1 അലോപ്പതി ആശുപത്രി ഇലവുംതിട്ടയിലും ഇലവുംതിട്ട, മെഴുവേലി എന്നിവിടങ്ങളിലായി മൂന്ന് ഹോമിയോ ഡിസ്പെൻസറികളും, കുറിയാനിപ്പള്ളി, കോങ്കുളഞ്ഞി, ഇലവുംതിട്ട എന്നിവിടങ്ങളിലായി 3 ആയുർവേദവൈദ്യശാലകളും പ്രവർത്തിക്കുന്നുണ്ട്.

മെഴുവേലി PHC പഞ്ചായത്തിന്റെ ഒരു കോണിൽ (ഒന്നാം വാർഡിൽ) ആയതിനാലും ആ ഭാഗത്തേക്ക് യാത്രാസൗകര്യം ഇല്ലാത്തതിനാലും PHC യുടെ പ്രയോജനം പഞ്ചായത്തിലെ മറ്റ് സ്ഥലങ്ങളിലുള്ളവർക്ക് ലഭിക്കുന്നില്ല. PHC-യിൽ 10 കിടക്കകളുള്ള ഒരു വാർഡ് എം.പിയുടെ ഫണ്ടിൽ നിന്നുള്ള ധനസഹായത്തോടെ പണിപൂർത്തീകരിച്ച അവസ്ഥയിലാണ്. അതുപോലെ ഹോമിയോഡിസ്പെൻസറിക്ക് സ്ഥലവും, പണികൾക്കായി പണവും പൊതുജനങ്ങളിൽ നിന്നും പിരിച്ചിട്ടുണ്ട്. പണിതുടങ്ങാൻ കഴിഞ്ഞിട്ടില്ല. ആയുർവേദ ആശുപത്രിക്ക് കെട്ടിടം ഉണ്ടാകേണ്ടതുണ്ട്.

പഞ്ചായത്തിലെ ജനങ്ങളുടെ മെച്ചപ്പെട്ട ജീവിത നിലവാരവും ഉയർന്ന സാമൂഹ്യബോധവും കാരണം എല്ലാ ദമ്പതികളും സന്താന നിയന്ത്രണം സ്വീകരിച്ചവരാണ്. ഇതുകാരണം ജനനനിരക്ക് സംസ്ഥാന ശരാശരിയേക്കാൾ കുറഞ്ഞിരിക്കുന്നു.

പ്രശ്നങ്ങൾ

1. P.H.C പഞ്ചായത്തിലെ ഒരു കോണിൽ സ്ഥിതിചെയ്യുന്നതിനാൽ അതിന്റെ പ്രയോജനം എല്ലാവർക്കും

ലഭിക്കുന്നില്ല.

2. P.H.C യിൽ രാത്രികാലങ്ങളിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല.

3. എല്ലാ വാർഡുകളിലും P.H.C യ്ക്ക് സബ്സെന്റർ ഇല്ല. ഉള്ളവയിൽത്തന്നെ മരുന്നും ഡോക്ടറുടെ സേവനവും ലഭ്യമല്ല.

4. പഞ്ചായത്തിലെ ഏഴാം വാർഡിൽപ്പെട്ട പൂക്കൈത ഭാഗത്ത് എല്ലാവർഷവും മഞ്ഞപ്പിത്തരോഗബാധ ഉണ്ടാകാറുണ്ട്.

5. പഞ്ചായത്തിൽ 40% കുട്ടികൾക്കും ദന്തരോഗങ്ങൾ കാണുന്നു.

6. പഞ്ചായത്തിലെ പകുതിയോളം വീടുകൾക്കും സ്വന്തമായി കക്കൂസുകൾ ഇല്ല.

7. കൊതുകുശല്യം കൂടുതലായി അനുഭവപ്പെടുന്നു.

നിർദ്ദേശങ്ങൾ

1. മെഴുവേലി P.H.C.-യുടെ സബ്സെന്ററുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുകയും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുകയും അവിടെ മരുന്നും ഡോക്ടറുടെ സേവനവും ഏർപ്പെടുത്തുകയും ചെയ്യുക.

2. മെഴുവേലി P.H.C. യിൽ കിടത്തി ചികിത്സയ്ക്ക് സൗകര്യമുണ്ട്. അതിനുള്ള അനുവാദം ഗവണ്മെന്റിൽ നിന്നും നേടിയെടുക്കുക.

3. ദന്തശുചിത്വത്തെപ്പറ്റി ബോധവൽക്കരണം നടത്തുകയും ആയതിനുവേണ്ട മെഡിക്കൽക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുക.

4. നേത്രരോഗനിർണയ ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ സന്നദ്ധ സംഘടനകളെ പ്രോത്സാഹിപ്പിക്കുക.

5. മാതൃശിശുസംരക്ഷണ കേന്ദ്രങ്ങളിൽക്കൂടി പോഷകാഹാരം ആവശ്യമുള്ളവർക്ക് വിതരണം ചെയ്യുകയും പോഷകഗുണമുള്ള ആഹാരം കഴിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ബോധവൽക്കരണം നടത്തുകയും ചെയ്യുക.

6. പഞ്ചായത്തിൽ സ്വന്തമായി കക്കൂസില്ലാത്തവർക്ക് ഉടൻതന്നെ കക്കൂസുകൾ കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

7. കൊതുകു നിവാരണത്തിന്, നിലവിലുള്ള കിണറുകളും, ജലാശയങ്ങളും ക്ലോറിനേറ്റു ചെയ്യുന്നതിന് രണ്ട് പ്രൊജക്ടുകൾ നടപ്പിലാക്കുക.


8. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ സ്ഥിതി ഇ.എസ്സ്.പി കക്കൂസുകൾക്ക് അനുകൂലമാണ്.

9. ആരോഗ്യപ്രവർത്തകരുടെ ഭവനസന്ദർശന പരിപാടി ഊർജ്ജിതപ്പെടുത്തുക.

10. ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിന് സ്ഥിരമായ സംവിധാനം ഉണ്ടാക്കുക.

11. ഇലവുംതിട്ട മാർക്കറ്റിൽ ഒരു സ്ലോട്ടർ ഹൗസ് സ്ഥാപിക്കുക.





5.6

ഗതാഗതവും ഊർജ്ജവും

ഏതൊരു പഞ്ചായത്തിന്റെയും വികസനം ആ പ്രദേശത്തെ ഗതാഗതസൗകര്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. മെഴുവേലി പഞ്ചായത്തിൽ വളരെ വിപുലമായ റോഡ് ശൃംഖലതന്നെയാണുള്ളത്. ആകെ റോഡുകളുടെ നീളം 91.18 കി.മീറ്റർ ആണ്. റോഡുകളുടെ വാർഡുതല വിവരണം ചുവടെ പട്ടികയിൽ ചേർക്കുന്നു.

വാർഡ്	പക്കാറോഡ് കി.മി	P.W.D. റോഡ് കി.മി	മെറ്റൽ റോഡ് കി.മി	ആകെ
I	10.30	2.56	-	12.86
II	10.53	2.93	-	13.46
III	8.99	3.00	0.5	12.49
IV	10.59	1.95	-	12.54
V	11.16	2.0	0.25	13.42
VI	10.42	1.30	-	11.72
VII	5.92	1.01	0.90	7.33
VIII	6.55	1.0	-	7.55
ആകെ	74.45	15.74	1.65	91.18

അവലംബം : പഞ്ചായത്ത് റോഡ് രജിസ്റ്റർ

റോഡുകളുടെ ആകെ വിസ്തൃതി പഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ 5 ശതമാനത്തോളം വരുന്നു. ടാറിട്ട റോഡുകൾ P.W.D വകയും JRY സ്കീമിൽ ബ്ലോക്കിൽ നിന്നും ടാറിട്ടത് ആകുന്നു.

ഗതാഗതമാർഗ്ഗങ്ങൾ

പ്രധാന സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പഞ്ചായത്തിലൂടെ കടന്നുപോകുന്ന ബസ്സ് സർവീസ് ഉള്ള മുഖ്യറോഡുകൾ ഇവയാണ്.

1. ചെങ്ങന്നൂർ – കാരിത്തോട്ട – പത്തനംതിട്ട
2. ചെങ്ങന്നൂർ – കിടങ്ങന്നൂർ – പത്തനംതിട്ട
3. ചെങ്ങന്നൂർ – കാരയ്ക്കാട് – കോഴഞ്ചേരി
4. ചെങ്ങന്നൂർ – നീർവിളാകം – പന്തളം
6. കോഴഞ്ചേരി – കുറിയാനിപ്പള്ളി – പന്തളം
7. കോഴഞ്ചേരി – ഇലവുംതിട്ട – പന്തളം
8. പത്തനംതിട്ട – നെടിയകാല – പന്തളം
9. പത്തനംതിട്ട – ഇലന്തൂർ – ചെങ്ങന്നൂർ

പ്രാദേശിക ഗതാഗത സൗകര്യങ്ങൾ

പഞ്ചായത്തിനുള്ളിൽ ലഭിക്കുന്ന ഗതാഗതോപാധിയായ ടാക്സിക്കാർ, ഓട്ടോറിക്ഷാ എന്നിവ ലഭിക്കുന്ന സ്ഥലങ്ങളുടെ വിവരങ്ങൾ

ടാക്സികാർ – മെഴുവേലി, കുറിയാനിപ്പള്ളി, ഇലവുംതിട്ട,

ഓട്ടോറിക്ഷ – മെഴുവേലി, കുറിയാനിപ്പള്ളി, ഇലവുംതിട്ട, ആലക്കോട്

ജീപ്പ് – ഇലവുംതിട്ട

ചരക്ക് ഗതാഗതം

ചരക്ക് ഗതാഗതത്തിനായി പ്രധാനമായും ടെമ്പോ, ലോറി, ജീപ്പ് എന്നിവയാണ് ഉപയോഗിക്കുന്നത്. പ്രധാന ജംഗ്ഷൻ ആയ ഇലവുംതിട്ടയിൽ ആണ് ചരക്ക് ഗതാഗതത്തിനാവശ്യമായ വാഹനങ്ങൾ കൂടുതൽ ലഭിക്കുന്നത്.

പ്രശ്നങ്ങൾ

മെഴുവേലി പഞ്ചായത്തിലെ റോഡുകൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ

1. റോഡുകളുടെ വശങ്ങളിൽ ഓടയില്ലാത്തതിനാൽ മഴക്കാലത്ത് ഗതാഗതം തടസ്സപ്പെടുന്നു. റോഡുകൾ താറുമാറാകുന്നു.
2. റോഡിനരികിലുള്ള വൈദ്യുത, ടെലിഫോൺ പോസ്റ്റുകൾ അപകടസാദ്ധ്യത ഉണ്ടാക്കുന്നു.
3. റോഡിൽ ഭവനനിർമ്മാണ സാമഗ്രികൾ ഇറക്കുന്നത് ഗതാഗതത്തെ ബാധിക്കുന്നു.
4. ഇടുങ്ങിയ കൊടും വളവുകൾ അപകടങ്ങളെ വിളിച്ചുവരുത്തുന്നു.
5. കാലാകാലങ്ങളിൽ റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്താതിരിക്കുന്നത്.
6. കലുങ്കുകളുടെ ദൗർലഭ്യം.

സാധ്യതകൾ

1. ബഹുജന പങ്കാളിത്തത്തോടുകൂടി റോഡുകളുടെ അറ്റകുറ്റപ്പണി നടത്താൻ പരിപാടി.
2. എല്ലാ റോഡുകളിലെയും ഓടകൾ വൃത്തിയാക്കി ശരിയായ രീതിയിൽ വെള്ളം ഒഴുകാൻ അനുവദിക്കുക.
3. റോഡ് സംരക്ഷിക്കാൻ പ്രാദേശിക ജനകീയ സമിതികൾ രൂപീകരിക്കുക.


നിർദ്ദേശങ്ങൾ

ഗ്രാമസഭയിലെ ചർച്ചയിൽ നിന്നും ഉയർന്നു വന്നിട്ടുള്ള റോഡ് നിർമ്മാണത്തെക്കുറിച്ചുള്ള എല്ലാ നിർദ്ദേശങ്ങളും താഴെകൊടുക്കുന്നു.

പുതിയറോഡുകൾ നിർമ്മിക്കേണ്ടത്

വാർഡ് I

1. പൊട്ടൻമല – ഇടകിഴക്കേതിൽപ്പടി – 1000 m.
2. പ്ലാന്തടം – മുമ്മൂല – 1000 m.



3. ചിറപ്പാട്ടു പടി – നികരുകാലാ – 500 m
4. പാണ്ടിശ്ശേരിപ്പടി – മലദേവർക്ഷേത്രം – 750 m.
5. പൊട്ടൻമല – മുമ്മൂല – 750 m.

വാർഡ് II

1. കുന്നുംപുറം – കാവിൽപ്പടി – 400m.
2. നികരിയുഴത്തിൽ – ചിറയത്ത് – 150 m.
3. പള്ളിക്കിഴക്കേതിൽപ്പടി – കുന്നത്ത്പടി – 30 m.

വാർഡ് III

1. മുളങ്കുഴി – വേലൻചിറപ്പടി – 450 m.
2. മലഞ്ചരുവിൽപ്പടി – മുയാങ്കൽ – 200m
3. കുറുമുട്ടം കനാൽപ്പാലം – അക്കരെവടക്കേൽ ഭാഗം – 250 m.
4. മണ്ണംകുളഞ്ഞി – പുവണ്ണുമുട് – 300 m.
5. വായനശാല കക്കുളഞ്ഞി വഴി – നേപ്പുകല്ലുങ്കൽപ്പടി – 300 m.
6. കിടങ്ങന്നൂർ C.S.I - കരിങ്കുറ്റിയ്ക്കൽ മല–350 m.
7. കോങ്കുളഞ്ഞി – കാലായിൽപ്പടി തുണ്ടിയിൽപ്പടി – 150 m.
8. കുളത്തുംപാട്ടുപടി – മോടിൻപ്പടി – 250 m.
9. കൊല്ലന്റയ്ത്ത് പടി – മുളയക്കാലാപ്പടി – 130 m.
10. നെടുമ്പ്രാമുറി – പുല്ലേലിപുഞ്ച – 100 m.

വാർഡ് III

1. ഞാറമൂട്ടിൽപ്പടിതോട് മുകളിലോട്ട് – 150 m.
2. വാലുകാട്ടിൽ – ഇടക്കുന്ന് – 200 m.
3. ചേമ്പുംകണ്ടത്തിൽപ്പടി – കൊല്ലൻ വടക്കേതിൽപ്പടി – 700 m.
4. മാവിനാൻപ്പടി – മുളംതടം പടി – 400 m.
5. മാവിനാൽപ്പടി – കൊല്ലരേത്ത്പടി – 150 m.
6. പാറപ്പാട്ടുപടി – പാറപ്പാട്ടു ഹരിജൻകോളനി – 200 m.
7. വാലിൽപ്പടി – കുളത്തുംപാട്ട് – 150m.
8. വലിയമണ്ണിൽപ്പടി – കോളേജ് റോഡ് – 200 m.
9. മഴവിൻ ചേരിൽ – വിളയിൽ – 250 m.

വാർഡ് V

1. തെക്കേലയ്യം – പുത്തൻപുരപ്പടി
2. തോപ്പിൽപ്പടി – നെല്ലിക്കുന്ന് പടി – 500 m.
3. കുളക്കട അമ്പലം – ചൂരപ്പെട്ടിനെടിയകാലാ – 700 m.
4. മുലൂർ സ്മാരകം – തുണ്ടൻപ്ലാവ് – 180 m.
5. ചന്ദനക്കുന്ന്ലക്ഷംവീടു കോളനി – മുടവനാൽപ്പടി
6. മൂലൂർ ജംഗ്ഷൻ – തുണ്ടുകാലാ
7. വട്ടക്കാലാ – പുളിനിൽക്കുന്നതിൽ

വാർഡ് VI

1. വെള്ളിലഞ്ഞി – മാമ്പറവഴി പണിൽ – 600 m.
2. നെടിയകാലാ ലക്ഷംവീടു കോളനി – അമ്പാടിമുക്ക് – 500 m.
3. കമലാലയം – അമ്പോറ്റിമോടി ഹൈ. സ്കൂൾ ജംഗ്ഷൻ – 400 m.
4. വെട്ടുഴത്തിൽ കോളനി – മെഴുവേലി ഹൈസ്കൂൾ ജംഗ്ഷൻ – 500 m.
5. ഹെൽത്ത് സെന്റർ – മഞ്ഞിപ്പുഴ – 700 m.
6. അമ്പാടി – പാറമണ്ണം

വാർഡ് VII


1. നെപ്പിയ്ക്കൽ ടി.വി. ജംഗ്ഷൻ – കൊച്ചുകോയിക്കൽപ്പടി – 500 m.
2. ആണർകോട് – മുള്ളൻ വാതുക്കൽ തെക്കേക്കരക്ഷേത്രം – 100 m.
3. മണ്ണിൻപ്പടി – മുരുപ്പേൽ ഭാഗം – 350 m.
4. ചരിവിൽപ്പറമ്പുപടി – കയ്യാലയ്ക്കൽപ്പടി – 250m.
5. വാത്തിപ്പറമ്പുപടി – പടുവാട്ടുകുളഞ്ഞി മാർത്തോമ്മപ്പള്ളി പടി – 500 m.
6. ഇലവുംതിട്ട മാർക്കറ്റ് – ചന്ദനക്കുന്ന് – 200m.
7. മുരുപ്പേൽപടി – നെപ്പിയ്ക്കൽ ടി.വി. ജംഗ്ഷൻ – 150 m.
8. ഇരമത്തിൽ – മണ്ണിൽപ്പടി

വാർഡ് VIII

1. തലത്തായിപ്പടി – മൗണ്ട്റോഡ് – 300 m.
2. കാഞ്ഞിരംനിൽക്കുന്നതിൽ – പേഴുംകാട് ജംഗ്ഷൻ – 500 m.
3. ഇടക്കുന്ന് മലയിൽ – തുണ്ടംപ്ലാവ് ജംഗ്ഷൻ – 200 m.
4. ഇടക്കുന്ന് ജംഗ്ഷൻ – മൂലൂർ ജംഗ്ഷൻ – 200m.
5. ഇടക്കുന്ന് ജംഗ്ഷൻ– ശിവജി ജംഗ്ഷൻ – 500m.
6. തലത്തായിപ്പടി–കൊല്ലന്റെ വടക്കേതിൽപ്പടി – 500m.
7. കുന്നുംപുറം – ജോയിപ്പടി – 200 m.

ടാർ ചെയ്യേണ്ട റാഡുകൾ

1. കുറിയാനിപ്പള്ളി – കുഴിയിൽപ്പടി – 1 Km.
2. യക്ഷിയമ്പലം – തവിട്ടപ്പൊയ്ക – 1.5 km.
3. കുളക്കരപ്പടി – പ്രാഥമികാരോഗ്യകേന്ദ്രം–1 km.
4. മുണ്ടോക്കുളഞ്ഞി – പുലിപ്പാറപടി – 750 m.
5. കാരിത്തോട്ട – കിടങ്ങന്നൂർ – 2 km.
6. വടക്കേക്കരപ്പടി – തോണ്ടിയാമോടി – 1 km.
7. കൂടുവെട്ടിക്കൽ – കിടങ്ങന്നൂർ – 1.5 km.
8. കൂടുവെട്ടിക്കൽ – വെട്ടുപാറ – 1 km.
9. എരിഞ്ഞനാകുന്ന് – പള്ളം – 750 m.
10. വായനാശാലമുക്ക് – എരിഞ്ഞനാകുന്ന് – 2 km.
11. തുണ്ടുകാട് – കരിംകുറ്റിക്കൽ – 2 km.
12. നെടുംകുളഞ്ഞി – കരിംകുറ്റിക്കൽ – 2 km.
13. തുണ്ടുകാട് ജംഗ്ഷൻ – ഓലക്കാലാ – 11/2 km.
14. മുക്കുഴി – വലിയപറമ്പിൽപടി
15. കല്ലുക്കാട്ട്പടി – പുത്തൻപറമ്പിൽ പടി
16. മലങ്കാവ് – പുല്ലൻപ്പടി
17. മണ്ണൻകുളഞ്ഞി – മുളങ്കുഴി
18. ഹൈസ്കൂൾ ജംഗ്ഷൻ – വലിയമൺ – പത്തിശ്ശേരി – 3 km.
19. വാലിൽപ്പടി – ഞാറയിൽപ്പടി – 2 km.
20. ഹൈസ്കൂൾ ജംഗ്ഷൻ – അമ്പാടി ജംഗ്ഷൻ –1 km.
21. പുലുവാരത്തിങ്കൽപ്പടി – വട്ടപ്പറമ്പിൽപടി – 700m.
22. പറമ്പിൽപ്പടി – കുറിയാനിപ്പള്ളി – 700 m.
23. പീടികയിൽ പടിഞ്ഞാറ്റേതിൽ – തെക്കേലയ്യം – 1.5 km.
24. കുളക്കട – മൂലൂർ ജംഗ്ഷൻ
25. കുളക്കട – ആലക്കോട് – 1 km.
26. നെടിയകാല – ചൂരപ്പെട്ടി – 1.5 km.
27. മുടവനാൽ – ഒടിയുടത്തിൽ – 1 km.
28. ചന്ദനക്കുന്ന് – കാമ്പിശ്ശേരിൽപ്പടി മൂലൂർ റോഡ് – 2 km.
29. മൂലൂർ ജംഗ്ഷൻ – ചന്ദ്ര പ്രാപടി
30. തുണ്ടൻപ്ലാവ് – ഓലക്കാല പടി
31. മുടവനാൽപ്പടി – ഒടിയുഴത്തിൽ
32. കല്ലുംമോടി – പ്ലാന്തോട്ടം – ആണർകോട്
33. നെടിയകാലാ – പറമണ്ണം – കയ്യാന്തടം
34. നെടിയകാലാ – ഇലവുംതിട്ട ദേവീക്ഷേത്രം – 1.5 km.
35. നെടിയകാലാ – സഹൃദയവേദി നഗർ – 750 m.
36. കയ്യംതടം–ഇലവുംതിട്ട ക്ഷേത്രംറോഡ് – 2 km.
37. ഇലവുംതിട്ട –കണ്ഠൻകാളി ജംഗ്ഷൻ – 800 m.
38. കുരിശിൻപടി – പൂപ്പൻകാലാമോടി – 500 m.
39. പ്ലാവിളയിൽപ്പടി – നെപ്പിക്കൽ റോഡ് – 750 m.
40. ടെലിഫോൺ എക്സ്. ജംഗ്ഷൻ – പട്ടിരേത്ത് കുരുമല – 300 m.
41. ഇലവുംതിട്ട – തൊഴുക്കോട് – 750 m.
42. ആണർകോട് – പടുവാട്ടുകുളഞ്ഞി – 350 km.
43. ആണർകോട് – പൂക്കൈത – 2 km.
44. ചന്ദനക്കുന്ന് – മുട്ടത്തുകോണം – 700 m.
45. ചന്ദനക്കുന്ന് – മക്കുവള്ളിക്കൽ – 1 km.
46. ചന്ദനക്കുന്ന് – ഇരുന്നുക്കുഴിയ്ക്കൽ – 2 km.
47. മുക്കട – ചേന്നൻമാവിനാൽപ്പടി – 500 km.
48. ചക്കിട്ട – മണ്ണിൻപ്പടി – 1.25 km.
49. മഞ്ഞത്തറ – മലയുടെകിഴക്കേതിൽ – 1 km.
50. ഇടമല– ഇരുന്നുക്കുഴിയ്ക്കൽ–നാമക്കുഴി – 2km.



പാലം, കലുങ്ക്, റോഡുവീതി കൂട്ടൽ, അതിരുഭിത്തികൾ നിർമ്മിക്കേണ്ട റോഡുകൾ

വടക്കേക്കരപ്പടി – മലദേവർകുന്ന് ക്ഷേത്രം – 2.5 km. (തവിട്ടപ്പൊയ്ക – സൈഡ്കെട്ട്)

പറയങ്കര – ആര്യാട്ടുമോടി – 1 km.

ആര്യാട്ടുമോടി – കുഴിയിൽ ലക്ഷം വീടുകോളനി–500m.

പുന്നകുളഞ്ഞി ലക്ഷംവീട് കോളനിയിലേക്കുള്ള വരമ്പ് സൈഡ്കെട്ട് – 500 m.

പള്ളം എരിഞ്ഞനാകുന്ന് റോഡ് പന്തളം കോഴഞ്ചേരി റോഡിൽ ചേരുന്ന സ്ഥലത്ത് കലുങ്ക് അത്യാവശ്യം.

പള്ളിക്കിഴക്കേതിൽപ്പടി – കാവുംപടി – വീതികൂട്ടി സൈഡ്കെട്ട് (ചിലയിടങ്ങളിൽ)

കൂടുവെട്ടിക്കൽ – കിടങ്ങന്നൂർ (സൈഡ് കെട്ട്)– 200m.

കുന്നുംപുറം – പന്തളത്തുറോഡ് – 1 km.

തവിട്ടപ്പൊയ്ക – കൂടുവെട്ടിക്കൽ – 1 km.

എരിഞ്ഞനാകുന്ന് – പള്ളം

വായനശാലപ്പടി – എരിഞ്ഞനാകുന്ന് – 1 km.

മുക്കുഴി – വലിയപറമ്പിൽ – 750 m.

തുണ്ടുകാട് – കുഴിയിൽചിറ – 500 m.

കാട്ടിൽപ്പടി – പൊട്ടൻമല – 500 m.

ഹെൽത്ത്സെന്റർ – മണ്ണിൽപ്പടി – 1 km.

ഞാറയിൽപ്പടി – കൊല്ലൻവടക്കേതിൽപ്പടി – 500 m.

കാവുംപുറം – കോട്ടാമഠം – 1.5 km.

വേങ്ങനിൽക്കുന്നതിൽ – ഒടിയുഴം – 750 m.

ചന്ദനക്കുന്ന് – ലക്ഷംവീട് കോളനി – 500 m.

തെക്കേലയ്യം – തോപ്പിൻ – 750 m.

മുടവനാൽപ്പടി – മുതലിശ്ശേരിൻപ്പടി – 7500 m.

എട്ടുപറപ്പടി – ഒടിയുഴം

വാലുകാട്ടിൽപടി–ചേമ്പുംകണ്ടം കൈതനിലയം–600m.

ആലയ്ക്കാട്ടുപടി – തെക്കെത്തറ – 300 m.

മുടവനാൽ ജംഗ്ഷൻ പറമണ്ണം – വയ്യാനം വരെയുള്ള നടപ്പാതസ്കൂളിന്റെ മേൽ വശത്തുകൂടി റോഡിൽ ബന്ധിപ്പിയ്ക്കണം.

കല്ലൻമോടി വയ്യാനം ആണർകോട് വരെ 1.5 km.

കുളമക്കോട് പടി – മുരുപ്പേൽപ്പടി – 300 m.

പച്ചക്കാട്ടിൽപ്പടി – ചരിവുപറമ്പിൽ – 250 m.

പ്ലാവിളയിൽപ്പടി – പാറപ്പാട്ട് – 500 m.

പച്ചക്കാട്ടിൽ – അംഗൻവാടി – ഞാറൻമല – 300 m.

ആണർകോട് - പൂക്കൈത – 1 km. അതിരുകെട്ട് – 500 m ൽ കലുങ്കുവേണം.

പാലത്തിട്ട – ചക്കിട്ടയിൽ ജംഗ്ഷൻ – 1 km.

മലനട റോഡ് – 1 km.

ഇടമല മുതൽ ഇരിന്നകുഴി – 1 km.

മുക്കട ജംഗ്ഷൻ – ചേന്നൻ മാവിനാൽ – 1 km.

ഇലവുംതിട്ട – മഞ്ഞത്തറ – കൊച്ചക്കര 1.5 km.

1. പറയങ്കര 11 KV ലൈനും മെഴുവേലി 11 KV ലൈനും തമ്മിൽ ബന്ധിപ്പിക്കുവാൻ പുതിയ ലൈൻ വലിക്കണം 2 km.

   പൊട്ടൻമല, പ്ലാന്തടം ഭാഗം, ആര്യാട്ടുമോടി ലക്ഷംവീട് കോളനി, പാണ്ടിശ്ശേരിപ്പടി മലദേവർക്ഷേത്രം, വട്ടയോടി പട്ടികജാതിസെറ്റിൽമെന്റ് കോളനി, പുന്നകുളഞ്ഞി പന്നികുഴി ഭാഗം, ചെമ്പേലിൽ പമ്പുമോടി ഭാഗം, സാംസ്കാരിക കേന്ദ്രം മുതൽ മുകളിലോട്ട് ഏബി മുക്കു മുതൽ ലക്ഷംവീട് ഭാഗം വരെ. ആര്യാട്ടു കുഴിയിൽ നിന്നും ലക്ഷംവീട് കോളനി വരെ.

2. വലഞ്ചെരിവു ഭാഗം മുതൽ മുക്കുങ്കൽ ഭാഗം വരെ.

3. വലിയമൺ–പത്തിശ്ശേരിൽ റോഡിൽ വലിയമൺ ഞാവക്കഴി ഭാഗത്തേക്ക് 700m വാലിൽപ്പടി – ഞാറയിൽപ്പടി റോഡിൽ പുതിയതായി ഇലക്ട്രിക് ലൈൻ വലിക്കണം.

വാർഡ് – VI

അമ്പാടിമുക്ക് പുലക്കുളഞ്ഞി റോഡിൽ പുതിയ ലൈൻ വലിക്കേണ്ടതാണ്. ഉദ്ദേശം 300m. കല്ലൻമോടിയിൽ നിന്നും വയ്യാനത്ത് വരെ. വല്ലാനം കിഴക്കേക്കര മുക്കിൽ നിന്നും പറമണ്ണംവരെ.

പ്ലാന്തോട്ടം മുതൽ പുണൽകാലാപ്പടിവരെ. വെള്ളിലഞ്ഞി മുതൽ പൂക്കൈത വരെ. വാലുകാട്ടിൽ മുതൽ ചേച്ചുകണ്ടം വഴി കൈതനിൽക്കും തടം വരെ. സ്റ്റേഡിയെ മുതൽ കണ്ണൻകുളഞ്ഞി വഴി അമ്പാടിമുക്ക് വരെ.

വാർഡ് VII

ആണർക്കോട്ട് നിന്നും പൂക്കൈത വരെ. പച്ച

ക്കാട്ടിൽപ്പടി പൂപ്പൻകാല കോളനിയിൽ റോഡിൽ ഇല ക്ട്രിക് ലൈൻ വലിക്കണം.

വഴിവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

വാർഡ് I

മാലേത്തുംപടി മുതൽ എബിനിവാസ് വരെ 6 എണ്ണം

കുറിയാനിപ്പള്ളി – കുഴിയിൽപ്പടി

യക്ഷിയമ്പലം – തവിട്ടപ്പൊയ്ക, മുണ്ടോകുളഞ്ഞിപുലിപ്പാറ

പുലിപ്പാറ – മുണ്ടുതറ, നികരുകാലാ ഭാഗം

പുന്നക്കുളഞ്ഞി മുതൽ പന്നിക്കുഴി പറയൻകര സാംസ്കാരിക കേന്ദ്രത്തിൽ നിന്നും മുകളിലോട്ട് ലക്ഷം വീട് കോളനിവരെ.

വാർഡ് – II

കുറിയാനിപ്പള്ളി മുതൽ പള്ളത്തുപ്പടിവരെ, കാരിത്തോട്ടാ മുതൽ പടിഞ്ഞാറോട്ട് പഞ്ചായത്ത് അതിർത്തിവരെ, കാരിത്തോട്ട് – കുറിയാനിപ്പള്ളിൽ റോഡ്, പറയൻകര – കൂടുവെട്ടിക്കൽ റോഡ്, കൂടുവെട്ടിക്കൽ – തവിട്ടപ്പൊയ്ക, കൂടുവെട്ടിക്കൽ – കിടങ്ങന്നൂർ റോഡ്, കൂടുവെട്ടിക്കൽ കുന്നും പുറംവഴി കുറിയാനിപ്പള്ളി റോഡ്.

വാർഡ് – III

മലങ്കാവ് പള്ളി – നാണത്തുപ്പടി, മലങ്കാവു പള്ളി – വട്ടപറമ്പ്പടി റോഡ്, തുണ്ടുകാട്ട് – തുണ്ടും പ്ലാവ് റോഡ്, വായനശാല ജംഗ്. മുതൽ കോങ്കുളഞ്ഞി വഴി വലിയപറമ്പിൽ പടി റോഡ്. തുണ്ടുകാട്ട് ജംഗ്. – കുരിയൻചിറ കിഴക്കു ഭാഗം, മുക്കുങ്കൽ – തുണ്ടുകാട്ട്, വലിയപറമ്പിൽ – പുല്ലേലിൽ ഭാഗം, വേലേക്കാലായിൽപടി മുതൽ പടിഞ്ഞാറോട്ട്.

വാർഡ് – IV

നെടിയകാലാ മുതൽ – വലിയകാലാപ്പടി വരെ, മെഴുവേലി ഹൈസ്കൂൾ ജംഗ്. മുതൽ പൊട്ടൻ മല വരെ, മരുതിനിൽക്കുന്നതിൽപ്പടി മുതൽ അമ്പാടി ജംഗ്ഷൻ വരെ, വലിയമണി റോഡിൽ പുലിയലാശത്തിങ്കൽപ്പടി മുതൽ വടക്കോട്ടും, കുടിലിൽപ്പടി മുതൽ പടിഞ്ഞാറോട്ടും, ഇപ്പോഴുള്ള ലൈനിൽ വഴിവിളക്ക് സ്ഥാപിക്കണം. മണ്ണിൽപ്പടി ഹെൽത്ത്സെന്റർ റോഡ് വാലിൽപ്പടി മുതൽ ഞാറയിൽപ്പടിവരെ. വേച്ചുകണ്ടത്തിൽപ്പടി – കാഞ്ഞിരക്കുന്ന് മോടി റോഡ്, ഞാറയിൽപ്പടി – മുക്കൂട്ടുമോടി, മരുതിനിൽക്കുന്നതിൽപ്പടി – മുമ്മൂലപ്പടി വരെ പുതിയ ലൈൻ വലിയ്ക്കുകയും മുമ്മൂല മുതൽ പഞ്ചായത്ത് അതിർത്തിവരെ വഴിവിളക്ക് സ്ഥാപിക്കണം.

വാർഡ് – V

ആലക്കോട് – നെടിയകാലാ റോഡ്, കുളക്കട – മൂലൂർ റോഡ്, മൂലൂർ – കാവുംപുറം – കോളനിറോഡ്, മുടവനാൽപ്പടി – ഒടിയുഴത്തിൽപ്പടി – എട്ടുപറ റോഡ്, കാമ്പിശ്ശേരിൽപ്പടി വടക്കോട്ട് തെക്കേലയ്യം പുത്തൻപുര റോഡ്, തോപ്പിൽപ്പടി – തെക്കേലയ്യം റോഡ്, നെടിയകാലാ – കുളക്കടക്ഷേത്രം റോഡ്, തുണ്ടംപ്ലാവ് – തുണ്ടുകാട് റോഡ്, തുണ്ടൻപ്ലാവ് – ഓയക്കാലാപ്പടി, പുല്ലെഴുത്തിൽ – ഓയക്കാലാപ്പടി, തുണ്ടൻകാവ് – കുമ്പനാട് പടി.

വാർഡ് – VI

നെടിയകാലാ മുതൽ ആണർകോട്ട് വരെ, സ്റ്റേഡിയം മുതൽ സൗഹൃദയനഗർ വരെ, പറമണ്ണം മുതൽ തടത്തിൽ വരെ, പ്ലാന്തോട്ടം മുതൽ – വയ്യാനം – കല്ലൻമോടിവരെ, ആലക്കാട്ട്പ്പടി മുതൽ – കൊട്ടാരം – ആണർക്കോട്ട വരെ. മുള്ളൻ – വാതുൽക്കൽ – വെള്ളിലഞ്ഞി – പൂക്കൈതവരെ – പ്ലാന്തോട്ടം മുതൽ – ചരിവുകാലാ – ആണർകോട്ട് വരെ, നെടിയകാലാ മുതൽ ദേവീക്ഷേത്രം വരെ, ഇരമത്തിൽപ്പടി മുതൽ – ഹെൽത്ത് സെന്റർ വരെ.

വാർഡ് – VII

മേലേത്തുമുക്കു മുതൽ ആണർകോട്ട് വരെ, ആണർകോട് മുതൽ – പൂക്കൈത സെറ്റിൽമെന്റ് കോളനി, പമ്പക്കാട്ടിൽപ്പടി മുതൽ – പൂപ്പൻകാലാ സെറ്റിൽമെന്റ്, കയ്യംതടം മുതൽ ഞാറൻവലക്കാവ് – സൗഹൃദയവേദി, സാൽവേഷൻ ആർമി സ്കൂൾ മുതൽ നെപ്പിയ്ക്കൽ കോളനി വരെ, നെപ്പിക്കൽ കോളനി – പഞ്ചായത്ത് അതിർത്തിവരെ, പച്ചക്കാട്ടിൽപ്പടി മുതൽ – തൊഴിക്കോട് വഴി – ആസാദ് വരെ, കുഴിവിളയിൽപ്പടി – കരുമലറോഡ്.


വാർഡ് – VIII

മഞ്ഞത്തറ റോഡ്, മഞ്ഞത്ത – കൊച്ചക്കരപ്പടി, കൊച്ചക്കരപ്പടി – കുന്നുംപുറത്ത് റോഡ്, അയത്തിൽ – ഇലന്തൂർ റോഡിലെ പഞ്ചായത്ത് അതിർത്തി, തലത്തായിപ്പടി മുതൽ മൗണ്ട് റോഡ് വരെ, അയത്തിൽ – മലനട റോഡ്.

ട്യൂബ്ലൈറ്റുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

വാർഡ് ഒന്ന്

1. മുണ്ടോകുളഞ്ഞി
2. പുത്തുകാലാ – ആലിൻ ചുവട്



3. വടക്കേക്കരപ്പടി, തവിട്ടപൊയ്ക, ഹെൽത്ത് സെന്റർ, ലക്ഷംവീട് കോളനി, കുളക്കരജംഗ്ഷൻ, വേലുനിൽക്കുന്നതിൽപ്പടി എന്നിവിടങ്ങളിൽ.

വാർഡ് രണ്ട്

1. കൂടുവെട്ടിയ്ക്കൽ. കാരിത്തോട്ട ഗുരുമന്ദിരം, കാരിത്തോട്ട പഞ്ചായത്ത് കുളത്തിന്റെ ജംഗ്ഷൻ, എരിഞ്ഞിനാകുന്ന് ജംഗ്ഷൻ, പള്ളത്തുപടി, കാവുംപടി, തോണ്ടിയാമോടി ജംഗ്ഷൻ.

വാർഡ് മൂന്ന്

മണ്ണംകുളഞ്ഞി ജംഗ്ഷൻ, മലങ്കാവ്പള്ളിപ്പടി, ചക്കിടെത്ത് തുണ്ടിയിൽ വലിയപറമ്പിൽ പാലത്തിന്റെ കിഴക്കേ മൂലക്ക്, പുല്ലേലികുളത്തിന്റെ സമീപം, തുണ്ടുകാട് കുരിശിൻമൂടിന്റെ മുൻവശം, തുണ്ടുകാട് കനാൽപാലത്തിന്റെ സമീപം.

വാർഡ് നാല്

മടത്തുംപടി, പുലിവാരത്തിങ്കൽപ്പടി, മാവിനാൽപ്പടി, പാറപ്പാട്ടുപടി, ഹരിജൻ കോളനിയിൽ പാലത്തിന്റെ സമീപം, കുടിലിൽപ്പടി, ഞാറയിൽപ്പടി, കൊല്ലൻവടക്കേതിൽ വീടിന് മുൻവശം, പാറപ്പാട്ടുമോടി സെറ്റിൽമെന്റ് കോളനി, വാലിൽപ്പടി (കോളേജ്റോഡ് ആരംഭിക്കുന്ന ഭാഗം), മരുതിനില്ക്കുന്നതിൽപ്പടി, കാവിന്റെ മുൻവശം, മെഴുവേലിക്ഷേത്രത്തിനു മുൻവശം, ഹെൽത്ത് സബ്സെന്റർ ജംഗ്ഷൻ, പത്തിശ്ശേരിക്കുഴി ജംഗ്ഷൻ.

വാർഡ് അഞ്ച്

കാവുംപുറം ഹരിജൻ കോളനി ജംഗ്ഷൻ, ഹിൽവാർക്ക് ജംഗ്ഷൻ, കുളക്കട ക്ഷേത്രം ജംഗ്ഷൻ, ഒടിയുഴത്തിൽപ്പടി, കോട്ടാമഠത്തിൽപ്പടി, തുണ്ടൻപ്ലാവിൽപ്പടി (വെയിറ്റിംഗ് ഷെഡ്ഡിന് സമീപം) ചന്ദനക്കുന്ന് ലക്ഷംവീട് കോളനി ജംഗ്ഷൻ, പുല്ലെഴുത്തിൽ ജംഗ്ഷൻ, ഓലക്കാലാ ജംഗ്ഷൻ.

വാർഡ് ആറ്

നെടിയകാലാ ലക്ഷംവീട് കോളനി, മലന്തേവർമോടികാവ്, അമ്പാടിമുക്ക്, വെട്ടുഴത്തിൽ കോളനി, കല്ലൻമോടി, പ്ലാന്തോട്ടം, മുള്ളൻവാതുക്കൽ, മുള്ളൻവാതുക്കൽ ക്ഷേത്രം, സ്റ്റേഡിയം, പറമന്നം സൗഹൃദയനഗർ, P.H. സെന്റർ, സെന്റ്ജോൺസ്, G.L.P.S. വാലുകാട്ടിൽ, വയ്യാനം ക്ഷേത്രം ജംഗ്ഷൻ.

വാർഡ് ഏഴ്

കയ്യംതടം S.A.L.P.S. ജംഗ്ഷൻ, നെപ്പിക്കൽ കോളനി, പൂപ്പൻകാലാ, വാത്തിപറമ്പ്, പൂക്കൈതെ, ഞാറൻമലകാവ്, ശവക്കോട്ട ജംഗ്ഷൻ ആണർകോട്ട്, എരമത്തിൽപ്പടി, ഇലവുംതിട്ട മാർക്കറ്റിനും ജംഗ്ഷനും ഇടയ്ക്ക് ഏഴ് എണ്ണം. ഇലവുംതിട്ട കിഴക്കോട്ട് മലയുടെ കിഴക്കേതിൽ ജംഗ്ഷൻ (ഗുരുമന്ദിരം).

വാർഡ് എട്ട്

പുത്തൻപുരയിൽപ്പടി, മഞ്ഞത്തറ കൊച്ചക്കരിപ്പടി, മുക്കട ജംഗ്ഷൻ, താലത്തായിൽപ്പടി, നാവക്കുഴിയിൽ ചക്കിട്ടയിൽപ്പടി, തുണ്ടിതെക്കേൽപ്പടി, കുന്നുംപുറത്ത് ഇലവുംതിട്ട ജംഗ്ഷൻ മാർക്കറ്റിനുള്ളിൽ ഓപ്പൺ എയർ തീയേറ്ററിനു സമീപം ഒന്ന്, നെടിയാകാലാ ജംഗ്ഷൻ മെഴുവേലി ഹൈസ്കൂൾ, കയ്യംതടം ജംഗ്ഷൻ – കുറിയാനിപ്പള്ളി – കാരിത്തോട്ട, പറയൻകര, ആണർകോട് ജംഗ്ഷൻ.

മാർക്കറ്റിംഗ്

ഇലവുംതിട്ടയിൽ ഇപ്പോൾ നടന്നുവരുന്ന മാർക്കറ്റിലെ ഷോപ്പിംഗ്സ്റ്റാളുകൾ സ്ഥിരമായി കെട്ടിടെ പണിത് അതിലേക്ക് മാറ്റേണ്ടതാണ്. ഇലവുംതിട്ട മാർക്കറ്റിൽ സ്ലോട്ടർ ഹൗസ് സ്ഥാപിച്ച് പരിസരമലനീകരണം നിയന്ത്രക്കേണ്ടത് അത്യാവശ്യമാണ്. പ്രസ്തുത മാർക്കറ്റിലെ മത്സ്യചന്ത തറ 'കോൺക്രീറ്റ്' ചെയ്ത് ഓടകൾ നിർമ്മിച്ച് ശുചിയായി സൂക്ഷിക്കുവാൻ നടപടിയെടുക്കണം. ഇലവുംതിട്ട ചന്തയിൽ കാർഷികവിളകളും മലഞ്ചരക്കുകളും വിപണനം നടത്തുന്നതിന് ആവശ്യമായ ഏർപ്പാടുകൾ ഉണ്ടാക്കണം. നിലവിലുള്ള കാന്നുകാലിച്ചന്ത അഭിവൃദ്ധിപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിയ്ക്കണം. ആണർകോട് കേന്ദ്രമാക്കിയും ഒരു അന്തിച്ചന്ത തുടങ്ങേണ്ടതാണ്. ഇലവുംതിട്ടയിലെ പൊതുമാർക്കറ്റിന് ചുറ്റുമതിൽ കെട്ടി വാച്ചർ തസ്തിക പുന:സ്ഥാപിക്കേണ്ടതാണ്. ഇലവുംതിട്ട മാർക്കറ്റിൽ ഇപ്പോൾ നിലവിലുള്ള പൊതുകക്കൂസ് പൊതുജനങ്ങൾക്കുവേണ്ടി തുറന്നുകൊടുക്കേണ്ടതാണ്.

ഊർജ്ജം

വികസനത്തിന്റെ അഭിവാജ്യഘടകമാണ് ഊർജ്ജം. മെഴുവേലി പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്ന ഊർജ്ജസ്രോസ്സുകൾ പ്രധാനമായും വൈദ്യുതി മണ്ണെണ്ണ, വിറക്, പാചകവാതകം, മനുഷ്യദ്ധ്വാനം എന്നിവയാണ്. 1950ൽ ആണ് മെഴുവേലി പഞ്ചായത്തിൽ വൈദ്യുതി എത്തുന്നത്. ഇന്ന് പഞ്ചായത്തിൽ ആകെയുള്ള വീടുകളായ 3307ൽ 2500 വീടുകളും വൈദ്യുതീകരിച്ചതാണ്. അതായത് 75 ശതമാനം വൈദ്യുതീകരണം നടത്തി. വെളിച്ചത്തിനാണ് വൈദ്യുതി മുഖ്യമായും വീടുകളിൽ ഉപയോഗിക്കുന്നത്.

കാർഷികാവശ്യത്തിനു പ്രധാനമായും ഉപയോഗിക്കുന്ന ഊർജ്ജം മനുഷ്യദ്ധ്വാനവും കന്നുകാലികളുടേതുമാണ്. പാചകാവശ്യത്തിനു പ്രധാനമായും വിറകാണ് ഉപയോഗിക്കുന്നത് കൂടാതെ മണ്ണെണ്ണ, പാചക

വാതകം എന്നിവയും ഉപയോഗിക്കുന്നു. പഞ്ചായത്തിൽ ഒരുമാസം ഉപയോഗിക്കുന്ന മണ്ണെണ്ണ 12600 ലിറ്ററാണ്.

മെഴുവേലി പഞ്ചായത്തിലെ വൈദ്യുത ഉപഭോക്താക്കളുടെ വിവരങ്ങൾ പട്ടികയിൽ കൊടുക്കുന്നു.

ഉപഭോക്താക്കളുടെ ഇനം	എണ്ണം	ശതമാനം
ഗാർഹിക ഉപഭോക്താക്കൾ	2500	92.14
ഗാർഹികേതര ഉപഭോക്താക്കൾ	181	6.67
വ്യവസായിക ഉപഭോക്താക്കൾ	23	0.85
കാർഷിക ഉപഭോക്താക്കൾ	9	0.34
ആകെ	2713	100.00

അവലംബം : ഇലക്ട്രിസിറ്റി സെക്ഷൻ ആഫീസ്

മൊത്തം വൈദ്യുതി ഉപഭോക്താക്കളിൽ 92.14 ശതമാനവും ഗാർഹിക ഉപഭോക്താക്കൾ ആണ്.

വോൾട്ടേജ് കുറവ് അനുഭവപ്പെടുന്ന ഒരു പഞ്ചായത്താണ് മെഴുവേലി. 12 ട്രാൻസ്ഫോമറുകളാണ് പഞ്ചായത്തിൽ ആകെയുള്ളത്. ഇതിന്റെ മൊത്തം സ്ഥാപിത ശേഷി 1343 KVA ആണ്.

പഞ്ചായത്തിലെ വഴിവിളക്കുകളുടെ എണ്ണം വളരെക്കുറവാണ്. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള വഴിവിളക്കുകളുടെ വിവരം ചുവടെകൊടുക്കുന്നു.

ഇനം	എണ്ണം
25 വാട്ട്സ് വിളക്കുകൾ	345
60 വാട്ട്സ് വിളക്കുകൾ	14
100 വാട്ട്സ് വിളക്കുകൾ	3
ട്യൂബ്ലൈറ്റുകൾ	31

പ്രശ്നങ്ങൾ

1. എല്ലാ വാർഡുകളിലും അനുഭവപ്പെടുന്ന വോൾട്ടേജ് കുറവ്.
2. പാരമ്പര്യേതര ഊർജ്ജസ്ത്രോസ്സുകളുടെ ഉപയോഗത്തെപ്പറ്റിയുള്ള അറിവ്കുറവ്.
3. പാചകവാതകത്തിന്റെ ലഭ്യതക്കുറവ്

സാധ്യതകൾ

1. ദക്ഷതകൂടിയ അടുപ്പുകൾ സ്ഥാപിക്കുക.
2. പഞ്ചായത്തിൽ ഇലവുംതിട്ട കേന്ദ്രമായി ഒരു പെട്രോൾ പമ്പ് അനുവദിക്കുക.
3. പഞ്ചായത്തിനുള്ളിൽ ഒരു പാചകവാതക ഏൻസി അനുവദിക്കുക. (പഞ്ചായത്ത് സമീപത്തുള്ള ഒരു പാചക വാതക ഏജൻസി സ്റ്റേറ്റിലും പെടുന്നില്ല)
4. കറണ്ടുചാർജ്ജ് അടയ്ക്കുവാൻ മെഴുവേലിയിൽ ഒരു സംവിധാനം ഉണ്ടാക്കണം.


നിർദ്ദേശങ്ങൾ

ഗ്രാമസഭകളിലെ ചർച്ചകളുടെ ഫലമായി ധാരാളം നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടത്.

വ്യവസായികമായി വർദ്ധിച്ചുവരുന്ന ആവിശ്യം കണക്കിലെടുത്ത് താഴെപറയുന്ന സ്ഥലങ്ങളിൽ ടാൻസ്ഫോമറുകൾ സ്ഥാപിക്കുക.

ഒന്നാം വാർഡ് – വടക്കേക്കരപ്പടി, കുറിയാനിപ്പള്ളി
രണ്ടാം വാർഡ് – കാരിത്തോട്ട, പൂവണ്ണാംമൂട്
മൂന്നാം വാർഡ് – ഹൈസ്കൂൾ ജംഗ്ഷൻ, പാറപ്പാട്
നാലാം വാർഡ് – കുളക്കട, കമ്പിശ്ശേരിപ്പടി
അഞ്ചാം വാർഡ് – നെടിയകാലാ, സഹൃദയവേദി
ആറാം വാർഡ് – കയ്യംതടം
ഏഴാം വാർഡ് – മേലേപ്പുറത്തുഭാഗം, തലത്തായിപ്പടി.





5.7

ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും

1992-ലെ സാമൂഹികസാമ്പത്തിക സർവ്വേപ്രകാരം പഞ്ചായത്തിൽ 3173 ഭവനങ്ങളാണുള്ളത്. അതിൽ 63.5% (2014) വീടുകൾ ഓടുമേഞ്ഞതും 16.8% (534) എണ്ണം കോൺക്രീറ്റുമാണ്. 622 വീടുകൾ (19.6%) ഓലയോ ഷീറ്റോ മേഞ്ഞവയാണ്.

75.3% വീടുകൾ ഇഷ്ടിക/കല്ലു കെട്ടിയവയാണ്. 61% വീടുകളും വൈദ്യുതീകരിച്ചതാണ്. 828 വീടുകൾ 200 ച. അടിയിൽ കുറവു തറ വിസ്തീർണ്ണമുള്ളവയാണ്. 555 (26%) വീടുകളുടെ തറ മണ്ണുകൊണ്ടുള്ളവയാണ്. ചെറുകിട ഭവനങ്ങളുടെ എണ്ണം 1149 (36.2%) 6.5% വീടുകൾ മൊസൈക് ഇട്ടവയാണ്. അടിയന്തിരമായി പുനർനിർമ്മാണം ആവശ്യമുള്ള പാർപ്പിടങ്ങൾ 20% വരും. കുടിലുകളിൽ പാർക്കുന്നവരിൽ ഭൂരിഭാഗവും പട്ടികജാതിയിൽപ്പെട്ടവരാണ്.

പഞ്ചായത്തു മുഖേനയും ബ്ലോക്ക് മുഖേനയും ലഭിക്കുന്ന ഭവന നിർമ്മാണസഹായം അപര്യാപ്തമാണ്. പഞ്ചായത്തിൽ ഭവനനിർമ്മാണ സഹകരണ സംഘങ്ങളിലും കുളനട ഹൗസിംഗ് സഹകരണ സംഘത്തിൽ നിന്നും മെഴുവേലി പഞ്ചായത്തിൽപ്പെട്ട 3 വീടുകൾക്കുമാത്രമാണ് സഹായം ലഭിച്ചത്.

കെട്ടിടനിർമ്മാണ സാമഗ്രികളായ സിമന്റ്, കമ്പി, മണൽ, ഇഷ്ടിക ഇവയ്ക്കെല്ലാം അഭൂതപൂർവ്വമായ വില വർദ്ധനവാണ് അനുഭവപ്പെടുന്നത്. മണലിന് മൂന്ന് ഇരട്ടി വില കൊടുക്കേണ്ടി വരുന്നു.

ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിൽ പഞ്ചായത്തിലുള്ളവർ താല്പര്യം കാട്ടുന്നില്ല. നിർമ്മിതിഭവൻ ശൈലി കാഴ്ചയിൽ സ്വീകരിക്കുകയും എന്നാൽ ചെലവേറിയതുമായ വീടുകൾ നിർമ്മിക്കുന്നവരുമുണ്ട്. കൂടുതൽ ആർഭാടപൂർവ്വം വീടു പണിയാനുള്ള പ്രവണത കൂടി വരികയാണ്. ഗൾഫ്പണം, നാണ്യവിളകളിൽ നിന്നുള്ളവരുമാനം ഉദ്യോഗസ്ഥർക്ക് ഭവന നിർമ്മാണ വായ്പകൾ ലഭിക്കാനുള്ള സൗകര്യം, മോടികൂടിയ വീടിനെ മാന്യതയുടെ പ്രതീകമായി കാണൽ ഇവയൊക്കെയാവാം ഇതിനു കാരണം.

ഗതാഗതസൗകര്യം കൂടുതലുള്ളിടത്തു വീടു വയ്ക്കാനാണ് ആളുകളുടെ താല്പര്യം. അതുമൂലം അവിടങ്ങളിൽ സ്ഥലത്തിനു വില കൂടിയിട്ടുണ്ട്. എന്നു മാത്രമല്ല സ്ഥലം ലഭിക്കാൻ ബുദ്ധിമുട്ടാണുതാനും. സെന്റിന് മൂവായിരം മുതൽ മുപ്പത്തയ്യായിരം വരെ പഞ്ചായത്തിൽ ഭൂമിക്ക് വിലയുണ്ട്.

കോളനികളിലെ വീടുകളിൽ അറ്റകുറ്റപ്പണികൾ ആവശ്യമുള്ളവ ഏറെയാണ്. കക്കൂസ്സുകളുടെ അപ

ര്യാപ്തത, ശുദ്ധജലദൗർല്ലഭ്യം എന്നിവയാണ് കോള നികളിലെ മറ്റു പ്രധാനപ്രശ്നങ്ങൾ

കെട്ടിടനിർമ്മാണ തൊഴിലാളികളിൽ ഭൂരിപ ക്ഷവും തമിഴ്നാട്ടുകാരാണ്. കെട്ടിടനിർമ്മാണരംഗത്തു 122 തൊഴിലാളികൾ ജോലിചെയ്യുന്നു. തൊഴിലാളി കളെ ആവശ്യത്തിനു കിട്ടാറുണ്ട്. മേശരിപ്പണിക്ക് 125 രൂപയും മൈക്കാടിന് 85 രൂപയുമാണ് കൂലി. കഴിഞ്ഞ കുറെ വർഷങ്ങളായി ഈ രംഗത്ത് കൂലി കൂടികൂടി വരികയാണ്.

പട്ടിക –2

കൂലിനിരക്കിൽ വന്ന വ്യത്യാസം

വർഷം	മേസ്തിരി	മൈക്കാട്
1970	5	2.50
1972	8	4
1975	12	7
1978	20	12
1981	25	16
1984	35	25
1985	40	30
1987	60	40
1996	125	80

ഭവന നിർമ്മാണ സാമിഗ്രികൾ ഉണ്ടാക്കി വിൽക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ വിരളമാണ്. ഒരു ഫർണീച്ചർ വർക്ക്ഷോപ്പും രണ്ട് ഹോളോബ്രിക്സ് കേന്ദ്രങ്ങളും 6–ാം വാർഡിൽ പ്രവർത്തിക്കുന്നു.

കക്കൂസ് നിർമ്മാണം IRDP

പട്ടിക – 3

വാർഡ്	സാനിട്ടറി കക്കൂസ് ഇല്ലാത്ത് വീടുകൾ IRDP സർവ്വെ	അനുവദിച്ചത്	പൂർത്തിയാക്കിയത്	വേണ്ടകുടുംബങ്ങളുടെ എണ്ണം
1	12	6	4	6
2	8	3	2	5
3	14	5	–	9
4	8	8	6	–
5	14	9	8	5
6	11	6	5	5
7	7	2	1	5
8	5	2	2	3
ആകെ	79	41	28	38

പ്രശ്നങ്ങൾ

1. 408 വീടുകൾ കുടിലുകളാണ് (കെട്ടിടനികുതി രജിസ്റ്റർ)
2. കൂലി ആകർഷകമാണെങ്കിലും തദ്ദേശിയർ ഈ മേഖലയിൽ തൊഴിലെടുക്കാൻ വിമുഖത പ്രക ടിപ്പിക്കുന്നു.
3. ദുർബല ജനവിഭാഗങ്ങൾക്ക് ഭവന നിർമ്മാണ ത്തിന് സഹായം നൽകുന്ന ഏജൻസികൾ ഇവി ടെയില്ല.
4. ഭവനനിർമ്മാണത്തിന് ധനസഹായം നൽകു ന്നത് പലപ്പോഴും ശാസ്ത്രീയമായ മാനദണ്ഡ ത്തിന്റെ അടിസ്ഥാനത്തിലല്ല.
5. കോളനികളിൽ അറ്റകുറ്റപ്പണികൾ ആവശ്യമുള്ള വീടുകൾ ഏറെയുണ്ട്.
6. ചെലവുകുറഞ്ഞ പാർപ്പിടങ്ങൾ സ്വീകരിക്കപ്പെ ടുന്നില്ല. പരിശീലനം സിദ്ധിച്ച തൊഴിലാളി കളുമില്ല.

പട്ടിക -1

മെഴുവേലി പഞ്ചായത്ത്

വീടുകളുടെ വിവരം

	തറ						വിസ്തീർണ്ണം						മേൽക്കൂര						ഭിത്തി					ഉടമസ്ഥത			വൈദ്യുതി		
വാർഡ്	മണ്ണ്	മണ്ണ്/ചാണകം	സിമന്റ്	മൊസേക്ക്	മറ്റുള്ളവ	ആകെ	200 സ്ക്വയർ താഴെ	201-500	501-1000	1001-1500	1500സ്ക്വയർ മുകളിൽ	ആകെ	ഓല/പനമ്പ്	ഷീറ്റ്	ഓട്	കോൺക്രീറ്റ്	മറ്റുള്ളവ	ആകെ	ഓല/പനമ്പ്	മണ്ണ്	മരം/ഷീറ്റ്	ഇഷ്ടിക/കല്ല്	ആകെ	സ്വന്തം	വാടക	ആകെ	ഉള്ളവ	ഇല്ലാത്തവ	ആകെ
1	165	29	208	16	2	420	165	160	43	32	20	420	87	7	283	41	2	420	19	106	39	256	420	414	6	420	240	180	420
2	35	116	315	36	23	525	61	193	111	97	63	525	62	7	342	114		525	6	58	5	456	525	520	5	525	371	154	525
3	29	52	201	64	–	346	79	113	99	32	23	346	55	4	218	69	–	346	13	36	40	257	346	345	1	346	285	61	346
4	145	50	240	20	1	456	141	158	84	56	17	456	81	4	298	73	–	456	12	91	5	348	456	449	7	456	281	175	456
5	17	197	237	27	–	478	57	214	147	46	14	478	85	3	309	81	–	478	11	91	21	355	478	469	9	478	241	237	478
6	58	153	196	14	–	421	199	149	69	4	–	421	97	4	257	63	–	421	12	87	10	312	421	413	8	421	192	229	421
7	77	40	169	14	–	300	76	80	90	41	13	300	61	3	179	56	1	300	19	54	–	227	300	293	7	300	191	109	300
8	29	48	132	16	2	227	50	82	57	31	7	227	46	16	128	37	–	227	12	31	7	177	227	222	5	227	133	94	227
ആകെ	555	685	1698	207	28	3173	828	1149	700	339	157	3173	574	48	2014	534	3	3173	104	554	127	2388	3173	3125	48	3173	1934	1239	3173
%	17.5	21.6	53.5	6.5	0.9	–	26.0	36.2	22.0	10.7	5.0	–	18.1	1.5	63.5	16.8	0.1	–	3.8	17.5	4	75.3	–	98.5	1.5	–	61	39	–



7. ഭവന നിർമ്മാണ രംഗത്ത് ദുർവ്യയം ഏറെയാണ്.

8. കെട്ടിട നിർമ്മാണ സാമിഗ്രികൾ പ്രാദേശികമായി ഉല്പാദിപ്പിക്കാവുന്നതിന്റെ സാധ്യത ചൂഷണം ചെയ്യുന്നില്ല.

സാധ്യതകൾ

1. ഭവനരഹിതർക്ക് വീടുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ അടിയന്തിര പ്രാധാന്യത്തോടെ ഏറ്റെടുക്കുക.

2. സാമ്പത്തിക സഹായം അനുവദിക്കുമ്പോൾ ഏറ്റവും അർഹതയുള്ളവർക്ക് ആദ്യം അനുവദിക്കാൻ ശ്രദ്ധിക്കുക. ഭവനരഹിതരുടെ മുൻഗണനാ പട്ടിക തയ്യാറാക്കുക.

3. ഹൗസിംഗ് സഹകരണസംഘങ്ങൾ സ്ഥാപിക്കുക.

4. കോളനികളുടെ അടിസ്ഥാനസൗകര്യങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുക.

5. ചെലവുകുറഞ്ഞ പാർപ്പിടങ്ങളുടെ മേന്മകൾ പ്രചരിപ്പിക്കുകയും തൊഴിലാളികളെ പരിശീലിപ്പിക്കുകയും ചെയ്യുക.

6. കെട്ടിടനിർമ്മാണ വസ്കുക്കൾ ഉണ്ടക്കുകയും വില്പനനടത്തുകയും ചെയ്യുന്ന സ്ഥാപനങ്ങൾ ആരംഭിക്കുക.

7. പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ കാപാർട്ട് തുടങ്ങിയ ഏജൻസികളിൽ നിന്ന് സഹായം ലഭിക്കാമോ എന്നാരായുകയും പദ്ധതി ആവിഷ്കരിക്കുകയും ചെയ്യുക.

8. കെട്ടിടനിർമ്മാണച്ചെലവ് വർദ്ധിക്കുന്നതനുസരിച്ച് ഈ രംഗത്തുള്ള ധനസഹായനിരക്ക് വർദ്ധിപ്പിക്കുക.

സാമൂഹ്യക്ഷേമം

ഐ.ആർ.ഡി.പി. സർവ്വേപ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 905 കുടുംബങ്ങളാണുള്ളത്. ഇതിൽ പട്ടികജാതി കുടുംബങ്ങൾ 330 എണ്ണമാണ്. നാളിതുവരെ 523 കുടുംബങ്ങൾക്കു സഹായം ലഭിച്ചിട്ടുണ്ട്.

1991-95 കാലയളവിവ് ടൈസം പദ്ധതിപ്രകാരം 108 പേർക്ക് തൊഴിൽ പരിശീലനം ലഭിച്ചിട്ടുണ്ട്. വെൽഡിംഗ്, ബുക്ക്കീപ്പിംഗ് & അക്കൗൺൻസി, നെയ്ത്ത്, അച്ചടിയും കംപോസിംഗും, റേഡിയോ, ടി.വി. റിപ്പയറിംങ്, ഹെയർ ഡ്രസിംഗ്, പ്ലാസ്റ്റിക് വർക്ക്, പ്ലംമ്പിംങ്, മോട്ടോർമെക്കാനിസം, സോപ്പുനിർമ്മാണം, കരകൗശലം, വയറിംഗ്, വീട്ടുപകരണങ്ങൾ നന്നാക്കൽ, കറിപൗഡർ നിർമ്മാണം, ലാബ് ടെക്നീഷ്യൻതുടങ്ങിയവയിലാണ് പരിശീലനം നൽകിയിട്ടുള്ളത്. ഇവരിൽ 25 പേരാണ് സ്വയം തൊഴിൽ തേടിയവർ. 43 പേർ തൊഴിൽ അന്വേഷകരായിതുടരുന്നു. ബാക്കിയുള്ളവർ മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു.


തൊഴിൽ അന്വേഷകരിൽ വളരെ ചെറിയ വിഭാഗത്തിനു മാത്രമെ പരിശീലനം ലഭിക്കുന്നുള്ളു, പരിശീലനം ലഭിച്ചവരിൽ കുറച്ചുപേർ മാത്രമേ സ്വയം തൊഴിൽ കണ്ടെത്തുന്നുള്ളു. IRDP പ്രകാശം ടൂൾകിറ്റ് വിതരണം ചെയ്തതിന്റെയും കക്കൂസ് നിർമ്മിച്ചതിന്റെയും പട്ടികകൾ ചുവടെ കൊടുക്കുന്നു.

പട്ടിക - 4

ടൂൾകിറ്റ് (RAP) പരിപാടി

സഹായം കിട്ടിയ വാർഡ്	IRDP സർവ്വെ പ്രകാരം കൈതൊഴിൽകാർ	സഹായം ലഭിച്ചവരുടെ എണ്ണം	സഹായത്തിന് അർഹതയുള്ള വരുടെ എണ്ണം
1	8	-	8
2	11	-	11
3	2	-	2
4	5	1	4
5	10	3	7
6	11	8	3
7	4	1	3
8	9	3	6
ആകെ	60	16	44

DWRCA പദ്ധതിപ്രകാരം 5 തൊഴിൽ സംരംഭങ്ങളാണുള്ളത്. ഇവ 1, 5, 6, 8 വാർഡുകളിലാണ്. 60



പേർ പ്രവർത്തിക്കുന്നു. വെറ്റിലക്കൊടിയും പച്ചക്കറി കൃഷിയും, അലക്കുസോപ്പു നിർമ്മാണം, സുനന്ദിനി ഡയറി യൂണിറ്റ്, ജമുന ആടുവളർത്തൽ കേന്ദ്രം, അതുല്യ കോഴിവളർത്തൽ കേന്ദ്രം ഇവയാണ് പ്രസ്തുത യൂണിറ്റുകൾ. ഇവയെല്ലാം തന്നെ മികച്ചരീതിയിൽ പ്രവർത്തിക്കുന്നു എന്നു പറയാൻ പറ്റില്ല. 1994 -95 ൽ ഒരുലക്ഷത്തിലറുപതിനായിരം രൂപയുടെ സംരംഭമായിരുന്നു 5-ാം വാർഡിലെ അലക്കുസോപ്പു നിർമ്മാണം. ഒരു വർഷകാലയളവുകൊണ്ട് നാലര ലക്ഷം രൂപയുടെ ആസ്തിയുള്ള സ്ഥാപനമായി ഉയർന്നു. തുടർന്നു കുറെക്കാലം പ്രവർത്തനരഹിതമായി. അടുത്തയിടയായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത്തരം സംരഭങ്ങളുടെ പ്രവർത്തനം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് സംവിധാനമില്ലാത്തതാണ് പ്രധാന പ്രശ്നം.


21 വികലാംഗരാണ് പഞ്ചായത്തിലുള്ളത്. എല്ലാവർക്കും വികലാംഗപെൻഷൻ ലഭിക്കുന്നില്ല. അർഹതയുള്ളവരാണെങ്കിലും സഹായങ്ങളെപ്പറ്റി അറിവില്ലാത്തതിനാൽ അപേക്ഷിച്ചിട്ടില്ല. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെപ്പറ്റി ബോധവൽക്കരണം വികസനപ്രവർത്തകർക്കു നൽകിയിട്ടില്ല.


പഞ്ചായത്തിൽ 21 അങ്കണവാടികൾ പ്രവർത്തിക്കുന്നു. പലതിനും സ്വന്തമായ കെട്ടിടങ്ങളില്ല. അറ്റകുറ്റപ്പണി വേണ്ടതുണ്ട്. ആവശ്യമായ ഉപകരണങ്ങൾ ഇല്ല എന്നത് ഒരു പ്രധാനപ്രശ്നമാണ്. ദുർബലജനവിഭാഗങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ അങ്കണവാടികൾ സ്ഥാപിക്കണം എന്ന ആവശ്യമുണ്ടായിട്ടുണ്ട്. മുളന്തടം ഭാഗം, പാലത്തിട്ട ഭാഗം എന്നിവിടങ്ങളിൽ അങ്കണവാടികൾ സ്ഥാപിക്കണം.


IRDP ലിസ്റ്റിൽപെട്ട കുടുംബങ്ങൾക്കു വായ്പയും സബ്സിഡിയും നൽകാൻ കൊമേഴ്സ്യൽ ബാങ്കുകൾ വിസമ്മതിക്കുന്നു. ബാങ്കുകളുടെ വായ്പാനിക്ഷേപ അനുപാതം 14:86 ആണ്. ഈ സ്ഥിതി മാറണം. കൂടാതെ IRDP പരിധി ഉയർത്തുകയും വേണം.

സാധ്യതകൾ

- വിവിധ സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ച് ബോധവത്ക്കണം നടത്തണം.
- അങ്കണവാടികളുടെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തണം.
- കൂടുതൽ പേർക്ക് തൊഴിൽ പരിശീലനത്തിനുള്ള അവസരമൊരുക്കണം.
- സ്വയം തൊഴിൽ കണ്ടെത്താൻ അനുകൂലമായ സാഹചര്യം സൃഷ്ടിക്കണം.
- സാമൂഹ്യക്ഷേമരംഗത്തെ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യണം.
- കൂടുതൽ DWRCA സംരംഭങ്ങൾക്കു സാധ്യതയുണ്ട്.
- സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണം.
- വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കോച്ചിംഗ് ക്ലാസ്സുകൾ ഏർപ്പെടുത്തണം.
- അർഹതപ്പെട്ട പെൻഷൻ അവശ ജനവിഭാഗങ്ങൾക്ക് ലഭിക്കുന്നുണ്ടെന്നു ഉറപ്പുവരുത്താൻ സംവിധാനമുണ്ടാക്കുക.







5.8

സംസ്കാരം

അവർണരെ സാഹിത്യക്ഷേത്രത്തിനു പുറത്തുനിറുത്തിക്കൊണ്ട് സവർണർ കെട്ടിപ്പൊക്കിയിരുന്ന ഊക്കേറിയ നെടുംകോട്ട ''കവിരാമായണം'' എന്ന കൃതികൊണ്ടു തകർത്ത മുലൂർ എസ്സ്. പത്മനാഭപ്പണിക്കർ (1044–1106) മെഴുവേലിയുടെ, സാംസ്കാരിക രംഗത്ത് തിളങ്ങി നിൽക്കുന്നു. കുഞ്ഞിക്കുട്ടൻ തമ്പുരാൻ രചിച്ച 'കവി ഭാരത'ത്തിന്റെ സവർണപക്ഷപാതത്തിനെതിരേയാണ് മുലൂർ തൂലികചലിപ്പിച്ചത്.

''ജാതിപരമായ ഉച്ചനീചത്വത്തിനെതിരായി പടവെട്ടാൻ കുമാരനാശനേക്കാൾ മുമ്പ് രംഗത്തിറങ്ങിയ കവിയാണദ്ദേഹം'' (മലയാളകവിതാ സാഹിത്യചരിത്രം – എം. ലീലാവതി) കേരളവർമ്മ വലിയകോയിത്തമ്പുരാനാണ് ''സരസകവി'' എന്ന ബിരുദം മുലൂരിനു നൽകിയത്. 26 കൃതികൾ മുലൂർ രചിച്ചിട്ടുണ്ട്.

1102–ൽ ആരംഭിച്ച പ്രബുദ്ധസിംഹളൻ മാസിക, അഞ്ചുലക്കങ്ങളേ പ്രസിദ്ധീകരിച്ചിട്ടുള്ളുവെങ്കിലും അത് സാമൂഹിക നവോത്ഥാനത്തിന്റെ സന്ദേശമാണ് പ്രചരിപ്പിച്ചത്. സരസകവി മുലൂർ ഇതിന്റെ പത്രാധിപരും ഇ.കെ. കുഞ്ഞുരാമൻ Ex. M.L.A. മാനേജിംഗ് എഡിറ്ററുമായിരുന്നു.

കഥകളിക്കളരി, നാടകക്കളരി, ശ്രീനാരായണ വൈജയന്തി ഗ്രന്ഥശാല ഇവയൊക്കെ ഗതകാലസാംസ്കാരിക ചരിത്രത്തിൽ ഒളിമങ്ങാതെ നിൽക്കുന്നു.

മെഴുവേലിയിൽ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയ പ്രമുഖരായ വ്യക്തികളാണ് ഇ.കെ. കുഞ്ഞുരാമൻ, Ex. M.L.A, പി.എൻ. ചന്ദ്രസേനൻ Ex. M.L.A., തുടങ്ങിയവർ.

ബഹുഭാഷാപണ്ഡിതനും ഹാരപ്പൻ ലിപിയുടെ പൊരുൾതേടുന്ന ചരിത്ര ഗവേഷകനും പണ്ഡിതനുമായ കെ.കെ. രാമൻ ഈ നാടിന്റെ മുതൽകൂട്ടാണ്.

ഹിന്ദുമതവും ക്രിസ്തുമതവുമാണ് ഈ പഞ്ചായത്തിലുള്ളത്. മുസ്ലീം മതവിഭാഗത്തിൽപ്പെട്ട ഒരാൾപോലും ഇവിടെ ഇല്ല എന്നത് കൗതുകകരമായ ഒരു സവിശേഷതയാണ്. ഹിന്ദുക്കളുടെ 22 ആരാധനാകേന്ദ്രങ്ങളും, ക്രിസ്ത്യാനികളുടെ 14 ആരാധാനാലയങ്ങളുമുണ്ട്.

മെഴുവെലി ഗ്രാമപഞ്ചായത്ത് : ജാതി–മത വിഭാഗങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബങ്ങളുടെ എണ്ണം എന്നിവ പട്ടികയിൽ ചേർക്കുന്നു

പട്ടിക – 1

ജാതിമത വിഭാഗങ്ങൾ

വാർഡ്	ഹിന്ദുക്കൾ									ക്രിസ്ത്യാനികൾ				ആകെ
	ബ്രാഹ്മണർ	നായർ	മറ്റു മുന്നോക്കക്കാർ	ഈഴവർ	മറ്റു പിന്നോക്കക്കാർ	പട്ടിക ജാതി	പട്ടിക വർഗ്ഗം	ആകെ	%	സുറിയാനി	പിന്നോക്കക്കാർ	ആകെ	%	
1	1	44	4	159	19	94	–	321	76.4	94	5	99	23.6	420
2	–	8	1	227	12	90	–	338	64.4	176	11	187	35.6	525
3	–	–	1	72	12	53	–	138	39.9	196	12	208	60.1	346
4	–	2	1	299	38	83	–	423	92.8	33		33	7.2	456
5	–	7	5	250	20	93	1	376	78.7	90	12	102	21.3	478
6	–	77	10	144	35	65	4	335	79.6	78	8	86	20.4	421
7	9	–	–	98	18	95	–	220	73.3	65	15	80	26.7	300
8	–	4	–	104	19	41	–	168	74	38	21	59	26.	227
ആകെ	1	151	22	1353	173	614	5	2319	73	770	84	854	27	3173
%	0.03	4.8	0.69	42.6	5.50	19.4	0.16			24.3	2.6			

സാമൂഹിക സാമ്പത്തിക സർവ്വേ 1992

പരിശമുട്ടുകളി, പാക്കനാരുകളി, കോലംതുള്ളൽ, പടയണി, മുടിയാട്ടം, കനവുകളി, വിൽപ്പാട്ട്, തിരുവാതിര എന്നിവ പണ്ട് ഇവിടെ പ്രചാരത്തിലുണ്ടായിരുന്നു.


സംസ്കാരം

നാടൻകലകളുടെ ഉപാസകനായിരുന്ന ശക്ര നാശാൻ (ശക്രൻ ഗണകൻ) ആദ്യകാല ചിത്രകാരനായിരുന്ന കുറ്റിയിൽ നാരായണപ്പണിക്കർ കഥകളി ഉപാസകനായിരുന്ന മരുതിനിൽക്കുന്നതിൽ വേലായുധൻ, പുത്തൻപുരയിൽ ഗംഗാധരൻ തണ്ടാർ, ആദ്യകാല അഭിനേതാക്കളായിരുന്ന പനച്ചക്കൽ പത്മനാഭൻ, കാട്ടിൽ നാരായണൻ, നടുവിലേത്ത് മേലത്തേതിൽ കേശവൻ, എന്നിവരെല്ലാം ആദ്യകാല നാടകസംഘമായ മെഴുവേലി ''യുവജന നടന കലാസമിതി''യിലെ അംഗങ്ങളായിരുന്നു.

ക്ഷേത്രോത്സവങ്ങളുമായി ബന്ധപ്പെട്ടവയാണ് ഇവിടുത്തെ പ്രമുഖ സാംസ്കാരികപ്രവർത്തനങ്ങൾ. കെട്ടുകാഴ്ച, പഞ്ചവാദ്യം, കഥകളി, നാടകം, നൃത്തം, ബാലെ, ഗാനമേള, സാംസ്കാരിക സമ്മേളനം, സർവ്വമത സമ്മേളനം എന്നിവയോടെ മെഴുവേലി ആനന്ദ ഭൂതേശ്വരം ക്ഷേത്രത്തിൽ മഹാശിവരാത്രിക്കാലത്ത് നടത്തുന്ന ഉത്സവം യഥാർത്ഥത്തിൽ ഗ്രാമത്തിന്റെ സാംസ്കാരികബന്ധം തന്നെയാണ്.

ആയിരത്തിൽപ്പരം വർഷത്തെ പഴക്കമുള്ള ഇലവുംതിട്ട ശ്രീ ഭഗവതിക്ഷേത്രത്തിൽ അശ്വതി മഹോത്സവം നടത്തുന്നു. കരകൾ തോറുമുള്ള മുടിയെഴുന്നെള്ളിപ്പ്, നാടൻ കലാവതരണം, കഥകളി, നൃത്തം, നാടകം എന്നിവ 8 ദിവസത്തെ ഉത്സവത്തോടനുബന്ധിച്ചു നടത്തുന്നു.

കെട്ടുകാഴ്ച പ്രധാന ഇനമായി നടത്തുന്ന ഇല



വുംതിട്ട മലനടയിലെ ഉത്സവം പ്രധാനപ്പെട്ടതാണ്. കൂടാതെ കുളക്കട, നെടിയകാല മന്തേവർമോടി, പത്തിശ്ശേരി, കുറിയാനിപ്പള്ളിൽ, വിളയാടിശ്ശേരിൽ, ഉള്ളന്നൂർ മലന്തേവർ, മെഴുവേലി മണ്ണിൽ എന്നിവിടങ്ങളിലെ ക്ഷേത്രങ്ങളിലും വിപുലമായ ഉത്സവാഘോഷങ്ങൾ നടത്തുന്നു. പൂവണ്ണുംമൂട്, കാരിത്തോട്ട, തുണ്ടുകാട്, നെടിയകാല, ഇലവുംതിട്ട, അയത്തിൽ എന്നീ സ്ഥലങ്ങളിലുള്ള ഗുരുമന്ദിരങ്ങളിലും ആഘോഷങ്ങൾ നടത്താറുണ്ട്.

പുല്ലേലിലുള്ള ശുഭാനന്ദാശ്രമത്തിൽ ശുഭാനന്ദ ഗുരുദേവന്റെ ജന്മദിനാഘോഷങ്ങളും മറ്റും നടത്തുന്നു. ഇതിൽ മലങ്കാവു പള്ളി സർവ്വസമുദായ മൈത്രിയുടെ പ്രതീകമെന്നോണം ഹിന്ദുക്കളും നേർച്ച അർപ്പിക്കുന്ന ഒരു വിശുദ്ധ ദേവാലയമാണ്.

ഇലവുംതിട്ട ക്രിസ്തുരാജ് കാത്തോലിക്കപ്പള്ളി ബതലഹേം മർത്തോമ്മ ചർച്ച്, ഇവാൻജലിക്കൽ ചർച്ച്, രക്ഷാസൈന്യം, പെന്തക്കോസ്ത് ചർച്ച്, മെഴുവേലി സെന്റ്തോമസ് കാതോലിക് ചർച്ച്, ഹോളിഇന്നസെന്റ് ഓർത്തഡോക്സ് ചർച്ച്, സെന്റ്ജോർജ്ജ് യാക്കോബൈറ്റ് ചർച്ച്, സെന്റ് ത്രേസ്യാസ് കാത്തലിക് ചർച്ച്, ഷാരോൺ ബഥേൽഹാൾ, സിലോൺ പെന്തക്കോസ്ത് ചർച്ച് എന്നിവിടങ്ങളിലും പെരുന്നാളുകളും കൺവൻഷനുകളും നടത്താറുണ്ട്.

എസ്.എൻ.ഡി.പി, എൻ.എസ്സ്.എസ്സ്, വിശ്വകർമ്മ മഹാസഭ, കെ.പി.എം.എസ്, സിദ്ധനർസഭ സാംബവസഭ എന്നീ സമുദായ സംഘടനകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്, ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്), ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി, ജനാധിപത്യസംരക്ഷണ സമിതി, ഭാരതീയ ജനതാ പാർട്ടി എന്നിവയാണു പ്രധാന രാഷ്ട്രീയ പാർട്ടികൾ.

5 ഗ്രന്ഥശാല/വായനശാലകൾ പ്രവർത്തിക്കുന്നു. ആദ്യകാല ഗ്രന്ഥശാലയായ ശ്രീനാരായണ വൈജയന്തി ഇന്നില്ല. 1938-ൽ സ്ഥാപിതമായ ബാപ്പുജിസ്മാരക ഗ്രന്ഥശാല, 1942-ൽ പ്രവർത്തനമാരംഭിച്ച ദേശീയഗ്രന്ഥശാല, 1949-ൽ സ്ഥാപിച്ച മേനോൻ സ്മാരക ഗ്രന്ഥശാല എന്നിവയാണ് പിന്നീട് സാംസ്കാരികരംഗത്തേക്ക് കടന്നുവന്നത്. ബാപ്പുജി സ്മാരകഗ്രന്ഥശാലയുടെ വളർച്ചക്ക് സരസ കവി പി.കെ. കേശവനും മേനോൻ സ്മാരക ഗ്രന്ഥശാലയുടെ വളർച്ചക്ക് പി.എൻ. രാമചന്ദ്രപ്പണിക്കരും ചെയ്ത സേവനങ്ങൾ വളരെ വലുതാണ്.

പട്ടിക – 2

ഗ്രന്ഥശാലകളുടേയും വായനശാലകളുടേയും വിവരം

നമ്പർ	പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം	ശരാശരി പ്രതിമാസ വിതരണം	ആനുകാലികങ്ങളുടെ എണ്ണം
	ബാപ്പുജി സ്മാരക ഗ്രന്ഥശാല മെഴുവേലി Re. No. 1234	1938 1114 ME	B	6542	700	ദിനപത്രം 5 വാരിക 4 മാസിക 3
	പ്രോഗ്രസ്സീവ് ലൈബ്രറി മെഴുവേലി Reg. No. 5235	1989	E	1785	800	ദിനപത്രം 4 വാരിക 4
	മേനോൻ സ്മാരക ഗ്രന്ഥശാല, നെടിയകാല ഇലവുംതിട്ട പി.ഒ. Reg. No. 766	1949	A	8994	1250	10
	മെഴുവേലി പഞ്ചായത്ത് സാംസ്കാരികകേന്ദ്രം ദേശീയ ഗ്രന്ഥശാല ഉള്ളന്നൂർ, Reg. No. 1383	1952	D	1488	150-450	ദിനപത്രം 4 കേരളാ ഗസറ്റ് ഗ്രന്ഥലോകം മാസിക വിവിധ പ്രസിദ്ധീകരണങ്ങൾ
	ഗാന്ധിസ്മാരകഗ്രന്ഥശാല ഉള്ളന്നൂർ. പി.ഒ. Reg. No. 5165	1960	F	1650	420	5

കേരളശാസ്ത്രസാഹിത്യപരിഷത്ത് നാലാം വാർഡിൽ കുട്ടികളുടെ വായനശാലകൾ 1996 ഫെബ്രുവരിയിൽ ആരംഭിക്കുകയുണ്ടായി

മുപ്പതോളം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകൾ ഉണ്ടെങ്കിലും പതിനെട്ടെണ്ണമാണ് പ്രവർത്തന നിരതമായവ. ഇലവുംതിട്ട ആസാദിന്റെ പ്രവർത്തകരായിരുന്ന നിരവധിപേർ നാടക സിനിമാരംഗങ്ങളിൽ പ്രശസ്തരായിട്ടുണ്ട്. മുല്ലൂർ ബാലചന്ദ്രൻ, സി. ചന്ദ്രദത്തൻ, വി.ആർ. ഗോപിനാഥൻ നായർ, സലിം കാമ്പിശ്ശേരി, പി.കെ. സഹദേവൻ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ ആസാദിന്റെ കലാപരിപാടികൾ റേഡിയോവഴിയും പ്രൊഫഷണൽ നാടകസംഘം മുഖേനയും കേരളത്തിനകത്തും പുറത്തും പ്രചരിപ്പിക്കുന്നതിനു സഹായകമായി. ക്ലബ്ബുകൾക്ക് പരിപാടികൾ അവതരിപ്പിക്കാനുള്ള പൊതുവേദി ഇന്നു കേരളോത്സവം മാത്രമാണ്. കൂടുതൽ ക്ലബ്ബുകളും അവയുടെ പ്രവർത്തനങ്ങൾ ഓണം, ക്രിസ്മസ്സ് മുതലായ വിശേഷാവസരങ്ങളിലെ കലാപരിപാടികളിൽ ഒതുക്കി നിറുത്തുന്നു.

മെഴുവേലി യങ്ങ്സ് വർഷം തോറും കേരളത്തിലെ പ്രഗത്ഭ ഫുട്ബോൾ ടീമുകളെയും ക്രിക്കറ്റ് ടീമുകളെയും പങ്കെടുപ്പിച്ചുകൊണ്ട് മത്സരം നടത്തുന്നു. ഗോൾഡ് ട്രോഫി കൊടുക്കുന്നുണ്ട്.

M.E. 1112-ൽ മരുതിനിൽക്കുന്നതിൽ വേലായുധൻ, പനച്ചക്കൽ പത്മനാഭൻ, കുറ്റിയിൽ നാരായണൻ, കല്ലുമ്പുറത്തു മോടിയിൽ കുഞ്ഞുകുഞ്ഞ്, ആലക്കോട്ട് ആശാൻ, പുതിയ വീട്ടിൽ നാരായണൻ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തിച്ച മെഴുവേലി യുവജന നടനകലാസമിതിയുടെ സാംസ്കാരികധാര ഇന്ന് നാടകരചനയും രംഗാവിഷ്കാരവും നടത്തിക്കൊണ്ട് ഉള്ളന്നൂർ സംസ്കാര തുടരുന്നു. ഇലവുംതിട്ട ആസാദും നാടകരംഗത്ത് പ്രവർത്തിക്കുന്നുണ്ട്.


സ്ത്രീകളുടെ മാത്രമായ സമാജങ്ങളും ഇവിടെ പ്രവർത്തിക്കുന്നു. വിവിധങ്ങളായ വിഷയങ്ങളെ അടിസ്ഥാനമാക്കി ചർച്ചകളും ബോധവത്ക്കരണക്ലാസ്സുകളുമാണ് ഈ സമാജങ്ങൾ സംഘടിപ്പിക്കുന്നത്. ചാരായ വിരുദ്ധപ്രവർത്തനം, സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ ഇവയൊന്നും ഈ സമാജങ്ങളുടെ അജണ്ടയിൽ ഇനിയും സ്ഥാനം പിടിച്ചിട്ടില്ല. രാഷ്ട്രീയപാർട്ടികളുടെയും സമുദായസംഘടനകളുടെയും വനിതാ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ശാസ്ത്രസാഹിത്യ പരിഷത്ത് നടത്തിയ വനിതാകലാജാഥയും സമത അഖിലേന്ത്യകലാജാഥയും മെഴുവേലിയിൽ സ്ത്രീകളുടെ പ്രശ്നങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

കേരളസാംസ്കാരിക വകുപ്പ് ഏറ്റെടുത്ത മുല്ലൂർ സ്മാരകത്തിൽ വർഷംതോറും കേരളക്കരയിലെ സാഹിത്യനായകന്മാർ ഒത്തുകൂടാറുണ്ട്. മുല്ലൂരിന്റെ ജന്മദിനത്തോടനുബന്ധിച്ചും വിദ്യാരംഭത്തിനും നടത്താറുള്ള കവിയരങ്ങുകളും സാഹിത്യ ചർച്ചകളും ഈ ഗ്രാമത്തിലെ പ്രധാനപ്പെട്ട സാംസ്കാരിക പരിപാടിയാണ്.

835 ഭവനങ്ങളിൽ പത്രം എത്തുന്നു. ഏറ്റവും കൂടുതൽ പ്രചാരത്തിലുള്ള ദിനപ്പത്രം മലയാള മനോരമയാണ്. കേരള കൗമുദിയാണ് രണ്ടാം സ്ഥാനത്ത്. ടെലിവിഷന്റെ സ്വാധീനം സാംസ്കാരിക പ്രവർത്തനങ്ങളുടെ തീവ്രത കുറച്ചിട്ടുണ്ട്. രണ്ടു കേബിൾ ടി. വി. നെറ്റ് വർക്ക് ഈ കൊച്ചു ഗ്രാമത്തിൽ പ്രവർത്തിക്കുന്നു. ഇലവുംതിട്ടയിലാണ് പഞ്ചായത്തിലെ ഏക സിനിമാശാല.

ഫുട്ബോൾ, അതലറ്റിക്സ് എന്നിവയ്ക്കായി പഞ്ചായത്ത് സ്റ്റേഡിയം നെടിയകാലായിലാണ്. മെഴുവേലി ഹൈസ്കൂളിന് വിശാലമായ കളിസ്ഥലം ഉണ്ട്. കേരളോത്സവത്തിന് പഞ്ചായത്തിന്റെ നേതൃത്വത്തിലും വിശേഷാവസരങ്ങളിൽ ക്ലബ്ബുകൾ സ്വന്തമായും സ്പോർട്ട്സ് മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഇലവുംതിട്ടയിൽ ഒരു കരാട്ടേ സ്കൂളും പ്രവർത്തിക്കുന്നുണ്ട്.





പട്ടിക – 3

കലാകായിക സമിതികളെക്കുറിച്ചുള്ള വിവരണം

നമ്പർ	പേര്	സ്ഥാപനം വർഷം	അംഗങ്ങളുടെ എണ്ണം	സംഗീതനാടക അക്കാഡമി/ സ്പോർട്ട് കൗൺസിൽ അഫിലിയേഷൻ ഉണ്ടോ	സ്വന്തമായി കെട്ടിടമുണ്ടോ	റേഡിയോ/ T.V. തുടങ്ങിയവ ഉണ്ടോ	മുഖ്യ പ്രവർത്തനങ്ങൾ
1	ശിവജി ആർട്ട്സ് ക്ലബ്ബ്, അയത്തിൽ	1980	30	ഇല്ല	ഉണ്ട്	ഇല്ല	സാമൂഹ്യ പ്രവർത്തനം രക്തദാനം
2	ആസാദ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് ഇലവും തിട്ട. പി.ഒ. Reg. A545/79	1949	150	ഇല്ല	ഉണ്ട്	ഇല്ല	കലാകായികപ്രവർത്തനങ്ങൾ,
3	ജനശക്തി സ്പോർട്ട് ക്ലബ് നെടിയകാല	1990	96	ഇല്ല	ഇല്ല	ഇല്ല	സാക്ഷരതാ പ്രവർത്തനം, സാമൂഹിക പ്രവർത്തനം
4	സാംസ്ക്കാര കലാകായികകേന്ദ്രം ഉള്ളന്നൂർ	1988	110	ഇല്ല	ഇല്ല	ഇല്ല	കലാകായികപ്രവർത്തനങ്ങൾ,
5	ബ്രദേർസ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് ഉള്ളന്നൂർ	1993	100	ഇല്ല	ഇല്ല	ഇല്ല	സാമൂഹ്യപ്രവർത്തനം
6	നവധാര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് പാറപ്പാട്, മെഴുവേലി	1990	56	ഇല്ല	ഉണ്ട്	ഇല്ല	പൊതുജനോപകാരപ്രദമായ പ്രവർത്തനങ്ങൾ
7	ശ്രീ ഭദ്രാ വനിതാസമാജം ഇലവുംതിട്ട	1979	40	ഇല്ല	ഉണ്ട്	ഇല്ല	സാമൂഹ്യപ്രവർത്തനം
8	ഫ്രണ്ട്സ് ആർട്ട്സ് & സ്പോർട്ടസ് ക്ലബ്, മാതൃഭൂമി സ്റ്റഡി സർക്കിൾ പുളിന്തിട്ട ഇലവുംതിട്ട	1991	45	ഇല്ല	ഇല്ല	ഇല്ല	നാടൻകലകളെ പ്രോത്സാഹിപ്പിക്കുക കലാകായികപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക
9	ദേശീയ വനിതാസമാജം ഉള്ളന്നൂർ				ഉണ്ട്	റേഡിയോ	അംഗൻവാഡി പ്രവർത്തിക്കുന്നു.
10	ദേവി വനിതാസമാജം കാരിത്തോട്ട	1978	35	ഇല്ല	ഉണ്ട്	ഇല്ല	പച്ചക്കറിത്തോട്ടം, കോഴിവളർത്തൽ, ആടുവളർത്തൽ ഉണ്ടായിരുന്നു.
11	അപർണ്ണ ആർട്ട്സ് ക്ലബ്, മുക്കട, ഇലവുംതിട്ട	1993	20	ഇല്ല	ഇല്ല	ഇല്ല	സാമൂഹ്യപ്രവർത്തനം
12	ശ്രീദേവി വിലാസം N.S.S. വനിതാസമാജം ഇലവുംതിട്ട	1994	37	ഇല്ല	ഇല്ല	ഇല്ല	ചിട്ടിനടത്തുന്നു, ആരോഗ്യവിദ്യാഭ്യാസ പരിശീലനം
13	സഹൃദയവേദി മഞ്ഞിപ്പുഴ ഇലവുംതിട്ട	1986	48	ഇല്ല	ഉണ്ട്	ഇല്ല	കലാസാംസ്കാരിക പരിപോഷണം
14	യംഗ്സ് ക്ലബ് മെഴുവേലി	1973	108	ഉണ്ട്	ഇല്ല	T.V. ഉണ്ട്	കലാകായിക പ്രവർത്തനങ്ങൾ
15	സംഗീത ആർട്ട്സ് ക്ലബ് ഇലവുംതിട്ട	1980	126	ഉണ്ട്	ഇല്ല	ഇല്ല	സാക്ഷരതാ പ്രവർത്തനം സാംസ്ക്കാരിക പ്രവർത്തനം
16	സരിഗ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് ഇലവുംതിട്ട	1990	80	ഇല്ല	നിർമ്മാണഘട്ടത്തിൽ	ഇല്ല	സൗജന്യ ട്യൂഷൻ ജനക്ഷേമപരിപാടികൾ
17	വില്ലേജ് യൂത്ത് ക്ലബ് മെഴുവേലി	1985	27	ഇല്ല	ഇല്ല	T.V. ഉണ്ട്	ക്യാമ്പ് സംഘടിപ്പിക്കൽ പശുകോഴി ഇവയ്ക്ക് കുത്തിവയ്പു സംഘടിപ്പിക്കൽ
18	മുലൂർ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് അയത്തിൽ	1985	60	ഇല്ല	ഉണ്ട്	ഇല്ല	സാമൂഹ്യ കലാപ്രവർത്തനങ്ങൾ
19	ആനന്ദഭൂതേശ്വരം ശ്രീ നാരായണ വനിതാസമാജം മെഴുവേലി	1995	225	ഇല്ല	ഇല്ല	ഇല്ല	സാമൂഹ്യ സാംസ്കാരിക, സാമുദായികപ്രവർത്തനം

പട്ടിക – 4

പഞ്ചായത്തിലെ പ്രചാരത്തിലുള്ള പത്രമാസികകൾ

	എണ്ണം	%	വീക്കിലി	ശതമാനം
1 മലയാള മനോരമ	335	40.19	175	32.11
2. കേരളകൗമുദി	235	28.14	135	24.77
3 മാതൃഭൂമി	105	12.57	30	5.50
4 ദേശാഭിമാനി	55	6.58	50	9.17
5 ഇന്ത്യൻ എക്സ്പ്രസ്സ്	50	5.98		
6 ദി ഹിന്ദു	10	1.19		
7 മംഗളം	45	5.38	155	28.44
ആകെ	835	100	545	100


സ്ത്രീകൾക്കായി പ്രത്യേകം സ്പോർട്ട്സ് മത്സരങ്ങളോ കളിസ്ഥലങ്ങളോ പഞ്ചായത്തിലില്ല. രണ്ട്, അഞ്ച്, ഏഴ്, എട്ട് വാർഡുകളിൽ വായനശാലകളില്ല.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഗ്രന്ഥശാലകൾ ഇല്ല.
2. സാംസ്കാരിക കായികരംഗങ്ങളിൽ സ്ത്രീ പങ്കാളിത്തം കുറവാണ്.
3. ക്ലബ്ബുകളുടെ എണ്ണം വളരെകൂടുതലാണെങ്കിലും പഞ്ചായത്തിന്റെ സാംസ്കാരിക രംഗത്ത് തനതായ പ്രവർത്തനം കാഴ്ചവയ്ക്കാൻ അവയ്ക്കു കഴിയുന്നില്ല. സാമൂഹിക പ്രശ്നങ്ങളിൽ നേതൃത്വപരമായ പങ്കു വഹിയ്ക്കുന്നവ ചുരുക്കം ചിലതുമാത്രമാണ്.
4. നാടൻ കലാരൂപങ്ങൾ പലതും നാമാവിശേഷമാകുന്നു.
5. കുട്ടികളുടെ കലാ കായിക പ്രവർത്തനങ്ങൾക്ക് വേദികളില്ല.
6. സ്വന്തമായി കെട്ടിടങ്ങളില്ലാത്ത ക്ലബ്ബുകളുണ്ട്. പലതിന്റെയും ഭൗതികസൗകര്യങ്ങൾ മെച്ചമല്ല.
7. സാംസ്കാരിക പ്രവർത്തനത്തിനായി ഒത്തുകൂടുവാൻ പോലും സൗകര്യമില്ലാത്ത വാർഡുകളുണ്ട്.
8. വായനാശീലം കുറഞ്ഞു കുറഞ്ഞു വരുന്നു.
9. ടി.വി.യുടെ വരവ് മറ്റ് സാംസ്കാരിക പ്രവർത്തനങ്ങളെ സ്വാധീനിക്കുന്നു.
10. പഞ്ചായത്തടിസ്ഥാനത്തിൽ സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിന് സംവിധാനങ്ങളില്ല.

നിർദ്ദേശങ്ങൾ/സാധ്യതകൾ

1. വായനശാലകൾ ഇല്ലാത്ത രണ്ട്, അഞ്ച്, ഏഴ്, എട്ട് വാർഡുകളിൽ വായനശാലകൾ സ്ഥാപിക്കണം.
2. ഗ്രന്ഥശാലകളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. അയത്തിൽ ഗ്രന്ഥശാലയ്ക്കു വേണ്ടിയുള്ള ഒരു സെന്റു സ്ഥലത്ത് കെട്ടിടം നിർമ്മിക്കാനുള്ള ധനസമാഹരണം നടത്തണം. ബാപ്പുജി ഗ്രന്ഥശാലയുടെ ജീർണ്ണാവസ്ഥ പരിഹരിക്കണം. സാംസ്കാരിക കേന്ദ്രത്തിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.
3. മൂന്നാംവാർഡിൽ നിറുത്തലാക്കിയ മെഴുവേലി ഈസ്റ്റ് LPS ലളിതകലകൾ പഠിപ്പിക്കുന്നതിനുള്ള കേന്ദ്രമാക്കണം.
4. മൂന്നാംവാർഡിൽ പഞ്ചായത്ത് കമ്മ്യൂണിറ്റി സെന്റർ സ്ഥാപിക്കണം.
5. എല്ലാ ക്ലബ്ബുകൾക്കും ടി.വി., റേഡിയോ എന്നിവ ലഭ്യമാക്കണം.
6. പഞ്ചായത്തടിസ്ഥാനത്തിൽ സാംസ്കാരിക പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നതിന് സാംസ്കാരിക സംഘടനകളുടെ കോ– ഓർഡി



നേഷൻ കമ്മിറ്റി രൂപീകരിക്കാവുന്നതാണ്.

7. സ്വന്തമായ കലാപരിപാടികൾ ആവിഷ്കരിച്ചു പ്രചരിപ്പിക്കുന്ന സംഘടനകളെ പ്രോത്സാഹിപ്പിക്കണം.

8. സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പഞ്ചായത്തടിസ്ഥാനത്തിൽ വനിതകൾക്ക് സാഹചര്യം ഒരുക്കിക്കൊടുക്കണം. വനിതാ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കണം.

9. കുട്ടികളുടെ കലാസാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങൾക്കായി സംവിധാനം ഉണ്ടാകണം.

10. സൽകവി പി.കെ. കേശവൻ, മൂലൂർ പി.എൻ. വാസുപ്പണിക്കർ എന്നിവരുടെ മുദ്രണം ചെയ്തിട്ടില്ലാത്ത രചനകൾ സമാഹരിച്ച് പ്രസിദ്ധീകരിക്കണം.

11. മെഴുവേലി പഞ്ചായത്ത് മദ്യവിമുക്തമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

12. പ്രാചീനകലാരൂപങ്ങൾ സംരക്ഷിക്കുന്നതിനും അവതരിപ്പിക്കുന്നതിനും സാംസ്കാരിക സംഘടനകൾക്ക് പ്രോത്സാഹനം നൽകണം.

13. മൂലൂർ സ്മാരകത്തോടനുബന്ധിച്ച് ഒരു നാടൻകലാ പഠനഗവേഷണകേന്ദ്രം ആരംഭിക്കണം.

14. **ഇലവുംതിട്ട** പബ്ലിക്മാർക്കറ്റിൽ നിർമ്മാണം നിറുത്തുവച്ച ഓപ്പൺ എയർ തിയേറ്ററിന്റെ പണി പൂർത്തിയാക്കണം.


15. ഇലവുംതിട്ട ജംഗ്ഷനിലുള്ള പഞ്ചായത്തു വക സ്ഥലത്ത് ഓഡിറ്റോറിയം നിർമ്മിക്കണം.


16. ഇലവുംതിട്ടയിൽ അനുവദിച്ച പോലീസ് സ്റ്റേഷൻ യാഥാർഥ്യമാകുന്നതിന് നടപടി സ്വീകരിക്കണം.


17. സമഗ്രകായിക പരിശീലനത്തിന് കേന്ദ്രങ്ങൾ/സ്ഥാപനങ്ങൾ ഉണ്ടാവണം. കായിക സംസ്കാരത്തെ പോഷിപ്പിക്കണം.

18. തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ക്ലബ്ബുകൾ ഏറ്റെടുക്കണം.

19. ഇന്ത്യയിൽ ഭാഷയുടെ അടിസ്ഥാനത്തിലാണല്ലോ സംസ്ഥാനങ്ങൾ പുനർ നിർണ്ണയം ചെയ്തിരിക്കുന്നത്. ദേശിയോദ്ഗ്രഥനത്തിന് വിഘാതമായി നിൽക്കുന്നതും ഭാഷാപരമായ ഈ അതിർ വരമ്പുകൾ ഇല്ലാതാക്കാൻ ഭാഷകളെല്ലാം തമ്മിലുള്ള സാദൃശ്യങ്ങൾ മനസ്സിലാക്കിക്കൊടുത്താലേ സാധിക്കയുള്ളു. പ്രൈമറി തലം മുതൽ വിദ്യാഭ്യാസപദ്ധതിയിൽ ചെറിയ ഒരു വ്യതിയാനം വരുത്തിയാൽ ഒരു ഭാഷ സംസാരിക്കുന്നയാളിന് മറ്റു ഭാഷകൾ അനായാസം എഴുതാനും വായിക്കാനും സാധിക്കുമെന്ന് ഇലവുംതിട്ട ശ്രീ. കെ.കെ. രാമൻ അഭിപ്രായപ്പെടുന്നു. ദേശീയോദ്ഗ്രഥനം വളരെയെളുപ്പത്തിൽ സാധിതപ്രായമാക്കാൻ വളരെ എളുപ്പമായ ഒരു സ്കീം അദ്ദേഹം തയ്യാറാക്കിയിട്ടുണ്ട്. ഇതു പരിഗണിക്കേണ്ടതാണ്.







5.9

വനിത

സ്ത്രീകൾ സമൂഹത്തിന്റെ എല്ലാതലങ്ങളിലും കഴിവു പ്രകടിപ്പിക്കുകയും മികവു തെളിയിക്കുകയും ചെയ്യുന്ന കാലമാണിത്. അധികാരസ്ഥാനങ്ങളിൽ കടന്നുവന്ന് ഭരണപരമായ കാര്യങ്ങളിൽസജീവമായി ഇടപെടുവാൻ സ്ത്രീകൾ പ്രാപ്തരാണ്. അധികാര വികേന്ദ്രീകരണ പ്രക്രിയയുടെ ഭാഗമായി നിലവിൽ വന്ന പഞ്ചായത്ത് രാജ് സംവിധാനത്തിൽ സ്ത്രീകളുടെ വർദ്ധിച്ച പാതിനിധ്യമാണുള്ളത്. വിദ്യാഭ്യാസപരമായും സ്ത്രീകളിന്നു മുന്നിലാണ്. കഴിഞ്ഞ കാലത്തെ അപേക്ഷിച്ച് സ്ഥിതിഗതികൾ ഒരു വശത്ത് മെച്ചപ്പെടുമ്പോൾ മറുവശത്ത് വഷളാവുകയുമാണ്. സ്ത്രീകളുടെ സാമൂഹ്യപദവി അംഗീകരിച്ചു കൊടുക്കുവാൻ തയ്യാറാവാത്ത യാഥാസ്ഥിതിക വിഭാഗം സമൂഹത്തിൽ പ്രബലമാണ്. സ്ത്രീകൾക്കെതിരേയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നു. വിവിധതരം ചൂഷണരീതികളുടെ വ്യാപനം ആശങ്കയുണർത്തുന്നു. വിലപേശാവുന്ന വില്പനച്ചരക്കായി നോക്കിക്കാണുന്ന കമ്പോളസംസ്കാരത്തിന്റെ അദൃശ്യഹസ്തങ്ങൾ ഗ്രാമങ്ങളിൽ വരെ എത്തിയിരിക്കുന്നു. സ്ത്രീകൾ ഉപഭോഗസംസ്കാരത്തിന് അടിപ്പെടുകയാണ്. ചെറുത്തുനില്പിന്റേയും ഉയിർത്തെഴുന്നേല്പിന്റേയും രംഗത്തുള്ള പിന്നോക്കാവസ്ഥ സ്ത്രീകളുടെ പ്രശ്നങ്ങൾ സങ്കീർണ്ണമാക്കുകയാണ്. പാതിയാകാശത്തിനുടമകൾ പുതിയ വിലക്കുകൾ നേരിടുകയാണ്.

കേരളത്തിൽ സ്ത്രീപുരുഷ അനുപാതം 1000:1036 ആണ് (1991 സെൻസ്സസ്) അഖിലേന്ത്യാ നിരക്കാവട്ടെ 1000ന് 937. പത്തനംതിട്ട ജില്ലയിൽ 1000:1062 എന്നതാണു നിരക്ക്. മെഴുവേലിയിലാകട്ടെ ഇതിനേക്കാൾ പുരോഗമനാത്മകമായ സ്ഥിതിയാണ്. 1000 പുരുഷന്മാരുള്ളപ്പോൾ സ്ത്രീകളുടെ എണ്ണം 1101 ആണ്. സ്ത്രീകളെ സമൂഹത്തിനൊരു ഭാരമായികാണുന്ന ഇടങ്ങളിലാണ് പെൺശിശുഹത്യ, സതി, തുടങ്ങിയ പ്രവണതകൾ സ്ത്രീകളുടെ എണ്ണത്തെ കുറയ്ക്കുന്നതെന്നു പൊതുവേ പറയാം.

പട്ടിക – 1

സാക്ഷരത, തൊഴിൽ, പട്ടികജാതി

വാർഡ്	സാക്ഷരത		സ്ഥിരം തൊഴിൽ	
	പുരു.	സ്ത്രീ.	പുരു.	സ്ത്രീ.
1	798	830	407	110
2	924	1066	499	97
3	638	701	325	86
4	841	943	466	177
5	846	880	476	95
6	763	860	455	57
7	564	591	286	92
8	427	473	240	32
ആകെ	5801	6344	3154	746

1991ലെ സെൻസസ് പ്രകാരം അഖിലേന്ത്യാ തലത്തിൽ സ്ത്രീകളുടെ സാക്ഷരത 39.42 കേരളത്തിലാവട്ടെ ഇത് 86.17 ആണ്. പത്തനംതിട്ട ജില്ലയിൽ 91.12% മാണ് മെഴുവേലി പഞ്ചായത്തിൽ 94.79% സ്ത്രീകൾ സാക്ഷരരാണ്.

ഇവിടെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം തൃപ്തികരമല്ല. പുരുഷന്മാരിൽ 47.6% പേർക്ക് ജോലിയുള്ളപ്പോൾ സ്ത്രീകളിൽ 11.5% പേരാണ് തൊഴിലുള്ളവർ. സേവന മേഖലയിലാണ് സ്ത്രീ തൊഴിൽ പങ്കാളിത്തം കൂടുതൽ. പണ്ട് കയറുല്പാദനവും പായ്, വട്ടി, കുട്ട എന്നിവ നെയ്തു വില്പനയും നടത്തിയിരുന്നു. ഈ പരമ്പരാഗത തൊഴിലുകൾ ഇല്ലാതായപ്പോൾ ഈ മേഖലയിൽ പണിയെടുത്ത സ്ത്രീകളുടെ തൊഴിൽ നഷ്ടപ്പെടുകയുണ്ടായി.

പ്രധാനപ്പെട്ട എല്ലാ തൊഴിൽ തുറകളിലും സ്ത്രീകളും പുരുഷന്മാരും തമ്മിൽ കൂലിയിൽ വളരെയധികം അന്തരം ഉണ്ട്. തുല്യ ജോലിക്ക് തുല്യവേതനം തത്വം പരിഗണിക്കാറേയില്ല. ഇതൊരു ചൂഷണമായി വിലയിരുത്തപ്പെടുന്നുമില്ല. ദുർബലജനവിഭാഗങ്ങളെ പൊതുധാരയിലേക്ക് കൊണ്ടുവരാനുള്ള ശ്രമമാരംഭിക്കുന്നതിനു മുമ്പ് ആരംഭിച്ച വിവേചനം ഇന്നും തുടരുകയാണ്.

പട്ടിക – 2


കൂലിയിലെ അന്തരം

വർഷം	കർഷകതൊഴിലാളി	
	സ്ത്രീ	പുരുഷൻ
1945	1 ഇടങ്ങഴി	1.5 ഇടങ്ങഴി
1955	14 ചക്രം	20 ചക്രം
1960	1.5 രൂപ	2.5 രൂപ
1965	2 രൂ	3.5 രൂ
1970	3.00	5.00
1975	7.00	10.00
1980	15.00	20.00
1985	20.00	25.00
1990	20.00	45.00
1995	40	65.00
1996	50	80.00

തൊഴിൽ മേഖലകളിൽ സ്ത്രീകൾക്കു പങ്കാളിത്തം കുറവാണെങ്കിലും അവർ വീടുകളിൽ വിശ്രമിക്കുകയല്ല രാപകൽ അധ്വാനിക്കുകയാണ്. ആ അധ്വാനത്തിന്റെ മൂല്യം കണക്കാക്കുന്നില്ല എന്നു മാത്രമല്ല അത് ഒരു പണിയായി സമൂഹം ഗണിക്കുന്നില്ല. പാചകം ചെയ്യുക, കുട്ടികളെ പരിചരിക്കുക, ആടുമാടുകളെ നോക്കുക, വിറകു ശേഖരിക്കുക, തുണി അലക്കുക, തുടങ്ങി ഒരു നൂറുകൂട്ടം പണികളിൽ വിശ്രമമില്ലാതെ ജോലിയെടുക്കുകയാണ്. വിനോദത്തിനും വിശ്രമത്തിനും സമയം ലഭിക്കാതെ പുറംലോകം നഷ്ടപ്പെട്ട ജീവിതത്തിലാണ് കൂടുതൽ സ്ത്രീകളും. പരസ്പര സഹായത്തിന്റെ ജനാധിപത്യപരമായ അന്തരീക്ഷം കുടുംബങ്ങളിൽ ഇന്നില്ല.

സ്ത്രീകൾ കുടുബനാഥകളായിരിക്കുന്ന കുടുംബങ്ങളുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ കുറവാണ്. കുടുംബനാഥൻ മരിച്ച മിക്ക വീടുകളിലും അമ്മമാർ കഴിയുന്നത് പ്രായപൂർത്തിയായ മക്കളുടെ സംരക്ഷണത്തിലാണ്. സാമ്പത്തിക സ്വാശ്രയത്വം സ്ത്രീകൾക്കില്ലാത്തതിനാൽ ആശ്രിതരായി സ്ത്രീകൾ കഴിയുന്നു. വിധവകളായ സ്ത്രീകൾ പച്ചക്കറി വിറ്റും കൂലിപ്പണി ചെയ്തും ചെറുകിട കച്ചവടം നടത്തിയും ഉപജീവനം നടത്തുന്നു. അർഹരായ എല്ലാവർക്കും വിധവാ പെൻഷൻ ലഭിക്കുന്നുണ്ടെന്നു പറയാൻ കഴിയില്ല.

പഞ്ചായത്തിലെ ജനനമരണനിരക്കുകൾ യഥാക്രമം 6.5% വും 2.1% ആണ്. ഇത് സംസ്ഥാനത്തെ കണക്കിലും ജില്ലയിലെ കണക്കിലും കുറവാണ്. നമ്മുടെ ആരോഗ്യസംരക്ഷണ പരിപാടികൾ നല്ലൊരു പരിധിവരെ വിജയകരമാണ് എന്നാണീകണക്കുകൾ സൂചിപ്പിക്കുന്നത്. പഞ്ചായത്തിലെ മുഴുവൻ കുട്ടികൾക്കും ഗർഭിണികൾക്കുംപ്രതിരോധ ചികിത്സ കിട്ടുന്നുണ്ട്. 104 ഗർഭിണികൾക്കും 113 മുലയൂട്ടുന്ന അമ്മമാർക്കും അങ്കണവാടികൾ മുഖേന അനുപൂരക പോഷകാഹാരം 95–96ൽ നൽകുകയുണ്ടായി. ചാപിള്ള ജനനങ്ങൾ, ശിശുമരണങ്ങൾ (6 വയസ്സിൽ താഴെ) 95–96ൽ രേഖപ്പെടുത്തിയിട്ടില്ല. ഗർഭസംബന്ധമായ അസുഖങ്ങളാൽ സ്ത്രീകളാരെങ്കിലും മരിച്ചതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല. (അവലംബം അങ്കണവാടി രജിസ്റ്ററുകൾ) പ്രായാടിസ്ഥാനത്തിലുള്ള ദമ്പതിമാരെ സംബന്ധിച്ച കണക്കുകൾ സൂചിപ്പിക്കുന്നത് 20–ൽ താഴെ പ്രായമുള്ള വിവാഹിതകളുടെ എണ്ണം വളരെകുറവാണെന്നാണ്



പട്ടിക – 3

പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ
(സ്ത്രീയുടെ പ്രായക്രമം)

വയസ്സ്	ദമ്പതികളുടെ എണ്ണം
15–19	29
20–24	326
25–29	604
30–34	408
35–39	328
40–44	138

അവലംബം: പ്രൈമറി ഹെൽത്ത്സെന്റർ

ദമ്പതിമാരിൽ കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിക്കുന്നത് സ്ത്രീകളാണ്. അമ്മമാരിൽ ഭൂരിപക്ഷവും കുടുംബാസൂത്രണമാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. മൂന്നിൽ കൂടുതൽ കുട്ടികളുള്ള അമ്മമാർ വളരെ കുറവാണെന്നു കാണാം.

പട്ടിക – 4

ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ അമ്മമാരെ സംബന്ധിച്ച വിവരങ്ങൾ

അമ്മമാരുടെ എണ്ണം	കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാരുടെ എണ്ണം
1 കുട്ടി – 482	1 കുട്ടി – 122
2–3 കുട്ടികൾ – 1026	2 കുട്ടികൾ –1029
3 ൽ കൂടുതൽ – 185	2 ൽ കൂടുതൽ കുട്ടികൾ –193

പഞ്ചായത്തിലുള്ള 5 DWCRA യൂണിറ്റുകളാണ് ഉള്ളത്. ഇവയിൽ ഒന്നാം വാർഡിലെ വെറ്റിലകൃഷി പച്ചക്കറികൃഷി യൂണിറ്റൊഴികെയുള്ളതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഒരു വനിതാ സഹകരണസംഘം (മെഴുകുതിരി നിർമ്മാണം) നിലവിലുണ്ട്. അതിൽ 5 വനിതകൾ ജോലിചെയ്യുന്നു.

ബഹുജന സംഘടനകളിലെ വനിതാ പങ്കാളിത്തം തൃപ്തികരമല്ല. വനിതാസംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ജില്ലാനേതാക്കൾ ഈ പഞ്ചായത്തിലുണ്ട്. ജനാധിപത്യമഹിളാ അസോസ്സിയേഷൻ ജില്ലാ വൈസ്പ്രസിഡന്റ്, മഹിളാജനതാദൾ ജില്ലാ പ്രസിഡന്റ്, കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ ജില്ലാ വൈസ്പ്രസിഡന്റ്, ശാസ്ത്രസാഹിത്യ പരിഷത്ത് സംസ്ഥാന കമ്മിറ്റി അംഗം, ശ്രീനാരായണ വനിതാ സംഘം പ്രസിഡന്റ്, ജെ.എസ്സ്.എസ്സിന്റെ സംസ്ഥാന കമ്മിറ്റിയംഗം എന്നീ നിലകളിൽ പ്രവർത്തിക്കുന്ന വനിതകൾ മെഴുവേലിയിലുണ്ട്. സി.പി.എം.ന്റെ ലോക്കൽ സെക്രട്ടറി, ശാസ്ത്രസാഹിത്യ പരിഷത്ത് യൂണിറ്റ് സെക്രട്ടറി എന്നിവർ വനിതകളാണ്. നിലവിലുള്ള പഞ്ചായത്ത് കമ്മിറ്റിയിൽ മൂന്നു വനിതാ അംഗങ്ങളാണുള്ളത്. പഞ്ചായത്ത് വൈസ്പ്രസിഡന്റ് വനിതയാണ്. കുളമട ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റ് മെഴുവേലി സ്വദേശിനിയായ വനിതയാണ്. പഞ്ചായത്തിൽ നടത്തിയ വിഭവഭൂപട നിർമ്മാണ പ്രവർത്തനത്തിലും സാക്ഷരതാ പരിപാടിയിലും വനിതകൾ സജീവമായി പങ്കെടുക്കുകയുണ്ടായി. സാമുദായിക സംഘടനകളുടെ നേതൃത്വത്തിൽ വനിതകൾ പ്രവർത്തിക്കുന്നുണ്ട്.

മഹിളാസമാജങ്ങളുടെ പ്രവർത്തനം പഞ്ചായത്തിൽ തൃപ്തികരമല്ല. സ്ത്രീകൾക്കെതിരായ പ്രശ്നങ്ങളിൽ വനിതാസംഘടനകൾ ഇടപെടുന്നില്ല. സ്ത്രീധനത്തിന്റെ പേരിൽ പീഡനം അനുഭവിക്കുന്ന സ്ത്രീകളുണ്ട്. പലരും പുറത്തു പറയുന്നില്ല. ദുരൂഹമരണങ്ങൾ ഇടയ്ക്കിടെ ഉണ്ടാകാറുണ്ട്.


പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ രൂക്ഷമാണ്.
2. മിക്ക തൊഴിൽമെഖലകളിലും സ്ത്രീകൾക്ക് വേണ്ടത്ര അവസരം ലഭിക്കുന്നില്ല.
3. തൊഴിലിന് ആവശ്യമായ പരിശീലനം ലഭിക്കുന്നില്ല.
4. തൊഴിൽ മേഖലകളിൽ നാനാവിധമായ വിവേചനങ്ങൾ നിലവിലുണ്ട്.
5. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വളരെകുറവാണ്.


6. മദ്യനിരോധനം ഭാഗീകമായി നടപ്പിലാക്കിയെങ്കിലും പ്രാവർത്തികമാക്കാൻ അധികാരികൾ കാണിക്കുന്ന വിമുഖത സ്ത്രീകൾക്കു ബുദ്ധിമുട്ടിനിടയാകുന്നു.
7. സ്ത്രീപീഡനം നിലവിലുണ്ട്.
8. പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളിലും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല.
9. ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം സാമൂഹിക-രാഷ്ട്രീയ ഭരണപരമായ രംഗങ്ങളിലില്ല.
10. സ്ത്രീകൾക്കായുള്ള സാംസ്കാരിക പ്രവർത്തനങ്ങൾ പഞ്ചായത്തിലില്ല.
11. ഉപഭോക്താവെന്ന നിലയിൽ വനിതകൾ വഞ്ചിക്കപ്പെടുന്നു.

സാധ്യതകൾ/ നിർദ്ദേശങ്ങൾ

1. തൊഴിൽ സാധ്യതകൾ സൃഷ്ടിക്കണം.
2. വനിതാ സഹകരണ വ്യവസായ സംരംഭങ്ങൾ തുടങ്ങണം.
3. ടാപ്പിംങ്, പ്ലംബിങ്, പുകയില്ലാത്ത അടുപ്പ് ഫിറ്റിംഗ്, ഓട്ടോ ഡ്രൈവിംഗ് തുടങ്ങിയ മേഖലകളിൽ തൊഴിൽ പരിശീലനസൗകര്യങ്ങൾ ഒരുക്കണം.
4. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണം.
5. സ്കൂളുകൾ, തൊഴിൽശാലകൾ, പൊതുസ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തണം.
6. പണിയെടുക്കുന്ന സ്ത്രീകൾക്ക് സന്ധ്യക്ക് സാധനങ്ങൾ വാങ്ങാൻ പോകേണ്ടതുണ്ട്. വഴിവിളക്കുകൾ ഇല്ലാത്തത് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇതു പരിഹരിക്കണം.
7. സ്ത്രീ പുരുഷ സമത്വം വളർത്താനുപകരിക്കുന്നവിധം ബോധവത്ക്കരണ പരിപാടികൾ പഞ്ചായത്ത് തലത്തിൽ നടത്തണം.
8. വനിതകൾക്ക് ജനസഖ്യാനുപാതികമായ പ്രാതിനിധ്യം ഉറപ്പാക്കാൻ ശ്രമിക്കണം. പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിക്കുന്ന സമിതികളിൽ മുതൽ ഭരണപരമായ തലങ്ങൾ വരെ. രാഷ്ട്രീയ സാമൂഹിക സാമുദായിക സംഘടനകളിൽ നേതൃത്വനിരയിലേക്ക് സ്ത്രീകളെ ബോധപൂർവ്വം കൊണ്ടുവരാൻ ശ്രമിക്കണം.
9. സ്ത്രീകൾക്കായി പ്രത്യേക നേതൃത്വപരിശീലനങ്ങൾ സംഘടിപ്പിക്കണം.
10. അശ്ലീലപോസ്റ്ററുകൾ പഞ്ചായത്തിനുള്ളിൽ പ്രദർശിപ്പിക്കുന്നതു നിയമം മൂലം തടയണം.
11. വിലവിവരപ്പട്ടികകൾ നിർബന്ധമായി സ്ഥാപിക്കുകയും ഉപഭോക്താവെന്ന നിലയിൽ സ്ത്രീകൾ വഞ്ചിതരാവുന്ന അവസ്ഥ പരിഹരിക്കുകയും വേണം.
12. സ്ത്രീ പീഡനസംഭവങ്ങളിൽ രാഷ്ട്രീയക്കാർ ഇടപെട്ട് പ്രശ്നം മൂടിവയ്ക്കാതെ കക്ഷിരാഷ്ട്രീയം മറന്ന് സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങളിൽ പ്രതികരിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുക.
13. പഞ്ചായത്തു തലത്തിൽ വനിതാസെൽ രൂപീകരിക്കുക.
14. സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾക്കു പ്രത്യേക പരിഗണന നൽകുക.
15. സ്ത്രീകളുടെ സാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക. വനിതകൾക്കായി സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുക.







5.10

സഹകരണമേഖല

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ സഹകരണപ്രസ്ഥാനം ഭാരതത്തിൽ വളർച്ച പ്രാപിച്ചുതുടങ്ങിയെങ്കിലും മെഴുവേലി പഞ്ചായത്തിൽ സഹകരണപ്രസ്ഥാനം വേരോടുന്നത് സ്വതന്ത്ര്യപാപ്തിയോടടുത്താണ്. ദേശീയപ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടിരുന്നവർ ഗ്രാമോദ്ധാരണ സഹകരണ സംഘങ്ങളും ക്രയവിക്രിയസംഘങ്ങളും രൂപീകരിച്ചു. ഇലവുംതിട്ടയിൽ ശ്രീ. കൃഷ്ണൻവൈദ്യന്റെയും മറ്റും ശ്രമഫലമായി 1946- ൽ 800-ാം നമ്പർ മാരാമൺ ക്രയവിക്രിയ സഹകരണസംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചതോടുകൂടിയാണ് പഞ്ചായത്തിൽ സഹകരണപ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്. പണം കടംഎടുത്തവർ തിരിച്ച് അടക്കാതിരുന്നതിനാൽ 1970-ൽ ഈ സംഘത്തിന്റെ പ്രവർത്തനം നിലച്ചു. 1946-ൽ ആലക്കോട് കേന്ദ്രീകരിച്ച് ഒരു സോപ്പു വ്യവസായ സഹകരണസംഘം രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചു. ആദ്യകാലങ്ങളിൽ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു എങ്കിലും ഭരണസമിതിക്ക് സംഘത്തിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാനായില്ല. ഇതേ കാലഘട്ടത്തിൽ തന്നെ ഉള്ളന്നൂർ വടക്ക് പ്രവർത്തനമേഖലയാക്കികൊണ്ട് 2570-ാം നമ്പർ ക്രയവിക്രിയ സഹകരണസംഘം പ്രവർത്തനം ആരംഭിച്ചു. സംഘത്തിന്റെ ആദ്യകാല പ്രവർത്തകർ ശ്രീ. കേശവൻ വൈദ്യനും (കാരിത്തോട്ട കൊച്ചുവൈദ്യൻ) പുളിന്തിട്ട മത്തായിവക്കീലും ആയിരുന്നു. ഈ സഹകരണസംഘമാണ് പിന്നീട് മെഴുവേലി സർവ്വീസ് സഹകരണബാങ്കായി രൂപപ്പെട്ടത്. 1947-ൽ മെഴുവേലി പത്മനാഭോദയം ഹൈസ്കൂളിൽ ആരംഭിച്ച സ്കൂൾ സഹകരണസംഘം 15 വർഷക്കാലം നല്ല രീതിയിൽ പ്രവർത്തിച്ചു. കാലക്രമത്തിൽ സംഘത്തിന്റെ പ്രവർത്തനം നിലച്ചുപോയി. 1966-ൽ സ്ത്രീകൾക്ക് വേണ്ടി മാത്രം ഒരു മെഴുകുതിരി വ്യവസായ സഹകരണസംഘം രൂപീകരിച്ചു പ്രവർത്തനം തുടങ്ങി എന്നുള്ളത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. പറയങ്കര ആസ്ഥാനമായി ആരംഭിച്ച ഈ സംഘം ഇന്നും പ്രവർത്തിക്കുന്നു എന്നതും ശ്രദ്ധേയം തന്നെ.

1966 ന് ശേഷം 1976 വരെ പഞ്ചായത്തിൽ സഹകരണപ്രസ്ഥാനത്തിന് കാര്യമായ പുരോഗതി ഒന്നും തന്നെ ഉണ്ടായിട്ടില്ല. ഈ കാലഘട്ടത്തിൽ പുതിയ സംഘങ്ങൾ ഒന്നുംതന്നെ ആരംഭിച്ചതായി അറിയാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് പ്രവർത്തനപരിധി ആയിട്ടുള്ളതും പഞ്ചായത്തു കൂടി പ്രവർത്തനപരിധിയിൽ വരുന്നതുമായ 24 സഹകരണസംഘങ്ങൾ നിലവിൽ ഉണ്ട്. ഇവയുടെ പേരുവിവര പട്ടിക അടിയിൽ ചേർത്തിരിക്കുന്നു.

പട്ടിക - 1

വിവിധ സഹകരണസംഘങ്ങൾ

ക്രമ നമ്പർ	വിഭാഗം	പേരും നമ്പരും	തുടങ്ങിയ വർഷം	പ്രവർത്തന പരിധി
1	വായ്പാസംഘങ്ങൾ	മെഴുവേലി സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 2570	1946	മെഴുവേലി പഞ്ചായത്ത്
2		മെഴുവേലി പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ -A.782	1983	മെഴുവേലി പഞ്ചായത്ത്
3	ക്ഷീരോൽപാദനം	കുറിയാനിപ്പള്ളി ക്ഷീരോല്പാദക സ ഹകരണസംഘം 104 A (Apcos)	1993	മെഴുവേലി പഞ്ചായത്ത് 1,2, വാർഡുകൾ
4	ക്ഷീരോൽപാദനം	കോങ്കുകുളഞ്ഞി ക്ഷീരോൽപാദക സഹകരണ സംഘം PT43 D (Apcos)	1976	മെഴുവേലി പഞ്ചായത്ത് 3,4 വാർഡുൾ
5	ക്ഷീരോൽപാദനം	നെടിയകാലാക്ഷീരോൽപാദക സഹകരണസംഘം PT 102 D (Apcos)	1993	മെഴുവേലി പഞ്ചായത്ത് 6-ാം വാർഡ്
6	ക്ഷീരോൽപാദനം	ഇലവുംതിട്ട ക്ഷീരോത്പാദക സഹകരണ സംഘം PT55 (D) (Apcos)	1979	മെഴുവേലി പഞ്ചായത്ത് 7,8 വാർഡുകൾ
7	വിപണനം	മെഴുവേലി മാർക്കറ്റിംഗ് സഹകരണ സംഘം നമ്പർ PT 114	1994	മെഴുവേലി പഞ്ചായത്ത്
8	വ്യവസായം	മെഴുവേലി പഞ്ചായത്ത് ഗ്രാമ വ്യവസായ സഹകരണ സംഘം (A) 116		
9	വ്യവസായം	ഉള്ളന്നൂർ ഹരിജൻ ഗ്രാമ വ്യവസായ സഹകരണ സംഘം PT (D)		മെഴുവേലി പഞ്ചായത്ത്
10	വ്യവസായം	മെവുവേലി പഞ്ചായത്ത് പട്ടുനൂൽ വ്യവസായ സഹകരണ സംഘം PT 15	1991	മെഴുവേലി പഞ്ചായത്ത്

11	വ്യവസായം	ഇലവുംതിട്ട വില്ലേജ് ഇൻഡസ്ട്രിയൽ സഹകരണ സംഘം PT (19)	1991	
12	വ്യവസായം	മെഴുവേലി വില്ലേജ് ഇൻഡസ്ട്രീസ് സഹകരണസംഘം INDA -129		
13	സ്കൂൾ സഹകരണ സംഘം	മെഴുവേലി P.H.S. സഹകരണ സംഘം No. 2698	1947	
14		മോഡൽ U. P. സ്കൂൾ സഹകരണ സംഘം A - 639	1976	
15		കോഴഞ്ചേരി താലൂക്ക് വിദ്യാഭ്യാസ സഹകരണ സംഘം നമ്പർ PT 23	1988	പത്തനംതിട്ട ജില്ല
16	ഹൗസിംഗ്	കുളനട ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 639	1980	കുളനട,മെഴുവേലി പഞ്ചായത്ത്
17	ആശുപത്രി	പത്തനംതിട്ട ജില്ലാ സഹകരണ ആശുപത്രി A - 292	1972	പത്തനംതിട്ട ജില്ല
18	മോട്ടോർ	പിംകോസ് നമ്പർ PT 30	1987	പത്തനംതിട്ട ജില്ല
19	മോട്ടോർ	കോഴഞ്ചേരി താലൂക്ക് ഓട്ടോറിക്ഷാ സഹകരണ സംഘംക്ലിപ്തം നമ്പർ PT 92	1996	കോഴഞ്ചേരി താലൂക്ക്
20	പ്രിന്റിംഗ്	ആപ്കോസ് PT 43	1988	പത്തനംതിട്ട ജില്ല
21	പലവക	കുളനട ബ്ലോക്ക് മഹിളാസഹകരണസംഘം ക്ലിപ്തം നമ്പർ PT 18	1985	കുളനട ബ്ലോക്ക്
22	പലവക	കോഴഞ്ചേരി താലൂക്ക് തയ്യൽ തൊഴിലാളി ക്ഷേമസഹകരണ സംഘം നമ്പർ PT 41	1988	കോഴഞ്ചേരി താലൂക്ക്
23	പലവക	കോഴഞ്ചേരി താലൂക്ക് മണൽവാരൽ തൊഴിലാളി സഹകരണംസംഘം നമ്പർ PT 85	1990	കോഴഞ്ചേരിതാലൂക്ക്
24	പലവക	ഗവ. സർവ്വന്റ്സ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ Q161		ആറന്മുള, കുളനട, മെഴുവേലി പഞ്ചായത്തുകൾ



ഇന്നത്തെ അവസ്ഥ

1946 ൽ തന്നെ സഹകരണപ്രസ്ഥാനം നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചു എങ്കിലും പിന്നീടുള്ള അ തിന്റെ വളർച്ച മന്ദഗതിയിലായിരുന്നു. പലസംഘങ്ങ ളുടെയും പ്രവർത്തനം നിലച്ചുപോയിരിക്കുന്നു. എന്നാൽ 1946ൽ സ്ഥാപിച്ച ഉള്ളന്നൂർ ക്രയവിക്രയ സംഘം ഇന്നും നിലനിൽക്കുന്നു. 1966–ൽ പറയങ്കര സ്ഥാപിച്ച വനിതാ വ്യവസായ സഹകരണസംഘവും പ്രവർത്തിക്കുന്നു. പത്ത് വർഷങ്ങൾക്കു ശേഷം മാത്ര മാണ് പഞ്ചായത്തിൽ പുതിയ സഹകരണസംഘങ്ങൾ പിന്നീട് രൂപീകരിക്കുന്നത്. 1976ൽ മെഴുവേലി മോ ഡൽസ്കൂൾ സഹകരണസംഘം നിലവിൽ വന്നു. ഈ വർഷം തന്നെ കോങ്കുളഞ്ഞി ക്ഷീരോൽപാദക സഹകരണസംഘവും നിലവിൽ വന്നു. 1979ൽ ഇല വുംതിട്ട കേന്ദ്രമായും പഞ്ചായത്തിന്റെ 7,8 വാർഡുകൾ പ്രവർത്തന മേഖലയായും ഒരു ക്ഷീരോത്പാദക സഹ കരണസംഘം രൂപീകരിച്ചു പ്രവർത്തിക്കുന്നു. ഇതിന് പുറമേ 1993ൽ ക്ഷീരോത്പാദകരംഗത്ത് കുറിയാനി പ്പള്ളി കേന്ദ്രീകരിച്ചു പഞ്ചായത്തിന്റെ ഒന്നും രണ്ടും വാർഡുകൾ പ്രവർത്തന പരിധിയായി ഒരു സംഘവും, നെടിയകാല കേന്ദ്രീകരിച്ചു പഞ്ചായത്തിന്റെ ആറാം വാർഡു പ്രവർത്തനമേഖലയായി ഒരു ക്ഷീരോല്പാദക സഹകരണസംഘവും രൂപീകരിച്ച് പ്രവർത്തിക്കുന്നു. മാർക്കറ്റിംഗ് രംഗത്ത് 1994ൽ മാത്രമാണ് നമ്മുടെ പഞ്ചാ യത്തിൽ സഹകരണപ്രസ്ഥാനം കടന്നു ചെല്ലുന്നത് ഇലവുംതിട്ട കേന്ദ്രമായി പഞ്ചായത്തു മുഴുവൻ പ്ര വർത്തന മേഖലയായി രൂപീകരിച്ചിട്ടുള്ള ഈ സഹക രണസ്ഥാപനത്തിന്റെ ബാലാരിഷ്ട വിട്ടുമാറിയിട്ടില്ല.

ഖാദിബോർഡുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ നാല് സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു പ്ര വർത്തിക്കുന്നു. മെഴുവേലി കേന്ദ്രമാക്കി, മെഴുവേലി പഞ്ചായത്ത് ഗ്രാമവ്യവസായ സഹകരണസംഘം നമ്പർ (A) 116 എന്നപേരിൽ 25 അംഗങ്ങൾ മാത്രമായി ആ സംഘം പ്രവർത്തിക്കുന്നു. പട്ടികജാതിക്കാർക്കായി ഉള്ളന്നൂർ ഹരിജൻ ഗ്രാമവ്യവസായ സഹകരണ സംഘം നമ്പർ PT (1) എന്ന പേരിൽ ഒരു സംഘം പ്ര വർത്തിച്ചു വരുന്നു. പട്ടുനൂൽ വ്യവസായം വികസി പ്പിക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്തു മുഴുവൻ പ്രവർത്തന മേഖലയായി 'മെഴുവേലി പഞ്ചായത്ത് സെറികൾച്ചർ സഹകരണസംഘം നമ്പർ PT 15' എന്ന പേരിൽ 10 അംഗങ്ങൾ മാതമുള്ള ഒരു സ്ഥാപനവും പ്ര വർത്തിച്ചുവരുന്നു. 27.2.91ൽ മാത്രമാണ് ഇതിന്റെ പ്ര വർത്തനം ആരംഭിച്ചത്.ഇലവുംതിട്ട കേന്ദ്രീകരിച്ചു തീ പ്പെട്ടി നിർമ്മാണത്തിനായി ഒരു സഹകരണസംഘവും രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. പത്ത് അംഗങ്ങൾ മാത്രമാണ് ഈ സംഘത്തിൽ ഉള്ളത്. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് മെഴുവേലി വില്ലേജ് ഇൻഡ സ്ട്രീസ് സഹകരണസംഘം നമ്പർ INDA/29 എന്ന പേരിൽ ഒരു സ്ഥാപനവും നിലവിലുണ്ട്.


നമ്മുടെ പഞ്ചായത്തു കൂടി പ്രവർത്തന മേഖല യിൽ വരുന്ന നിരവധി സഹകരണസംഘങ്ങളും പ്ര വർത്തിക്കുന്നുണ്ട്. ഇവയുടെ പേരുവിവരങ്ങളും പ്ര വർത്തന മേഖലയും അടങ്ങുന്ന പട്ടിക ചേർത്തിരി ക്കുന്നു.

പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് ഓരോ മേഖലയും പ്രത്യേകം എടുത്ത് അവയുടെ പ്രശ്നങ്ങൾ പരിശോധിക്കേണ്ട തായിട്ടുണ്ട്. സഹകരണമേഖലയെ പ്രധാനമായും കാർഷികം, ക്ഷീരോത്പാദകം, വ്യവസായം, മാർക്ക റ്റിംഗ്, വിദ്യാഭ്യാസം എന്നിങ്ങനെ തിരിച്ച് വിലയിരു ത്തേണ്ടിയിരിക്കുന്നു.

കാർഷിക മേഖല

കാർഷികരംഗത്ത് പ്രവർത്തിക്കുന്ന ഏക സഹ കരണസ്ഥാപനം മെഴുവേലി സർവ്വീസ് സഹകരണ ബാങ്കാണ്. ഉള്ളന്നൂർ വടക്ക് പ്രവർത്തനമേഖലയായി 1946ൽ ആരംഭിച്ച ക്രയവിക്രയ സംഘത്തിന് ആരംഭ ത്തിൽ 25 അംഗങ്ങളാണ് ഉണ്ടായിരുന്നത്. ഇന്ന് അത് മെഴുവേലി പഞ്ചായത്ത് മുഴുവൻ പ്രവർത്തന മേഖല യായി 6000ൽ പരം അംഗങ്ങൾ ഉള്ള മെഴുവേലി സർവ്വീസ് സഹകരണബാങ്കായി വളർന്നതിന്റെ പി ന്നിൽ നിരവധി സഹകാരികളുടെ നിസ്വാർത്ഥത പ്ര വർത്തനങ്ങൾ ഉണ്ടെന്നുള്ള വസ്തുത പ്രത്യേകം സ്മ രിക്കുന്നു. ഇപ്പോൾ ബാങ്കിന് ഇലവുംതിട്ട കേന്ദ്രീക രിച്ച് ഒരു ശാഖകൂടിയുണ്ട്. പഞ്ചായത്തിലെ കർഷക രുടെ വായ്പാവശ്യങ്ങൾ പരിഹരിക്കുക എന്ന രൂ പീകൃത ലക്ഷ്യം കൈവരിക്കുന്നതിൽ ഒരു പരിധിവരെ ബാങ്കിന് വിജയം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. കൃഷി കാർക്കു കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പ കൾ വീതരണം നടത്തിവരുന്നു.

കർഷകർക്ക് ആവശ്യമായ വളം, കീടനാശിനി കൾ, ആസിഡ്, ഇവ വാങ്ങി ന്യായവിലയ്ക്ക് വിത രണം നടത്തി വരുന്നു. അംഗങ്ങൾക്ക് ന്യായ വിലയ്ക്ക് നിത്യോപയോഗസാധനങ്ങൾ ലഭ്യമാക്കുന്നതിന് ഇല വുംതിട്ട, കുറിയാനിപ്പള്ളി എന്നിവിടങ്ങളിൽ രണ്ടു കൺസ്യൂമർ സ്റ്റോറുകൾപ്രവർത്തിപ്പിക്കുന്നു. അംഗ ങ്ങൾ കാർഷികേതര ആവശ്യങ്ങൾ പരിഹരിക്കുന്ന



തിന് വിവിധ ഇനം വായ്പകൾ വിതരണം നടത്തിവ രുന്നു. ഇതിനു പുറമെ IRDP പോലെയുള്ള പദ്ധതി വാ യ്പകളും വിതരണം നടത്തി വരുന്നു. അംഗങ്ങൾക്കായി ചിട്ടികൾ നടത്തുന്നു. സ്വർണ്ണപ്പണയവായ്പയും നില വിലുണ്ട്. വളരെ ചുരുങ്ങിയ നിലയിലാണെങ്കിലും സേവന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഓണച്ചന്ത കൾ നടത്തി ഉത്സവകാലത്ത് ജനങ്ങൾക്കു ന്യായവി ലക്ക് സാധനങ്ങൾ ലഭ്യമാക്കുന്നു. ബാങ്കിൽ ഇപ്പോൾ മൊത്തം 14 ജീവനക്കാർ പണിയെടുക്കുന്നു. ഇതിനു പുറമെ രണ്ടു കമ്മീഷൻ ഏജന്റുമാരും പ്രവർത്തിക്കുന്നു. 1980 വരെ ബാങ്കിൽ കെട്ടുതെങ്ങ് നിക്ഷേപം നിലവിലു ണ്ടായിരുന്നു. ഇപ്പോൾ ബാങ്കിൽ വിവിധ ഇനങ്ങളി ലായി 17200042 രൂപ നിക്ഷേപം ഉണ്ട്. (30-6-96). വിവിധ ഇനങ്ങളിലായി 12637972 രൂപാ വായ്പാവിതരണവും നടത്തിയിട്ടുണ്ട്. ബാങ്കിന്റെ അംഗീകൃത ഓഹരിമൂല ധനം 1000000 രൂപയാണ്. ബാങ്കിന്റെ പിരിഞ്ഞടഞ്ഞ ഓഹരി മൂലധനം 998372 രൂപായാണ്. ബാങ്കിന് ഇപ്പോൾ തിരഞ്ഞെടുത്ത ഭരണ സമിതി നിലവിലുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി ബാങ്ക് നഷ്ടത്തിൽ പ്രവർത്തി ക്കുന്നു. ഇതിനുപുറമെ നമ്മുടെ പഞ്ചായത്തു കൂടി പ്ര വർത്തനമേഖലയായി ഒരു കാർഷികവികസനബാങ്ക് പ്രവർത്തിക്കുന്നുണ്ടെങ്കിലും ഈ സ്ഥാപനത്തിന്റെ ഒരു പ്രയോജനവും പ്രദേശത്തെ കർഷകർക്ക് ലഭിക്കുന്നില്ല.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ആവ ശ്യമായ വായ്പ ലഭ്യമാക്കാൻ ബാങ്കിന് കഴിയു ന്നില്ല.
2. വിതരണം ചെയ്യുന്ന വായ്പകൾ യഥാകാലം തിരിച്ചടവു നടക്കുന്നില്ല.
3. കൂടുതൽ വായ്പകൾ വിതരണം നടത്തുന്ന തിന് ആവശ്യമായ കൂടുതൽ ഫണ്ടുകൾ സ്വരൂ പിക്കാൻ കഴിയുന്നില്ല.
4. വായ്പാ വിനിയോഗം വിലയിരുത്തുന്നില്ല. പല വായ്പകളും യഥാർത്ഥ ആവശ്യത്തിന് ഉപ യോഗിക്കുന്നില്ല.
5. വായ്പ അംഗങ്ങൾക്ക് ലഭ്യമാകുന്നതിൽ കാല താമസം നേരിടുന്നു.
6. കർഷകർക്ക് വേണ്ടിയുള്ള കൂടുതൽ പദ്ധതി വായ്പകൾ നടപ്പാക്കി കാണുന്നില്ല. അതു കൊണ്ടു തന്നെ കർഷകർ മറ്റ് ബാങ്കുകളെ ആശ്രയിക്കേണ്ടി വരുന്നു.
7. ദുർബലവിഭാഗങ്ങൾക്കായുള്ള IRDP പോലെ യുള്ള വായ്പകൾ വളരെകുറവു മാത്രമെ വിത രണം നടത്തുന്നുള്ളു.
8. ബാങ്ക് നടത്തുന്ന കൺസ്യൂമർ സ്റ്റോറുകളിൽ നിന്നും ലഭിക്കുന്ന സാധനങ്ങളുടെ വിലയിൽ പൊതുവിപണിയിൽ നിന്നും വലിയ വ്യത്യാസം കാണുന്നില്ല.
9. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും ആളുകൾക്കു ബാങ്കിൽ എത്തുന്നതിനും, ബാ ങ്കിന്റെ സേവനം ലഭ്യമാകുന്നതിനും ബുദ്ധിമുട്ടു കൾ നേരിടുന്നു.
10. വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കികാണു ന്നില്ല.
11. പഞ്ചായത്തിലെ ജനങ്ങളുടെ വർദ്ധിച്ചുവരുന്ന ഉപഭോഗ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് തനതായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാ ക്കികാണുന്നില്ല.
12. കശുവണ്ടി സംഭരണം ബാങ്കിന് കൂടുതൽ നഷ്ടം വരുത്തിവയ്ക്കുന്നു.

സാദ്ധ്യതകൾ

1. സഹകരണം ഒരു ജനകീയ പ്രസ്ഥാനം ആയ തിനാൽ സ്ഥാപനത്തിന്റെ മെമ്പറന്മാർക്കു ജന ങ്ങളുടെ വിശ്വാസം ആർജ്ജിക്കേണ്ടതത്യാവ ശ്യമാണ്. ജനങ്ങൾക്ക് ബാങ്കിലുള്ള വിശ്വാസം വർദ്ധിക്കണമെങ്കിൽ മാത്രമേ കൂടുതൽ വിഭവ സമാഹരണം നടത്താൻ കഴിയു.
2. ബാങ്കിന്റെ ജനകീയ അടിത്തറ വിപുലീകരിക്കു ന്നതിന്റെ ഭാഗമായി കൂടുതൽ പേരെ ബാങ്കിൽ അംഗങ്ങളായി ചേർക്കണം.
3. വിതരണം ചെയ്ത വായ്പകൾ തിരിച്ചടപ്പിക്കുന്ന ഉത്തരവാദിത്വവും ബാങ്ക് ഭരണസമിതിയും ജീ വനക്കാരും ഏറ്റെടുക്കണം. ഇതിനായി വായ്പ ക്കാരും ബാങ്കും തമ്മിൽ കൂടുതൽ അടുത്ത് പ്ര വർത്തിക്കണം. അതായത് സേവന സംഘങ്ങളെ 'നാഷണലൈസ്ഡ് ബാങ്കായി' കാണരുത്.
4. തനതായ ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ വായ്പാവിതരണം നടത്തുന്നതിന് നബാർഡു പോലെയുള്ള ഏജൻസികളെ കൂടുതലായി സമീ

പിക്കേണ്ടതാണ്.

5. വായ്പാവിനിയോഗം കൃത്യമായി വിലയിരുത്തേണ്ടതാണ്. വായ്പകൾ യഥാർത്ഥ ആവശ്യത്തിന് തന്നെ ഉപയോഗിക്കണമെങ്കിൽ മനുഷ്യന്റെ എല്ലാ ആവശ്യത്തിനും വായ്പകൾ ലഭ്യമാക്കണം. അതിനായി തനതു പദ്ധതികൾ ബാങ്ക് ആവിഷ്കരിച്ചു നടപ്പാക്കണം.

6. കാർഷിക വായ്പകൾ പ്രത്യേകിച്ചും വളം വായ്പകൾ, അപേക്ഷ കിട്ടിയാൽ ഉടൻതന്നെ നൽകാൻ വേണ്ട സൗകര്യങ്ങൾ ബാങ്ക് ചെയ്തുകൊടുക്കേണ്ടതാണ്.

7. കർഷകർക്ക് കൃഷിക്കും അനുബന്ധ തൊഴിലിനും വേണ്ടിയുള്ള സ്കീമാറ്റിക് വായ്പകൾ ബാങ്ക് ആവിഷ്കരിച്ചു നടപ്പാക്കേണ്ടതാണ്.

8. ദുർബലവിഭാഗങ്ങൾക്ക് വേണ്ടിയുള്ള കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാവുന്നതാണ്.

9. കൺസ്യൂമർ സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ ജനോപകാരപ്രദങ്ങളാക്കാവുന്നതാണ്.

10. പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും എളുപ്പത്തിൽ ബാങ്കിന്റെ സേവനം എത്തിക്കുന്നതിനായി കൂടുതൽ ബ്രാഞ്ചുകളോ എക്സ്റ്റൻഷൻ കൗണ്ടറുകളോ തുറന്നു പ്രവർത്തിപ്പിക്കാവുന്നതാണ്.

11. ഇലവുംതിട്ട കേന്ദ്രമായി ഒരു സായാഹ്ന കൗണ്ടർ പ്രവർത്തിപ്പിക്കാവുന്നതാണ്.

12. വായ്പാവിതരണരംഗത്ത് മാത്രം ഒതുങ്ങിനിൽക്കാതെ ജനോപകാരപ്രദമായ ഇതര പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാവുന്നതാണ്.

14. കർഷകരുടെ ആവശ്യം പരിഗണിച്ചു കൂടുതൽ വളക്കടകൾ തുറന്നു പ്രവർത്തിപ്പിക്കാവുന്നതാണ്.

ക്ഷീരവ്യവസായം

ക്ഷീരവ്യവസായരംഗത്ത് നമ്മുടെ പഞ്ചായത്തിൽ സഹകരണപ്രസ്ഥാനത്തിന് വളരെയൊന്നും മുമ്പോട്ടു പോകാൻ കഴിഞ്ഞിട്ടില്ല. വളരെയേറെ സാധ്യതകൾ ഉള്ള ഒരുരംഗമാണ് ഇത്. പ്രധാനമായും വനിതകൾക്ക് കൂടുതൽ തൊഴിൽ സാധ്യതയും അതുവഴി വരുമാനവും വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ നാല് ക്ഷീരോദ്പാദക സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. ഇവയുടെ പേരുവിവരം പട്ടിക രണ്ടിൽ കൊടുത്തിട്ടുണ്ട്. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളും ഉൾക്കൊള്ളാൻ ഈ സംഘങ്ങൾക്ക് കഴിയുന്നില്ല.

പട്ടിക –2

ക്ഷിരോല്പാദക സഹകരണ സംഘങ്ങൾ

പേര്	സ്ഥാപിച്ച വർഷം	പ്രവർത്തന പരിധി	അംഗങ്ങൾ	ഓഹരി	പ്രതിദിനം ശേഖരിക്കുന്ന പാൽ Lr.	പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് Lr.	ജീവനക്കാർ
കുറിയാനിപ്പള്ളി 104D (AP Cos)	1993	വാർഡ്1, 2	80	800	40	5	2
കോങ്കുളത്തി PT 43D (Apcos)	1976	വാർഡ് 3, 4	138	1400	150	40	2
നെടിയകാലാ PT 102D (Apcos)	1993	വാർഡ് 6	193	3100	235	30	3
ഇലവുംതിട്ട PT 55D (Apcos)	1979	വാർഡ് 7, 8	231	2310	110	25	2

പട്ടിക – 3

ഒരുവർഷത്തെ പാൽസംഭരണത്തിന്റെ വിവരം

മാസം	നെടിയകാലാ PT 102D (Apcos.) Ltr	കോങ്കുളഞ്ഞി PT 43D (Apcos.) Ltr.	ഇലവുംതിട്ട PT 55D (Apcos.) Ltr.	കുറിയാനിപ്പള്ളി PT 104D (Apcos.) Ltr.
4/95	6528	4745	3642	2112
5/95	7213	5901	3650	2135
6/95	9695	5911	3650	2135
7/95	8730	7501	3675	2150
8/95	8730	7257	3485	1907
9/95	8760	7257	3485	1907
10/95	7062	5230	3219	1553
11/95	7065	5230	3218	1250
12/95	7065	5230	3250	890
1/96	7050	5123	3257	890
2/96	7050	5123	2005	891
3/96	7050	5123	3257	890
	91998	69631	39454	18415



നാല് ക്ഷീരോത്പാദക സഹകരണസംഘങ്ങളിലും കൂടി 641 കർഷകർ മാത്രമെ അംഗങ്ങളായിട്ടുള്ളു. നാലു സംഘങ്ങളും കൂടി ഒരു വർഷം 219498 ലിറ്റർ പാൽ സംഭരിക്കുന്നു. ഇത് പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്ന പാലിന്റെ അമ്പതു ശതമാനത്തിൽ താഴെ മാത്രമാണ്. നമ്മുടെ പഞ്ചായത്തിൽ ക്ഷീരോത്പാദക മേഖലയിൽ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നു. സംഘത്തിന്റെ പേരു വിവരങ്ങൾ അടങ്ങുന്ന ഒരു പട്ടിക 3 ൽ ചേർത്തിട്ടുണ്ട്.

പ്രശ്നങ്ങൾ

1. ബഹുഭൂരിപക്ഷം ക്ഷീരകർഷകരും സംഘത്തെ സമീപിക്കാൻ ഇഷ്ടപ്പെടുന്നില്ല.

2. കർഷകർ അവരുടെ ഉല്പന്നങ്ങൾ പൊതു വിപണികളിൽ വിൽക്കാൻ (ചായക്കടയിലോ, വീടുകളിലോ) ആഗ്രഹിക്കുന്നു.

3. സഹകരണസംഘത്തിൽ വളരെ കുറച്ചു കർഷകരേ അംഗങ്ങളായി ചേർന്നിട്ടുള്ളു.

4. ക്ഷീരകർഷകർക്കു വേണ്ടി കാലിത്തീറ്റയും, ഔഷധങ്ങളും, ന്യായവിലയ്ക്ക് ലഭ്യമാകുന്നില്ല. ഇതിനായി സംഘങ്ങൾ കൂടുതലൊന്നും ചെയ്യുന്നില്ല.

5. ഈ മേഖലയിലുള്ള വായ്പാ വിതരണം വേണ്ടത്ര തൃപ്തികരമല്ല. വായ്പയുടെ തോത് കാലാനുസൃതമായി പരിഷ്കരിക്കുന്നില്ല. പാലിന് ന്യായ വില ലഭിക്കാത്തതിനാലും, തീറ്റക്ക് അമിതവില കൊടുക്കേണ്ടി വരുന്നതിനാലും കർഷകർ കൂടുതലായി ഈ രംഗത്തേക്ക് വരുന്നതിന് തയ്യാറാകുന്നില്ല.

6. വർദ്ധിച്ചു വരുന്ന കാലിരോഗങ്ങൾ, മരുന്നിന് അമിത വില കൊടുക്കേണ്ടിവരുന്ന അവസ്ഥ ഇതൊക്കെയും കർഷകരെ മാനസ്സികമായി തളർത്തുന്നു.

7. ക്ഷീരസംഘങ്ങളിലെ ജീവനക്കാരുടെ അവസ്ഥ വളരെ ദയനീയമാണ്. ഇതുകൊണ്ട് തന്നെ ഇവർക്ക് സംഘത്തിന്റെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ കഴിയുന്നില്ല. ഇതും ഒരു പരിധിവരെ സംഘത്തിന്റെ പ്രവർത്തനത്തെ പിന്നിലാക്കുന്നു.

8. ഈ മേഖലയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം നടക്കുന്നില്ല.

സാധ്യതകൾ

വളരെ ഏറെ പ്രശ്നങ്ങൾ നിലവിലുണ്ടെങ്കിലും ഒരുവിധം ഭംഗിയായി പഞ്ചായത്തിലെ നാല് ക്ഷീരോത്പാദക സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നു. പ്രദേശങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ പദ്ധതികൾ നടപ്പാക്കേണ്ടിയിരിക്കുന്നു.

1. ക്ഷീരകർഷകരെ സംഘവുമായി കൂടുതൽ അടുപ്പിക്കുന്നതിന് അടിയന്തിര ശ്രദ്ധ കേന്ദ്രീകരിക്കണം. അതിനായി ആദ്യം ചെയ്യേണ്ടത് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കാൻ വേണ്ട ശ്രമം നടത്തുകയാണ്.

2. കൂടുതൽ ക്ഷീരകർഷകരെ സഹകരണ സംഘത്തിൽ അംഗങ്ങളാക്കണം. ഇതിന് തടസ്സമായി നിൽക്കുന്ന നിയമങ്ങളിൽ മാറ്റം വരുത്തണം. കഴിയുമെങ്കിൽ പശു വളർത്തുന്ന മുഴുവൻ പേരെയും സംഘത്തിൽ അംഗങ്ങളാക്കണം.


3. കാലികൾക്ക് ആവശ്യമായ കാലിത്തീറ്റ, ഔഷധം, ഇവ പാൽ സംഘങ്ങളിൽകൂടി ന്യായ വിലക്ക് വിതരണം ചെയ്യാൻ കഴിയണം.

4. മൃഗാശുപത്രികളുടെ സേവനം കൂടുതൽ ലഭ്യമാക്കണം.

5. മിൽമായിൽനിന്നുള്ള സേവനങ്ങൾ പേരിനു മാത്രം ഒതുക്കാതെ എല്ലാ ക്ഷീരകർഷകർക്കും ലഭ്യമാക്കണം.

6. വർദ്ധിച്ചുവരുന്ന കാലിരോഗങ്ങൾ തടയുന്നതിന് രോഗപ്രതിരോധശേഷിയുള്ളവയും, എന്നാൽ കാലാവസ്ഥക്ക് അനുയോജ്യവുമായ നല്ലയിനം പശുക്കളെ ലഭ്യമാക്കണം.

7. കർഷകർക്ക് നിത്യോപയോഗസാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് ക്ഷീരസംഘത്തിന്റെ കൺസ്യൂമർ സ്റ്റോറുകൾ നടത്താവുന്നതാണ്.



8. ഇപ്പോൾ നിലവിലുള്ള ക്ഷീരസംഘങ്ങളുടെ പ്രവർത്തനം പഞ്ചായത്തിന്റെ മുഴുവൻ ഭാഗത്തുള്ള കർഷകർക്കും ലഭ്യമല്ല. ആയതിനാൽ പുതിയ സംഘങ്ങൾ രൂപീകരിക്കുകയോ നിലവിലുള്ള സംഘങ്ങൾക്ക് കൂടുതൽ കളക്ഷൻ യൂണിറ്റുകൾ ആരംഭിക്കുകയോ ചെയ്യാവുന്നതാണ്.

9. മൃഗസംരക്ഷണവകുപ്പ്, കൃഷിവകുപ്പ്, ക്ഷീരസഹകരണ സംഘങ്ങൾ ഇവയുടെ പ്രവർത്തനം പരസ്പര പൂരകങ്ങളായി മാറേണ്ടിയിരിക്കുന്നു. ഇത് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൂടുതൽ സഹായിക്കും.

നല്ലരീതിയിൽ പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങലുടെ മേൽനോട്ടത്തിൽ, പാലിൽ നിന്നും ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ് തുടങ്ങാവുന്നതാണ്. ഇതു വനിതകൾക്ക് കൂടുതൽ തൊഴിൽ സാദ്ധ്യതകൾ ഉണ്ടാകാൻ ഉപകരിക്കും.

വ്യവസായം

വ്യവസായരംഗത്ത് നമ്മുടെ പഞ്ചായത്ത് വളരെ പുറകിലാണ്. തികച്ചും ഗ്രാമപ്രദേശമായ നമ്മുടെ പഞ്ചായത്തിന് വൻകിട വ്യവസായങ്ങളേക്കാൾ ചെറുകിട കുടിൽ വ്യവസായങ്ങളാണ് കൂടുതൽ ഉത്തമം. ഈ രംഗത്ത് സഹകരണമേഖലയ്ക്കു വളരെയേറെ കാര്യങ്ങൾ ചെയ്യാൻ കഴിയും. എന്നാൽ ഇത് മനസ്സിലാക്കി നമ്മൾ വേണ്ട ചുവടു വയ്പുകൾ നടത്തിയിട്ടില്ല. ഇപ്പോൾ നമ്മുടെ പഞ്ചായത്തിന് സംഘം എന്ന നിലയിൽ പ്രവർത്തിക്കുന്ന ഏക വ്യവസായ സഹകരണ സംഘം വനിതകൾക്കായുള്ള മെഴുകുതിരി വ്യവസായ സഹകരണസംഘം ആണ്. ഖാദിബോർഡുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ നാല് ഗ്രാമവ്യവസായ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തനരഹിതമാണ്. ഇതിനു പുറമേ നമ്മുടെ പഞ്ചായത്തു കൂടി പ്രവർത്തന പരിധിയായി വരുന്ന നിരവധി വ്യവസായ സഹകരണസംഘങ്ങൾ നിലവിലുണ്ട്. ഇവയുടെയൊന്നും സേവനങ്ങൾ നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിക്കുന്നില്ല എന്നു തന്നെ പറയാം.

പ്രശ്നങ്ങൾ

1. ഇപ്പോൾ നിലവിലുള്ള വ്യവസായ സഹകരണ സംഘങ്ങൾ ഒന്നും തന്നെ പ്രവർത്തനക്ഷമമല്ല.

2. നിലവിലുള്ള സംഘങ്ങൾക്ക് ജനകീയ അടിത്തറ ഇല്ല.

3. നിലവിലുള്ള വ്യവസായ സഹകരണ സംഘങ്ങളെ സ്വകാര്യസ്വത്ത് എന്നപോലെ കണക്കാക്കി കൈവശം വച്ചിരിക്കുന്നു.

4. വ്യവസായ വകുപ്പിൽ നിന്നും ഖാദിബോർഡിൽ നിന്നും വായ്പകൾ തട്ടിയെടുക്കാൻ വേണ്ടി മാത്രം ഇവയെ ഉപകരിക്കുന്നു.

5. കാര്യപ്രാപ്തിയുള്ള മാനേജ്മെന്റിന്റെ അഭാവം.

6. സ്വന്തമായി ആസ്ഥാനം ഇല്ലാത്ത അവസ്ഥ.

7. അസംസ്കൃതസാധനങ്ങളുടെ ലഭ്യതകുറവ്.

8. നമ്മുടെ പഞ്ചായത്തുകൂടി പ്രവർത്തനമേഖലയായി വരുന്ന ബ്ലോക്ക് മഹിള സഹകരണ സംഘം നിർജ്ജീവാവസ്ഥയിലാണ്.

സാധ്യതകൾ

1. നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ സംഘങ്ങളുടെ പ്രവർത്തനം ത്വരിതപ്പെടുത്തേണ്ടതാണ്. ഇതിനായി സഹകരണസംഘങ്ങളുടെ ജനകീയ അടിത്തറ വിപുലീകരിക്കണം.

2. ഇവയ്ക്ക് ജനകീയഭരണസമിതികൾ ഉണ്ടാകണം.

3. വ്യവസായ സഹകരണസംഘങ്ങളുടെ കാര്യത്തിൽ പഞ്ചായത്തടിസ്ഥാനത്തിൽ ഉപദേശകകമ്മിറ്റിതന്നെ ഉണ്ടാകണം.

4. ഇപ്പോൾ നിലവിലുള്ള സംഘങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച വായ്പകളെ സംബന്ധിച്ചു പഠിക്കുകയും അവ വിനിയോഗിച്ചത് എങ്ങനെയെന്ന് പരിശോധിക്കുകയും വേണം.

5. സ്വന്തമായി ആസ്ഥാനമില്ലാത്ത സഹകരണസംഘങ്ങൾക്കു വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പഞ്ചായത്ത് പുറംപോക്കുകൾ പതിച്ചു നൽകണം.

6. അസംസ്കൃത പദാർത്ഥങ്ങൾ ലഭ്യമാക്കാൻ വേണ്ട സഹായങ്ങൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകണം.

7. വനിതകൾക്ക് കൂടുതൽ തൊഴിൽസാധ്യതകൾ ലഭ്യമാക്കുന്നതിനു വേണ്ടി ഒരു റെഡിമെയ്ഡ് വസ്ത്രനിർമ്മാണ വിപണന സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.

8. റബ്ബറിൽനിന്നും ഉല്പന്നങ്ങൾ നിർമ്മിക്കുന്ന

തിന് ഒരു വ്യവസായ സഹകരണസംഘം രൂപീകരിക്കാവുന്നതാണ്.

9. കുളനട ബ്ലോക്ക് മഹിള സഹകരണ സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിക്കേണ്ടതാണ്.

മാർക്കറ്റിംഗ്

നമ്മുടെ പഞ്ചായത്തിൽ മാർക്കറ്റിംഗ് രംഗത്ത് ഒരു സഹകരണസംഘം പ്രവർത്തിക്കുന്നു. 1994-ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിൽ കാര്യമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല. ഇപ്പോൾ റബ്ബർ മാത്രം വാങ്ങുന്നുണ്ട്. ഇതിന്റെ പ്രവർത്തനം വിപുലീകരിച്ചാൽ മാർക്കറ്റിംഗ് രംഗത്ത് ഇലവുംതിട്ടയിൽ വളരെയേറെ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും.

പ്രശ്നങ്ങൾ

1. സംഘത്തിന്റെ ബാലാരിഷ്ടത ഇതുവരെ വിട്ടു മാറിയിട്ടില്ല.
2. മാർക്കറ്റിൽ കാര്യമായി ഇടപെടുന്നതിന് ആവശ്യമായ ഫണ്ടിന്റെ ലഭ്യതക്കുറവ്. അതുകൊണ്ട് തന്നെ പേരിനുമാത്രം ബിസ്സിനസ്സു നടത്തുന്നു.
3. ഇപ്പോൾ റബ്ബർ ഉല്പന്നങ്ങൾ മാത്രം സംഭരിക്കുന്നു.
4. മറ്റ് കാർഷീകോല്പന്നങ്ങൾ വിപണനം നടത്താൻ സംഘം താല്പര്യം കാണിക്കുന്നില്ല.
5. ആവശ്യമായ ഗോഡൗൺ സൗകര്യം ഇല്ലാത്ത അവസ്ഥ.
6. ശക്തമായ മാനേജ്മെന്റിന്റെ അഭാവം.

സാധ്യതകൾ

പഞ്ചായത്തിന്റെ പ്രധാന വ്യാപാര കേന്ദ്രമായ ഇലവുംതിട്ടക്ക് വളരെയേറെ പ്രാധാന്യം ഉണ്ട്. അതിനാൽ ഇലവുംതിട്ട കേന്ദ്രമായി പ്രവർത്തനം ആരംഭിച്ച മാർക്കറ്റിംഗ് സംഘം സാധ്യതക പരമാവധി പ്രയോജനപ്പെടുത്തണം.

1. സംഘത്തിന് വിപണിയിൽ സജീവമായി ഇടപെടുന്നതിന് ആവശ്യമായ ഫണ്ട് വിവിധ ഏജൻസികളിൽ നിന്നും സമാഹരിക്കുന്നതിന് കൂട്ടായ ശ്രമങ്ങൾ ഉണ്ടാകണം.
2. കൂടുതൽ അംഗങ്ങളെ ചേർത്ത് സംഘത്തിന്റെ ജനാധിപത്യ അടിത്തറ വർദ്ധിപ്പിക്കണം.
3. സേവന തല്പരരായ മാനേജ്മെന്റ് ഉണ്ടാകണം.
4. റബ്ബറിനു പുറമെ കർഷകരുടെ മറ്റ് കാർഷികോല്പന്നങ്ങളും സംഭരിച്ച് വിപണനം നടത്തണം.
5. പഴംപച്ചക്കറി രംഗത്ത് സംഘം സജീവമായി ഇടപെടണം.
6. പഞ്ചായത്ത് വ്യാപാരകേന്ദ്രത്തിന് ആവശ്യമായ ഗോഡൗൺ സൗകര്യം മിതമായ വാടകയ്ക്ക് ലഭ്യമാക്കണം.

കൺസ്യൂമർ രംഗം

കൺസ്യൂമർ രംഗത്ത് പഞ്ചായത്തിൽ തനതായ സഹകരണസംഘങ്ങൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. മെഴുവേലി സർവ്വീസ് സഹകരണബാങ്ക് നടത്തുന്ന രണ്ട് കൺസ്യൂമർസ്റ്റോറുകളേ നിലവിലുള്ളു. അവയ്ക്ക് പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യം പരിഹരിക്കുന്നതിന് കഴിയുന്നില്ല. അതുകൊണ്ടു നമ്മുടെ പഞ്ചായത്തിൽ ഒരു കൺസ്യൂമർ സഹകരണസംഘം രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്.


സ്കൂൾ സഹകരണസംഘം

1947-ൽ തന്നെ സ്കൂൾ സഹകരണസംഘങ്ങൾ ആരംഭിച്ചു. ഇപ്പോൾ ഇവയൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിൽ സ്കൂൾ സംഘങ്ങളുടെ പ്രവർത്തനം പുതിയതായി ആരംഭിക്കേണ്ടിയിരിക്കുന്നു. ഇതിന് കാലതാമസം വരുത്തിക്കൂടാ; കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾക്ക് പൊതുവിപണിയിൽ കൂടുതൽ വിലനൽകിയാണ് രക്ഷിതാക്കൾ വാങ്ങുന്നത്. സ്കൂൾ സംഘങ്ങൾക്ക് നല്ല രീതിയിൽ പ്രവർത്തിക്കാൻ കഴിയും. സ്കൂൾ സംഘങ്ങളുടെ ദിവസേനയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടത്ര ആളുകൾ ഇല്ലാത്തതിനാലാണ് ഇവയുടെ പ്രവർത്തനം നിലച്ചു പോകാൻ കാരണം. സ്കൂൾ സംഘങ്ങൾ രൂപീകരിക്കുമ്പോൾ തന്നെ ഒരു സെക്രട്ടറിയും (അദ്ധ്യാപകർ ആകരുത്) ഉണ്ടായാൽ പ്രവർത്തനം വളരെ നല്ലരീതിയിൽ കൊണ്ടുപോകാൻ കഴിയും. ഒരാൾക്ക് തൊഴിലും ലഭ്യമാകും. സ്കൂൾ സംഘങ്ങൾ കൊണ്ടുള്ള ഒരു പ്രധാന നേട്ടം കുട്ടികൾക്കു നോട്ടുബുക്കുകൾ ന്യായ വിലയ്ക്ക് വിതരണം ചെയ്യാൻ കഴിയും എന്നതാണ്. ഇത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആശ്വാസം തന്നെയായിരിക്കും.

മറ്റുള്ള സഹകരണ സംഘങ്ങൾ

നമ്മുടെ ഗ്രാമപഞ്ചായത്തുകൂടി പ്രവർത്തനമേഖലയായി വിവിധയിനം സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ഇവയുടെ പേര് വിവരം സംബന്ധിച്ച പട്ടിക 1 ൽ ചേർത്തിരിക്കുന്നു.



5.11

പട്ടികജാതി/വർഗ്ഗ ക്ഷേമം

ഒമ്പ

ഴുവേലി ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യ 14121ഉം അതിൽ 3033 പേർ പട്ടികജാതി/വർഗ്ഗവിഭാഗത്തിൽപ്പെട്ടവരാണ്.

പട്ടിക - I

വാർഡ്	പുരുഷന്മാർ	സ്ത്രീകൾ	ആകെ
I	203	204	407
II	209	234	443
III	131	117	248
IV	200	223	423
V	213	219	432
VI	216	232	448
VII	226	204	430
VIII	96	106	202
ആകെ	1494	1539	3033

അലംബം : സെൻസസ് റിപ്പോർട്ട് 1991

പഞ്ചായത്തിലുള്ള പട്ടികജാതി കോളനികളുടെ സ്ഥിതിതൃപ്തികരമല്ല. ഇല്ലായ്മകൾ ഏറെ (പട്ടിക നോക്കുക.)


പട്ടിക – 2

വാർഡ്		കോളനിയുടെ സ്ഥാനം	റോഡ്	വൈദ്യുതി	കുടിവെള്ളം
I	1	പന്നിക്കുഴി–കുരുട്ടുമോടി	P	N	N
	2	പാലയ്ക്കും പൊയ്ക	A	N	N
	3	പുന്നക്കുളഞ്ഞി	P	P	N
	4	ആര്യാട്ടുമോടി	A	N	N
II	1	തവിട്ടപൊയ്ക	A	P	N
	2	തോണ്ടിയാമോടി	P	P	N
	3	പുതുശ്ശേരി	A	P	N
	4	കാരിത്തോട്ട	A	P	N
III	1	പുല്ലേലിൽ	A	A	A
	2	മുളംന്തടം	P	P	N
IV	1	മെഴുവേലി H.C	A	A	A
	2	പറമ്പിൽ	A	N	N
	3	പാറപ്പാട്ട് മോടിയിൽ	N	P	N\
	4	തെക്കേലയ്യം	N	P	N
V	1	കുറവൻ പ്രാക്കൽ	P	N	N
	2	തുണ്ടൻ പ്ലാവ്	P	N	N
	3	ചന്ദനക്കുന്ന്	A	N	N
VI	1	പുലക്കുളഞ്ഞി	A	N	A
	2	കോയ്ക്കൽ മേലേതിൽ	A	N	A
	3	വെട്ടഴം	A	N	N
	4	പാറമണ്ണം – മലദേവർമോടി	P	N	N
VII	1	പൂപ്പൻ കാല	A	N	N
	2	നെപ്പിക്കൽ–പെണ്ണുക്കര	A	P	N
	3	വാത്തിപ്പുറമ്പ്	A	P	N
	4	പുക്കൈത	A	P	N
	5	ഇലവുംതിട്ട–തടത്തിൽ	A	P	N
VIII	1.	പാലത്തിട്ട	A	P	N
	2	മഞ്ഞത്തറ	A	P	A
	3	നാമക്കുഴി	P	P	N
	4	കോയിക്കൽ	P	P	A

A - ഉണ്ട്

P - ഭാഗികം

N - ഇല്ല



മെഴുവേലി പഞ്ചായത്തിൽ വീട്, കക്കൂസ്, വൈദ്യുതി എന്നിവ ലഭ്യമായിട്ടില്ലാത്ത പട്ടികജാതി കുടുംബങ്ങളുടെ എണ്ണം

പട്ടിക – 3

വാർഡ്	വീടുകൾ (എണ്ണം)	കക്കൂസ് (എണ്ണം)	വൈദ്യുതീകരിച്ചത്
1	40	60	66
2	27	38	18
3	22	27	32
4	28	36	45
5	28	39	27
6	21	26	30
7	24	29	40
8	17	18	26

അവലംബ: ഗ്രാമസഭ ചർച്ചകൾ

പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികളെ സംബന്ധിച്ച പൊതുവിവരം

മെഴുവേലി ഗ്രാമപഞ്ചായത്ത് അതൃത്തിയിലുള്ള ആകെ പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളുടെ എണ്ണം (ആൺകുട്ടികൾ/പെൺകുട്ടികൾ) പ്രത്യേകം ചുവടെ ചേർക്കുന്നു.

ടി പഞ്ചായത്തിൽ പട്ടികജാതി/വർഗ്ഗ വിഭാഗത്തിലെ 48 ആൺകുട്ടികളും 40 പെൺകുട്ടികളും LP സ്കൂളിൽ പഠിക്കുന്നു.

55 ആൺകുട്ടികളും 61 പെൺകുട്ടികളും, U.P. സ്കൂളിൽ പഠിക്കുന്നു. 55 ആൺ കുട്ടികളും 65 പെൺകുട്ടികളും High Schoolലും പഠിക്കുന്നുണ്ട്.

IRDP സ്കീം പ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ള പട്ടികജാതി/വർഗ്ഗ വിഭാഗത്തിലെ കുടുംബങ്ങൾ

ടി പഞ്ചായത്തിൽ 905 കുടുംബങ്ങൾ ദാരിദ്ര്യരേഖക്കുതാഴെയാണെന്ന് ഔദ്യോഗികമായി കണക്ക് വെളിപ്പെടുത്തുന്നു. ഇവയിൽ 330 എണ്ണം പട്ടിക ജാതി കുടുംബങ്ങളാണ്. ഇതുവരെ IRDP പരദ്ധതി പ്രകാരം 523 കുടുംബങ്ങൾക്ക് സാമ്പത്തികസഹായം ലഭിച്ചിട്ടുണ്ട്. ഇവയിൽ 248 എണ്ണം പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ ആണ്. ഇനിയും ധനസഹായം ലഭിക്കാൻ ഉള്ളത് 82 കുടുംബങ്ങളാണെന്നും ഔദ്യോഗിക കണക്ക് വ്യക്തമാക്കുന്നു.

പട്ടിക – 4

IRDP ലിസ്റ്റിൽ ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണം

വാർഡ്	ആകെ	പട്ടികജാതി വിഭാഗം	സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	
			ആകെ	പട്ടികജാതി
I	113	36	63	34
II	134	39	23	9
III	101	35	42	22
IV	151	57	124	58
V	128	41	88	42
VI	100	36	113	45
VII	111	60	35	18
VIII	67	26	35	20
ആകെ	905	330	523	248

അവലംബം : സെക്കന്ററി ഡേറ്റാ

മെഴുവേലി ഗ്രാമപഞ്ചായത്തിൽ വസിക്കുന്ന പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട പലരും കലാപരമായും സാംസ്കാരികമായും പ്രവർത്തന തൽപ്പരരാണ്. വിവിധ സാംസ്കാരിക സംഘടനകൾ ആർട്ട്സ്ക്ലബ്ബുകൾ എന്നിവയുടെ മുൻപന്തിയിൽ പ്രവർത്തിച്ചിരുന്നവരും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരും ഉണ്ട്. എന്നാൽ അവർക്ക് അർഹമായ പ്രോത്സാഹനമോ അംഗീകാരമോ ലഭിച്ചിട്ടില്ല. അങ്ങനെയുള്ളവർക്ക് പ്രത്യേക പരിഗണനനൽകേണ്ടതാണ്.

നാടകം, നൃത്തം തുടങ്ങിയ കലകളിൽ പ്രാവീണ്യം നേടിയ കലാകാരന്മാർ ടി പഞ്ചായത്തിൽപ്പെട്ട പട്ടികജാതി വിഭാഗങ്ങളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. പ്രൊഫഷണൽ നാടകങ്ങളിൽ പങ്കെടുക്കുന്ന കലാകാരന്മാർ, സ്കൂൾ യുവജനോത്സവം തുടങ്ങിയ മേളകളിൽ വേണ്ട പരിശീലനം നൽകി സമ്മാനം ലഭിക്കുന്നതിന് പിന്നിൽ പ്രവർത്തിക്കുന്ന അണിയറശില്പികളിൽ, ടി വിഭാഗത്തിൽപ്പെട്ടവരാണ് മുഖ്യമായിട്ടുള്ളത്.

മെഴുവേലി ഗ്രാമപഞ്ചായത്തിൽപെട്ട പട്ടികജാതി വിഭാഗക്കാർ സാക്ഷരതനേടിയിട്ടുള്ളവരാണ്. വിദ്യാർത്ഥികളിൽ വർത്തമാന പത്രങ്ങളോ മറ്റ് വിജ്ഞാനപ്രദമായ ആനുകാലിക പ്രസിദ്ധീകരണങ്ങളോ വായിക്കുന്നവർ വിരളമാണ്.

ലോവർ പ്രൈമറി അപ്പർപ്രൈമറി, ഹൈസ്കൂൾ തലത്തിലും പട്ടിക ജാതി കുട്ടികളുടെ പങ്കാളിത്തം ഉണ്ടെങ്കിലും പ്രീഡിഗ്രി മുതൽ മുകളിലോട്ട് കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു. നാട്ടിൻ പുറങ്ങളിലെ സാധാരണ സ്കൂളുകളിൽ പഠിക്കുന്ന 25-35 ശതമാനം വിദ്യാർത്ഥികൾ പട്ടികജാതി വിഭാഗക്കാരാണ്. അദ്ധ്യാപകർ ഇവരുടെ വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. പ്രൈമറി തലം മുതൽ തന്നെ ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസം മുരടിച്ചുപോകുന്നു.

മെഴുവേലി പഞ്ചായത്തിലെ മിക്കവാറും എല്ലാ വാർഡുകളിലും രണ്ടോ അതിലധികമോ അങ്കണവാടികൾ ഉണ്ടെങ്കിലും അവിടുത്തെ സൗകര്യങ്ങൾ അപര്യാപ്തമാണ്. കോളനികളോട് ചേർന്ന് അങ്കണവാടികൾ പ്രവർത്തിക്കാൻ ഉള്ള ഏർപ്പാടുകൾ ഉണ്ടാകണം.

ടി പഞ്ചായത്തിൽ NCVT യുടെ അംഗീകാരമുള്ള ഒരു I.T.Cയും ഉണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് 4 സീറ്റ് മാത്രമാണ് നീക്കിവെച്ചിട്ടുള്ളത്.

സാമൂഹ്യപദവിയിൽ കുറെയൊക്കെ പുരോഗതി വന്നിട്ടുണ്ടെങ്കിലും ഇതരവിഭാഗങ്ങളോട് താരതമ്യം ചെയ്യുമ്പോൾ വളരെ പിന്നോക്കമാണ്. പട്ടികജാതി വിഭാഗക്കാരുടെ വിവാഹാദി ചടങ്ങുകളിൽ മുന്നോക്ക വിഭാഗത്തിൽപ്പെട്ട ആൾക്കാർ സംബന്ധിക്കാറുണ്ടെങ്കിലും ഭക്ഷണം കഴിക്കുന്നവർ വിരളമാണ്. പണ്ട് കാലത്തെപ്പോലെ പ്രത്യക്ഷമായല്ലെങ്കിലും സാമൂഹ്യമായ ഉച്ചനീചത്വം ഇപ്പോഴും നിലനിൽക്കുന്നു. മുന്നോക്ക വിഭാഗത്തിൽപ്പെട്ട കൊച്ചുകുട്ടികൾപോലും പട്ടികജാതിവിഭാഗത്തിൽപ്പെട്ട മുതിർന്നവരെ പേരു വിളിക്കുകയോ ജാതി ചേർത്ത് പെരു വിളിക്കുകയോ ചെയ്യുന്ന രീതിയും ഉണ്ട്.

പഞ്ചായത്തിൽ പട്ടികജാതു വിഭാഗത്തിൽപെട്ട 5% ആളുകൾ സ്വന്തമായി ഭൂമി ഇല്ലാത്തവർ ആണെന്ന് കണക്കാക്കപ്പെടുന്നു. സ്ഥിരവരുമാനം ലഭിക്കത്തക്ക രീതിയിൽ തൊഴിലോ ജോലിയോ ഇല്ലാത്തവർ 60% ആണ്.


പ്രശ്നങ്ങൾ

1 കോളനിയിലെ അസൗകര്യങ്ങൾ

മുൻ പട്ടികയിൽ ചേർത്തിട്ടുള്ള കോളനികളിലും ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടികജാതി വിഭാഗക്കാരുടേയും അടിസ്ഥാന സൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്. തുണ്ടുഭൂമിയിൽ ഇടതിങ്ങി പാർക്കുന്ന ഈ വിഭാഗക്കാരുടെ ശുചിത്വ പരിപാലന സൗകര്യങ്ങൾ ഖേദകരമാണ്. വേനൽക്കാലം ആകുമ്പോൾ കുടിക്കുന്നതിനും കുളിക്കുന്നതിനും ജലദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ കോളനി നിവാസികളായ അധികം ആളുകളുടെയും സ്ഥിതി ദയനീയമാണ്.

2. ധാരാളം പട്ടികജാതി കുടുംബങ്ങൾ ഇപ്പോഴും ഓലപ്പുരയിൽ കഴിയുന്നു. പലയിടങ്ങളിലും കൂട്ടുകുടുംബങ്ങളായി താമസിക്കുന്ന അവസ്ഥയും ഉണ്ട്. മിക്കവയും പൂർണ്ണമായ ബന്ധവസ്സ് ഇല്ലാത്ത വീടുകളാണ്. ഈ പഞ്ചായത്തിലെ മിക്ക ലക്ഷംവീട് കോളനികളിലും താമസിക്കുന്നവരിൽ 80% വും പട്ടികജാതിക്കാരാണ് 'ഇരട്ട കുടുംബ സംവിധാന'മുള്ള ലക്ഷം വീട് കോളനിയിലെ ജീവിതം ദുരിതം നിറഞ്ഞതാണ്.

3. 1993-ൽ മെഴുവേലി പഞ്ചായത്തിന്റെ ധനസഹായത്തോടു കൂടി എല്ലാ വാർഡുകളിലും ഒട്ടനവധി വീടുകൾ വൈദ്യുതീകരിക്കുന്നതിനുവേണ്ടി



വയറിംഗ് നടത്തിയിരുന്നു. ഇതിന് 90% വും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ ആണ്. നാളിതുവരെയും ഈ വീടുകളിലൊന്നും തന്നെ വൈദ്യുതി കണക്ഷൻ എത്തിച്ചുകൊടുത്തിട്ടില്ല.

4. ഈ വിഭാഗക്കാരുടെ ആനുകൂല്യങ്ങളും അവകാശങ്ങളും മറ്റുള്ളവർ തട്ടിയെടുക്കുന്ന സ്ഥിതിയും നിലവിലുണ്ട്. ഉദ്യോഗസ്ഥന്മാരുടെ ഒത്താശയോടെ വ്യാജമായ ജാതി സർട്ടിഫിക്കറ്റ് സമ്പാദിച്ചുകൊണ്ട് പട്ടികജാതി/വർഗ്ഗക്കാർക്കു മാത്രം അർഹമായ സംവരണാനുകൂല്യങ്ങൾ സർക്കാർ/അർദ്ധസർക്കാർ ഏജൻസികളിൽ നിന്നും തട്ടിയെടുക്കുന്നുണ്ട്.

5. പട്ടികജാതി വിഭാഗക്കാരുടെ പേരിൽ ചാരിറ്റബിൾ സൊസൈറ്റി സഹകരണസംഘങ്ങൾ, മറ്റ് ചാരിറ്റബിൾ യൂണിറ്റുകൾ എന്നിവ സ്ഥാപിച്ച് മറ്റ് വിഭാഗത്തിൽപ്പെട്ടവർ ചൂഷണം നടത്തുന്നുണ്ട്.

6. തൊഴിൽ രംഗത്തു പട്ടികജാതി/വർഗ്ഗ വിഭാഗക്കാർക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ല. പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങളിലോ പഞ്ചായത്ത് ITC യിലോ തൊഴിൽ നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടില്ല. നാമമാത്രമായി സംവരണം പാലിക്കുന്നു എന്ന് വരുത്തിതീർക്കുവാൻ വേണ്ടി മാതം നിയമനം നടത്തിയിട്ടുണ്ട്.

7. ക്ലാർക്ക് തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതയുള്ള പട്ടികജാതിയിൽപെട്ട ഉദ്യോഗാർത്ഥികൾ ഉണ്ടായിരുന്നിട്ടുകൂടി വെറും പ്യൂൺ തസ്തികയിൽ സംവരണം ഒതുക്കി നിർത്തി. എയ്ഡഡ് വിദ്യാലയങ്ങളിലെ നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നില്ല. പട്ടികജാതിക്കാരെ മുൻനിരുത്തി സ്ഥാപനം തുടങ്ങുകയും അവരുടെ ആനുകൂല്യം കവർന്നെടുക്കുകയും ചെയ്യുന്ന പുതിയ ചൂഷണ പ്രവണത വളർന്നുവരുന്നുണ്ട്.

സാധ്യതകൾ / നിർദ്ദേശങ്ങൾ

1. വികസനപദ്ധതികൾ നടപ്പിലാക്കുമ്പോൾ അതുമായി ബന്ധപ്പെട്ട് ഔദ്യോഗികതലത്തിലും ആഫീസ് തലത്തിലും ഉള്ള കാലതാമസം ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

2. പട്ടികജാതി/വർഗ്ഗ വിഭാഗക്കാരുടെ ജീവിതനിലവാരവും അടിസ്ഥാനസൗകര്യങ്ങളും മെച്ചപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടത്തുമ്പോൾ ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെയുള്ള ശ്രമദാനങ്ങളോടെ നടത്തണം.

3. കോളനികളിലേക്കുള്ള വഴികൾ നിർമ്മിക്കുക അറ്റകുറ്റപ്പണികൾ, നിലവിലുള്ള വഴികൾ വികസിപ്പിക്കുക തുടങ്ങി നിർമ്മാണ പദ്ധതികളിൽ അതാത് പ്രദേശത്തുള്ള ഗുണഭോക്താക്കളുടെ കൂട്ടായ ശ്രമദാനത്തോടെ നടത്തണം.

4. വാർഡുതല വികസനപദ്ധതികൾ നടപ്പിലാക്കുമ്പോൾ അതാത് വാർഡിലെ വികസനസമിതിയുമായി അഭിപ്രായ സമുന്വയത്തിൽ നടത്തുന്നത് പ്രയോജനകരമായിരിക്കും.

5. പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് പഞ്ചായത്തിൽ നിന്ന് അനുവദിക്കുകയും എന്നാൽ ഇടനിലക്കാരെയും മദ്ധ്യവർത്തികളേയും ഇത്തരം പദ്ധതികളിൽനിന്ന് ഒഴിവാക്കുകയും അനാവശ്യചെലവുകൾ ഇല്ലാതാക്കുകയും ചെയ്യാം.

6. വികസനപദ്ധതികൾ കക്ഷി രാഷ്ട്രീയപരിഗണന കൂടാതെ അർഹരായ ഗുണഭോക്താക്കൾക്ക് മുൻഗണനാക്രമത്തിൽ നടപ്പാക്കുകയും നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ മുൻകൂട്ടി പരസ്യപ്പെടുത്തേണ്ടതുമാണ്.

7. സാമൂഹ്യമായും സാമ്പത്തികമായും വളരെ പിന്നോക്കം നിൽക്കുന്ന ഈ വിഭാഗക്കാരുടെ വീടുകളിൽ തന്നെ ചെയ്യാവുന്ന കുടിൽ വ്യവസായങ്ങൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുന്നത് നന്നായിരിക്കും. ഈറ്റ, മുള, ചൂരൽ, കാട്ടുവള്ളി തുടങ്ങിയ അസംസ്കൃത സാധനങ്ങൾ കൊണ്ട് ഉല്പന്നങ്ങൾ നിർമ്മിക്കാം. പ്രത്യേകിച്ച് ബാംബുകോർപ്പറേഷന്റെ ബാംബുപ്ലൈയ്ക്ക് ആവശ്യമായ പനമ്പ് നെയ്ത്തിന് വിപണന സാദ്ധ്യത വളരെയേറെയുണ്ട്.

8. കൂൺകൃഷി കഠിനമായ അധ്വാനം കൂടാതെ വളരെ ലാഭകരമായി ചെയ്യാവുന്ന ഒരു തൊഴിലാണ്. താല്പര്യമുള്ള അൻപതുപേരെയെങ്കിലും തെരഞ്ഞെടുത്ത് പരിശീലനം നൽകി കൂൺകൃഷി ഒരു കുടിൽ വ്യവസായം എന്ന രീതിയിൽ ചെയ്യാവുന്നതാണ്. നിർദ്ധനരായ വീട്ടമ്മമാർക്കും പെൺകുട്ടികൾക്കും വീടുകളിൽ സ്വയം ചെയ്യാവുന്ന ഒഴു തൊഴിലാണ് ഓഫീസ് കവർ നിർമ്മാണം. 25 പേരെയെങ്കിലും ഈ പദ്ധതിയിൽ ഉൾപ്പെടുത്താം. വേസ്റ്റ് പേപ്പറിൽ നിന്ന് ഉള്ള വിവിധ ഉല്പന്നങ്ങൾ ഉണ്ടാക്കുവാനും കുറഞ്ഞത് 25 കുടുംബങ്ങളിൽ നിന്നെങ്കിലും ഓരോരുത്തരെ പരിശീലിപ്പിച്ച് തൊഴിൽ നൽകാവുന്നതാണ്.

9. പച്ചമരുന്ന് ശേഖരിച്ച് പായ്ക്ക് ചെയ്ത് ഔഷധി തുടങ്ങിയ ഏജൻസികൾക്ക് നൽകുക, കര കൗശല വസ്തുക്കൾ നിർമ്മിക്കുക തുടങ്ങിയ വിവിധ പദ്ധതികളിലൂടെ 150 കുടുംബങ്ങൾക്കെങ്കിലും പ്രത്യേകം പ്രത്യേകം യൂണിറ്റുകളായി പ്രവർത്തിച്ച് വിവിധതരം ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ കഴിയും.

10. ഗ്രാമപഞ്ചായത്തിന്റേയും വികസനസമിതികളുടേയും മേൽനോട്ടത്തിലും നിയന്ത്രണത്തിലും പട്ടികജാതി/വർഗ്ഗക്കാർക്കായി ഒരു സംഭരണ വിപണന കേന്ദ്രം (Commercial Centre) തുടങ്ങിയാൽ മേൽപ്പടി ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് വാങ്ങി സംഭരിക്കുകയും വിവിധ ഏജൻസികൾക്ക് മൊത്ത വ്യാപാര അടിസ്ഥാനത്തിൽ വിപണനം (Marketing) നടത്തുകയും ചെയ്യാം.

11. ഓരോ തൊഴിലാളിയെക്കൊണ്ടും നിർബന്ധമായും അവരവരുടെ പ്രതിവാരവരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം ലഘുസമ്പാദ്യ പദ്ധതിയിൽ നിക്ഷേപിച്ച് അവരെ സമ്പാദ്യ ശീലമുള്ളവരാക്കി ഭാവി സുരക്ഷിതമാക്കാം.

12. കുടിൽ വ്യവസായയൂണിറ്റുകൾ തുടങ്ങുന്നതിന് ആവശ്യമായ സഹായം ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടാവേണ്ടത് ആവശ്യമാണ്.

13. ഒന്നാംവാർഡിലെ ഖാദി വ്യവസായ സഹകരണസംഘം പുനരുദ്ധരിച്ച് പഞ്ചായത്തു കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിന് വേണ്ട നടപടി ഉണ്ടാകണം.

14. പ്രാചീന കലകൾ പ്രോത്സാഹിപ്പിക്കുന്നതിന് കലാസാംസ്കാരികകേന്ദ്രം തുടങ്ങണം.

15, II-ാം വാർഡിൽ കാരിത്തോട്ട തോണ്ടിയാമോടി ഭാഗത്ത് ഒരു പട്ടികജാതി കുടിൽ വ്യവസായ സഹകരണസംഘം തുടങ്ങുന്നതിന് വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കണം.

16. രണ്ടാം വാർഡിൽ നിലവിൽ ഒരു രജിസ്റ്റേർഡ് ആർട്ട്സ്ക്ലബ്ബ് ഉണ്ട്. കൂടാതെ ഒരു മഹിളാ സംഘവും നിലവിൽ ഉണ്ട്. ഈ രണ്ട് സംഘടനകൾക്കും സ്വന്തമായി കെട്ടിടം ഇല്ല. ആയതിനാൽ പഞ്ചായത്തിൽ നിന്നും സ്ഥലവും ഒരു കെട്ടിടവും നിർമ്മിച്ചു നൽകണം.

17. തൊണ്ടിയാമോടി സെറ്റിൽമെന്റ് കോളനിയിൽ ഒരു T.V. സെറ്റ് നൽകുന്നതിന് വേണ്ടിയുള്ള നടപടി ഉണ്ടാകണം


18. മലഞ്ചരുവിൽ, കുര്യൻ ചിറ എന്നീ ഭാഗങ്ങൾ ഉൾപ്പെടുത്തി ഒരു സെറ്റിൽമെന്റ് കോളനി രൂപീകരിക്കുക.

19. IV-ാം വാർഡിൽ സ്വന്തമായി ഭൂമിയില്ലാത്ത 15ൽപരം കുടുംബങ്ങൾ ഉണ്ട്. ഇവർക്ക് സ്വന്തമായി ഭൂമി വാങ്ങി വീടുവയ്ക്കുവാൻ വേണ്ട സഹായം പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടാവണം.

20. പഞ്ചായത്തിലൂടെ നിയമിക്കുന്ന പാർട്ട്ടൈം ജീവനക്കാരിൽ പട്ടികജാതിക്കാരിൽ നിന്നും നിയമനം നടത്തണം.

21. മെഴുവേലി പഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംങ് കോംപ്ലക്സിൽ പട്ടികജാതി വിഭാഗത്തിനായി മുറികൾ സംവരണ നിയമപ്രകാരം നൽകേണ്ടതാണ്.

22. ഈറ്റത്തൊഴിലാളി, പായ് നെയ്ത്ത് തൊഴിലാളി എന്നിവർക്ക് വാർദ്ധക്യകാല പെൻഷൻ അനുവദിക്കണം.



23. ഓലപ്പുര ഓടു മേയുന്നതിനും മറ്റും നിലവിലുള്ള ധനസഹായപരിധി ഉയർത്തണം.

24. മിശ്രവിവാഹിതർക്കുള്ള ധനസഹായ പരിധിയും ഉയർത്തുവാൻ പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കുക.

25. V-ാം വാർഡിൽ ചന്ദനക്കുന്ന് ലക്ഷംവീട് കോളനിയിലേക്കുള്ള വഴി മദ്ധ്യേ സ്ഥാപിച്ചിരിക്കുന്ന കുഴൽ കിണർ അപകടകാരി ആണ്. ടി കുഴൽകിണർ തലസ്ഥാനത്തു നിന്നും മാറ്റി സ്ഥാപിക്കുവാൻ വേണ്ട നടപടി ഉണ്ടാവണം.

26. അഞ്ചാം വാർഡിലെ തന്നെ പകുതി പണിയാക്കി നിർത്തിയിരിക്കുന്ന തുണ്ടൽപ്ലാവ് ഓലക്കാല റോഡ് പൂർത്തിയാക്കാൻ വേണ്ട നടപടി ഉണ്ടാവണം. മൂലൂർ ജംഗ്ഷനിൽ നിന്നും ഇടത്തിനാൽ ഭാഗത്തേക്കുള്ള നടവരമ്പ് കെട്ടി ഉയർത്തി സഞ്ചാരയോഗ്യമാക്കണം.

27. ചന്ദനക്കുന്ന് സ്കൂളിന് വടക്കു വശം മെയിൻ റോഡിനോടു ചേർന്ന് കിടക്കുന്ന P.W.D. വക 13 സെന്റ് സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് പട്ടികജാതി/വർഗ്ഗ വ്യവസായകേന്ദ്രം (Commercial centre) തുടങ്ങുക.

28. VI-ാം വാർഡിലെ 10 പട്ടികജാതി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന പറമന്നം കോളനി അംഗീകൃത സെറ്റിൽമെന്റ് കോളനി ആക്കുവാൻ വേണ്ട നടപടികൾ ഉണ്ടാവണം. യാതൊരു അടിസ്ഥാന സൗകര്യങ്ങളും നാളിതുവരെ ഇവിടെ ലഭിച്ചിട്ടില്ല.

29. അതുപോലെ ഈ ഭാഗത്തെ പട്ടികജാതിക്കാർക്ക് വാർത്താമാധ്യമങ്ങൾ ഒന്നും തന്നെയില്ല. ആയതിനാൽ ഒരു T.V. സെറ്റ് നൽകുവാൻ നടപടി ഉണ്ടാവണം.

30. VII-ാം വാർഡിൽ നെപ്പിക്കൽ കോളനിയിലേക്ക് ഉള്ള കയ്യംതടം നെപ്പിക്കൽ റോഡ് സൈഡ് കെട്ടി ബലവത്താക്കണം. ടി കോളനിക്ക് പഞ്ചായത്ത് നൽകിയിട്ടുള്ള TV സെറ്റ് വൈദ്യുതി ലഭിക്കാത്തതിനാൽ പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇത് പരിഹരിക്കുവാൻ വേണ്ട നടപടി ഉണ്ടാവണം.

31. കോളനിനിവാസികളുടെ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ അടിയന്തിരമായി ചെയ്തു നൽകുവാൻ നടപടി ഉണ്ടാകേണ്ടതാണ്. പഞ്ചായത്തിലെ മിക്കവാർഡുകളിലെ പട്ടികജാതിക്കാരുടെ വീടുകൾ വളരെക്കാലമായി പഞ്ചായത്തു മുഖേന വയറിംഗ് നടത്തിയെങ്കിലും നാളിതുവരെ വൈദ്യുതി ലഭിച്ചിട്ടില്ല. വൈദ്യുതി ലഭിക്കാൻ വേണ്ട നടപടി ഉണ്ടാകണം.

32. മെഴുവേലി ചെന്നീർക്കര വില്ലേജുകളുടെ ആവശ്യത്തിലേക്ക് തുടങ്ങാനുദ്ദേശിക്കുന്ന വാട്ടർ സപ്ലേസ്കീം പൂർത്തിയാക്കി പഞ്ചായത്തിലെ പട്ടിക ജാതിക്കാർ പാർക്കുന്ന മുഴുവൻ സ്ഥലങ്ങളിലും കുടിവെള്ളം എത്തിച്ചുകൊടുക്കാൻ നടപടി ഉണ്ടാകേണ്ടതാണ്.

33. പട്ടികജാതി/വർഗ്ഗ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുവാൻ അനുവദിക്കപ്പെടുന്ന മുഴുവൻ പണവും മേപ്പടി ആവശ്യത്തിലേക്ക് മുൻഗണനാക്രമത്തിൽ ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കണം.

34. IV-ാം വാർഡിൽ നിലവിൽ ഉണ്ടായിരുന്നതും പിന്നീട് പ്രവർത്തനം നിലച്ചതുമായ ഹരിജൻ കോളനിയിലെ വായനശാല പുനരുദ്ധരിക്കുകയും, ടി വായനശാലക്ക് കെട്ടിടം നിർമ്മിച്ചു നൽകുകയും വേണം.

35. പട്ടികജാതി/വർഗ്ഗ ക്ഷേമം കൂടാതെയുള്ള മറ്റു വികസന സമിതികളിലും വാർഡുതലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ ഉൾക്കൊള്ളിക്കുകയും വികസനപ്രവർത്തനങ്ങളിൽ പങ്കാളികൾ ആക്കുകയും പ്രാധിനിത്യം നൽകേണ്ടതുമാണ്.


36. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രാചീന/നാടൻ കലാകാരന്മാർക്ക് വേണ്ട പ്രോത്സാഹനങ്ങളും പരിഗണനയും നൽകുക, പെൻഷൻ ക്ഷേമപദ്ധതികൾ നടപ്പാക്കേണ്ടതാണ്. എന്നിവ വളരെ ആവശ്യമാണ്.

37. 1988-ൽ സംസ്ഥാന ആസൂത്രണബോർഡ് തയ്യാറാക്കിയ Guideline for Special Component Plan for Scheduled Caste രൂപരേഖയുടെ അടിസ്ഥാനത്തിൽ ഈ ഗ്രാമപഞ്ചായത്തിലെ മുഴുവൻ പട്ടികജാതി/വർഗ്ഗ വിഭാഗക്കാർക്ക്, ജനസംഖ്യാനുപാതികമായി വികസന പദ്ധതികൾ വകയിരുത്തി നടപ്പിലാക്കേണ്ടതാണ്.

38. പട്ടികജാതിക്കാരുടെ കൈവശമുള്ള ചെറുതുണ്ടു ഭൂമികൾ, അധികവും അതിരുകയ്യാലകൾ ഇല്ലാതെ മണ്ണിടിച്ചിൽ മൂലം നശിച്ചുകൊണ്ടിരിക്കുന്നു. നാളിതുവരെ ടി ഭൂമിയെ മണ്ണൊലിപ്പിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിയിട്ടില്ല. അടിയന്തിരമായി, ഇതിനുള്ള പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

39. പട്ടികജാതിക്കാർ കൂട്ടമായി താമസിക്കുന്ന പ്രദേശങ്ങളും അവിടേക്കുള്ള വഴികളിലും വഴിവിളക്കുകൾ സ്ഥാപിക്കേണ്ടതാണ്. അവർതാമസിക്കുന്നിടങ്ങളിലെ പ്രധാന കോർണറുകളിൽ ട്യൂബ്‌ലൈറ്റ് സ്ഥാപിക്കണം. അനാർട്ട് തുടങ്ങിയ ഏജൻസികളുടെ സഹായസഹകരണത്താൽ അനാർട്ട് റാന്തൽ തുടങ്ങിയ സൗരോർജ്ജത്താൽ പ്രവർത്തിക്കുന്ന ഉപകരണങ്ങൾ സ്ഥാപിച്ചു നൽകാൻ നടപടിയുണ്ടാക്കണം.

ഇതരവിഭാഗങ്ങളെ അപേക്ഷിച്ച്, പട്ടികജാതി വിഭാഗക്കാരുടെ പ്രത്യേകിച്ച് കുട്ടികളുടെയും സ്ത്രീകളുടെയും ആരോഗ്യസ്ഥിതി വളരെ മോശമാണ്. ആവശ്യത്തിനുള്ള പോഷകാഹാരത്തിന്റെ കുറവും കഠിനാദ്ധ്വാനവും ടി വിഭാഗക്കാരുടെ ആരോഗ്യസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. അടിയന്തിരമായും ടി വിഭാഗങ്ങളുടെ പൊതു ആരോഗ്യം, ക്ഷേമം എന്നിവയ്ക്കുള്ള പരിപാടികൾ നടപ്പിൽ വരുത്തണം. പ്രാഥമിക ആരോഗ്യകേന്ദ്രത്തിനുള്ള പ്രവർത്തനം മെച്ചമാക്കണം. ടി കേന്ദ്രത്തിലെ ജീവനക്കാർ മാസത്തിൽ ഒരിക്കലെങ്കിലും പട്ടികജാതി വിഭാഗങ്ങളുടെ ഓരോ കുടുംബവും സന്ദർശിക്കുകയും വേണ്ട ഉപദേശങ്ങൾ, അത്യാവശ്യം മരുന്ന് എന്നിവർ നൽകണം. അതുപോലെ പൊതു സെമിനാർ, എന്നിവ സംഘടിപ്പിച്ച് വീട്ടമ്മമാർക്കു മറ്റും പ്രാഥമികചികിത്സ, ശുചിത്വം, പോഷകമൂല്യമുള്ള ആഹാരത്തിന്റെ പ്രാധാന്യം, കുട്ടികളെ പരിപാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെക്കുറിച്ച് ബോധവൽക്കരണം നടത്തണം.



5.12

വിഭവസമാഹരണം

ഒരു ഗ്രാമത്തിന്റെ പുരോഗതിയുടെ മാനദണ്ഡം അവിടുത്തെ ജനങ്ങളുടെ സാമ്പത്തിക സാമൂഹ്യരംഗത്തെ പുരോഗതിയാണ്. സാമ്പത്തിക പുരോഗതി തൊഴിലിനെയും സാമൂഹ്യപുരോഗതി വിദ്യാഭ്യാസത്തെയും അടിസ്ഥാനമാക്കിയാണ് കണക്കാക്കുന്നത്. കാർഷിക മേഖലയെ പ്രധാനമായും ആശ്രയിച്ച് മാത്രം ജീവിക്കുന്നവരാണ് ഇവിടുത്തെ ഭൂരിഭാഗം ജനങ്ങളും. റബ്ബർ കൃഷി വ്യാപകമാകുന്നതോടെ മറ്റുവിളകൾ അപ്രത്യക്ഷമാവുകയാണ്. നിലങ്ങൾ നികത്തി, നെൽകൃഷിക്കുപകരം വാഴ, മരച്ചീനി തുടങ്ങിയവ ചെയ്യുന്നതു കൊണ്ട് കൃഷിപ്പണികൾക്ക് ആവശ്യത്തിന് ആളെ കിട്ടാതായിട്ടുണ്ട്. ചെറുകിട നാമമാത്രകൃഷിക്കാർ സാമ്പത്തികത്തകർച്ചയെ നേരിട്ടു കൊണ്ടിരിക്കുന്നു. കർഷകരായിരുന്നവർ കർഷകത്തൊഴിലാളികളാകാനുള്ള വൈമുഖ്യം കാരണം അവരുടെ ജീവിതനിലവാരം ഉയരുന്നില്ല. ഈ അവസരത്തിലാണ് വിഭവസമാഹരണത്തിന്റെ പ്രസക്തി. വീടും മറ്റ് ജീവിത സൗകര്യങ്ങളും ആവശ്യമായവർക്കെല്ലാം ഒരുക്കിക്കൊടുക്കാൻ പലപ്പോഴും ഫണ്ടില്ലാത്ത അവസ്ഥയാണിന്ന് പഞ്ചായത്തിന്.

പഞ്ചായത്തിന്റെ ഇപ്പോഴുള്ള വരുമാന മാർഗ്ഗങ്ങൾ തൊഴിൽ നികുതി, കെട്ടിടനികുതി, വിനോദ നികുതി, മാർക്കറ്റിൽനിന്നുള്ള വരവ്, കെട്ടിടവാടക സ്റ്റാമ്പ് ഡ്യൂട്ടി ഗ്രാന്റുകൾ, വെഹിക്കിൾ ടാക്സ്, വിവിധ ഗ്രാന്റുകൾ ഫണ്ടുകൾ, ഇന്ദിരാവികാസ് പത്രയുടെ വിഹിതം എന്നിവയാണ്. ഇവ ഇപ്പോളത്തേ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് പര്യാപ്തമല്ല. യുക്തിസഹമായി വിഭവസമാഹരണത്തിനുള്ള വഴികൾ കാണേണ്ടിയിരിക്കുന്നു.

കേരളസംസ്ഥാന ഗ്രാമവികസന ബോർഡിൽ നിന്നും വായ്പ എടുത്ത് ഇലവുംതിട്ട ചന്തയോടു ചേർന്ന് ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണികഴിപ്പിച്ചിട്ടുണ്ട്. 2722879 രൂപാ കടമെടുത്തു പണികഴിപ്പിച്ച ഈ കെട്ടിടത്തിന് 1996–97 വരെ വാടകയിനത്തിൽ 1163527 രൂപാകിട്ടിയിട്ടുണ്ട്. നാളിതുവരെ പലിശയും മുതലും കൂടി 783000 രൂപാ തിരിച്ചടച്ചിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള നിരക്കനുസരിച്ച് ഒരു വർഷം 168000 രൂപാ വാടകകിട്ടുന്നുണ്ട്. മുതലും ഇപ്പോൾ വരെയുള്ള പലിശയും ഉൾപ്പടെ 4978954 രൂപാ സംസ്ഥാനഗ്രാമവികസന ബോർഡിന്റെ കടം തിരിച്ചടക്കാനുണ്ട്. വാടകയിനത്തിൽ കിട്ടുന്ന പണം വായ്പ തിരികെ അടക്കാൻ പര്യാപ്തമല്ല. ഇലവുംതിട്ട ഷോപ്പിംഗ് സെന്ററിൽ നിന്നും ലഭിക്കുന്ന വരുമാനത്തെ സംബന്ധിക്കുന്ന പട്ടിക താഴെ ചേർത്തിരിക്കുന്നു.

പട്ടിക 1


ഇലവുംതിട്ട ഷോപ്പിംഗ്സെന്ററിൽ നിന്നുള്ള വരുമാനം

വർഷം	തുക
1989–90	113175
1990–91	132462
1991–92	138592
1992–93	142106
1993–94	151314
1994–95	153780
1995–96	164100
ആകെ	995527

പട്ടിക – 2

ഇലവുംതിട്ട ഷോപ്പിംഗ് കോപ്ലക്സിന്റെ നിലവിലുള്ള വാടകനിരക്ക്

മുറികളുടെ വിസ്തീർണ്ണം	മുറികളുടെ എണ്ണം	ശരാശരി വാടക Rs.	ശരാശരിയിൽ കുറവ് വാടകയുള്ള മുറികൾ	കുറവു വാടക Rs.	ശരാശരിയിൽ കൂടുതലുള്ള മുറികൾ	കൂടുതൽ വാടക Rs.	റിമാർക്ക്
18 X 2 (താഴെ നില മുൻവശം)	13	565	5	310	8	693	
15 X 2 (സൈഡിലെ കെട്ടിടം താഴെനില)	5	335	2	263	3	359	
15 X 12 സൈഡിലെ കെട്ടിടം മുകൾനില)	5	107	-	-	-	-	വാടക ഒഴിഞ്ഞുകിടക്കുന്നു.
12 X12 താഴെ നില പുറകുവശം	13	160	7	115	6	231	
12 X 9 താഴെനില പുറകുവശം	2	165	1	151	1	180	
30 X 12 മുകൾനില	14	185	7	76	7	264	



പട്ടിക – 3

REPAYMENT SCHEDULE OF
PANCHAYAT SHOPPING CENTRE AND MARKETSTALL


Date	Principal	Interest	Outstanding Principal
30-9-90	1,13,453	3,40,360	26,09,426
31-3-91	1,13,453	1,63,089	24,95,973
30-9-91	1,13,453	1,55,998	23,82,520
30-9-92	1,13,453	1,41,817	21,55,614
31-3-93	1,13,453	1,34,726	20,42,161
30-9-93	1,13,453	1,27,635	19,28,708
31-3-94	1,13,453	1,20,544	18,15,255
30-9-94	1,13,453	1,13,453	17,01,802
31-3-95	1,13,453	1,06,363	15,88,349
30-9-95	1,13,453	99,272	14,74,895
31-3-96	1,13,453	92,181	13,61,443
30-9-96	1,13,453	85,090	12,47,990
31-3-97	1,13,453	77,999	11,34,537
30-9-97	1,13,453	70,909	10,21,084
31-3-98	1,13,453	63,818	9,07,631
30-9-98	1,13,453	56,727	7,94,178
31-3-99	1,13,453	49,636	6,80,725
30-9-99	1,13,453	42,545	5,67,272
31-3-2000	1,13,453	35,455	4,53,819
30-9-2000	1,13,453	28,364	3,40,366
31-3-2001	1,13,453	21,273	2,26,913
30-9-2001	1,13,453	14,182	1,13,460
31-3-2002	1,13,460	7,091	Nil

കെട്ടിടങ്ങൾക്കുള്ള നികുതി ഒരു പ്രധാന വരുമാന മാർഗ്ഗമാണ്. കഴിഞ്ഞവർഷം 249520 രൂപാ കെട്ടിടവാടക ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക – 4

കെട്ടിട നികുതി

വാർഡ്		കെട്ടിടത്തിന്റെ സ്വഭാവം					ആകെ കെട്ടിടങ്ങൾ	ആകെ നികുതി	വൈദ്യുതീകരിച്ചത്	അല്ലാത്തത്
		രണ്ട് നിലയും അതിൽ കൂടുതലും	ടെറസ് വീടുകൾ	ഓടു മേഞ്ഞത്	ഷെഡ്, മാടം അമ്പലം സ്കൂൾ, ഓല മേഞ്ഞവീട്	കൂടിൽ				
I	എണ്ണം	5	53	344	90	75	567		281	286
	നികുതി	3614	9512	9707	Nil	-		22833		
II	എണ്ണം	21	86	432	106	34	679		316	363
	നികുതി	10739	16924	12418	-	-		39721		
III	എണ്ണം	13	107	307	67	40	534		278	256
	നികുതി	10677	19287	10816	-	-		40780		
IV	എണ്ണം	19	138	319	111	67	654		218	436
	നികുതി	7008	17749	7093	-	-		31850		
V	എണ്ണം	16	109	228	219	80	652		235	417
	നികുതി	11063	16954	7745	-	-		35762		
VI	എണ്ണം	5	84	303	136	38	566		211	355
	നികുതി	2836	10827	6558	-	-		20221		
VII	എണ്ണം	26	48	285	107	50	516		383	133
	നികുതി	14701	7771	13086	-	-		35558		
VIII	എണ്ണം	10	38	198	77	24		347	208	139
	നികുതി	5007	7750	10038	-	-		22795		
				ആകെ	913	408	4515	249520	2130	2385



ഈ ഇനത്തിൽ നികുതി ഈടാക്കുന്നതിനുള്ള മാനദണ്ഡം ഇപ്രകാരമാണ്. നിർമ്മാണത്തിനു ചെലവായതുകയുടെ 10% മെയിന്റനൻസ് തുകകുറച്ച് ബാക്കിയുടെ 6% നികുതി ഏർപ്പെടുത്തുന്നു. ഇത് 6 മുതൽ 10 ശതമാനം വരെ ഈടാക്കാൻ നിയമം ഉണ്ട്. ഇപ്പോഴത്തെ രീതിയിൽ വീട്ടുകരം ഈടാക്കുന്നതിൽ പല അപാകതകളും ഉണ്ട്. തറ വിസ്തീർണ്ണത്തിന്റെയും ആഡംബരത്തിന്റെയും നിർമ്മാണ സാമഗ്രികളുടെയും മാനദണ്ഡത്തിലാവണം. സ്ഥിരമായ ചുവരുകളുള്ള എല്ലാ വീടുകൾക്കും നികുതി ചുമത്തേണ്ടതുണ്ട്. ഇത് ഉദ്യോഗസ്ഥരും ജനകീയ കമ്മിറ്റിയും നിലവിലുള്ളവ ഉൾപ്പെടെ തിട്ടപ്പെടുത്തേണ്ടതുമാണ്.

ഇപ്പോൾ പഞ്ചായത്തിൽ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെയും, എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ ഉൾപ്പടെ 241 ജീവനക്കാർ ജോലിചെയ്യുന്നു. (പട്ടിക ശ്രദ്ധിക്കുക).

പട്ടിക 5

സേവനാലയിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ

	വിദ്യാഭ്യാസം				ആരോഗ്യം				മറ്റ് മേഖലകൾ				ആകെ
	സർക്കാർ 1	സഹകരണം 2	സ്വകാര്യം 3	ആകെ 4	സർക്കാർ 5	സഹകരണം 6	സ്വകാര്യം 7	ആകെ 8	സർക്കാർ 9	സഹകരണം 10	സ്വകാര്യം 11	ആകെ 12	4+8+12
എണ്ണം	30		64	94	25		1	26	75	21	25	121	241
നികുതി	8825		14570	23895	4465		250	4715	13805	5045	10750	29600	57710

ഇവരിൽനിന്നും 57710 രൂപാ കഴിഞ്ഞ സാമ്പത്തിക വർഷം നികുതിയായി പിരിച്ചെടുത്തിട്ടുണ്ട്. പഞ്ചായത്തിൽ ഒരു സിനിമാതീയേറ്റർ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ളത് 15% മുതൽ 30% വരെയുള്ള സ്ലാബുകളാണ്. പ്രവർത്തനം തുടങ്ങിയ നാൾ മുതൽ 15% ന്റെ സ്ലാബാണ് നിശ്ചയിച്ചിട്ടുള്ളത്. സിനിമതീയറ്ററിൽ നിന്നും പഞ്ചായത്തിനുള്ള വരുമാനം സംബന്ധിച്ച പട്ടിക ചുവടെകൊടുക്കുന്നു.

പട്ടിക- 6

വിനോദനികുതി വരവ്

വർഷം	വരവ്
1990-91	13485.00
1991-92	13082.75
1992-93	16448.50
1993-94	16902.75
1994-95	15835.50
1995-96	20365.00

ഫണ്ടുകളും ഗ്രാന്റുകളും അനുവദിക്കുന്നത് യഥാസമയം ലഭിക്കുന്നില്ല. ഗൾഫ്നാടുകളിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും ധാരാളം ആളുകൾ തൊഴിലെടുക്കുന്നുണ്ട്. പട്ടിക നോക്കുക. എന്നാൽ ഇവരുടെ സമ്പത്ത് പ്രത്യുല്പാദനപരമായ ആവശ്യത്തിന് വിനിയോഗിക്കുന്നില്ല.

പട്ടിക – 7

വിദേശത്തു ജോലിചെയ്യുന്നവർ

വാർഡ്	1	2	3	4	5	6	7	8	ആകെ
എണ്ണം	82	126	128	48	92	55	66	32	629

സാമൂഹിക സാമ്പത്തിക സർവ്വേ 1992

പ്രസിഡന്റിന്റെ സഹായനിധി

കേരളത്തിലെ പഞ്ചായത്തുകളുടെ ചരിത്രത്തിലാദ്യമായി "പഞ്ചായത്ത് പ്രസിഡന്റിന്റെ സഹായനിധി" എന്ന പേരിൽ ഒരു നിധി സമാഹരിക്കുന്നുണ്ട്. പ്രധാനമന്ത്രിയുടെയും, മുഖ്യമന്ത്രിയുടെയും സഹായനിധി

യുടെ മാതൃകയിൽ മാരകരോഗം പിടിപെട്ടവർ പോലെ സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് അടിയന്തിര സഹായം വേണ്ടിവരുമ്പോൾ ഈ നിധിയിൽ നിന്നും സാമ്പത്തികസഹായം ലഭിക്കുന്നതാണ്. ഈ ജീവകാരുണ്യപരമായ സംരഭത്തിന് കൂടുതൽ പേരിൽ നിന്നും സഹായം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം. ഇതിനോടകം ഏകദേശം 75000/- രൂപ സംഭരിക്കുകയും 11 പേർക്കായി 21003 രൂപാ നൽകുകയും ചെയ്തിട്ടുണ്ട്.

ബാങ്കിംഗ് മേഖല

ഈ പഞ്ചായത്തിൽ സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂർ, ഇലവുംതിട്ട ശാഖയും, കോർപ്പറേഷൻ ബാങ്ക് മെഴുവേലി ശാഖയും, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്, ഇലവുംതിട്ട ശാഖയും, മെഴുവേലി സർവ്വീസ് സഹകരണബാങ്ക് No. 2570, ഉള്ളന്നൂർ H.O യും ഇലവുംതിട്ട ശാഖയും, ചില സ്വകാര്യ പണമിടപാടുസ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. (പട്ടിക 8ൽ കാണുക)

പട്ടിക - 8

ബാങ്കുകളിലെ വായ്പാനിക്ഷേപാനുപാതം


ബാങ്കിന്റെപേര്	വായ്പ	നിക്ഷേപം	അനുപാതം	ശതമാനം
State Bank of Travancore	146 ലക്ഷം	1114 ലക്ഷം	1:7.6	13
Corporation Bank	65 ലക്ഷം	585 ലക്ഷം	1:9	11
Pathanamthitta Dist. Co-op. Bank	64 ലക്ഷം	220 ലക്ഷം	1:3.4	29
S.C.B. Ltd. 2570	126 ലക്ഷം	172 ലക്ഷം	1:1.4	73


വായ്പാനിക്ഷേപാനുപാതം പട്ടികയിൽ നിന്നും മനസ്സിലാകുന്നത് വായ്പകൾ വിതരണം ചെയ്യുന്നതിൽ ബാങ്കുകൾ പിന്നോക്കം നിൽക്കുന്നു എന്നാണ്. കേരളത്തിലെ വായ്പാനിക്ഷേപനുപാതത്തിനേക്കാൾ വളരെക്കുറവാണ് പഞ്ചായത്തിലേത്. ജില്ലാ സഹകരണബാങ്കാണ് ശതമാനക്കണക്കിൽ മുന്നിൽ. വായ്പയെടുക്കുന്നതിന് പുതിയ ആക്ടിൽ പഞ്ചായത്തുകൾക്ക് അധികാരം നൽകിയിട്ടുണ്ട്. പ്രത്യുല്പാദനപരമായ പദ്ധതികൾക്ക് പണം കണ്ടെത്താൻ ഈ വഴിക്കു ചിന്തിക്കുന്നത് നല്ലതാണ്.

ചെലവുകൾ

പ്രത്യുല്പാദനപരമല്ലാത്ത മേഖലകളിൽ മുതൽ മുടക്കുന്നതും, കാര്യക്ഷമമായ ആസൂത്രണത്തിന്റെ അഭാവവും, ഭരണച്ചെലവുകളുടെ വർദ്ധനവും പലപ്പോഴും വികസനപ്രവർത്തനങ്ങളെ സാരമായി ബാധിക്കാറുണ്ട്. മണ്ണ് റോഡുകളിൽ മഴക്കാലത്തോടടുപ്പിച്ച് മെയിന്റനൻസ് നടത്തുമ്പോൾ വർഷകാലത്തോടു കൂടി അത് ഒലിച്ചു പോകുന്നു. ഓടകളില്ലാത്തതിനാൽ ഓരോ വർഷവും ഇത് ആവർത്തിക്കുന്നു. വെള്ളമൊഴുകിപ്പോകുന്നതിനുള്ള സ്ഥിരമായ ഓടകൾ നിർമ്മിച്ച് റോഡുകൾ പണിതീർത്താൽ വളരെയധികം പണം ലാഭിക്കുവാൻ സാധിക്കുന്നതാണ്. റോഡുകളുടെ പരിരക്ഷ ഇരുവശത്തും താമസിക്കുന്നവരുടെയും സന്നദ്ധപ്രവർത്തകരുടെയും നേതൃത്വത്തിലാണെങ്കിൽ വളരെയധികം പണം മറ്റുമേഖലകളിൽ ചെലവഴിക്കുവാൻ സാധിക്കും.

വൈവിദ്ധ്യവൽക്കരിച്ച പ്രവർത്തനങ്ങളിലൂടെ സാമ്പത്തിക-സാമൂഹ്യ-വിദ്യാഭ്യാസരംഗങ്ങളിൽ ഒരു കുതിച്ചുചാട്ടം നടത്തുവാൻ ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. എല്ലാ രംഗങ്ങളിലും സ്വാശ്രയത്വം കൈവരിക്കാനും സ്വാശ്രയഗ്രാമം-സുന്ദരഗ്രാമം എന്ന മുദ്രവാക്യം ഉയർത്തിപിടിക്കുവാനും ഒത്തൊരുമിച്ചുള്ള പ്രവർത്തനം ആവശ്യമാണ്.





കഴിഞ്ഞ 10 വർഷങ്ങളിലെ വരവും ചെലവും


(ലക്ഷം രൂപായിൽ)

പ്രശ്നങ്ങൾ

1. പഞ്ചായത്തിന് വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ ഫണ്ടുകൾ ഇപ്പോൾ ലഭ്യമല്ല.
2. ഇലവുംതിട്ടയിലെ ഷോപ്പിംഗ് കോംപ്ലക്സ്സിൽ നിന്നും വാടക ഇനത്തിൽ ലഭിക്കുന്ന പണം വായ്പ തിരിച്ചടക്കുന്നതിന് മതിയാകുന്നില്ല.
3. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾക്ക് വാടക നിശ്ചയിച്ചതിൽ അപാകത ഉണ്ടായിട്ടുണ്ട്.
4. സിനിമാ തീയേറ്റർ പ്രവർത്തനം ആരംഭിച്ച കാലത്തെ നികുതിയാണ് ഇപ്പോഴും ഈടാക്കുന്നത്. കാലാനുസൃതമായി പരിഷ്കരിക്കുന്നില്ല.
5. കെട്ടിടനികുതി നിരക്ക് വളരെ കുറവും അപാകതകൾ ഉള്ളതുമാണ്.
6. പഞ്ചായത്തുവക പുറംപോക്കു ഭൂമികൾ ഉപയോഗശൂന്യമായി കിടക്കുന്നു.
7. സാമ്പത്തിക പരിമിതി മൂലം വികസനപ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നില്ല.
8. വരവിനേക്കാൾ ചെലവുകൾ കൂടിനിൽക്കുന്നു.

സാധ്യതകൾ

1. പഞ്ചായത്ത് കോംപ്ലക്സിന്റെ വാടക കാലാനുസൃതമായി പരിഷ്കരിച്ച് വരുമാനം വർദ്ധിപ്പിക്കണം. ഈ ഇനത്തിൽ ലഭ്യമാകുന്ന തുക കൊണ്ടു വായ്പ തിരിച്ചടക്കാൻ കഴിയണം.
2. കെട്ടിടനികുതി നിരക്ക് പുതുക്കി നിശ്ചയിക്കണം. ഇപ്പോൾ 6% നികുതി എന്നത് വർദ്ധിപ്പിക്കണം. അപാകതകൾ പരിഹരിക്കണം.
3. സിനിമാതീയറ്ററിന്റെ വിനോദനികുതി കഴിഞ്ഞ കുറേകാലങ്ങളായി വർദ്ധിപ്പിച്ചു കാണുന്നില്ല. ഇത് അടിയന്തിരമായി വർദ്ധിപ്പിക്കേണ്ടതാണ്.
4. ഫണ്ടുകളും ഗ്രാന്റുകളും യഥാസമയം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. നിശ്ചിതപരിധിക്കു മുകളിലുള്ള തോട്ടങ്ങൾക്കും കൃഷിസ്ഥലങ്ങൾക്കും എസ്റ്റേറ്റ് നികുതി ഏർപ്പെടുത്താവുന്നതാണ്. പഞ്ചായത്തിൽ നിന്നും തടി വെട്ടി പുറത്തു കൊണ്ടു പോകുന്നതിന് കടത്തുകൂലി ചുമത്താവുന്നതാണ്.
6. വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് സന്നദ്ധസംഘടനകളുടെ സഹായം പ്രയോജനപ്പെടുത്താവുന്നതാണ്. അഭ്യസ്ഥവിദ്യരായ യുവജനങ്ങളുടെ പങ്കാളിത്തം ക്രിയാത്മകമായ മേഖലകളിലേക്ക് തിരിച്ചു വിടുന്നതു വഴി വികസനപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടുകൂടി നടത്തുവാൻ സാധിക്കും. വീടില്ലാത്തവർക്കു ചെലവുകുറഞ്ഞ രീതിയിലുള്ള (നിർമ്മിതി കേന്ദ്രത്തിന്റെ മാതൃക) വീടുകൾ ഈ മാർഗ്ഗത്തിലൂടെ ലഭ്യമാക്കാവുന്നതാണ്.
7. പഞ്ചായത്തിന്റെ പ്രധാന വ്യാപാരകേന്ദ്രമായ ഇലവുംതിട്ടയിൽ ഓടുന്ന വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തി അവയിൽ നിന്നും പാർക്കിംഗ് ഫീസ് ഈടാക്കാവുന്നതാണ്.
8. പഞ്ചായത്തിന്റെ പ്രദേശങ്ങളിൽ പരസ്യം പ്രദർശിപ്പിക്കുന്നതിന് ഫീസ് ഈടാക്കാവുന്നതാണ്.
9. ഇലവുംതിട്ട മാർക്കറ്റിനോട് അനുബന്ധിച്ച് ആധുനികരീതിയിൽ സ്ഥിരം സ്റ്റാളുകൾ നിർമ്മിച്ച് അവ വാടകക്ക് നൽകി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
10. പഞ്ചായത്തുവക പുറംപോക്കു ഭൂമികൾ, സർക്കാർ സ്ഥാപനങ്ങൾക്കും വ്യവസായ സംരംകർക്കും കെട്ടിടം നിർമ്മിക്കുന്നതിന് വാടകയ്ക്ക് നൽകി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
11. പണത്തിന്റെ ലഭ്യതയനുസരിച്ച് ഇലവുംതിട്ടയിൽ പഞ്ചായത്തുവക പുറംപോക്കുഭൂമിയിൽ ഓഡിറ്റോറിയം പണികഴിപ്പിച്ചു വിവാഹം തുടങ്ങിയ ചടങ്ങുകൾക്ക് വാടകയ്ക്കു നൽകി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
12. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ITC സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും ആധുനിക രീതിയിലുള്ള ട്രെയിഡുകൾ ആരംഭിക്കുകയും അനുബന്ധ വ്യവസായമായി കാർഷീക ഗാർഹീക ആവശ്യത്തിനുള്ള ഉപകരണങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യാവുന്നതുമാണ്. ഇതിൽനിന്ന് ലഭിക്കുന്ന വരുമാനം I.T.C യുടെ വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.
13. പ്രാദേശികമായി സന്നദ്ധപ്രവർത്തനത്തിലൂടെ ചെയ്യാവുന്നവ, സന്നദ്ധപ്രവർത്തനവും പഞ്ചായത്തുഫണ്ടുപയോഗിച്ചും ചെയ്യാവുന്നവ, പൂർണ്ണമായും ഫണ്ടുപയോഗിച്ചു നിർവ്വഹിക്കാവുന്നവ എന്നിങ്ങനെ മൂന്നുരീതിയിൽ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കണം.



6

സഹായിച്ചവരോട് സസ്നേഹം...

ഇന്ഡ്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഒരു നിർണ്ണായകഘട്ടത്തിൽ മഹാത്മാഗാന്ധിയോടു ഒരു പത്രപ്രവർത്തകൻ ചോദിച്ചു ''എപ്പോഴാണ് ഭാരതം പൂർണ്ണ സ്വാതന്ത്ര്യം നേടുക?'' എന്ന് വളരെ പെട്ടന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി ''സ്വന്തം പരിശ്രമംകൊണ്ട് തങ്ങളുടെ ജീവിത നിലവാരത്തിന് മാറ്റം വരുത്താമെന്ന് എപ്പോൾ തോന്നുന്നുവോ അപ്പോൾ മാത്രം''.

രാഷ്ട്രപിതാവിന്റെ ഗ്രാമസങ്കല്പങ്ങൾ അനന്തമായിരുന്നു. 1909-ൽ ഹിന്ദ് സ്വരാജിൽ തന്റെ ഭാവനയിലുള്ള ഭാരതത്തെക്കുറിച്ച് അദ്ദേഹം എഴുതി.

സൃഷ്ടിപരമായ പ്രവർത്തനം വെറും തൊഴിൽദാനപരിപാടിയല്ല. അതിന്റെ ലക്ഷ്യവും മാർഗ്ഗവും ദയയോ ഭിക്ഷാദാനമോ അല്ല. മറിച്ചു ജനങ്ങളിൽ സ്വാശ്രയബോധവും ഇച്ഛാശക്തിയും വളർത്തി അവരെ കർമ്മോന്മുഖരാക്കുക എന്നുള്ളതാണ്. അധികാര കേന്ദ്രങ്ങളെ നിയന്ത്രിക്കാനും ദുർവിനിയോഗത്തെ ചെറുക്കാനും, ജനങ്ങൾ ശക്തി സംഭരിക്കണം. അതുവഴി ഉൽബുദ്ധരും അഹിംസാധിഷ്ടതരുമായ വ്യക്തികൾ ഉൾക്കൊള്ളുന്ന ഗ്രാമങ്ങളുടെ ഒരു ഫെഡറേഷൻ ഉണ്ടാവുക ഇതായിരുന്നു ഗാന്ധിജി സ്വപ്നം കണ്ട ഭാരതം.

ആസൂത്രണത്തിൽ അധിഷ്ടിതമായ ഗ്രാമോദ്ധാരണ പ്രവർത്തനങ്ങൾക്ക് ഹരിശ്രീ കുറിക്കുമ്പോൾ മെഴുവേലി ഗ്രാമത്തിനുവേണ്ടി, ഇവിടുത്തെ ജനങ്ങൾക്കുവേണ്ടി ഞാൻ മഹാത്മജിയെ സ്മരിക്കുന്നു.

1995 – ഒക്ടോബർ രണ്ടിന് പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിൽ സംസ്ഥാനസർക്കാരിനു വേണ്ടി മന്ത്രി പന്തളം സുധാകരൻ നടത്തിയ അധികാര കൈമാറ്റത്തിന്റെ ആവേശം ഉൾകൊണ്ടുകൊണ്ട് ഒക്ടോബർ 4-ാം തീയതി പുതിയ മെഴുവലി ഗ്രാമപഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നു. പഞ്ചായത്ത് രാജ് സംവിധാനത്തോടുള്ള ജനങ്ങളുടെ കാഴ്ചപ്പാട് സത്യപ്രതിജ്ഞാ ചടങ്ങിനെ അക്ഷരാർത്ഥത്തിൽ വർണ്ണങ്ങളുടെ ഉത്സവമാക്കി മാറ്റി. കൊടിയുടെ നിറവ്യത്യാസങ്ങൾക്കതീതമായി, വർഗ്ഗചിന്തകൾക്കെതിരെ അവിടെ മുഴങ്ങിയ ശംഖനാദം കഴിഞ്ഞ പതിനാലു മാസങ്ങളിലെ പ്രവർത്തനങ്ങളിലും സൗന്ദര്യം നഷ്ടപ്പെടാതെ നിലനിർത്താൻ ഞങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്.

ഒക്ടോബർ 19-ാം തീയതി വൈകിട്ട് 4 മണിക്ക് നടന്ന പ്രഥമ പഞ്ചായത്ത് കമ്മിറ്റിക്കു മുന്നോടിയായി അന്നു കാലത്തു 10 മണിക്ക് വിളിച്ചുചേർത്ത സർവ്വകി യോഗത്തിൽ ഗ്രാമത്തിലെ എല്ലാ തലത്തിലുമുള്ള പ്ര മുഖർ അണിചേരുകയും മുൻകാലപ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തുകയും ഭാവിപരിപാടികളുടെ രൂപരേഖ ഉണ്ടാക്കുകയും ചെയ്തു.


അതനുസരിച്ച് ഏറ്റെടുക്കുന്ന എല്ലാ പ്രവർത്ത നങ്ങൾക്കും പഞ്ചായത്തിലെ രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകരേയും ഉൾപ്പെടുത്തി സംഘാടകസമിതി കൾ രൂപീകരിക്കുവാനും അതുവഴി ഭരണം സുതാര്യ മാക്കുവാനും തീരുമാനമായി. അത്തരത്തിൽ ഏറ്റെ ടുത്ത ആദ്യ പോതുപരിപാടി കേരളോത്സവമായിരുന്നു. നവംബർ 8-ാം തീയതി ഉള്ളന്നൂർ പഞ്ചായത്ത് സാം സ്കാരിക നിലയത്തിൽ നിന്നും ആരംഭിച്ച ദീപശിഖാ റാലി പഞ്ചായത്തിലുടനീളം കേരളോത്സവം വിളം ബരം ചെയ്തു. 9,10,11 തീയതികളിലായി പത്മനാഭോ ദയം ഹൈസ്കൂൾ സ്റ്റേഡിയത്തിലും ഓഡിറ്റോറിയ ത്തിലുമായി നടന്ന കായികകലാമത്സരങ്ങളുടെ സമാപന വേദി പ്രശസ്ത സിനിമാതാരം ശ്രീ തില കന്റെ സാന്നിദ്ധ്യംകൊണ്ട് അനുഗ്രഹീതമായി. 18,19 തീയതികളിൽ നടത്തപ്പെട്ട ബ്ലോക്കുതല കേരളോത്സ വമേളക്കും മെഴുവേലിതന്നെ ആതിത്യമരുളി കാലഘ ട്ടത്തിന്റെ മറ്റൊരു നടൻ ഭീമൻ രഘു ആ മേളക്ക് നമ്മുടെ ഗ്രാമത്തിലെത്തി.

നമ്മുടെ പഞ്ചായത്തിൽ തയ്യാറാക്കിയ വിഭവ ഭൂ പടത്തെപ്പറ്റിയുള്ള ചർച്ചക്കും വിശകലനത്തിനുമായി സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസിന്റെ ശാസ്ത്ര ജ്ഞർ അടക്കമുള്ള വിദഗ്ദ്ധർ ഡിസംബർ 5, 10 തീ യതികളിൽ പഞ്ചായത്തിൽ പര്യടനം നടത്തി. ഡിസം ബർ 9 ജനുവരി 2 എന്നീതീയതികളിലായി നടന്ന ഈ നൂറ്റാണ്ടിന്റെ വിപ്ലവപരിപാടി എന്നു വിശേഷിപ്പിക്കാ വുന്ന പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം 100% വിജയകരമായി പൂർത്തിയാക്കി. നീർമറി പ്രദേശത്തെ ഗുണഭോക്താക്കൾക്ക് ഡിസംബർ 23-ാം തീയതി നെടിയകാലായിൽ 180 ആടുകളെ നൽകി. ഡി സംബർ 30-ാം തീയതി 40 ലക്ഷം രൂപാ ചെലവിൽ നിർമ്മിക്കുന്ന M.L.A. റോഡിന്റെ നിർമ്മാണ ഉൽഘാ ടനം മന്ത്രി സി.റ്റി. അഹമ്മദലി കാരിത്തോട്ടായിൽ നിർവ്വഹിച്ചു. ജനപങ്കാളിത്തം നൽകിയ കരുത്ത് 1996 ജനുവരി 13ന് വിവിധ പരിപാടികളോടു കൂടി ജില്ലാ ക്ഷീരവികസനമേള നമ്മുടെ പഞ്ചായത്തിൽ നടത്തു വാൻ സഹായകമായി. അന്നുതന്നെ പഞ്ചായത്ത് കമ്മി റ്റിയുടെ അഭ്യർത്ഥനമാനിച്ച് M.P.-യുടെ പ്രദേശിക വി കസന ഫണ്ടിൽ നിന്നും അനുവദിച്ച 4 ലക്ഷം രൂപാ ചെലവിൽ ഉള്ളന്നൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തോ ട് നോടു ചേർന്ന് നിർമ്മിക്കുന്ന 10 കിടക്കകളോടു കൂടിയ ആശുപത്രി കെട്ടിടത്തിന്റെ ശിലാസ്ഥാപനം ബഹു. കേന്ദ്രമന്ത്രി പ്രൊഫ. പി.ജെ. കുര്യൻ നിർവ്വ ഹിച്ചു. കൃത്യം നാലുമാസത്തിനുള്ളിൽ ഇതിന്റെ പണി പൂർത്തിയാക്കി.

ജനുവരി 15ന് പഞ്ചായത്ത് കൊൺഫ്രൻസ് ഹാ ളിൽ കൂടിയ വിദ്യാഭ്യാസ വികസന സമിതിയുടെ യോ ഗത്തിൽ മുടങ്ങിക്കിടന്ന സ്കൂൾ കോംപ്ലക്സ് പ്രവർത്ത നങ്ങൾ പുനരാരംഭിക്കാൻ തീരുമാനമായി. ഇതിന്റെ തുടർച്ചയായി 25-ാം തീയതി പഞ്ചായത്ത്തല രക്ഷ കർത്തൃസംഗമം നടത്തി.

റിപ്പബ്ലിക്ക് ദിനമായ ജനുവരി 26ന് സംസ്ഥാന ത്തിനു തന്നെ മാതൃകയായ ശ്രദ്ധേയമായ പരിപാടി യായിരുന്നു. ''പ്രസിഡന്റിന്റെ സഹായനിധി''യുടെ ഉൽഘാടനം. കാൻസർ പോലെയുള്ള മാറാരോഗങ്ങ ളിൽ കഷ്ടപ്പെടുന്നവരെയും മാരകമായ അപകടങ്ങൾ സംഭവിച്ചവരെയും സഹായിക്കാൻ നിലവിൽ ത്രിതല പഞ്ചായത്തുകൾക്ക് സംവിധാനങ്ങൾ ഒന്നുംതന്നെയില്ല എന്ന ഉൾക്കാഴ്ചയോടുകൂടി ആരംഭിച്ച ഈ സംരംഭ ത്തിന് ഇപ്പോഴത്തെ ആറന്മുള M.L.A. ശ്രീ. കടമ്മനിട്ട രാമകൃഷ്ണന്റെ മഹനീയ അദ്ധ്യക്ഷതയിൽ മഞ്ഞി നിക്കര ദയറാ തലവൻ അഭിവന്ദ്യ മാർ ഒസ്താത്തി യോസ് ബന്യാമിൻ ജോസഫ് മെത്രാപ്പോലീത്ത, കോ ഴഞ്ചേരി അനുപമ സയൻസ് അക്കാഡമി ഡയറക്ടർ ശ്രീ. എ.കെ. മുരളീധരക്കുറുപ്പിൽ നിന്നും 10001 രൂപാ സ്വീകരിച്ചുകൊണ്ട് തുടക്കംകുറിച്ചു. കാര്യുണ്യത്തിന്റെ ഉൾവിളി കേട്ടുണർന്ന മെഴുവേലിയിലെ പ്രബുദ്ധ ജനത ഉൽഘാടന സമ്മേളനത്തിൽ തന്നെ നിധി 27000 – മായി ഉയർത്തി. തെങ്ങിൽ നിന്നുവീണ് നടുവിനു കാ രൃമായ ക്ഷതം സംഭവിച്ച എട്ടാം വാർഡിൽ താമസ ക്കാരനായ മധുവിന്റെ ഭാര്യക്ക് 3001-രൂപാ നൽകി ക്കൊണ്ട് സഹായനിധിയുടെ വിതരണോൽഘാടനവും അഭിവന്ദ്യതിരുമേനി തന്നെ വിർവ്വഹിച്ചു. 11 ആളുകൾക്ക് ഇതിനകം സഹായനിധിയുടെ പ്രയോജനം എത്തിക്കു വാൻ കഴിഞ്ഞു. ഒപ്പം നിധി ലക്ഷത്തിലേക്ക് വളരു കയും ചെയ്യുന്നു.

പ്രവർത്തനം നിലച്ചുപോയിരുന്ന ഏറ്റവും വലിയ വനിതാ സഹകരണസംഘമായ മൂലൂർ രാഗം സോ പ്പിന്റെ പ്രവർത്തനം പഞ്ചായത്തുകമ്മിറ്റിയുടെ ശ്രമഫ ലമായി ഫെബ്രു 22ന് പുനരാരംഭിച്ചു. കേന്ദ്രസർക്കാ രിന്റെ ഓപ്പറേഷൻ ബ്ലാക്ക്ബോർഡ് സ്കീമിൽ 90-ൽ പണി ആരംഭിക്കുകയും 91-ൽ പണി നിലക്കുകയും



ചെയ്ത ഉള്ളന്നൂർ Gov. S.N.V L.P.S. സ്കൂൾ കെട്ടിടം നാട്ടുകാരനായ ശ്രീ. സജീവ് പഞ്ചായത്ത് കമ്മിറ്റിക്കു കടമായി നൽകിയ പണം ഉപയോഗിച്ച് പണിപൂർത്തിയാക്കുകയും ഫെബ്രുവരി 26-ാം തീയതി അടൂർ R.D.O ഇത് കുട്ടികൾക്ക് തുറന്നു കൊടുക്കുകയും ചെയ്തു. പത്തനംതിട്ട D.R.D.A. യിൽ നിന്നും പിന്നീടു ലഭിച്ച തുക ഉപയോഗിച്ച് കടം വീട്ടാനും കഴിഞ്ഞു.

പഞ്ചായത്ത് രാജിൽ വനിതകളുടെ ഉന്നമനം എന്ന ലക്ഷ്യം ഉൾക്കൊണ്ടു കൊണ്ട് മെഴുവേലി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ മാർച്ച് 8-ാം തീയതി വിപുലമായ രീതിയിൽ വനിതാദിനാചരണം നടത്തി.

രംഗബോധമില്ലാത്ത കോമാളിയെപ്പോലെ മലയാളക്കരയിൽ കടന്നുകയറിയ ജപ്പാൻ ജ്വരം എന്ന മാരക രോഗത്തിന് എട്ടു വാർഡുകളിലും നടത്തിയ ഹോമിയോ പ്രതിരോധ ചികിത്സ പൂർണ്ണമായിരുന്നു. നമ്മുടെ ഗ്രാമങ്ങൾക്ക് അപരിചിതമായിരുന്ന ഗ്രാമസഭകൾ മാർച്ച് 17നും 25നും ഇടയിൽ പൂർത്തിയാക്കി ആദ്യ ഗ്രാമസഭകളിലെ പങ്കാളിത്തം തന്നെ പഞ്ചായത്തിന്റെ വികസന സ്വപ്നങ്ങൾക്ക് ആവേശം പകർന്നു.

ജൂൺ 13 മുതൽ 16 വരെ കുന്നംകുളം C.W.R.D.Mൽ നീരൊഴുക്കു ഭൂപട നിർമ്മാണത്തിനുള്ള പഞ്ചായത്തുതല പരിശീലനത്തിന് 4 പ്രതിനിധികളെ അയച്ചു. ഒപ്പം കോഴിക്കോട്ട് ഒബ്സിയത്തു നടന്ന വിശകലന യോഗത്തിൽ പ്രസിഡന്റു പങ്കെടുക്കുകയും ചെയ്തു. 24-ാം തീയതി ജനകീയാസൂത്രണപരിപാടികളുടെ തുടർപ്രവർത്തനങ്ങൾ വിലയിരുത്തുവാൻ വിപുലമായ യോഗം നടത്തി. 28ന് പഞ്ചായത്തുതല അക്കാദമിക് കമ്മിറ്റി യോഗവും നടന്നു.

ജൂലൈ 22 മുതൽ 27വരെ നടന്ന ലോവർ പ്രൈമറി സ്കൂൾ മെഡിക്കൽചെക്കപ്പ് സംസ്ഥാനതലത്തിൽ പരക്കെ പരാതികൾക്ക് ഇടയാക്കിയെങ്കിലും ഡോ. ദാമോദരന്റെയും സഹപ്രവർത്തകരുടെയും നേതൃത്വത്തിൽ നമ്മുടെ പഞ്ചായത്തിൽ ഈ പ്രവർത്തനം വിജയം കൈവരിച്ചിട്ടുണ്ട്.

ജൂലൈ 8 മുതൽ ഒരാഴ്ചക്കാലം ജനപങ്കാളിത്തം യാഥാർത്ഥ്യമാക്കിയ വികസനപ്രവർത്തനത്തിനു തുടക്കം കുറിച്ചു. 350 പേരുടെ മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്തി 3-4 വാർഡുകളിൽ 25 വർഷത്തിലേറെയായി അവിടുത്തുകാർ ആവശ്യപ്പെട്ടിരുന്ന 1 കിലോമീറ്റർ നീളം വരുന്ന പുതിയ വഴിത്താര നിർമ്മിച്ച് പഞ്ചായത്തിനു കൈമാറി. ജൂലൈ 21ന് പഞ്ചായത്തുതലത്തിൽ നീരൊഴുക്കു ഭൂപടനിർമ്മാണ പരിശീലനം നടത്തി. 23-ാം തീയതിയിലെ പ്രവർത്തനം പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഒരു കൈ സഹായം നൽകുന്നതായിരുന്നു.

പഞ്ചായത്ത് പ്രസിഡന്റ് സംസ്ഥാന സെക്രട്ടറിയായി സേവനം അനുഷ്ഠിക്കുന്ന സഹ്യാദ്രി നേച്ചർക്ലബ്ബിന്റെ സഹകരണത്തോടുകൂടി പഞ്ചായത്തുകമ്മിറ്റിയുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ കൂടി മുഴുവൻ സ്കൂൾകുട്ടികൾക്കും 5 വൃക്ഷതൈകൾ വീതം വിതരണം ചെയ്യുന്നതിന്റെ ഉൽഘാടനം പ്രശസ്ത സാഹിത്യകാരൻ ജോർജ്ജ് വറുഗീസ് കാക്കനാടൻ നിർവ്വഹിച്ചു. 4 തൈകൾ സ്വന്തം പുരയിടത്തിലും ഒരെണ്ണം പൊതുസ്ഥലത്തും നട്ടുപിടിപ്പിക്കാൻ നിർദ്ദേശം നൽകിയതോടൊപ്പം ഏറ്റവും നന്നായി വൃക്ഷതൈകൾ പരിപാലിക്കുന്ന കുട്ടിക്ക് 500/- രൂപയുടെ ക്യാഷ് അവാർഡും പ്രഖ്യാപിച്ചിട്ടുണ്ട്. 25-ാം തീയതി നടത്തിയ അദ്ധ്യാപകസംഗമം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. പുഷ്പചന്ദ്രൻ ഉൽഘാടനം ചെയ്തു. പഞ്ചായത്തിലെ മുഴുവൻ അദ്ധ്യാപകരും ഡയറ്റിന്റെ പ്രതിനിധികളും പങ്കെടുത്തു. 26, 27, 28 തീയതികളിൽ പാലക്കാട് I.R.T.C യിൽ നടന്ന വനിതാ ശില്പശാലയിൽ പഞ്ചായത്തിന്റെ പ്രതിനിധികളെ അയച്ചു.

ജൂലൈ 19-ാം തീയതി അറ്റ്ലാന്റയിൽ ഒളിംപിക്സ് ഉൾഘാടന ദിവസം നമ്മുടെ പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ഒളിംപിക്സ് പ്രഭാഷണം നടത്തുകയും കുട്ടികളെക്കൊണ്ട് പത്രങ്ങളിൽവന്ന ഒളിംപിക്സ് ചിത്രങ്ങളുപയോഗിച്ച് ആൽബം നിർമ്മിപ്പിക്കുകയും ഏറ്റവും നല്ല ആൽബത്തിന് L.P., U.P., H.S. തലത്തിൽ പ്രത്യേക സമ്മാനം നൽകുകയും ചെയ്തു. ആഗസ്റ്റ് 12-ാം തീയതി പഞ്ചായത്തുതല ഒളിംപിക്സ് ക്വിസ് നടത്തുകയും അതുവഴി കുട്ടികളിൽ ഒളിംപിക്സിനെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുവാനും കഴിഞ്ഞു. ആഗസ്റ്റ് 13-ാം തീയതി രക്ഷകർത്തൃ, അക്കാദമിക്, മോണിറ്ററിംഗ്, കമ്മിറ്റികളുടെ സംയുക്തയോഗം എല്ലാ സ്കൂളുകളിലും സൗഹൃദ സന്ദർശനം നടത്തുകയും ഭൗതിക വിദ്യാഭ്യാസ രംഗങ്ങളെപ്പറ്റി വിശദമായി പഠനം നടത്തുകയും ചെയ്തു. സ്വാതന്ത്ര്യദിനമായ ആഗസ്റ്റ് 15ന് സ്കൂൾ കോംപ്ലക്സ് പരിപാടിയുടെ ഭാഗമായി മോണിട്ടറിംഗ് അക്കാദമിക് കമ്മിറ്റികളുടെ സംയുക്തയോഗം നടത്തി. ആഗസ്റ്റ് 22ന് സെക്കന്ററി ഡേറ്റാ കളക്ഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. 24ന് പത്തനംതിട്ട ജില്ലാ ഓണം കായികമേള മെഴുവേലി P.H.S. സ്റ്റേഡിയത്തിൽ നടത്തി. സെപ്റ്റംബർ 5-ാം തീയതിയിലെ അദ്ധ്യാപക ദിനാചരണം ശ്രദ്ധേയമാക്കാൻ കഴിഞ്ഞു. പഞ്ചായത്തിനകത്തുള്ള സർവ്വീസിൽ നിന്നും വിരമിച്ച മുഴുവൻ അദ്ധ്യാപകരേയും പഞ്ചായത്തു കമ്മിറ്റിക്കുവേണ്ട് ആദരിച്ച അപൂർവ്വമായ

ചടങ്ങ് വികാരപരമായിരുന്നു.

സെപ്റ്റംബർ 14ന് തിരുവനന്തപുരം ജില്ലയിലെ നന്ദിയോടു പഞ്ചായത്തിൽ മാതൃകാ ഗ്രാമസഭാകളുടെ സംസ്ഥാന തല ഉൽഘാടനം ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു. എന്നാൽ സെപ്റ്റംബർ 7നു തന്നെ മെഴുവേലി പഞ്ചായത്തിൽ 8-ാം വാർഡിൽ ചന്ദനക്കുന്ന് മൂലൂർ സ്മാരക സ്കൂളുകളിൽ ജില്ലാകളക്ടർ ശ്രീ. ഇന്ദ്രജിത്ത് സിംഗ് ഉൽഘാടനം ചെയ്ത ഗ്രാമസഭ സംസ്ഥാനത്തെ ആദ്യത്തെ മാതൃകാഗ്രാമസഭയായി മാറി. 29ന് ഒന്നാംവാർഡിൽ ഗ്രാമസഭ സമാപിച്ചപ്പോൾ വർദ്ധിച്ച തോതിലുള്ള ജന പങ്കാളിത്തമാണ് രേഖപ്പെടുത്തിയത്.

ഒക്ടോബർ 2ന് വീണ്ടും ജനപങ്കാളിത്തം കൊണ്ട് നമ്മുടെ ഗ്രാമം ശ്രദ്ധയമായി. മെഴുവേലി, പത്തിശ്ശേരിറോഡ് ഒറ്റ ദിവസംകൊണ്ട് 300- ലധികമാളുകളുടെ മനുഷ്യദ്ധ്വാനംകൊണ്ട് പണിപൂർത്തിയാക്കി. ഒപ്പം 5- ാം വാർഡിലും, 3-ാം 6-ാം വാർഡിലും സേവനപ്രവർത്തനങ്ങൾ നടന്നു. ഇവർക്കുള്ള ഉച്ചഭക്ഷണം ചായ എന്നിവ ഈ റോഡുകളുടെ കരകളിലെ താമസക്കാർ എത്തിച്ചുകൊടുത്തു.

വർഷങ്ങളായി ഉപയോഗശൂന്യമായിക്കിടന്ന ചന്ദനക്കുന്ന് U.P. സ്കൂൾ കെട്ടിടം പഞ്ചായത്ത് അണൺടൈഡ് ഫണ്ടു ഉപയോഗിച്ചു ഉപയുക്തമാക്കി. ഒക്ടോബർ 28-ാം തീയതി ഉൽഘാടനം നടത്തുകയും ചെയ്തു. കേരളപ്പിറവി ദിനമായ നവംബർ 1-ാം തീയതി കർഷകരെ ആദരിക്കുന്ന പരിപാടിയോടൊപ്പം ഇലവുംതിട്ട മാർക്കറ്റിൽ സഹൃദയവേദി ആസാദ് ആർട്ട്സ് ക്ലബ്. എന്നീ സംഘടനകളുടെ നേതൃത്വത്തിൽ ശുചീകരണപ്രവർത്തനങ്ങൾ നടത്തുവാനും കഴിഞ്ഞു.

നവംബർ എട്ടാം തീയതി പഞ്ചായത്തിലെ മുഴുവൻ സ്കൂൾ കുട്ടികൾക്കും അവരുടെ വിദ്യാഭ്യാസത്തിലെ പൂർണ്ണമായ ചിത്രം രേഖപ്പെടുത്തുവാൻ കഴിയുന്ന പ്രോഗ്രസ്കാർഡ് അടക്കമുള്ള ഓരോ സ്കൂൾഡയറി പന്തളം രാജസോമയുടെ സഹകരണത്തോടെ വിതരണം ചെയ്യുവാൻ സാധിച്ചു. നവംബർ 14-15 തീയതികളിൽ ആറന്മുള സബ്ജില്ലാ യുവജനോത്സവത്തിന് ആതിഥ്യമരുളിയതും മെഴുവേലിയാണ്.

പഞ്ചായത്ത് ഏറ്റെടുത്ത പ്രവർത്തനങ്ങൾ അനവധിയാണ് അവയൊക്കെ ശാസ്ത്രീയമാക്കുവാൻ പരമാവധി ശ്രമിച്ചിട്ടുമുണ്ട്. റോഡു നിർമ്മാണമേഖല തന്നെ ഉദാഹരണമായി ചൂണ്ടിക്കാണിക്കുവാൻ കഴിയും. വിവിധ മേഖലയിൽ നിന്നു ലഭ്യമാക്കിയ പണം ഉപയോഗപ്പെടുത്തി പുതിയ റോഡുകൾ ഏറ്റെടുക്കുന്നതിനു പകരം പഞ്ചായത്തിൽ തകർന്നു കിടക്കുന്ന മുഴുവൻ മെറ്റൽറോഡുകളും ടാർ റോഡുകളും സഞ്ചാരയോഗ്യമാക്കുവാനുള്ള ശ്രമമാരംഭിച്ചു. ഇത്തരത്തിൽ തകർന്നു കിടക്കുന്ന റോഡുകൾ പൂർണ്ണമായും നന്നാക്കുവാനുള്ള നടപടിയായി. അതിൽ 90% പണി തീർത്തു കഴിഞ്ഞു. വീടുകളും, കക്കൂസുകളുമടക്കം സാധാരണക്കാർക്ക് അടിസ്ഥാന സൗകര്യമെത്തിക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയോട് അഭ്യർത്ഥിച്ച മുഴുവൻ വായനശാലകൾക്കും പുസ്തകം വാങ്ങിനൽകി. പമ്പാ ഇറിഗേഷൻ കനാൽ ചോർച്ച മൂലം വർഷങ്ങളായി കൃഷി നടത്താൻ കഴിയാതിരുന്ന 100 കണക്കിന് ഹെക്ടർ നിലം ഉപയുക്തമാക്കുവാൻ കഴിയത്തക്കരീതിയിൽ മൈനർ ഇറിഗേഷൻ വകുപ്പ് നിർമ്മാണപ്രവർത്തനങ്ങൾക്ക് ടെണ്ടർ ഈയാഴ്ച തന്നെ ക്ഷണിക്കുവാൻ പോകുന്നു.


പഞ്ചായത്തിലെ കുടിനീർക്ഷാമം പരിഹരിക്കുന്നതിന് ലോകബാങ്കിന്റെ സഹായത്തോടെ മൂന്നുകോടി പതിനഞ്ചുലക്ഷം രൂപയുടെ മെഴുവേലി, ചെന്നീർക്കര വില്ലേജുകളെ സമുന്വയിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്ന വാട്ടർസപ്ലൈ സ്കീമിന് ആറാം വാർഡിൽ ടാങ്ക് നിർമ്മിക്കുവാനുള്ള സ്ഥലം ലഭ്യമാക്കി പണികള് ആരംഭിക്കുവാൻ പോകുന്നു.

ഗ്രാമപഞ്ചായത്തു തലത്തിൽ ഇന്നു കെരളത്തിലുള്ള ഏക സാങ്കേതിക വിദ്യാഭ്യാസസ്ഥാപനം മെഴുവേലി പഞ്ചായത്ത് I.T.C. മാത്രമാണ്. M.P. യുടെ പ്രദേശിക വികസനഫണ്ട് ഉപയോഗപ്പെടുത്തി ഇതിന് സ്വന്തം കെട്ടിടം പണിയുന്ന ജോലി നിർമ്മിതിയെ ഏല്പിച്ചുകഴിഞ്ഞു.

അക്കമിട്ട് അടിവരയിട്ട് പറയുവാൻ ഇനിയും ഒട്ടനവധികാര്യങ്ങളുണ്ട് എന്നാൽ ഏറ്റെടുക്കേണ്ട പുതിയ ജോലികളെപ്പറ്റി ചിന്തിക്കുവാനാണ് പഞ്ചായത്തു സമിതി ആഗ്രഹിക്കുന്നത്. കഴിഞ്ഞ പ്രവർത്തനങ്ങളിൽ ലഭ്യമായല ജന സഹകരണം വരുംകാല പ്രവർത്തനങ്ങളിൽ ഞങ്ങൾക്ക് പ്രചോദനമാണ്. ഇതേവരെ എല്ലാരീതിയിലുമുള്ള സഹായസഹകരണങ്ങൾ ചെയ്തുതന്ന എല്ലാവരോടും

സസ്നേഹം,

മാന്താനത്ത് നന്ദകുമാർ
പ്രസിഡന്റ്



നന്മയിലൂടെ സമൃദ്ധിയിലേക്ക്

ഒരു ഹരിതസ്വപ്നം

വൃക്ഷങ്ങളെ സ്നേഹിയ്ക്കുക

അത് രാജ്യത്തിന്റെ സമ്പത്താണ്.

"ഒരു കണ്ണീർക്കണം മറ്റുള്ള
വർക്കായ് ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവി-
ലായിരം സൗരമണ്ഡലം"

-അക്കിത്തം-

4223

KERALA INSTITUTE OF LOCAL ADMINISTRATION
THRISSUR-680581
LIBRARY

നിരാലംബരെ സഹായിക്കുവിൻ.....

മെഴുവേലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ സഹായനിധിയോട് സഹകരിക്കുക.